# കേരള പാഠാവലി

## മലയാളം

TRIVANDRUM
Date No. — 929



6

STATE INSTITUTE OF CHILDREN'S LIT... TRIVANDRUM
Date ൨൩-൭-929

# കേരളപാഠാവലി

## മലയാളം

### സ്റ്റാൻഡേർഡ് 6

1979

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുകയും ചെയ്യുന്നു. അതിനുള്ള അർഹതയ്ക്കായി ഞാൻ എപ്പോഴും പ്രയത്നിക്കുന്നതാണ്.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും എന്നെക്കാൾ പ്രായമുള്ള എല്ലാവരെയും ബഹുമാനിക്കുകയും ഏതൊരാളോടും മര്യാദയോടുകൂടി പെരുമാറുകയും ചെയ്യും.

ഞാൻ എന്റെ രാജ്യത്തോടും എന്റെ നാട്ടുകാരോടും പ്രതിപത്തിയുള്ളവനായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു. അവരുടെ ക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ ആനന്ദം കുടികൊള്ളുന്നത്.

---

©

**Government of Kerala**

**1979**

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ഓമനേ, നീയുറങ്ങ്* | 1 |
| 2. | തേൻ | 2 |
| 3. | എവറസ്റ്റാരോഹണം | 7 |
| 4. | വരിക വാർതിങ്കളേ !* | 13 |
| 5. | കുരുക്ഷേത്രത്തിന്റെ കരിനിഴൽ | 14 |
| 6. | ധർമ്മത്തിന്റെ സന്ദേശം | 19 |
| 7. | ശ്രീരാമസന്നിധിയിലേക്ക്* | 25 |
| 8. | ഒളിമ്പിക് കായികമത്സരങ്ങൾ | 27 |
| 9. | അന്തരീക്ഷത്തെ മലിനമാക്കരുതേ ! | 32 |
| 10. | കാന്തനെക്കണ്ടോയോ ?* | 36 |
| 11. | അറബിക്കടലിലെ കൊള്ളിമീൻ | 38 |
| 12. | പ്ലാസ്റ്റിക്കുകൾ | 44 |
| 13. | കീശനൊടേലപ്പാൻ* | 47 |
| 14. | ഡോക്ടർ ചെമ്പകരാമൻ പിള്ള | 51 |
| 15. | അമൂല്യ ലോഹങ്ങൾ | 56 |
| 16. | പൂമ്പൊയ്ക* | 61 |
| 17. | ജീവന്റെ ഉത്പത്തിയും പരിണാമവും | 62 |
| 18. | മൃഗവർഗ്ഗത്തിന്റെ പരിണാമം | 67 |
| 19. | മൃഗരാജകുടുംബം* | 73 |
| 20. | മോചനം | 75 |
| 21. | ഒട്ടകപ്പക്ഷി | 83 |
| 22. | തിരിഞ്ഞുനോട്ടം* | 89 |
| 23. | സൂയസ് കനാൽ | 91 |
| 24. | പനാമാ കനാൽ | 96 |
| 25. | മണിവീണ* | 100 |
| 26. | ഗംഗാകാവേരീസംഗമം | 101 |
| 27. | ചെറുശ്ശേരിയും എഴുത്തച്ഛനും | 105 |
| 28. | രാമാനുജപ്പൈങ്കിളി* | 110 |
| 29. | മാതൃഭൂമിയോടു വിടവാങ്ങുന്നു | 112 |
| 30. | ഇരട്ടപ്പെരുക്കം | 119 |

INSTITUTE OF CHILDREN'S LITERATURE
Date Nov—9.2.9
TRIVANDRUM

പാഠം 1

# ഓമനേ നീയുറങ്ങ്

ഓമനേ, നീയുറങ്ങെൻ മിഴിവണ്ടിണ–
ത്തൂമലർത്തേൻകുഴമ്പെൻെറ തങ്കം !
ആടിയും, പാടിയും, ചാടിയുമോടിയും
വാടിയും വീടും മുഖരമാക്കി
വാടി വിയർത്തമുഖാംബുജത്തോടെന്നെ–
ത്തേടിനീയന്തിയിൽ വന്നനേരം,
നിൻകവിൾത്തങ്കത്തകിട്ടിങ്കൽപ്പിഞ്ചുമ്മ–
യെൻകണ്ണിലുണ്ണി ! ഞാനെത്രവച്ചു !
നെറ്റിപ്പനിമതിപ്പോളമേലങ്ങിങ്ങു
പറ്റിക്കിടന്ന കുറുനിരകൾ
കോതിപ്പുറകോട്ടൊതുക്കി വെൺമുത്തൊളി
സ്വേദബിന്ദുക്കൾ തുടച്ചുമാറ്റി,
ആരോമൽപ്പൈതലേ ! ഞാനെത്രനിന്നെയെൻ
മാറോടണച്ചു പുണർന്നുനിന്നു.
അൻപാർന്നു വെള്ളിത്തളികയിൽ ഞാൻ നൽകും
പൈമ്പാൽപ്പൊടിയരിച്ചോറെൻ കുട്ടൻ
പാർവണത്തിങ്കളിൽത്തങ്ങുമമൃതൊരു
ഗീർവാണബാലൻ ഭുജിക്കുംപോലെ,
മൃഷ്ടമായ് ഭക്ഷിച്ചുറങ്ങുകയായ്പ്പൂവൽ–
പ്പട്ടുമേലാപ്പണിത്തൊട്ടിലിതിൽ.
വാനിൽക്കതിരൊളി വീശിത്തിളങ്ങിടും
തൂനക്ഷത്രത്തിൻ ശരിപ്പകർപ്പേ,
ആണിപ്പൊൻചെപ്പിനകത്തു വിലസിടും
മാണിക്കക്കല്ലിനുടപ്പിറപ്പേ !
ഓമനേ നീയുറങ്ങെൻ മിഴിവണ്ടിണ–
ത്തൂമലർത്തേൻ കുഴമ്പെൻെറ തങ്കം !

[ഉള്ളൂർ

കിരണാവലി]

### അഭ്യാസം

1. ഏതിനെയാണ്` വണ്ടിണയായി കൽപിച്ചിരിക്കുന്നത്` ?
2. ആ വണ്ടിണയ്ക്ക്` ഏതാണ്` തേൻകുഴമ്പ്` ?
3. (a) ഈ കവിതയിൽനിന്ന്` പ്രാസഭംഗി മുറ്റിനിൽക്കുന്ന വരികാം ഉദ്ധരിക്കുക.
   (b) ഈ പ്രാസപ്രയോഗംകൊണ്ട്` കവി സാധിച്ചിട്ടുള്ള കാര്യമെന്ത്` ?
4. (a) ഏതിനാണ്` 'വെൺമുത്തൊളി' ?
   (b) ഓമനയുടെ നെറ്റിക്ക്` ഏതിനോടാണ്` സാദൃശ്യം കൽപിച്ചിരിക്കുന്നത്` ?
5. അമ്മ എങ്ങനെയെല്ലാമാണ്` മകനെ ഓമനിച്ചത്` ?
6. (a) വെള്ളിത്തളികയിൽ നൽകിയ പാൽച്ചോറു ഏതുപോലെയാണ്` കുട്ടി ഭുജിച്ചത്` ?
   (b) വെള്ളിത്തളികയ്ക്ക്` ഏതിനോടാണ്` സാദൃശ്യം കൽപിച്ചിട്ടുള്ളത്` ?
   (c) പാൽച്ചോറിനെ ഏതിനോട്` ഉപമിച്ചിരിക്കുന്നു?
   (d) കുട്ടിയെ ആരോട്` ഉപമിച്ചിരിക്കുന്നു?
7. ഓമനയുടെ ശരീരശോഭയെ പ്രകാശിപ്പിക്കുന്ന വരികാം ഏവ?
8. ഈ കവിതയിലെ പ്രധാനഭാവം എന്ത്` ?

### പ്രവർത്തനം

ഇതുപോലെയുള്ള ഏതാനും താരാട്ടുകാം ശേഖരിച്ച്` ഈണത്തിൽ പാടുക.

---

പാഠം 2

# തേൻ

''മധുതൂകുന്നു യജമാനന്നു വായുവുമാർകളും;
അമ്മട്ടുതേനായ്ത്തീരട്ടെ നമ്മാംക്കിങ്ങോഷധീഗണം.
തേനാകരാത്രി; തേനാകപകൽ; തേനാകമന്നിടം;
നമുക്കു തേനായ്ച്ചമയുകച്ഛരൻപോലുള്ള നാകവും.
മധുവേകട്ടെ നമ്മാംക്കു വനസ്പതി; ദിനേശനും
മധുവേകട്ടെ; നമ്മാംക്കു മധുതൂകട്ടെ ഗോക്കളും.''

മഹാകവി വള്ളത്തോളിൻെറ ഋഗ്വേദം പരിഭാഷയിൽനിന്ന്` ഉദ്ധരിച്ചതാണ്` മുകളിൽ ചേർത്ത വരികാം. അർത്ഥം മനസ്സിലായില്ല, അല്ലേ? വിഷമിക്കേണ്ട. പറഞ്ഞുതരാം. ''യാഗം ചെയ്യുന്നവന്` (യജമാനന്`) വായുവും നദികളും മധുതൂകുന്നു.

അതുപോലെ എല്ലാ ഔഷധങ്ങളും നമുക്ക് തേനായ്ത്തീരട്ടെ. രാത്രിയും പകലും ഭൂമിയും തേനാകട്ടെ. അച്ഛനെപ്പോലെ നമ്മെ രക്ഷിക്കുന്ന സ്വർഗ്ഗം തേനായ്ച്ചമയട്ടെ. വൃക്ഷദേവതയായ വനസ്പതിയും സൂര്യനും നമുക്ക് മധു നൽകട്ടെ. പശുക്കളും നമുക്ക് മധു തൂകട്ടെ.'' ചുരുക്കത്തിൽ, എല്ലാം മധുമയമാകട്ടെ, എല്ലാം മധുതൂകട്ടെ, എന്നാണ് ഋഷി ഈ മന്ത്രത്തിലൂടെ പ്രാർത്ഥിക്കുന്നത്.

അതിപ്രാചീനകാലത്തുതന്നെ തേനിൻെറ മഹിമ നമ്മുടെ പൂർവികൻമാർ നല്ലവണ്ണം മനസ്സിലാക്കിയിരുന്നുവെന്നതിന് വേറെ തെളിവുവേണമോ? നമ്മുടെ ചികിത്സാശാസ്ത്രമായ ആയുർവ്വേദത്തിൽ തേനിനു കൽപിച്ചിട്ടുള്ള പദവി മറ്റൊന്നിനും ഇല്ല.

അടുത്തകാലത്ത് പാശ്ചാത്യദേശത്തിലെ വൈദ്യശാസ്ത്രവിശാരദൻമാർ നടത്തിയ ഗവേഷണങ്ങളും പരീക്ഷണങ്ങളും മധുവിൻെറ അനന്യാദൃശമായ ഔഷധവീര്യം തെളിയിച്ചിരിക്കുന്നു. അവരുടെ അനുഭവങ്ങളിൽ ചിലത് താഴെ വിവരിക്കാം.

മാറത്ത് അർബുദരോഗം (കാൻസർ) ബാധിച്ച ഒരു സ്ത്രീക്ക് ശസ്ത്രക്രിയ നടത്തി. എന്തുചെയ്തിട്ടും ശസ്ത്രവ്രണം ഉണങ്ങുന്നില്ല! വിദഗ്ദ്ധനായ ഡോക്ടർ പ്രചാരത്തിലുള്ള എല്ലാ ആൻറിബയോട്ടിക്ക് മരുന്നുകളും പരീക്ഷിച്ചു നോക്കി. ഒരു ഫലവും കണ്ടില്ല. ഒടുവിൽ അദ്ദേഹം ഒരു പൊടിക്കൈ പ്രയോഗിച്ചു. മുറിവിൽ ധാരാളം തേൻ പുരട്ടി. തേനിൽ മുക്കിയ ലിനൻകൊണ്ട് മുറിവ് കെട്ടി. അദ്ഭുതമെന്നേപറയേണ്ടൂ, അന്നുമുതൽക്ക് വ്രണം ഉണങ്ങിത്തുടങ്ങി. ഏതാനും ദിവസങ്ങൾകൊണ്ട്, മറ്റൊരു മരുന്നും ഉപയോഗിക്കാതെ, തേൻകൊണ്ടുതന്നെ പരിപൂർണ്ണസുഖം ലഭിച്ചു. ഇംഗ്ലണ്ടിലെ ഒരു സുപ്രസിദ്ധ ശസ്ത്രക്രിയാവിദഗ്ദ്ധനായ മൈക്കേൽ ബുൾമാൻെറ അനുഭവമാണിത്.

വേറൊരു സംഭവം അമേരിക്കൻ മെഡിക്കൽ അസോസിയേഷൻെറ മുഖപത്രത്തിൽ കുറച്ചുകാലംമുമ്പ് വിവരിച്ചിരുന്നു: അടുക്കളയിൽ പണിയെടുക്കുമ്പോൾ ഒരു സ്ത്രീയുടെ കൈക്ക് ഭയങ്കരമായ തീപ്പൊള്ളലേറ്റു. തോൽമാത്രമല്ല, മാംസംകൂടി വെന്തുപോയിരുന്നു. ഉടനെ ആശുപത്രിയിലേക്കുപോകാൻ അവർക്ക് സൗകര്യമുണ്ടായിരുന്നില്ല. തൻെറ മുത്തശ്ശി പറഞ്ഞുകേട്ടിരുന്ന ഒരു പ്രഥമശുശ്രൂഷ അവരോർത്തു. അതനുസരിച്ച്, പൊള്ളിയ ഭാഗത്ത് ധാരാളം തേൻ പുരട്ടി തേനിൽ മുക്കിയെടുത്ത തുണികൊണ്ട് അവിടെ ചുറ്റിക്കെട്ടുകയും ചെയ്തു.

പിറ്റേന്ന് കെട്ടഴിച്ചുനോക്കിയപ്പോൾ അവർ വിസ്മയിച്ചു പോയി! പഴുപ്പ് അശേഷമില്ല; ഉണക്കം പിടിച്ചു തുടങ്ങിയിരിക്കുന്നു. അവർ ആശുപത്രിക്കു പോകേണ്ടതില്ലെന്ന് തീരുമാനിച്ചു. തേൻകൊണ്ടുതന്നെ വ്രണം ഉണങ്ങി. തീപ്പൊള്ളിയേടത്ത് നേരിയ കലപോലും അവശേഷിച്ചില്ല.

അടുത്തകാലത്ത് പാശ്ചാത്യദേശങ്ങളിൽ നടത്തിയ അനേകം പരീക്ഷണങ്ങളിൽനിന്ന് തേനിൻെറ അണുനാശകശക്തി സംശയാതീതമായി തെളിഞ്ഞിരിക്കുന്നു. എന്നാൽ ഈ ആശ്ചര്യകരമായ ശക്തിയുടെ രഹസ്യം എന്താണെന്നു കണ്ടുപിടിക്കാൻ ഇനിയും ഗവേഷണങ്ങൾ തുടരണം എന്നാണ് വിദഗ്ദ്ധൻമാരുടെ അഭിപ്രായം. ഇപ്പോൾത്തന്നെ ഒരു കാര്യം വ്യക്തമായിരിക്കുന്നു. പ്രകൃതിദത്തമായ ഈ ഔഷധത്തോളം വ്രണവിരോപണശക്തി മനുഷ്യനിർമ്മിതമായ ഒരു മരുന്നിനുമില്ല. എന്നാൽ പ്രകൃതിയിൽനിന്നു ലഭിക്കുന്ന നിലയിൽ ത്തന്നെ അത് ഉപയോഗിക്കണം. ചൂടാക്കി തേനിലെ തരികൾ ഉരുക്കുകയോ മറ്റോ ചെയ്താൽ അതിൻെറ വീര്യം നശിക്കും. ഏതിലും മായം ചേർക്കുന്നവർ ഈ തത്ത്വമോർത്ത് തേനിലെങ്കിലും മായം ചേർക്കാതിരിക്കുമോ!

മനുഷ്യരക്തത്തിലെ ഒരു അവശ്യഘടകമാണ് പഞ്ചസാര. പഞ്ചസാരയുടെ തോതു കുറഞ്ഞുപോയാൽ പല രോഗങ്ങളും പിടിപെടും. കൂടിയാലും അതുതന്നെ സംഭവിക്കും. പഞ്ചസാരയുടെ തോതു കുറഞ്ഞാൽ, മറ്റൊരു മരുന്നുകൊണ്ടും കഴിയാത്തവണ്ണം അത്രവേഗത്തിൽ തേൻകൊണ്ട് ആ ന്യൂനത പരിഹരിക്കാമെന്ന് തെളിഞ്ഞിരിക്കുന്നു. കുട്ടികൾക്ക് തേനും പാലും പോലെ അത്ര നല്ല ആഹാരം വേറെയില്ലെന്ന് ശിശുചികിത്സകൻമാർ ഏകകണ്ഠമായി ഉദ്ഘോഷിക്കുന്നു. മധുരദ്രവ്യങ്ങൾ അധികം കഴിക്കുന്നത് ശിശുക്കളുടെ ആരോഗ്യത്തിനു ഹാനികരമാണ്. ഈ സാമാന്യനിയമത്തിന് ഒരു അപവാദമാകുന്നു തേൻ. എന്താണ് കാരണം? പറയാം. ലെവുലോസ്, ഡെക്സ്ട്രോസ് എന്നീ പഞ്ചസാരകൾക്കു പുറമേ B, C, K എന്നീ വിറ്റമിനുകൾ വലിയ തോതിൽ തേനിൽ അടങ്ങിയിരിക്കുന്നു.

മനുഷ്യശരീരത്തിൻെറ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ചെമ്പ്, കാൽഷിയം, ഫോസ്ഫറസ്, ഇരുമ്പ്, ഗന്ധകം, മാൻഗനീസ് എന്നീ ധാതുദ്രവ്യങ്ങളും തേനിൽ ഗണ്യമായ തോതിൽ ചേർന്നുകാണുന്നു. മുൻപറഞ്ഞ വിറ്റമിനുകളും ഈ ധാതുദ്രവ്യങ്ങളുമാണോ തേനിനെ സിദ്ധൗഷധമാക്കുന്നത്?

അല്ല, അതിൽ അടങ്ങിയിരിക്കുന്ന സാന്ദ്രതകൂടിയ ഹൈഡ്രജനോ? (Heavy hydrogen) ഈ ചോദ്യത്തിന് ഉത്തരം കണ്ടുപിടിക്കാൻ ശാസ്ത്രജ്ഞൻമാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

നീരുവലിച്ചെടുക്കാനുള്ള അസാധാരണമായ കഴിവായിരിക്കാം തേനിൻെറ വ്രണവിരോപണശക്തിയുടെ രഹസ്യം എന്ന് ഡോക്ടർ ബുറംമാൻ ഊഹിക്കുന്നു. തേൻ പുരട്ടിയ ഭാഗത്തുള്ള നീര് ഏതാനും മണിക്കൂർകൊണ്ട് വറ്റിപ്പോകുന്നു. അതോടൊപ്പം രോഗഹേതുക്കളായ അണുപ്രാണികളിലെ നീരും തേൻ വലിച്ചെടുക്കുന്നുവെന്നും അപ്പോഠം അവ ശുഷ്കീഭവിച്ച് നശിച്ചുപോകുന്നുവെന്നുമാണ് അദ്ദേഹത്തിൻെറ നിഗമനം.

തേൻ ഒരു നല്ല ജീവനൗഷധമാണെന്നും ശാസ്ത്രജ്ഞൻമാർ കണ്ടുപിടിച്ചിരിക്കുന്നു. വടക്കൻ മെക്സിക്കോവിലെ ഗ്രാമീണർ 120 വയസ്സുകഴിഞ്ഞിട്ടും അരോഗദൃഢഗാത്രന്മാരായി കാണപ്പെടുന്നു. ഇതിനു കാരണം തേനും പഴങ്ങളുമാണ് അവരുടെ മുഖ്യാഹാരം എന്നതത്രെ. റഷ്യയിലെ കാക്കസസ് പർവതനിരകളിൽ പാർത്തുവരുന്ന ഗിരിവർഗ്ഗക്കാർ വാർദ്ധക്യത്തെ നിശ്ശേഷം ജയിച്ചിരിക്കുന്നുവെന്നു പറയാം. 140 വയസ്സ് അവർക്ക് ചെറുപ്പമാണ്. മാംസവും പച്ചക്കറികളും തേനുമാണ് അവരുടെ ആഹാരം. ആഴ്ചയിൽ അരകിലോഗ്രാമിലധികം തേൻ അകത്താക്കുന്ന ഭാഗ്യവാൻമാരാണ് അവർ.

തേനിനെക്കുറിച്ചുള്ള ഈ പുതിയ വിജ്ഞാനം തികച്ചും പഴയതാണ്. ഭാരതീയർക്കു മാത്രമല്ല, യവനന്മാർക്കും ഈജിപ്തുകാർക്കും പണ്ടുപണ്ടേ തേനിൻെറ അസാധാരണഗുണങ്ങഠം അറിയാമായിരുന്നു. രണ്ടായിരത്തിലേറെ കൊല്ലങ്ങഠംക്കുമുമ്പ് ഗ്രീസിൽ ജീവിച്ചിരുന്ന ഹിപ്പോക്രേറ്റ്സ് എന്ന വൈദ്യകുലപതി കുരുവിനു സിദ്ധൗഷധമായി കൽപ്പിച്ചത് തേനായിരുന്നു. പാശ്ചാത്യദേശത്ത് എഴുതപ്പെട്ട ആദ്യത്തെ വൈദ്യശാസ്ത്രഗ്രന്ഥത്തിൻെറ കർത്താവായ ഡയോസ്കോറൈഡ്സ് ഇങ്ങനെ പറഞ്ഞുകാണുന്നു: ''വ്രണം, തീപ്പൊള്ളൽ, രക്തത്തിൽ ആഠംക്കൊഹാഠം കലരുന്നതുകൊണ്ടുണ്ടാകുന്ന രോഗങ്ങഠം ഇവക്ക് ഒരു മരുന്നേ ഉള്ളൂ—തേൻ.''

പുരാതനകാലത്തെ ഈജിപ്തിലെ രാജാക്കൻമാരായ ഫാരോവമാർക്ക് തേൻ ജീവനായിരുന്നു. ഈയിടെ കയ്റോവിനടുത്തു അയ്യായിരംകൊല്ലം പഴക്കമുള്ള ഒരു ശവക്കല്ലറ തുറന്നു

നോക്കിയപ്പോഠം അതാ ഇരിക്കുന്നു അതിനകത്ത് തേൻ നിറച്ച ഒരു ഭരണി!

ഋഗ്വേദകാലത്തെ ഋഷിയോടൊപ്പം നമുക്കു പ്രാർത്ഥിക്കുക!

''അമ്മട്ടു തേനായ്ത്തീരട്ടെ നമ്മാഠക്കീയോഷധീഗണം,
തേനാക രാത്രി, തേനാക പകൽ, തേനാക മന്നിടം''.

പദങ്ങഠം

പരിഭാഷ, ഉദ്ധരിക്കുക, മധുമയം, അതിപ്രാചീനകാലം, മഹിമ, വിശാരദൻ, ഗവേഷണം, അന്യാദൃശം, ശസ്ത്രക്രിയ, ശസ്ത്രവ്രണം, ആൻറിബയോട്ടിക്, വിദഗ്ദ്ധൻ, പ്രഥമശുശ്രൂഷ, അശേഷം, അവശേഷിക്കുക, അണുനാശകശക്തി സംശയാതീതം, വ്രണവിരോപണശക്തി, പ്രകൃതിദത്തം, അവശ്യഘടകം, ഏകകണ്ഠമായി, ഉദ്ഘോഷിക്കുക, അത്യന്താപേക്ഷിതം, സിദ്ധൗഷധം, സാന്ദ്രത, ശുഷ്കീഭവിക്കുക, നിഗമനം, ജീവനൗഷധം, അരോഗദൃഢഗാത്രൻ, നിശ്ശേഷം, കുലപതി, ആഠക്കൊഹാഠം.

ശൈലികഠം

പൊടികൈ പ്രയോഗിക്കുക, അകത്താക്കുക, സാമാന്യനിയമത്തിന് അപവാദം.

അഭ്യാസം

I. പിരിച്ചെഴുതുക:
ഋഗ്വേദം, വാഗ്ദേവി, ദിഗ്ഗജം (ഉദാ: ഋക് + വേദം = ഋഗ്വേദം)

II. വിഗ്രഹാർത്ഥം പറയുക: (ഉദാ:—അതിപ്രാചീനകാലം—അതിപ്രാചീനമായ കാലം) ശസ്ത്രക്രിയ, ശസ്ത്രവ്രണം, പ്രഥമശുശ്രൂഷ, അണുനാശകശക്തി, സംശയാതീതം, വ്രണവിരോപണശക്തി, പ്രകൃതിദത്തം, ആവശ്യഘടകം, സിദ്ധൗഷധം, ജീവനൗഷധം.

III. (a) വാക്യത്തിൽ പ്രയോഗിക്കുക:
പരിഭാഷ, ഉദ്ധരിക്കുക, മഹിമ, വിശാരദൻ, വിദഗ്ദ്ധൻ, അശേഷം, നിശ്ശേഷം, അവശേഷിക്കുക, സംശയാതീതം, അത്യന്താപേക്ഷിതം, സിദ്ധൗഷധം.

(b) പൊടികൈ പ്രയോഗിക്കുക, അകത്താക്കുക, സാമാന്യനിയമത്തിന് അപവാദം.

IV. പദങ്ങളെ പട്ടികയിൽ അതാതു കള്ളിയിൽ എടുത്തെഴുതുക:
വള്ളത്തോഠം, ഭയങ്കരം, മധു, ഓർത്തു, ഉടനെ, മഹിമ, പുരട്ടി, അനേകം, തുടരണം, ആശ്ചര്യകരം, സംഭവിക്കും, പ്രകൃതിദത്തം, അവർ, പോലെ, ഊഹിക്കുന്നു, അപ്പോഠം, ഒരു, ഈ, നല്ല, കൊണ്ട്, ഋഷി, ആയുർവ്വേദം.

| നാമം | കൃതി | ഭേദകം | | ഘടകം | ഗതി | വ്യാക്ഷേപകം |
|---|---|---|---|---|---|---|
| | | നാമ വിശേഷണം | ക്രിയാ വിശേഷണം | | | |
| | | | | | | |

V. (1) നമ്മുടെ പൂർവികൻമാർക്ക് തേനിൻെറ മഹിമ നല്ലവണ്ണം അറിയാമായിരുന്നുവെന്ന് എങ്ങനെ സ്ഥാപിക്കാം?

(2) പ്രാചീനകാലത്തുതന്നെ പൗരസ്ത്യരും പാശ്ചാത്യരുമായ വൈദ്യശാസ്ത്രവിശാരദൻമാർ തേനിൻെറ ഔഷധവീര്യം മനസ്സിലാക്കിയിരുന്നു.—തെളിയിക്കുക.

(3) തേനിൻെറ വ്രണവിരോപണശക്തിക്കു കാരണം എന്തായിരിക്കണം എന്നാണ് ഡോക്ടർ മൈക്കേൽ ബുദ്ധമാൻ ഊഹിക്കുന്നത്?

(4) തേൻ ഒരു നല്ല ജീവനൗഷധമാണ്: എന്തായിരിക്കാം ഇതിനു കാരണം?

(5) അടുത്തകാലത്ത് തേനിൻെറ വ്രണവിരോപണശക്തി തെളിയിച്ച രണ്ടു സംഭവങ്ങൾ ചുരുക്കിപ്പറയുക.

---

## പാഠം 3

# എവറസ്റ്റാരോഹണം



ലോകത്തിൽവച്ച് ഏറ്റവും പൊക്കമുള്ള പർവത ശിഖരമാണ് എവറസ്റ്റ്. അതിൻെറ ഉയരം 29028 അടിയാണ് (8848 മീറ്റർ)—അഞ്ചരനാഴിക തികയാൻ 12 അടികൂടിയേ വേണ്ടൂ.

സമനിരപ്പാണെങ്കിൽ ഒന്നൊന്നരമണിക്കൂർകൊണ്ട് നടന്നെത്താവുന്ന ദൂരം. കാറിൽ കയറിയാൽ വെറും പത്തുമിനിട്ട്. എന്നാൽ അത്രയും ദൂരം മുകളിലേക്ക് കയറിപ്പോകുക മനുഷ്യന്റെ എല്ലാ കരുത്തുകളെയും വെല്ലുവിളിക്കുന്നൊരു കാര്യമാണ്. ഭൂമിയുടെ ആകർഷണശക്തിയോട് മല്ലിട്ടുകൊണ്ടുവേണം മല കയറാൻ. അത്രമാത്രമോ? മഞ്ഞുകട്ടികൾ അട്ടിയട്ടിയായി വീണുകിടക്കുന്ന ചെങ്കുത്തായ മാർഗ്ഗം; വഴിനീളെ ദുസ്സഹമായ വഴുക്കൽ; തരിപ്പിക്കുന്ന തണുപ്പും. കാൽവയ്പ് ഒന്നു പിഴച്ചാൽ കഥ കഴിഞ്ഞു! ആഹാരവും വെള്ളവും മാത്രമല്ല ശ്വസിക്കാനുള്ള പ്രാണവായുവുംകൂടി കൂടെകൊണ്ടുപോകണം. വഴിയിൽ വിശ്രമിക്കാനുള്ള കൂടാരം പുറത്തു കയറ്റണം.

ഇത്ര ക്ലേശകരമാണെങ്കിലും പർവതാരോഹണം എന്നും ഭാരതീയരെ ആകർഷിച്ചുപോന്നിട്ടുണ്ട്. നമ്മുടെ പുണ്യക്ഷേത്രങ്ങളിൽ പലതും മലമുകളിലാണ്. ബുദ്ധമതക്കാരുടെ ജാതക കഥകളിൽ സോണുത്തരൻ എന്ന ഒരു യോദ്ധാവ് ആറുകൊമ്പുള്ള ഒരു വെള്ളാനത്തലവനെ വേട്ടയാടാൻ ഹിമാലയശിഖരങ്ങളിലേക്ക് കയറിപ്പോയ സാഹസികയാത്ര വിവരിച്ചിട്ടുണ്ട്. അറ്റത്ത് ഇരുമ്പു കൊളുത്തു കെട്ടിയ കയർ മുകളിലുള്ള പാറയിലേക്കെറിഞ്ഞ് അതിൽ ഉറപ്പിക്കുക; പിന്നെ കയറിൽ പിടിച്ചു തൂങ്ങിക്കയറുക. മുകളിലെത്തിയാൽ ഒരു ലോഹദണ്ഡം പാറയിൽ അടിച്ചിറക്കുക; അതിൽനിന്നുകൊണ്ട് പിന്നെയും കയറെറിഞ്ഞ് അതിൽ പിടിച്ചു കയറുക; ഇങ്ങനെയാണ് സോണുത്തരൻ ഗിരിശിഖരത്തിൽ എത്തിയത്. അദ്ദേഹം പ്രയോഗിച്ച കൗശലം ഇന്നത്തെ പർവതാരോഹകൻമാരുടെ രീതിയിൽനിന്ന് വളരെയൊന്നും വ്യത്യസ്തമല്ല.

ഉത്തുംഗശൃംഗങ്ങളോടുകൂടിയ ഹിമവാൻ മനുഷ്യമനസ്സിനെ എക്കാലത്തും ആകർഷിക്കുകയും അമ്പരപ്പിക്കുകയും വിനീതമാക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ കവികൾ ഹിമവാനെ ദേവതാത്മാവായി വർണ്ണിക്കുന്നു. കാളിദാസൻ പറയുകയാണ്: ''ഹിമവാന്റെ മുകൾപ്പരപ്പിലെ സരസ്സിൽനിന്ന് സപ്തർഷികൾ പൂജയ്ക്ക് താമരമൊട്ടുകൾ പറിച്ചെടുക്കുന്നു. അവശേഷിച്ച മുകുളങ്ങളെ സൂര്യൻ വിരിയിക്കുന്നു. മുകളിൽ നിന്ന് രശ്മികൾ ചൊരിഞ്ഞല്ല കതിരോൻ ഈ കമലങ്ങളെ വികസിപ്പിക്കുന്നത്; താഴത്തുനിന്ന് മുകളിലേക്കു പോകുന്ന രശ്മികൾ കൊണ്ടത്രേ''.

നിങ്ങരം നെറ്റിചുളിക്കുകയാണ്, അല്ലേ? മഞ്ഞുനിറഞ്ഞ ഹിമാലയത്തിൽ താമരപ്പൂക്കളോ? സൂര്യമാർഗ്ഗത്തെക്കവി ഞ്ഞാണോ ഹിമവാൻെറ ശിഖരം സ്ഥിതിചെയ്യുന്നത്? ഭൂമിക്കേറ്റവും അടുത്തുള്ള ഗ്രഹമായ ചന്ദ്രൻപോലും ഹിമാലയ ശിഖരങ്ങളെക്കാരം അനേകായിരം കിലോമീറ്റർ ഉയരത്തിലാ ണല്ലോ. പിന്നെ സൂര്യൻെറ കഥ പറയാനുണ്ടോ? കാളിദാസൻ ചിരിച്ചുകൊണ്ട് നിങ്ങളോടു പറയും: ''മിടുക്കൻമാർ. ഇത്രയും കാര്യം നിങ്ങരം ധരിച്ചല്ലോ. ഹിമാലയത്തിൻെറ അമ്പരപ്പിക്കുന്ന ഉയരത്തെക്കുറിച്ച് ഒരു ബോധമുണ്ടാക്കണം എന്നേ എനിക്ക് ഉദ്ദേശമുള്ളൂ. അതിന് ഒരു അതിശയോക്തി പ്രയോഗിച്ചു വെന്നുമാത്രം.''

ചെങ്കുത്തായി നിൽക്കുന്ന ഹിമാലയശിഖരങ്ങരം മനു ഷ്യൻെറ സാഹസികതയെ വെല്ലുവിളിച്ചുകൊണ്ട് ഏറെക്കാലം അജയ്യമായി വർത്തിച്ചു. 1953 മേയ് 29–ാം തീയതി പകൽ പതിനൊന്നരമണിക്ക് എഡ്മണ്ട് ഹിലാരിയും ടെൻസിങ്ങ് നോർഗേയും ഉന്നതതമമായ എവറസ്റ്റിൻെറ മുകളിൽ ആദ്യമായി കാൽകുത്തി. 1921 മുതൽ എട്ടുപത്ത് സംഘങ്ങരം എവറസ്റ്റിനെ കീഴടക്കാൻ പുറപ്പെട്ടു പരാജയപ്പെട്ടിരുന്നു. പങ്കെടുത്ത പർവതാരോഹകരിൽ പലരും മരിച്ചുപോയി. എങ്കിലും സാഹസികരായ മനുഷ്യർ ഹതാശരായില്ല. ഓരോ സംഘവും പിന്നാലെ വരുന്നവർക്ക് ചില താവളങ്ങരം ഏർപ്പെടുത്തുകയും വിലയേറിയ അനുഭവപാഠങ്ങരം നൽകുകയും ചെയ്തു. പർവത നിവാസികളായ ഷെർപ്പാസമുദായത്തിൻെറ സഹായം ഇക്കാര്യ ത്തിൽ അത്യന്താപേക്ഷിതമാണെന്ന് വിദേശീയർ മനസ്സി ലാക്കി. ''ദൈവം ഷെർപ്പാവർഗ്ഗത്തെ സൃഷ്ടിച്ചിരുന്നില്ലെ ങ്കിൽ എവറസ്റ്റിൽ ഇന്നും മനുഷ്യന് കാൽകുത്താൻ കഴിയുമാ യിരുന്നില്ല'' എന്ന് യൂറോപ്പുകാരനായ ഒരു ആരോഹകസംഘ നേതാവ് പറഞ്ഞിട്ടുള്ളത് സ്മരണീയമാകുന്നു. 1953–ൽ കേണൽ ഹണ്ടിൻെറ നേതൃത്വത്തിൽ പുറപ്പെട്ട പർവതാരോഹക സംഘത്തിലെ ഷെർപ്പയാണ് ടെൻസിങ്ങ്. അദ്ദേഹത്തോ ടൊപ്പം വിജയത്തിലേക്ക് കയറിപ്പോയ എഡ്മണ്ട് ഹിലാരി ന്യൂസിലണ്ടുകാരനാണ്.

പുറപ്പെടുമ്പോരം ആ സംഘത്തിൽ പതിന്നാലുപേരുണ്ടാ യിരുന്നു. അവരിൽ ചാരംസ് ഇവാൻസും ടോംബോർഡില്ലനും ആയിരുന്നു ഏറ്റവും മുമ്പിൽ. 28700 അടി കയറി അവർ

ദക്ഷിണ ശിഖരത്തിലെത്തി. എന്നാൽ പ്രാണവായു തീർന്നു പോയതിനാൽ അവർക്ക് മടങ്ങേണ്ടിവന്നു. പിന്നാലെ വന്ന ഹിലാരിയും ടെൻസിങ്ങും മൂന്നു കൂട്ടുകാരും മുന്നേറി. 28000 അടി കയറിയതിനുശേഷം കൂടെയുള്ളവർ തളർന്നു പിൻവാങ്ങി. മേയ് 28—ാം തീയതിയായിരുന്നു ഈ സംഭവം; പിറ്റേന്ന് ഹിലാരിയും ടെൻസിങ്ങും മാത്രം സാഹസികോദ്യമം തുടർന്നു. പാറയിൽ കൊതകാം കൊത്തിക്കൊത്തി അവയിൽ ചവിട്ടിക്കൊണ്ടാണ് അവർ കയറിപ്പോയത്. കാലത്ത് ഒൻപതു മണിക്ക് അവർ ദക്ഷിണ ശിഖരത്തിലെത്തി. പിന്നെയും ഒരു മണിക്കൂർകൂടി അവർ പതുക്കെപ്പതുക്കെ കയറിപ്പോയി. അപ്പോഴതാ നാൽപ്പതടിയോളം ചെങ്കുത്തായി പൊങ്ങി നിൽക്കുന്ന ഒരു കൂറ്റൻ പാറ. വിജയത്തിനുള്ള ഏറ്റവും വലിയ വിഘ്നംപോലെ അത് തലയുയർത്തി നിന്നു.

''നിശ്ചലം നീണ്ടുനിവർന്നു നിന്നൂദൃഢ—
നിശ്ചയനായ കൊടുമുടി പിന്നെയും''



എന്നാൽ അവർ പരാജയം സമ്മതിച്ച് പിൻമാറാൻ മുതിർന്നില്ല. ആ പാറയ്ക്കും അതുപോലെ ഉയർന്നുനിൽക്കുന്ന തൊട്ടടുത്ത പാറയ്ക്കും ഇടയിൽ ഒരു വിടവു കണ്ടു. അതിൽ മലർന്നു

കിടന്ന് ചവിട്ടിച്ചവിട്ടി ഇഞ്ചിഞ്ചായി മേലോട്ടു നീങ്ങി നീങ്ങി ആ പാറയ്ക്കു മുകളിലെത്തി. അപ്പോഴേയ്ക്കും അവരിരുവരും ആകെത്തളർന്നിരുന്നു. എങ്കിലും വിട്ടില്ല. വീണ്ടും കൊതകം കൊത്തി പതുക്കെപ്പതുക്കെ കയറി. ഒരു നിരകഴിഞ്ഞാൽ മറ്റൊരു നിര! ഇത് ഒരിക്കലും അവസാനിക്കുകയില്ലെന്ന് അവർക്കു തോന്നി. എങ്കിലും തളർച്ച വകവയ്ക്കാതെ കയറ്റം തുടർന്നു. പെട്ടെന്നതാ മല കീഴടങ്ങുന്നു! ഇനിയുള്ള നിരകരം മേൽപ്പോട്ടല്ല, കീഴ്പ്പോട്ടാണ്! മനുഷ്യപാദം അന്നേവരെ സ്പർശിച്ചിട്ടില്ലാത്ത ആ കൊടുമുടിയിൽ മാനവ വിജയത്തിൻെറ പതാക പാറിക്കളിക്കുകയായി. മഹാബലി വാമനൻെറ മുമ്പിൽ അതാ ശിരസ്സു കുനിച്ചുനിൽക്കുന്നു. ഹിലാരിക്ക് ആഹ്ലാദത്തെക്കാളേറെ ആശ്വാസമാണത്രേ തോന്നിയത്. ടെൻസിങ്ങ് ആനന്ദഭരിതനായിരുന്നു. ആ തളർച്ചയിലും അയാളുടെ മുഖം പുഞ്ചിരി കൊണ്ട് തിളങ്ങി.

പിന്നീട് പലതവണ എവറസ്റ്റാരോഹണത്തിൽ മനുഷ്യൻ വിജയിച്ചിട്ടുണ്ട്. ടെൻസിങ്ങിൻെറ മരുമകൻ നവാംഗ് ഗോംബു രണ്ടുപ്രാവശ്യം എവറസ്റ്റ് കയറി, 1963–ലും 1965–ലും. ടെൻസിങ്ങ് കുടുംബം എവറസ്റ്റാരോഹണത്തിൽ ഇനിയും വിജയമുദ്രകരം പതിപ്പിക്കുമെന്ന് പ്രതീക്ഷിക്കാം. ടെൻസിങ്ങിൻെറ മകൻ നോർബുവും ഗോംബുവിൻെറ മകൻ കുർസുങ്ങും കുട്ടികളാണെങ്കിലും ആ വഴിക്കുള്ള ശ്രമം തുടങ്ങിക്കഴിഞ്ഞു.

### പദങ്ങരം

ആകർഷണശക്തി, ആരോഹണം, ജാതകകഥ, യോദ്ധാവ്, സാഹസികോദ്യമം, ഉത്തുംഗശൃംഗം, വിനീതം, മുകുളം, അതിശയോക്തി, അജയ്യം, ഉന്നതതമം, പർവതാരോഹകൻ, ഹതാശർ, ദക്ഷിണ ശിഖരം, പ്രതീക്ഷിക്കുക.

### ശൈലികരം

വെല്ലുവിളിക്കുക, മല്ലിടുക, അനുഭവപാഠങ്ങരംനൽകുക, കാൽ കുത്തുക, ഇഞ്ചിഞ്ചായി, വിജയമുദ്രകരം പതിപ്പിക്കുക.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:

പുണ്യക്ഷേത്രം, സാഹസികയാത്ര, ഉത്തുംഗശൃംഗം, ദേവതാത്മാവ്, സാഹസികോദ്യമം, പർവതാരോഹകൻ, സൂര്യമാർഗ്ഗം.

II. വാക്യത്തിൽ പ്രയോഗിക്കുക:

(a) ആരോഹണം, യോദ്ധാവ്, സാഹസികോദ്യമം, വിനീതം, അതിശയോക്തി, അജയ്യം, ഉന്നതതമം, ഉന്നതതരം, ഉന്നതം, ഹതാശൻ, പ്രതീക്ഷിക്കുക, ഉത്തുംഗം.

(b) വെല്ലുവിളിക്കുക, മല്ലിടുക, അനുഭവപാഠങ്ങൾനൽകുക, കാൽകുത്തുക, വിജയമുദ്രകൾ പതിപ്പിക്കുക.

III. (a) പര്യായങ്ങൾ എഴുതുക:
സരസ്സ്, മുകുളം, കമലം, രശ്മി, സൂര്യൻ, പർവതം

(b) വിപരീതപദമെഴുതുക:
ആരോഹണം, പുണ്യം, വിനീതം.

IV. താഴെ ചേർക്കുന്ന പദങ്ങളെ പട്ടികയിൽ അതാതു കള്ളിയിൽ എടുത്തെഴുതുക:

ആരോഹണം, പർവതം, ശിഖരം, ദൂരം, മനുഷ്യൻ, കാര്യം, തണുപ്പ്, കാൽവയ്പ്, ഭാരതീയർ, സോണുത്തരൻ, വെള്ളാന, നിങ്ങൾ, ടെൻസിങ്ങ്, ഹിമാലയം, കവി, താമര, ഉയരം, സാഹസികൻ, സംഘം, ഉദ്യമം, അദ്ദേഹം, നമ്മുടെ.

| ദ്രവ്യനാമം | | | | ഗുണനാമം | ക്രിയാ നാമം |
|---|---|---|---|---|---|
| സംജ്ഞാ നാമം | സാമാന്യ നാമം | സർവനാമം | മേയനാമം | | |
| | | | | | |

V. (1) എവറസ്റ്റിന്റെ ഉയരം എത്രയാണ്?

(2) എന്നാണ് മനുഷ്യൻ ആദ്യമായി എവറസ്റ്റാരോഹണം സാധിച്ചത് ?

(3) പർവതാരോഹണം ക്ലേശകരമായിരിപ്പാനുള്ള കാരണങ്ങൾ എന്തെല്ലാം ?

(4) ''താഴത്തുനിന്ന് മുകളിലേക്കയക്കുന്ന കിരണങ്ങൾ കൊണ്ടാണ് സൂര്യൻ ഹിമാലയത്തിന്റെ മുകളിലുള്ള സരസ്സിലെ താമരമൊട്ടുകളെ വികസിപ്പിക്കുന്നത്.'' കാളിദാസൻ എന്തുദ്ദേശ്യത്തോടെയാണ് ഈ അതിശയോക്തി പ്രയോഗിച്ചത്?

(5) ഓരോ ഖണ്ഡികയിൽ വിവരിക്കുക:

(a) ആദ്യത്തെ എവറസ്റ്റാരോഹണം.

(b) സോണുത്തരന്റെ ഹിമാലയാരോഹണം.

(6) ഷെർപ്പാസമുദായത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.

(7) ''മഹാബലി വാമനന്റെ മുമ്പിൽ അതാ ശിരസ്സുകുനിച്ചു നിൽക്കുന്നു.''—സന്ദർഭവും ആശയവും വിവരിക്കുക.

പാഠം 4

# വരിക, വാർതിങ്കളേ!

''വരിക ! വാർതിങ്കളേ ! താഴത്തു വരിക ! നീ
പെരികെത്തങ്കത്തിൻെറ നെറ്റിമേൽച്ചുംബിച്ചാലും.''
ശ്രീലമാം വസന്തത്തിൽ സന്ധ്യയായപ്പോരം സ്വച്ഛ
നീലമാം വാനംപുക്ക പൂർണ്ണചന്ദ്രനെ നോക്കി,
ഓമനക്കിടാവിനെ മടിയിൽക്കിടത്തിക്കൊ–
ണ്ടോമനിച്ചമ്മയേവം കൊഞ്ചുന്നു മധുരമായ്.
ആരാമപുഷ്പ ഗന്ധമേറ്റിക്കൊണ്ടിരുട്ടത്തു
ചോരനെപ്പോലെയപ്പോരം വരുന്നു മന്ദാനിലൻ
തെരുവിന്നൊരുഭാഗം കുട്ടികളാറ്റാദിച്ചു
നിരുപദ്രവമായിച്ചിരിച്ചു കളിക്കുന്നു.
ഉറങ്ങാതൊരുകുയിൽ മാന്തോപ്പിൽ നിഴൽതന്നി–
ലിരുന്നു ലളിതമായ്പ്പാടുന്നു വിജനത്തിൽ.
''വരിക ! വാർതിങ്കളേ ! താഴത്തു വരിക ! നീ
പെരികെത്തങ്കത്തിൻെറ നെറ്റിമേൽച്ചുംബിച്ചാലും.''
ഒരിക്കൽ ചന്ദ്രനേയുമുടനെത്തൻെറ കൈയി–
ലിരിക്കും തങ്കത്തേയുമായവരം നോക്കീടുന്നു.
ഹന്ത ! ചന്ദ്രനീവിളികേരക്കാത്തവണ്ണം തീരെ
ശ്ശാന്തനായനങ്ങാതെ ചിരിച്ചുനിന്നീടുന്നു.
ചിരിയാലിളംപൈതലമ്മചൊന്നതേചൊല്ലി
''വരിക ! വാർതിങ്കളേ ! താഴത്തു വരിക ! നീ.''
ആ നില കണ്ടു താനേ മാതാവു ചിരിക്കുന്നു,
പൂനിലാവൊളി ചിന്നും രാത്രിയും ചിരിക്കുന്നു.
പൈതലിൻ പിതാവായ ധന്യനാം കവി ഞാനും
പ്രീതനായ് ഗൂഢമതു കണ്ടിതാ ചിരിക്കുന്നു.

കാവ്യോപഹാരം] [കുറ്റിപ്പുറത്തു കേശവൻനായർ

## അഭ്യാസം

1. 'ഓമനിച്ചമ്മയേവം കൊഞ്ചുന്നു മധുരമായ്'—എപ്രകാരമാണ് അമ്മ കൊഞ്ചുന്നത്? എപ്പോരം? (ഉത്തരം കവിവാക്യത്തിൽ)
2. ''അമ്മയുടെ മടിയിൽ കിടക്കുന്ന ഓമനക്കുഞ്ഞ് മാനത്തിൻെറ മടിയിൽ കിടക്കുന്ന പൂർണ്ണചന്ദ്രനെപ്പോലെയിരുന്നു.'' ഈ ആശയം ഏതുവരികളിലാണ് സ്ഫുരിക്കുന്നത്?

3. 'രാത്രിയും ചിരിക്കുന്നു'. ഏതിനെയാണ് രാത്രിയുടെ ചിരിയായി കൽപിച്ചിരിക്കുന്നത്?

4. 'വസന്തത്തിലെ ആ സന്ധ്യാസമയത്ത് എങ്ങും ആനന്ദം വിളയാടി.' ഈ ആശയം കവിതയുടെ ഏതു ഭാഗത്താണ് തെളിഞ്ഞു കാണുന്നത്?

5. 'ചോരനെപ്പോലെയപ്പോഠ വരുന്നു മന്ദാനിലൻ' — മന്ദാനിലന് ചോരനോടുള്ള സാദൃശ്യം വ്യക്തമാക്കുക.

6. ഈ കവിതയിൽ സ്ഫുരിക്കുന്ന രണ്ടു പ്രധാനഭാവങ്ങഠ ഏവ?

7. പിതാവ് എന്തിനാണ് ഗൂഢമായി ചിരിക്കുന്നത്?

---

പാഠം 5

# കുരുക്ഷേത്രത്തിൻെറ കരിനിഴൽ

ഭാരതയുദ്ധത്തിൽ കൗരവരെ നിശ്ശേഷം നശിപ്പിച്ച് രാജാധികാരം നേടിയ പാണ്ഡവർ ധൃതരാഷ്ട്രരുടെയും ഗാന്ധാരിയുടെയും നേരേ വളരെയേറെ ഔദാര്യവും കാരുണ്യവും കാണിച്ചു. അന്ധനും വൃദ്ധനും പുത്രശതത്തിൻെറ മരണത്താൽ ദഗ്ദ്ധഹൃദയനുമായ ധൃതരാഷ്ട്രരെ ആശ്വസിപ്പിച്ച് അദ്ദേഹത്തെ മുൻനിർത്തി ധർമ്മപുത്രർ രാജ്യം ഭരിച്ചു. പാണ്ഡവൻമാർ ദിവസംപ്രതി വലിയച്ഛനെ സന്ദർശിച്ച് കാൽവണങ്ങി സുഖസൗകര്യങ്ങഠ അന്വേഷിക്കും; അദ്ദേഹം മൂർദ്ധാവിൽ മുകർന്ന് അവരെ അനുഗ്രഹിക്കുകയും ചെയ്യും. കുന്തി, പാഞ്ചാലി, സുഭദ്ര തുടങ്ങിയവർ ഗാന്ധാരിയേയും ഇതേവിധം പരിചരിച്ചുപോന്നു. ഗാന്ധാരിക്കും ധൃതരാഷ്ട്രർക്കും ഒന്നിലും ഒരു കുറവും വന്നുപോകാതിരിക്കാൻ ധർമ്മപുത്രർ പ്രത്യേകം ശ്രദ്ധിച്ചു. അവർക്ക് ഒരു ദുഃഖവും വന്നുപോകാൻ ഇടവരരുതെന്ന് അദ്ദേഹം അനുജൻമാരെ വീണ്ടും വീണ്ടും ഉപദേശിച്ചു പോരുകയും ചെയ്തു. ഭീമസേനനൊഴിച്ചുള്ളവരെല്ലാം ആ ഉപദേശമനുസരിച്ചുതന്നെ പ്രവർത്തിച്ചു. ഭീമനുമാത്രം കള്ളച്ചൂതുകളിയും അതിനെത്തുടർന്നുണ്ടായ അതിദാരുണങ്ങളായ സംഭവങ്ങളും മറക്കാൻ കഴിഞ്ഞില്ല. എന്നാൽ ജ്യേഷ്ഠനെ പേടിച്ച് അദ്ദേഹവും ഈ വെറുപ്പ് പുറത്തു കാണിച്ചില്ല.

ഇങ്ങനെ പതിനഞ്ചുകൊല്ലം കടന്നുപോയി. ഗുണവാൻമാരായ പാണ്ഡുപുത്രരിൽ ധൃതരാഷ്ട്രർ തികച്ചും പ്രീതിപൂണ്ടു. അവരുടെ നൻമയ്ക്കായി അദ്ദേഹം എന്നും ഉള്ളഴിഞ്ഞു പ്രാർത്ഥിച്ചു. എന്നാൽ ചിലപ്പോഠ പുത്രൻമാരുടെ

ഓർമ്മ ആ വൃദ്ധപിതാവിൻെറ ഹൃദയത്തിൽ ഉദിച്ചുയരും. ആ അവസരങ്ങളിൽ, അവരെ കൂട്ടക്കൊല ചെയ്ത വൃകോദരനെ അദ്ദേഹം മനസാ ശപിക്കും. ഭീമസേനനാകട്ടെ തരംകിട്ടുമ്പോഴെല്ലാം ഭൃത്യൻമാർക്ക് രഹസ്യമായ നിർദ്ദേശങ്ങൾ നൽകി പരിചര്യകൾ മുടക്കി വലിയച്ഛനെ ദ്രോഹിക്കും.

ഇങ്ങനെയിരിക്കെ ഒരു സന്ദർഭത്തിൽ ഭീമൻ കഴിഞ്ഞുപോയ സംഭവങ്ങളോർത്ത് അരിശംകൊണ്ട് സ്നേഹിതൻമാരുടെ മധ്യത്തിൽവച്ച് അടക്കവും ഒതുക്കവും വിട്ട് പൊട്ടിത്തെറിച്ചു:

''ഇരുമ്പുലക്കപോലുള്ള ഈ കൈകളാണ് ദുഷ്ടരായ നൂറ്റവരെ കാലപുരി പൂകിച്ചത്. ആ കുരുടൻെറ മക്കളെല്ലാം പരിഘത്തിനൊത്ത ഈ ബാഹുക്കൾക്കിടയിൽപെട്ട് ഞെരിഞ്ഞുപോയി. ചന്ദനം പൂശേണ്ടവയാണ് ഈ കൈകൾ!''

ഹൃദയം പിളർക്കുന്ന ഈ പരുഷമൊഴികൾ ധൃതരാഷ്ട്രരും ഗാന്ധാരിയും കേട്ടു. ഒരുവിധം അടങ്ങിയിരുന്ന പുത്രശോകം അപ്പോൾ വീണ്ടും ആളിക്കത്തി, ''നാട്ടിലിരുന്നാൽ ഈ ദുഃഖം വർദ്ധിക്കുകയേ ഉള്ളൂ. വനത്തിൽപ്പോയി ശാന്തി നേടണം'' എന്ന് അവർക്ക് തോന്നുകയും ചെയ്തു. അന്നുമുതൽക്ക് അവർ കഠിനവ്രതം ആചരിച്ചുതുടങ്ങി. നാലു ദിവസം കൂടുമ്പോൾ വല്ലതും കുറച്ച് ആഹാരം കഴിക്കും. ചിലപ്പോൾ എട്ടുദിവസത്തോളം തുടർച്ചയായി പട്ടിണികിടക്കും. വെറും നിലത്തു കിടന്നാണ് വൃദ്ധരായ ആ രാജദമ്പതികൾ രാത്രി പോക്കിയത്.

സദാ രാജ്യകാര്യങ്ങളിൽ വ്യാപൃതനായിരുന്ന ധർമ്മപുത്രർ ഇക്കഥയൊന്നും അറിഞ്ഞതേയില്ല. ഏതാനും ദിവസങ്ങൾ കൊണ്ട് ധൃതരാഷ്ട്രരും, ഗാന്ധാരിയും ജീവിക്കുന്ന അസ്ഥികൂടങ്ങളായി മാറി. ഒടുവിൽ ധൃതരാഷ്ട്രർ ധർമ്മപുത്രരെ വിളിച്ച് ഇപ്രകാരം പറഞ്ഞു: ''മകനേ, നമ്മുടെ വംശത്തിനു നേരിട്ട എല്ലാ നാശങ്ങൾക്കും കാരണം ഞാനാണ്. ഇന്നു ഞാൻ അനുഭവിക്കുന്ന തീവ്രശോകത്തിന് മറ്റാരെയും കുറ്റപ്പെടുത്താനില്ല. എല്ലാം എൻെറ കർമ്മഫലമാണ്. ദുര്യോധനാദികളായ നൂറുപുത്രൻമാരെയും ഭീഷ്മദ്രോണകർണ്ണാദികളെയും നിഹനിച്ചത് പാണ്ഡവരല്ല. പാപിയും ബുദ്ധിഹീനനുമായ ഈ ഞാനാണ്. അനുജൻെറ പുത്രൻമാരായ നിങ്ങൾക്ക് അവകാശപ്പെട്ട അർദ്ധരാജ്യം ഞാൻ പിടിച്ചുവച്ചു. വിദുരരും, ഭീഷ്മരും, ദ്രോണരും, കൃപരും, സഞ്ജയനും, ഗാന്ധാരിയും,

വ്യാസനും, ശ്രീകൃഷ്ണനും നൽകിയ ഉപദേശങ്ങളൊന്നും ഞാൻ ചെവിക്കൊണ്ടില്ല. പുത്രസ്നേഹപരവശനായി ഞാൻ എല്ലാം നശിപ്പിച്ചു. പതിനഞ്ചുകൊല്ലം കഴിഞ്ഞിട്ടും ആ പാപം എന്റെ ആത്മാവിനെ വിട്ടകലുന്നില്ല. കുറെനാളായി ഞാൻ പട്ടിണിയായി വെറും നിലത്തുകിടന്നും, ദർഭവിരിപ്പിൽ ഇരുന്ന് രാത്രിയും പകലും നിരന്തരമായി ജപിച്ചും, പ്രായശ്ചിത്തം ചെയ്യുന്നു. ഗാന്ധാരിയും എന്നോടൊത്ത് ഈ വ്രതങ്ങൾ ആചരിക്കുന്നു. എന്നിട്ടും ഒരു ശാന്തിയും കൈവരുന്നില്ല. അതിനാൽ അങ്ങയുടെ സമ്മതത്തോടെ ഞങ്ങൾ കാട്ടിലേക്കു പോകട്ടെ. വൽക്കലം ചുറ്റി ഫലമൂലങ്ങൾ മാത്രം ഭക്ഷിച്ച് തപസ്സു ചെയ്ത് ശാന്തിനേടട്ടെ. എനിക്ക് ഈ ജീവിതത്തിൽ ഇനി ഒന്നും സാധിക്കേണ്ടതായില്ല. എല്ലാ ഐശ്വര്യങ്ങളും സുഖങ്ങളും ഞാൻ അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. ദാനങ്ങളും ശ്രാദ്ധങ്ങളും വേണ്ടുവോളം നടത്തി ഞാൻ സംതൃപ്തനായിരിക്കുന്നു. മക്കളെക്കുറിച്ചും ഇനി വ്യസനിക്കേണ്ടതില്ല. പോർക്കളത്തിൽ പൊഴിച്ച ജീവരക്തംകൊണ്ട് പാപപങ്കം കഴുകിക്കളഞ്ഞ് അവർ വീര്യസ്വർഗ്ഗം നേടിയിരിക്കുന്നു. ഇനി ഞാനും ഗാന്ധാരിയും ആത്മാവിന്റെ ഗതിക്കുവേണ്ടി യത്നിക്കണം. വയസ്സുകാലത്ത് രാജൈശ്വര്യത്തെ മക്കളിലേക്കു മാറ്റിയിട്ട് വാനപ്രസ്ഥാശ്രമം സ്വീകരിക്കുന്നത് നമ്മുടെ കുലധർമ്മവുമാണല്ലോ. അതിനാൽ രാജാവേ, ഞങ്ങൾക്ക് പോകാൻ അനുമതി നൽകുക! അങ്ങയുടെ നൻമയ്ക്കുവേണ്ടി ഞങ്ങൾ ഇവിടെയെന്നപോലെ വനത്തിലും പ്രാർത്ഥിക്കാം. ഞങ്ങളുടെ തപസ്സിന്റെഫലത്തിൽ ഒരംശം ഭവാനുള്ളതാണ്.''

ഇതുകേട്ട് തേങ്ങിക്കരഞ്ഞുകൊണ്ട് ധർമ്മപുത്രർ പറഞ്ഞു: ''മഹാരാജാവേ, എന്റെ അപരാധം ക്ഷമിക്കണം. ദുർബുദ്ധിയും രാജകീയസുഖങ്ങളിൽ മതിമറന്നവനുമായ ഞാൻ അങ്ങ് ഊണും ഉറക്കവും ഉപേക്ഷിച്ച് വെറും നിലത്തുകിടന്ന് വ്രതമാചരിക്കയാണെന്നറിഞ്ഞില്ല. അങ്ങ് ദുഃഖിക്കുമ്പോൾ എനിക്ക് രാജ്യവും, ധനവും, കീർത്തിയും എന്തിന്? ഞങ്ങൾക്ക് അച്ഛനും, അമ്മയും, ഗുരുവും ആണ് അങ്ങ്. അവിടുന്ന് ഞങ്ങളെ ഉപേക്ഷിച്ചുപോയാൽ ഞങ്ങൾ അതോടെ നശിക്കും. വലിയച്ഛാ, അങ്ങ് രാജ്യം ഭരിക്കുക, ഞാൻ വനത്തിലേക്ക് പൊയ്ക്കൊള്ളാം. അല്ലെങ്കിൽ അവിടുത്തെ പുത്രനായ യുയുത്സുവോ മറ്റാരെങ്കിലുമോ നാടുവാഴട്ടെ. ഞാൻ താതന്റെ കൂടെ കാട്ടിലേക്ക് വരാം. ഞാൻ രാജാവല്ല; രാജാവായ അങ്ങയുടെ അടിമയാണ്. അങ്ങയ്ക്ക് ഞാൻ അനുജ്ഞ നൽകുകയോ? ദുര്യോധനന്റെ പ്രവൃത്തികളോർത്ത് ഞങ്ങൾക്ക്

അങ്ങയുടെ നേരേ അശേഷം അമർഷമില്ല. വരാനുള്ളത് വന്നു. അതിൽ വിധിയെ അല്ലാതെ മറ്റാരെയും ഞാൻ പഴിക്കുന്നില്ല. ഞങ്ങളും ദുര്യോധനനെപ്പോലെ അവിടുത്തെ പുത്രൻമാരാണ്. ഗാന്ധാരിയും കുന്തിയും ഞങ്ങൾക്ക് അമ്മമാരാണ്. രണ്ടു പേരും ഞങ്ങൾക്ക് തുല്യരാണ്. അങ്ങയെ ബാധിച്ചിരിക്കുന്ന ഈ ആധി ശുശ്രൂഷയാൽ ശമിപ്പിക്കുവാൻ എന്നെ അനുവദിക്കുക.''

''മകനേ, എൻെറ മനസ്സ് തപസ്സിൽ പതിഞ്ഞു പോയി. ഇനി അതിനെ പിന്തിരിപ്പിക്കാൻ സാധ്യമല്ല. നിൻെറ പരിചര്യകളേറ്റ് ചിരകാലം ഞാൻ ഇവിടെ പാർത്തില്ലേ? ഇനി എനിക്ക് പോകാൻ സമ്മതം തരണം.'' ഇപ്രകാരം ധർമ്മപുത്രരോട് പറഞ്ഞിട്ട് ധൃതരാഷ്ട്രർ അരികേ നിൽക്കുന്ന സഞ്ജയനോടും കൃപനോടും തളർന്ന സ്വരത്തിൽ ഇങ്ങനെ അർത്ഥിച്ചു: ''സ്നേഹിതൻമാരെ, രാജാവിനെ പറഞ്ഞു സമ്മതിപ്പിക്കുക. എൻെറ മനസ്സ് തളരുന്നു. വാർദ്ധക്യസഹജമായ ക്ഷീണത്താലും അധികം സംസാരിച്ചതിനാലും എൻെറ വായുണങ്ങുന്നു.''

ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കെ ധൃതരാഷ്ട്രർ ഗാന്ധാരിയുടെ ചുമലിൽ മൂർച്ഛിച്ചുവീണു. നൂറായിരം ആനകളുടെ ബലത്തോടുകൂടിയവനും കാരിരുമ്പുകൊണ്ടുണ്ടാക്കിയ ഭീമപ്രതിമയെ പുൽകിപ്പൊടിച്ചവനുമായ ആ മഹാബലശാലി ദുർബലയായ ഭാര്യയുടെ ചുമലിൽ തളർന്നുവീണതുകണ്ട് ധർമ്മപുത്രർ തന്നെത്താൻ നിന്ദിച്ചു. ''കഷ്ടം, ഞാൻ കാരണമാണല്ലോ ഇങ്ങനെ സംഭവിച്ചത്! വലിയച്ഛനും മാതാവായ ഗാന്ധാരിയും ഉണ്ണുന്നതുവരെ ഞാൻ ഉപവസിക്കും,'' എന്ന ദ്ദേഹം പ്രതിജ്ഞ ചെയ്തു. പിന്നെ കൈ നനച്ച് ധൃതരാഷ്ട്രരുടെ മുഖം മന്ദം മന്ദം തലോടി. പെട്ടെന്ന് അദ്ദേഹത്തിനു ബോധം വന്നു. വളരെ തളർന്ന സ്വരത്തിൽ അദ്ദേഹം പറഞ്ഞു: ''മകനേ, വീണ്ടും എന്നെ തലോടുക. നിൻെറ സ്പർശനമേറ്റപ്പോൾ എനിക്കു ജീവൻ കൈവന്നു. ഞാൻ എട്ടു ദിവസമായി ഉപവസിക്കുകയാണ്. അതാണ് ഈ തളർച്ചയ്ക്കു കാരണം. അമൃതതുല്യമായ നിൻെറ കരസ്പർശത്താൽ എന്നെ ജീവിപ്പിച്ചാലും.'' ഇതുകേട്ട ധർമ്മപുത്രർ വലിയച്ഛൻെറ ദേഹമാകെ സ്നേഹപൂർവം തലോടി. ധൃതരാഷ്ട്രർ അദ്ദേഹത്തെ ആലിംഗനം ചെയ്ത് നെറുകയിൽ മുകർന്നു. ഇതു കണ്ടുനിന്നിരുന്നവർ കണ്ണീർവാർത്തു. ''മകനേ, ഇനിയും

എന്നെ സ്നേഹംകൊണ്ട് ക്ലേശിപ്പിക്കരുത്. വനവാസത്തിന് അനുജ്ഞ നൽകണം'' എന്ന് ധൃതരാഷ്ട്രർ വീണ്ടും അപേക്ഷിച്ചപ്പോൾ, ചുറ്റും നിന്നിരുന്ന ഭടൻമാർ പോലും വാവിട്ടു കരഞ്ഞുപോയി. അശ്രുവിൽക്കുളിച്ച ധർമ്മപുത്രർ തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു: ''പിതാവേ, ഞാൻ അങ്ങേയ്ക്കു പ്രിയപ്പെട്ടവനാണെങ്കിൽ ഊണു കഴിക്കുക. പിന്നീട് നമുക്ക് മറ്റു കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാം.'' ''എന്റെ അപേക്ഷ സ്വീകരിച്ചുവെന്ന് നീ പറഞ്ഞാൽ ഞാൻ ഊണുകഴിക്കാം,'' എന്നായി ധൃതരാഷ്ട്രർ.

ഇതുകേട്ടുകൊണ്ട് വ്യാസമഹർഷി അവിടെയെത്തി. അദ്ദേഹം യുധിഷ്ഠിരനെ ഇപ്രകാരം ഉപദേശിച്ചു: ''വത്സാ, ധൃതരാഷ്ട്രന്റെ ഇഷ്ടപ്രകാരം ചെയ്യാം എന്ന് സമ്മതിക്കൂ. ഈ ദുഃഖവും താങ്ങി അദ്ദേഹം ഇനി വളരെക്കാലം ജീവിച്ചിരിക്കയില്ല. കടുത്ത പുത്രശോകം ഇത്രനാൾ സഹിച്ച ധീരക്ഷത്രിയയായ ഗാന്ധാരിയും അതിന് ഇനി ശക്തയാവുകയില്ല. അവരെ തടയേണ്ട. അവർ വനത്തിൽപ്പോയി ആത്മശാന്തി നേടട്ടെ. ഇത് രാജർഷിമാർക്ക് ഉചിതമായ ധർമ്മമാണ്.''

സർവ്വജ്ഞനായ മുനിയുടെ മൊഴികൾക്ക് മറുമൊഴിയില്ലെന്നറിഞ്ഞ് ധർമ്മപുത്രർ മനസ്സില്ലാമനസ്സോടെ അതിനു കീഴടങ്ങി.

### പദങ്ങൾ

പുത്രശതം, ദഗ്ദ്ധഹൃദയൻ, മൂർദ്ധാവ്, മുകരുക, പരിചരിക്കുക അതിദാരുണം, വൃകോദരൻ, നിർദ്ദേശം, പരിഘം, ബാഹു, രാജദമ്പതിമാർ വ്യാപൃതൻ, കർമ്മഫലം, അർദ്ധരാജ്യം, പാപപങ്കം, വീര്യസ്വർഗ്ഗം, വാനപ്രസ്ഥാശ്രമം, രാജകീയം, വൽക്കലം, അനുജ്ഞ, അമർഷം, ആധി, ഉപവസിക്കുക, അശ്രു, രാജർഷി, മറുമൊഴി.

### ശൈലികൾ

പൊട്ടിത്തെറിക്കുക, ചെവിക്കൊള്ളുക, വാവിട്ടുകരയുക, മനസ്സില്ലാമനസ്സോടെ.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:

പുത്രശതം, ദഗ്ദ്ധഹൃദയൻ, സുഖസൗകര്യങ്ങൾ, അതിദാരുണം, വൃകോദരൻ, പരുഷമൊഴി, രാജദമ്പതിമാർ, കർമ്മഫലം, ഭീഷ്മദ്രോണകർണ്ണാദികൾ, അർദ്ധരാജ്യം, ഫലമൂലങ്ങൾ, പാപപങ്കം, വീര്യസ്വർഗ്ഗം, വാനപ്രസ്ഥാശ്രമം, വാർദ്ധക്യസഹജം, അമൃതതുല്യം.

II. വാകൃത്തിൽ പ്രയോഗിക്കുക:

(എ) പരിചരിക്കുക, ദാരുണം, നിർദ്ദേശം, വ്യാപൃതൻ, വീര്യ സ്വർഗ്ഗം, രാജകീയം, അനുജ്ഞ, അമർഷം, ആധി, ഉപവസി ക്കുക, മറുമൊഴി, ഉള്ളഴിഞ്ഞ്, സഹജം.

(ബി) അരിശംകൊള്ളുക, ചെവിക്കൊള്ളുക, പൊട്ടിത്തെറിക്കുക, വാവിട്ടുകരയുക, മനസ്സില്ലാമനസ്സോടെ.

III. പര്യായങ്ങൾ പറയുക :

പുത്രൻ, അമൃതം, അശ്രു.

IV. പറ്റുവിനകളെയും മുറ്റുവിനകളെയും വേർതിരിച്ചെഴുതുക :

നശിപ്പിച്ച്, കാണിച്ചു, അന്വേഷിക്കും, മുകർന്ന്, മറക്കാൻ, കാണിച്ചില്ല, ഉയരും, കൊലചെയ്ത, വിട്ട , പിളർക്കുന്ന, തേടണം, തുടങ്ങി, നൽകിയ, കഴിഞ്ഞിട്ടും, ജപിച്ചും, ചെയ്യുന്നു, പോയാൽ, തളർന്ന, ജീവിപ്പിച്ചാലും, സഹിച്ച.

V. (1) ധൃതരാഷ്ട്രരുടെയും, ഗാന്ധാരിയുടെയും പുത്രശോകം എപ്പോഴാണ് ആളിക്കത്തിയത്?

(2) ധൃതരാഷ്ട്രരും പത്നിയും ആചരിച്ച കഠിനവ്രതം എന്തായി രുന്നു?

VI. ചുരുക്കിയെഴുതുക :

(1) ധൃതരാഷ്ട്രർ ധർമ്മപുത്രരോടു ചെയ്ത അപേക്ഷ.

(2) ധർമ്മപുത്രൻ അതിനു നൽകിയ മറുപടി.

(3) വ്യാസന്റെ ഉപദേശം.

VII. ധർമ്മപുത്രരുടെയും, ഭീമന്റെയും, സ്വഭാവങ്ങളെ താരതമ്യ പ്പെടുത്തുക.

---

പാഠം 6

# ധർമ്മത്തിന്റെ സന്ദേശം

വനത്തിലേക്ക് പോകുന്നതിനുമുമ്പ് ധൃതരാഷ്ട്രർ പ്രജ കളോട് വിടവാങ്ങാൻ ആശിച്ചു. യുധിഷ്ഠിരന്റെ ആജ്ഞയെ ആദരിച്ച് പുരങ്ങളിൽനിന്നും ഗ്രാമങ്ങളിൽനിന്നും ആയിരക്ക ണക്കിൽ പ്രജകൾ ആഗതരായി. ആ പുരുഷാരത്തെ കൈകൂപ്പി വണങ്ങിക്കൊണ്ട് ബുദ്ധിമാനായ ധൃതരാഷ്ട്രർ പറഞ്ഞു:

''പ്രിയപ്പെട്ടവരേ, നിങ്ങളും കുരുവംശജരായ ഞങ്ങളും ചിരകാലം ഒന്നിച്ചു വാണവരാണ്. പരസ്പരം സുഹൃത്തു ക്കളും പരസ്പരം ഹിതകാരികളുമാണ് നമ്മൾ. ഈ യാത്രാ വേളയിൽ ഞാൻ പറയുന്ന വാക്കുകൾ ശരിയോ തെറ്റോ എന്ന്

വിമർശിക്കാതെ എന്റെ അപേക്ഷ കൈക്കൊള്ളാൻ നിങ്ങൾ കനിയണം. ഞാൻ ഗാന്ധാരീസമേതനായി വനത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. വ്യാസമഹർഷിയുടെയും ധർമ്മപുത്രരുടെയും അനുവാദം ഞാൻ നേടിക്കഴിഞ്ഞു. ഭവാൻമാരും അനുജ്ഞയേകണം. യുധിഷ്ഠിരൻ രാജ്യം ഭരിക്കുന്നകാലത്തു ദുര്യോധനന്റെ കാലത്തെക്കാൾ ഞങ്ങൾ സുഖം അനുഭവിച്ചു. എങ്കിലും വൃദ്ധനും അന്ധനും പുത്രവിഹീനനുമായ എനിക്കും സഹധർമ്മിണിയായ ഗാന്ധാരിക്കും വനമാണ് പരമമായ പ്രാപ്യസ്ഥാനം. അതിനാൽ ഞങ്ങൾക്ക് വനം പൂകാൻ അനുമതി തരിക.''

മഹാരാജാവിന്റെ വാക്കുകൾകേട്ട് സദസ്സാകെ പൊട്ടിക്കരഞ്ഞു. മറുപടിയായി വല്ലതും പറയാൻ ആരും ശക്തരായില്ല. ധൃതരാഷ്ട്രർ തുടർന്നു:

''ശന്തനുമഹാരാജാവ് ഈ രാജ്യത്തെ വിധിയാംവണ്ണം പാലിച്ചു. പിന്നീട് ഭീഷ്മപിതാമഹന്റെ രക്ഷയിൽ എന്റെ അച്ഛനായ വിചിത്രവീര്യനും നിങ്ങൾക്ക് ഹിതമേകി. എന്റെ അനുജനായ പാണ്ഡു സകലർക്കും അഭിമതനാകുമാറ് ഭംഗിയായി നാടുഭരിച്ചു. പിന്നീട് ഞാനും ശരിയായോ തെറ്റായോ എന്നാലാവുംവിധം നിങ്ങളെ സേവിച്ചു. എന്റെ അപരാധങ്ങൾ പൊറുക്കുക.

ദുര്യോധനന്റെ കാലത്ത് രാജ്യം നിഷ്കണ്ടകമായിരുന്നു. ദുർബുദ്ധിയായിരുന്നെങ്കിലും അവൻ നിങ്ങളെ ഹിംസിച്ചിട്ടില്ല. അവന്റെ ദുർന്നയത്താൽ രാജാക്കൻമാർ തമ്മിൽ ഭയങ്കരമായ സംഘട്ടനത്തിന് ഇടവന്നു. അക്കാര്യത്തിൽ ഞാൻ കൈക്കൊണ്ട നിലപാട് ശരിയായാലും തെറ്റായാലും എനിക്ക് മാപ്പുതരിക. നിങ്ങളെ വളരെക്കാലമായി ഭരിച്ചുപോന്ന രാജവംശത്തിൽപ്പിറന്നവനും, വയോധികനും പുത്രശോകാർത്തനുമാണ് ഇവനെന്നോർത്ത് എന്റെ അപരാധങ്ങൾ പൊറുത്ത് വിട നൽകുക. പുത്രദുഃഖത്തിൽ വെന്തുനീറുന്ന ഗാന്ധാരിയും ഞാൻ മുഖേന നിങ്ങളോട് വിട ചോദിക്കുന്നു.

ധർമ്മപുത്രരെ ഞാൻ നിങ്ങളുടെ കൈയിൽ വിട്ടുപോകുന്നു; നിങ്ങളെ ധർമ്മജന്റെ കൈയിലും. സമ്പത്തിലും വിപത്തിലും അദ്ദേഹത്തിന്റെകൂടെ ഉറച്ചുനിൽക്കുക.''

പ്രജകൾ ഉത്തരീയംകൊണ്ടും കൈപ്പടംകൊണ്ടും മുഖം പൊത്തി വിങ്ങിക്കരഞ്ഞു. പിന്നെ സന്താപം ഒരുവിധം അടക്കി അവർ തമ്മിൽത്തമ്മിൽ ആലോചിച്ച് സമ്മതമേകാൻ തീരുമാനിച്ചു. എന്നാൽ ധൃതരാഷ്ട്രരോട് അതു പറയാൻ ആരുണ്ട്? എല്ലാവരും ഒഴിഞ്ഞുമാറി. ഒടുവിൽ അവർ ആചാരവിശുദ്ധനും ബുദ്ധിമാനും വാഗ്മിയുമായ ഒരാളെ അതിനു നിയോഗിച്ചു. സാംബൻ എന്നു പേരായ ആ ജനപ്രതിനിധി എല്ലാവരെയും യഥോചിതം വന്ദിച്ചശേഷം ധൃതരാഷ്ട്രരോട് ഇപ്രകാരം ഉണർത്തിച്ചു.

''രാജാവേ, എല്ലാവർക്കും അങ്ങയെ ഉണർത്തിക്കാനുള്ളത് ഞാനിതാ പറയുന്നു. അങ്ങ് പറഞ്ഞതെല്ലാം ഞങ്ങൾ അതേപടി അംഗീകരിക്കുന്നു. അതിൽ തെറ്റായ ഒരു വാക്കുപോലും ഇല്ല. ഈ നൃപകുലത്തിൽ പ്രജകൾക്ക് അപ്രിയനായ ഒരു രാജാവും ഇന്നുവരെ ഉണ്ടായിട്ടില്ല. അങ്ങ് ഞങ്ങളെ വിട്ടുപോയാൽ ഞങ്ങൾ ശോകാർത്തരാകും. എങ്കിലും അവിടുത്തെ അഭിമതത്തിന് ഞങ്ങൾ എന്നും എന്നപോലെ ഇന്നും വഴങ്ങുന്നു.

ശന്തനുവും, ചിത്രാംഗദനും, ഭീഷ്മരുടെ പിന്തുണയോടെ അവിടുത്തെ പിതാവും, അങ്ങും, പാണ്ഡുവും ഞങ്ങളെ പാലിച്ചപോലെതന്നെ ദുര്യോധനനരപതിയും ഞങ്ങളെ കാത്തു രക്ഷിച്ചു. അദ്ദേഹം ഒരധർമ്മവും പ്രവർത്തിച്ചിട്ടില്ല. അച്ഛനിലെന്നപോലെ അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ച് ഞങ്ങൾ സുഖമായി കഴിഞ്ഞുവെന്നത് അങ്ങും അറിയുന്ന കാര്യമാണ്. ദുര്യോധനൻ ജ്ഞാതികളെ ധ്വംസിച്ച് കുലനാശം വരുത്തി കളങ്കമേറ്റതായി അവിടുന്നു പറഞ്ഞല്ലോ. ദുര്യോധനനല്ല കുലം നശിപ്പിച്ചത്. അങ്ങോ, കർണ്ണനോ, ശകുനിയോ അല്ല കൗരവൻമാർ മുടിയാൻ കാരണം. വിധിയാണ് അതിന് ഉത്തരവാദി. പൗരുഷത്താൽ വിധിയെ വെല്ലാവതല്ല. ധർമ്മാത്മാവായ ദുര്യോധനന് ഞങ്ങൾ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. അദ്ദേഹം വീരൻമാർക്ക് വിധിച്ചിട്ടുള്ള സ്വർഗ്ഗം പൂകട്ടെ എന്ന് ഞങ്ങൾ ഏകകണ്ഠമായി പ്രാർത്ഥിക്കുന്നു.

പാണ്ഡവൻമാർക്ക് അങ്ങരുളിയ ആശിസ്സുകൾ ഒരിക്കലും വിഫലമാകയില്ല. വിണ്ണുകാപ്പാൻ പോരുമയുള്ള അവർ മണ്ണുകാപ്പാൻ മതിയാകാതെ വരുമോ? കുലപൂർവ്വൻമാർചെയ്തപോലെ ധർമ്മപുത്രർ അനുജൻമാരൊത്ത് ഞങ്ങളെയും ധർമ്മത്തെയും രക്ഷിക്കും. യുധിഷ്ഠിരഭൂപതി ആയിരത്താണ്ടുവാഴട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങ് ഉണ്ടാക്കിയതും

ധർമ്മപുത്രർ വളർത്തിക്കൊണ്ടുവന്നതുമായ സ്നേഹത്തെ പ്രജകളായ ഞങ്ങൾ എക്കാലവും പരിരക്ഷിക്കും. പ്രജകളെ സംബന്ധിച്ചുള്ള എല്ലാ വിചാരവും ധർമ്മജനിലേക്ക് മാറ്റിയിട്ട് അങ്ങ് തപസ്സിനായി വനത്തിലേക്കു പുറപ്പെട്ടാലും! രാജർഷേ, അങ്ങയ്ക്കു നമസ്കാരം!

സാംബൻെറ പ്രസംഗം അവസാനിച്ചപ്പോൾ സദസ്സിൻെറ എല്ലാ ഭാഗത്തുനിന്നും, അഭിനന്ദനങ്ങൾ ഉയർന്നു. ധൃതരാഷ്ട്രരും അദ്ദേഹത്തിൻെറ വാക്കുകളെ അത്യധികം ശ്ലാഘിച്ചു. ധന്യനായ നരപതി പ്രജകളെ കൈകൂപ്പി വണങ്ങി; തിരിച്ചു പോകാൻ അവർക്ക് അനുവാദം നൽകി. അനന്തരം ഗാന്ധാരിയോടുകൂടി ആ വികാരതരളിതമായ രംഗത്തുനിന്ന് അദ്ദേഹം വിരമിച്ചു.

## II

വനവാസത്തിനു പോകുന്നതിനുമുമ്പ് പിതൃക്കൾക്കും പുത്രൻമാർക്കും, പൗത്രൻമാർക്കും ബന്ധുമിത്രാദികൾക്കും തനിക്കും ഗാന്ധാരിക്കും പരലോകത്തിൽ ക്ഷേമമുണ്ടാകാൻ ദാനരൂപമായ ശ്രാദ്ധം വിധിയാംവണ്ണം നിർവഹിക്കുവാൻ ധൃതരാഷ്ട്രർ ആശിച്ചു. അതിനുവേണ്ട ധനം, ഭീമസേനൻ ചെയ്ത തടസ്സത്തെ വകവയ്ക്കാതെ, ധർമ്മപുത്രർ തൻെറ ഖജനാവിൽ നിന്ന് സന്തോഷപൂർവം സംഭാവന ചെയ്തു.

യഥേഷ്ടം ദാനം ചെയ്ത് കൃതാർത്ഥനായ ധൃതരാഷ്ട്രർ വല്ക്കലവും അജിനവും ധരിച്ച് അരണ്യത്തിലേക്ക് പുറപ്പെട്ടു. അന്ധനായ അദ്ദേഹം ഗാന്ധാരിയുടെ ചുമലിൽ പിടിച്ചുകൊണ്ട് മെല്ലെ നടന്നു. ഭർത്താവ് അനുഭവിക്കാത്ത സുഖങ്ങളൊന്നും പത്നിയും അനുഭവിക്കരുതെന്ന് നിശ്ചയിച്ച്, വിവാഹവേദിയിൽ വച്ചുതന്നെ കണ്ണുകൾ എന്നേയ്ക്കുമായി മൂടിക്കെട്ടി, സ്വയം അന്ധതവരിച്ച ഗാന്ധാരി കുന്തിയുടെ ചുമലിൽ കൈവച്ചുകൊണ്ടാണ് നടന്നത്. ആ കാഴ്ച കണ്ട് ഹസ്തിനപുരിയാകെ ദീനദീനം വിലപിച്ചു. പരുഷനായ ഭീമസേനൻ പോലും മനമലിഞ്ഞു കരഞ്ഞുപോയി. ''വലിയച്ഛൻ ഞങ്ങളെ വിട്ടുപോകരുത്. നാട്ടിലിരുന്ന് തപസ്സനുഷ്ഠിച്ചാൽ മതി,'' എന്ന് ധർമ്മജനും അർജ്ജുനനും ധൃതരാഷ്ട്രരുടെ പാദങ്ങളിൽ വീണ് കേണപേക്ഷിച്ചു. എന്നാൽ അതുകൊണ്ടൊന്നും അദ്ദേഹത്തിൻെറ ദൃഢനിശ്ചയത്തിന് ഇളക്കം തട്ടിയില്ല. ഉറക്കെ കരയുന്ന പ്രജകളെ വിറയ്ക്കുന്ന കൈകൾ കൂപ്പി തൊഴുതുകൊണ്ട് അദ്ദേഹം നടന്നു.

പാണ്ഡവൻമാരും, പാഞ്ചാലി, സുഭദ്ര, ചിത്രാംഗദ, ഉത്തര തുടങ്ങിയ അന്തഃപുരവനിതമാരും പുരവാസികളും കുറേ ദൂരം അനുയാത്ര ചെയ്തു. പിന്നെ ധൃതരാഷ്ട്രരുടെ ആജ്ഞയനുസരിച്ച് അവർ മടങ്ങാൻ നിർബദ്ധരായി. അപ്പോഴാണ് അവരാകെ നടുങ്ങിപ്പോയത്. കുന്തീദേവി മടങ്ങാൻ ഭാവമില്ല. ശ്വശുരർക്ക് അവലംബമായി വനത്തിലേക്കു പോകാൻ ആ മഹതി നിശ്ചയിച്ചിരിക്കുന്നു! വിറകൊള്ളുന്ന യുധിഷ്ഠിരൻ വിങ്ങിവിങ്ങി അപേക്ഷിച്ചു: ''അമ്മേ, മാതാപിതാക്കളെ ശുശ്രൂഷിക്കാൻ ഞാൻ കാട്ടിലേക്കു പോകാം. അമ്മ രാജധാനിയിലേക്കു മടങ്ങുക.'' ഗാന്ധാരിയുടെ കൈ പിടിച്ചുകൊണ്ട് മുമ്പിൽ നടക്കുന്ന കുന്തി പറഞ്ഞു:

''മകനേ, ദുഃഖമടക്കൂ. നകുലസഹദേവൻമാരെയും, ഭീമാർജ്ജുനൻമാരെയും, അന്തഃപുരത്തെയും, കുലത്തെയും, ധർമ്മത്തെയും പ്രജകളെയും രക്ഷിച്ചുകൊണ്ട് ചിരകാലം വാഴുക! പോരിൽ മടങ്ങാത്ത കർണ്ണനെ ശ്രാദ്ധകാര്യങ്ങളിൽ മറ്റാരിലും മുമ്പ് സ്മരിക്കുക. ഞാൻ ശ്വശുരരെ ശുശ്രൂഷിച്ചുകൊണ്ട്, കാട്ടിൽ തപം അനുഷ്ഠിക്കാൻ പോകട്ടെ.''

വിഷാദത്തള്ളിച്ചയാൽ ധർമ്മപുത്രർക്ക് കുറെനേരത്തോളം ഒന്നും പറയാൻ സാധിച്ചില്ല. പിന്നെ തൊണ്ട ഇടറിക്കൊണ്ട് അദ്ദേഹം പറഞ്ഞു: ''ഇങ്ങനെ വാശി പിടിക്കരുതേ! അമ്മയെ വനത്തിലേക്ക് പോകാൻ ഞാൻ അനുവദിക്കുകയില്ല. ശത്രുക്കളെ നിഗ്രഹിച്ച് രാജ്യം വീണ്ടെടുക്കാൻ അമ്മയാണല്ലോ ഞങ്ങളെ ഉപദേശിച്ചത്. ഉറങ്ങിക്കിടന്നിരുന്ന ഞങ്ങളുടെ വീര്യത്തെ ഭവതിയാണല്ലോ കുത്തിയുണർത്തിയത്. പിന്നെ ജേതാക്കളായ മക്കൾ നാടുവാഴുമ്പോൾ അവരെ വിട്ടുപോകുന്നത് ഭവതിക്കു ചേർന്നതാണോ? ഞങ്ങൾ എന്തു പിഴച്ചു? പറയൂ? കാട്ടിൽ കിടന്നിരുന്ന ഞങ്ങളെ നാട്ടിലേക്കു കൊണ്ടുവന്നിട്ട്, മാതാവേ, ഭവതി കാട്ടിലേക്കു പോകയാണോ?''

ഇതെല്ലാം കേട്ടിട്ടും കുന്തി നിന്നില്ല. ഭീമനും അർജ്ജുനനും, മാദ്രീനന്ദനരും പാഞ്ചാലിയും കണ്ണീർ വാർത്തുകൊണ്ട് ചെയ്ത അപേക്ഷകളും ധർമ്മജ്ഞയായ കുന്തിയെ കർത്തവ്യത്തിൽനിന്നു തെല്ലും വ്യതിചലിപ്പിച്ചില്ല. അവർ മക്കളെ ആശ്വസിപ്പിക്കുമാറ് ഇങ്ങനെ പറഞ്ഞു: ''യുധിഷ്ഠിരാ, നീ പറഞ്ഞതു ശരിയാണ്. ഞാനാണ് നിങ്ങളെ ഇളക്കി വിട്ടത്. ചൂതിൽതോറ്റ് രാജ്യത്തുനിന്നും സുഖത്തിൽനിന്നും ഭ്രഷ്ടരായി ജ്ഞാതികളാൽ അപമാനിതരായി, കാട്ടിൽ അലഞ്ഞു നടന്നിരുന്നപ്പോൾ നിങ്ങളെ ഞാൻ പോരിനൊരുക്കി. മക്കളേ,

നിങ്ങളെ ആണുങ്ങളാക്കേണ്ടതു് അമ്മയുടെ ധർമ്മമായിരുന്നു. അതു് ഞാൻ ചെയ്തു. രാജമാതാവിൻെറ ഐശ്വര്യത്തിൽ എനിക്കു് ആശയില്ല. ഭർത്താവു് രാജാവായി വാഴുമ്പോൾ ഞാൻ എല്ലാ ഐശ്വര്യവും മതിയാവോളം അനുഭവിച്ചവളാണു്. ഇനി ഞാൻ പുണ്യം നേടട്ടെ. മകനേ, അനുജൻമാരെയും അന്തഃപുര നാരിമാരെയും കൂട്ടിക്കൊണ്ടു മടങ്ങൂ.''

കുന്തിയുടെ ഹൃദയത്തിൻെറ ആഴവും അകളങ്കതയും അന്നാണു് മക്കൾപോലും ശരിക്കറിഞ്ഞതു്. പുത്രൻമാരുടെയും അന്തഃപുരാംഗനകളുടെയും ദീനരോദനത്താൽ ഉള്ളഴിഞ്ഞു് ധൃതരാഷ്ട്രരും ഗാന്ധാരിയും കുന്തിയോടു തിരിച്ചുപോകാൻ വീണ്ടുംവീണ്ടും അപേക്ഷിച്ചു. എന്നാൽ ധർമ്മത്തിൻെറ മാർഗ്ഗത്തിൽനിന്നു് ഗുരുജനങ്ങൾക്കും ആ ദേവിയെ പിന്തിരിപ്പിക്കുവാൻ കഴിഞ്ഞില്ല. ഗാന്ധാരിയുടെ ചുമലിൽ പിടിച്ചുകൊണ്ടു് ധൃതരാഷ്ട്രരും, ആ ദേവിയുടെ കൈപിടിച്ചുകൊണ്ടു് കുന്തിയും യാത്രയായി. അവർ നടന്നകന്നതോടുകൂടി ഹസ്തിനപുരം വിലാപത്താൽ അലതല്ലുന്ന ദുഃഖസാഗരമായി മാറി! എങ്കിലും ധർമ്മത്തിൻെറ സന്ദേശം ആ അലകളുടെ ഇരമ്പലിനും മീതെയായി മുഴങ്ങിക്കേൾക്കാമായിരുന്നു!

### പദങ്ങൾ

പുരുഷാരം, കുരുവംശജർ, വിമർശിക്കുക, ഗാന്ധാരീസമേതൻ, പുത്രവിഹീനൻ, സഹധർമ്മിണി, പരമം, പ്രാപ്യസ്ഥാനം, അഭിമതൻ, നിഷ്കണ്ടകം, വയോധികൻ, പുത്രശോകാർത്തൻ, വിങ്ങിക്കരയുക, ആചാരവിശുദ്ധൻ, വാഗ്മി, നിയോഗിക്കുക, യഥോചിതം, ധ്വംസിക്കുക, ജ്ഞാതി, അഭിനന്ദനം, കുലപൂർവൻ, പരിരക്ഷിക്കുക, ശ്ലാഘിക്കുക, വികാരതരളിതം, കൃതാർത്ഥൻ, ദീനദീനം, അന്തഃപുരവനിത, അനുയാത്ര, നിർബദ്ധൻ, ശ്വശുരൻ, യുധിഷ്ഠിരൻ, വിടവാങ്ങുക, ഉണർത്തിക്കുക, വിഫലം, സംഭാവനചെയ്ക, പിതാമഹൻ, ജേതാവു്, അജിനം.

### അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക :

പുരുഷാരം, വിമർശിക്കുക, സഹധർമ്മിണി, പരമം, പ്രാപ്യസ്ഥാനം, അഭിമതൻ, വയോധികൻ, വിങ്ങിക്കരയുക, വാഗ്മി, നിയോഗിക്കുക, യഥോചിതം, ധ്വംസിക്കുക, അഭിനന്ദനം, പരിരക്ഷിക്കുക, ശ്ലാഘിക്കുക, കൃതാർത്ഥൻ, ദീനദീനം, അനുയാത്ര, നിർബദ്ധൻ, വിടവാങ്ങുക, ഉണർത്തിക്കുക, വിഫലം, സംഭാവനചെയ്ക.

II. വിഗ്രഹാർത്ഥം പറയുക :

ഗാന്ധാരീസമേതൻ, പുത്രവിഹീനൻ, പ്രാപ്യസ്ഥാനം, പുത്രശോകാർത്തൻ, ആചാരവിശുദ്ധൻ, കുലപൂർവൻ, അന്തഃപുരവനിത, വികാരതരളിതം.

III. പര്യായങ്ങൾ പറയുക :

(എ) രാജാവ്, ദുഃഖം, സ്ത്രീ, സുഹൃത്ത്.

(ബി) സ്ത്രീലിംഗം എന്ത്—ശ്വശുരൻ, പിതാമഹൻ.

IV. പേരെച്ചങ്ങളെയും വിനയെച്ചങ്ങളെയും വേർതിരിച്ചെഴുതുക :

വാങ്ങാൻ, ആദരിച്ച്, പറയുന്ന, കൈക്കൊണ്ട, പൊറുത്ത്, നീറുന്ന, പോയാൽ, അരുളിയ, മാറ്റിയിട്ട്, വരിച്ച, അലിഞ്ഞ.

V. (1) എന്തിനാണ് ഗാന്ധാരി വിവാഹവേദിയിൽവച്ച് തന്റെ കണ്ണുകൾ അടച്ചുകെട്ടിയത് ?

(2) പരുഷശീലനായ ഭീമനെ കരയിച്ച സംഭവം ഏത്?

(3) ധർമ്മപുത്രർക്ക് കുന്തി അവസാനമായി നൽകിയ ഉപദേശം എന്ത് ?

(4) കുന്തിയുടെ ഹൃദയത്തിന്റെ ആഴവും അകളങ്കതയും എപ്പോഴാണ് എല്ലാവരും ഗ്രഹിച്ചത്?

(5) ഈ പാഠത്തിന് 'ധർമ്മത്തിന്റെ സന്ദേശം' എന്നു പേരിടാൻ കാരണമെന്ത്?

(6) ധൃതരാഷ്ട്രരുടെയും സാംബന്റെയും പ്രസംഗങ്ങൾ സംഗ്രഹിച്ചെഴുതുക.

(7) കൗരവരോട് യുദ്ധം ചെയ്യാൻ പുത്രൻമാരെ താൻ പ്രേരിപ്പിച്ചതിനെ കുന്തി എങ്ങനെ സാധൂകരിക്കുന്നു?

(8) ഈ പാഠം വായിച്ചുകഴിയുമ്പോൾ നിങ്ങളുടെ മനസ്സിൽ പതിഞ്ഞുനിൽക്കുന്ന രംഗമേത്?

---

പാഠം 7

# ശ്രീരാമസന്നിധിയിലേക്ക്

''നാളെപ്പുലർകാലേ പോകുന്നതുണ്ടു ഞാൻ
നാളീകനേത്രനെക്കൊണ്ടിങ്ങു പോരുവാൻ.
ഞാനും ഭവാനുമരുന്ധതീദേവിയും
നാനാപുരവാസികളുമമാത്യരും

ആന തേർ കാലാാം കുതിരപ്പടയോടു–
മാനക ശംഖ പടഹവാദ്യത്തോടും
സോദരഭൂസുര താപസസാമന്ത–
മേദിനീപാലകവൈശ്യശൂദ്രാദിയും
സാദരമാശു കൈകേയിയൊഴിഞ്ഞുള്ള
മാതൃജനങ്ങളുമായിട്ടു പോകണം.
രാമനിങ്ങാഗമിച്ചീടുവോളം ഞങ്ങാം
ഭൂമിയിൽത്തന്നെ ശയിക്കുന്നതേയുള്ളൂ.
മൂലഫലങ്ങാം ഭുജിച്ചു ഭസിതവു–
മാലേപനംചെയ്തു വൽക്കലവും പൂണ്ടു
താപസവേഷം ധരിച്ചുജടപൂണ്ടു
താപം കലർന്നു വസിക്കുന്നതേയുള്ളൂ.''
ഇത്ഥം ഭരതൻ പറഞ്ഞതു കേട്ടവ–
'രെത്രയും നന്നുനന്നെന്നു' ചൊല്ലീടിനാർ.
''ചിത്തേ നിനക്കിതു തോന്നിയതദ്ഭുത–
മുത്തമൻമാരിലത്യുത്തമനല്ലോ നീ!''

അധ്യാത്മരാമായണം കിളിപ്പാട്ട്] [എഴുത്തച്ഛൻ

### അഭ്യാസം

1. 'ഞാനും ഭവാനുമരുന്ധതീദേവീയും' ആരാണ് 'ഭവാൻ'?

2. ''വനത്തിൽവച്ചുതന്നെ ശ്രീരാമനെ രാജാവായി അഭിഷേകം ചെയ്യാനാണ് ഭരതൻ ഉദ്ദേശിക്കുന്നത്.'' ഈ ആശയം ഏതുഭാഗംകൊണ്ട് വ്യക്തമാകുന്നു?

3. കൈകേയിക്ക് ഭരതൻ നൽകുന്ന ശിക്ഷയെന്ത്? ശിക്ഷ ഉചിതമായോ? എന്തുകൊണ്ട്?

4. 'രാമനിങ്ങാഗമിച്ചീടുവോളം ഞങ്ങാം'—ആരാണ് 'ഞങ്ങാം'?

5. വരിക വാർതിങ്കളേ, ഓമനേ നീയുറങ്ങ്, ശ്രീരാമസന്നിധിയിലേക്ക് ഈ കവിതകളിൽ ഏതാണ് നിങ്ങളെ കൂടുതൽ പുളകംകൊള്ളിക്കുന്നത്?

പാഠം 8

# ഒളിമ്പിക് കായികമത്സരങ്ങൾ

1972–ൽ മ്യൂനിക്കിൽവച്ചു നടന്ന ഒളിമ്പിക് മത്സരത്തിൽ അമേരിക്കയും റഷ്യയും മറ്റും സ്വർണ്ണമെഡലുകളും വെള്ളിമെഡലുകളും വാരിക്കൂട്ടി. ഇന്ത്യയ്ക്കു എണ്ണപ്പെട്ട നേട്ടമൊന്നുമുണ്ടായില്ല എന്നു പത്രത്തിൽ വായിച്ചത് ഓർമ്മയുണ്ടോ? അതോർക്കുമ്പോൾ വലിയ മൗഢ്യം തോന്നുന്നു അല്ലേ? മറ്റുള്ള രംഗങ്ങളിലെന്നപോലെ ഈ രംഗത്തും നാം ഇനിയും വളരേണ്ടിയിരിക്കുന്നു. എന്നാൽ ലോകത്തിലെ എല്ലാ പ്രധാനപ്പെട്ട രാജ്യങ്ങളും വാശിയോടെ പങ്കെടുക്കുന്ന ഒളിമ്പിക് മത്സരത്തിൽ മുൻപന്തിയിൽ സ്ഥാനം നേടുക അത്ര എളുപ്പമുള്ള കാര്യമല്ല. ചിരകാലത്തെ പരിശ്രമംകൊണ്ടാണ് അമേരിക്കയും റഷ്യയും മറ്റും വലിയ നേട്ടങ്ങൾ നേടിയത്. നമുക്ക് അത്രയ്ക്കൊന്നും ഇട കിട്ടിയിട്ടില്ല. നാം ഒരു സ്വതന്ത്രരാഷ്ട്രമായിട്ട് അധികകാലം കഴിഞ്ഞിട്ടില്ലല്ലോ.

മനുഷ്യന്റെ രണ്ടു പ്രധാനകഴിവുകളാണ് കായികശക്തിയും ബുദ്ധിശക്തിയും. അതിപ്രാചീനകാലത്ത് അവൻ കായികശക്തിയാണ് വളർത്തിക്കൊണ്ടുവന്നത്. വിദ്യാഭ്യാസം ആ ലക്ഷ്യത്തോടെയാണ് നടത്തപ്പെട്ടതും. എന്നാൽ കാലം മുന്നോട്ടുപോയപ്പോൾ ഈ മട്ടുമാറി. ശാരീരികശക്തിയെപ്പോലെ ബുദ്ധിശക്തിയെയും വളർത്തുന്നതിൽ പരിഷ്കൃതസമുദായങ്ങൾ ശ്രദ്ധിച്ചുതുടങ്ങി. രണ്ടിനും ഏതാണ്ടു തുല്യമായ പ്രാധാന്യം ലഭിച്ചു. യവനദേശത്തെ പ്രസിദ്ധ തത്വചിന്തകനായ പ്ലേറ്റോവിന്റെ വിദ്യാഭ്യാസപദ്ധതിയിൽ സംഗീതവും നൃത്തവും കായികാഭ്യാസവും പ്രാഥമികഘട്ടത്തിലെ പ്രധാന വിഷയങ്ങളായിരുന്നു. പതിനേഴുകൊല്ലത്തോളം നീണ്ടുനിന്നിരുന്നു ആ പ്രാഥമികഘട്ടം എന്നും ഓർക്കണം. ഗ്രീസിലെ ഒരു പ്രധാനനഗരമായ സ്പാർട്ടയിൽ വിദ്യാഭ്യാസമെന്നു പറഞ്ഞാൽ കായികപരിശീലനവും ആയുധപ്പയറ്റുമെന്നായിരുന്നു അർത്ഥം. അന്നാട്ടുകാർ പെറ്റുവീണ ഉടനെ ശിശുവിനെ ഒരു വൈദ്യപരിശോധനയ്ക്കു വിധേയമാക്കും. ശേഷിയില്ലാത്തതാണെന്നു കണ്ടാൽ മലഞ്ചരിവിൽ കൊണ്ടുപോയി ഉപേക്ഷിക്കും! അത്രയും പ്രാധാന്യമുണ്ടായിരുന്നു കായികശേഷിക്ക് അവരുടെ ഇടയിൽ!

പ്രാചീനഭാരതത്തിലും കായികവിദ്യാഭ്യാസത്തിന് മഹനീയമായ സ്ഥാനമുണ്ടായിരുന്നു. സ്വയംവരത്തിൽ കന്യകയെ

നേടണമെങ്കിൽ ആയുധവിദ്യയിൽ എതിരാളികളെ വെല്ലണം. പുരാണങ്ങളിലും, ഇതിഹാസങ്ങളിലും ഇതു തെളിയിക്കുന്ന കഥകൾ ധാരാളമുണ്ട്. ബുദ്ധൻെറ കാലത്തും ഈ വ്യവസ്ഥ നിലവിലുണ്ടായിരുന്നു എന്ന് വിചാരിക്കണം. കുതിരസ്സവാരി, വാൾപ്പയറ്റ്, ചാപവിദ്യ എന്നിവയിൽ ദേവദത്തൻ, നന്ദൻ, അർജുനൻ മുതലായ രാജകുമാരൻമാരെ ജയിച്ചിട്ടാണ് സിദ്ധാർത്ഥൻ യശോധരയെ നേടിയത് എന്നു ബുദ്ധപുരാണങ്ങളിൽ പറഞ്ഞു കാണുന്നു.

പിൽക്കാലത്ത് കായികാഭ്യാസങ്ങളുടെ കാര്യത്തിൽ മനുഷ്യർ ഉദാസീനരായി. ബുദ്ധിയെ വളർത്തുകയാണ് വിദ്യാഭ്യാസത്തിൻെറ ഏകലക്ഷ്യം എന്നു വന്നുകൂടി. എന്നാൽ അടുത്ത കാലംവരെ കായികശക്തിയെ വളർത്തുവാനുള്ള പരിശ്രമങ്ങളിൽ കേരളം ശ്രദ്ധിച്ചുപോന്നു. പുരുഷൻമാർ മാത്രമല്ല സ്ത്രീകളുംകൂടി കളരിയിൽ കച്ചകെട്ടി പയറ്റിയിരുന്നു.

പാശ്ചാത്യദേശങ്ങളിൽ പ്രാചീനകാലം മുതൽക്ക് പേർപെറ്റ ഒരു കായികമത്സരമാണ് ഒളിമ്പിക്സ്. അതിൻെറ ആഗമത്തെക്കുറിച്ച് ഒരൈതിഹ്യമുണ്ട്. ആൻഗീസ് രാജാവ്, അക്കാലത്തെ യവനയോദ്ധാക്കളിൽ മുമ്പനായ ഹെർക്കുലീസിനോട് തൻെറ കുതിരലായം കഴുകി വൃത്തിയാക്കാൻ കൽപ്പിച്ചുവത്രെ. വളരെക്കാലമായി മാലിന്യം കുന്നുകൂടിക്കിടന്നിരുന്ന ആ ലായം കഴുകി വൃത്തിയാക്കുക വല്ലാത്തൊരു ജോലിയായിരുന്നു. ഹെർക്കുലീസ് എന്തു ചെയ്തുവെന്നോ! അൽഫിയൂസ് നദിയെ അതിലൂടെ ഒഴുക്കി. നമ്മുടെ ബലരാമൻ കാളിന്ദീനദിയെ കലപ്പകൊണ്ട് കൃഷിസ്ഥലങ്ങളിലേക്ക്‌വലിച്ചുകൊണ്ടുപോയപോലെ. രാജാവ് കൊടുക്കാമെന്നു പറഞ്ഞിരുന്ന പ്രതിഫലം കൊടുത്തില്ല. അപ്പോൾ കുപിതനായ ഹെർക്കുലീസ് അദ്ദേഹത്തെ വധിച്ചു. രാജ്യവും കുതിരകളുമെല്ലാം ഹെർക്കുലീസിൻേറതായി. ഈ വിജയമാഘോഷിക്കാൻ വേണ്ടിയാണത്രെ ആദ്യത്തെ ഒളിമ്പിക് മത്സരം നടന്നത്. ക്രിസ്തുവിനുമുമ്പ് 1253—ൽ ആയിരുന്നു ആ ഉത്സവം. ഈ കഥ എത്രത്തോളം വിശ്വസിക്കാമെന്നറിഞ്ഞുകൂടാ.

ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ ഒളിമ്പിക് മത്സരം ക്രിസ്തുവിനുമുമ്പ് 776—ൽ ആഥെൻസ് നഗരത്തിൽവച്ചു നടന്നു. അതിനുശേഷം നാലുകൊല്ലത്തിലൊരിക്കൽ അതു നടത്തുക പതിവായി. ഒലിവ് മരത്തിൻെറ ചില്ലയായിരുന്നു അന്നു വിജയികൾക്കു സമ്മാനമായി നൽകിയിരുന്നത്. ക്രിസ്തുവിനു പിമ്പ് 394—വരെ ആ കായികോത്സവം


INSTITUTE OF CHILDREN'S LIT... Date No. 929

മുടക്കംകൂടാതെ തുടർന്നു. അക്കൊല്ലത്തിൽ റോമാക്കാർ ഗ്രീസ് പിടിച്ചടക്കിയതോടുകൂടി ഒളിമ്പിക് മത്സരങ്ങൾ നിർത്തലാക്കി. അവർക്ക് കളികളിൽ വലിയ താത്പര്യമില്ലായിരുന്നു.

നാനാരാജ്യങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒളിമ്പിക് മത്സരം പുനരാരംഭിച്ചത് ക്രിസ്തബ്ദം 1896–ലാണ്. വിവിധ രാജ്യങ്ങളിലെ യുവതലമുറയ്ക്ക് അന്യോന്യം അറിയാനും സൗഹൃദം സ്ഥാപിക്കുവാനും ഒളിമ്പിക് മത്സരങ്ങൾ ഉതകുമെന്നു കണ്ടിട്ട് ഒരു ഫ്രഞ്ചുപ്രഭു മുൻകാലങ്ങളിൽ നടന്നപോലെ ഈ ഉത്സവം നടത്താനേർപ്പാടു ചെയ്തു. അന്നുമുതൽക്ക് രണ്ടു ലോകമഹായുദ്ധങ്ങളുടെ കാലത്തൊഴികെ അതു മുടങ്ങാതെ നടന്നിട്ടുണ്ട്. എന്നാൽ ആഥൻസ് നഗരിയിൽവച്ചുതന്നെയല്ല ഇപ്പോഴിതു നടത്തുന്നത്. ലോകത്തിലെ മഹാനഗരങ്ങളിലേതെങ്കിലും ഒന്ന് അതിനുള്ള രംഗമായി തെരഞ്ഞെടുക്കുന്നു. അടുത്ത ഒളിമ്പിക് മത്സരം എവിടെവച്ചു നടത്തണമെന്ന് കാലേകൂട്ടി തീർച്ചയാക്കും. അതിനുള്ള അധികാരം അന്താരാഷ്ട്രീയ ഒളിമ്പിക് കമ്മിറ്റിക്കാണ്. സ്ഥലം നിശ്ചയിച്ച ഉടനെതന്നെ ഒളിമ്പിക് നഗരം നിർമ്മിക്കാൻ വേണ്ടുന്ന ഏർപ്പാടുകൾ തുടങ്ങും. സ്റ്റേഡിയങ്ങൾ, ജിംനേഷ്യങ്ങൾ, ഓട്ടപ്പന്തയത്തിനുള്ള ട്രാക്കുകൾ, നീന്തൽക്കുളങ്ങൾ, പങ്കെടുക്കുന്നവർക്കും പത്രക്കാർക്കും കാണികൾക്കും ആവശ്യമായ താമസസൗകര്യങ്ങൾ അങ്ങനെ എന്തെല്ലാമൊന്ന് ഒരുങ്ങണം! മ്യൂനിക്കിലെ ഒളിമ്പിക് നഗരത്തിന്റെ വിസ്തൃതി ഒരു ചതുരശ്ര നാഴികയായിരുന്നു. പ്രധാന സ്റ്റേഡിയത്തിൽ 80,000 ആളുകൾക്ക് സുഖമായി ഇരിക്കാം. അവിടത്തെ ടെലിവിഷൻ ഗോപുരത്തിന് 950 അടി ഉയരമുണ്ടായിരുന്നു. ടെലിവിഷൻ സെറ്റുള്ള ഭാഗ്യവാൻമാർ വീട്ടിലിരുന്ന് മത്സരങ്ങൾ കണ്ട് ആനന്ദിച്ചു. നൂറിലധികം രാജ്യങ്ങളിൽ നിന്നായി പതിനായിരത്തിലേറെ സ്പോർട്ട്സ് താരങ്ങൾ ആ മത്സരത്തിൽ പങ്കെടുത്തു.

ആദ്യകാലത്ത് ഗ്രീസിലെ ഒളിമ്പിയാ മൈതാനത്തിൽ വച്ചായിരുന്നു ഈ മഹാമഹം നടത്തിപ്പോന്നത്. ഒളിമ്പിക്സ് എന്ന പേരുതന്നെ അങ്ങനെ വന്നതാണ്. ആ സ്മരണ നിലനിർത്താൻ ഒളിമ്പിയയിലെ ഒളിമ്പിക് ജ്വാലയിൽ നിന്ന് കൊളുത്തിയ ദീപശിഖ ഓട്ടക്കാർ മാറിമാറി ഏറ്റെടുത്ത് ഒളിമ്പിക് നഗരത്തിൽ എത്തിക്കുന്ന ഒരാചാരം 1936–മുതൽക്ക് ആരംഭിച്ചു. 1972–ലെ ഒളിമ്പിക്സിൽ 5976 ഓട്ടക്കാർ ദീപശിഖ വഹിച്ചുകൊണ്ടുള്ള ഓട്ടത്തിൽ പങ്കെടുത്തു.

''കൂടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂടുതൽ ശക്തിയിൽ'' ഇതാണ് ഒളിമ്പിക് മുദ്രാവാക്യം. നാലുകൊല്ലം കൂടുമ്പോൾ നടക്കുന്ന ഓരോ മത്സരത്തിലും പലയിനങ്ങളിലും പുതിയ റെക്കാർഡുകൾ സ്ഥാപിക്കപ്പെടുന്നു. അതിനാൽ കായികമായ കഴിവിലും മനുഷ്യവർഗ്ഗം മുന്നേറുകയാണ് എന്ന് നമുക്ക് സന്തോഷിക്കാം.



ഒളിമ്പിക് ചിഹ്നം സമ്മിളിതമായ അഞ്ചു വൃത്തങ്ങളാണ്. നീല, പച്ച, മഞ്ഞ, കറുപ്പ്, ചുവപ്പ് എന്നീ വർണ്ണങ്ങളിലുള്ള വൃത്തങ്ങൾ. ഒളിമ്പിക് പതാക വെള്ളയാണ്. നടുവിൽ ഒളിമ്പിക് ചിഹ്നവുമുണ്ട്.

ചന്ദ്രനിൽ ഇറങ്ങിയ അപ്പോളോ 16—ലെ ബാഹ്യാകാശ ചാരികൾ അവിടെ പരസ്പര സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പ്രതീകമായി ഒരു ഒളിമ്പിക് പതാക നാട്ടി.

### പദങ്ങൾ

മൗഢ്യം, ചിരകാലം, സ്വാതന്ത്ര്യരാഷ്ട്രം, കായികശക്തി, ആയുധപ്പയറ്റ്, വൈദ്യപരിശോധന, വിധേയമാക്കുക, കന്യക, ഇതിഹാസം, വ്യവസ്ഥ, ഉദാസീനൻ, ഏകലക്ഷ്യം, കുതിരലായം, കായികോത്സവം, പുനരാരംഭിക്കുക, സൗഹൃദം, അന്താരാഷ്ട്രീയം, സ്റ്റേഡിയം, ജിംനേഷ്യം, ട്രാക്ക്, ദീപശിഖ, മുദ്രാവാക്യം, സമ്മിളിതം, ബാഹ്യാകാശചാരി, പ്രതീകം.

### ശൈലികൾ

വാരിക്കൂട്ടുക, പിടിച്ചുനോക്കുക, സ്പോർട്ട്സ്താരം, റെക്കാർഡുകൾ സ്ഥാപിക്കുക.

## അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക

സ്വതന്ത്രരാഷ്ട്രം, പൗരസ്ത്യദേശം, കായികശക്തി, പ്രാഥമിക ഘട്ടം, ആയുധപ്പയറ്റ്, വൈദ്യപരിശോധന, കുതിരലായം, പുനരാരംഭിക്കുക, ബാഹ്യാകാശചാരി.

II. വാക്യത്തിൽ ഉപയോഗിക്കുക :

മൗഢ്യം, ചിരകാലം, സ്വതന്ത്രരാഷ്ട്രം, വൈദ്യപരിശോധന, കായികശക്തി, വിധേയമാക്കുക, സൗഹൃദം, മുദ്രാവാക്യം, പ്രതീകം, വാരിക്കൂട്ടുക, പിടിച്ചുനോക്കുക.

III. സകർമ്മകക്രിയകളെയും അകർമ്മകക്രിയകളെയും വേർതിരിച്ചെഴുതുക :

വാരിക്കൂട്ടി, പങ്കെടുക്കുക, നേടി, കിട്ടുക, ലഭിക്കുക, ആയിരുന്നു, ഉപേക്ഷിക്കും, വെല്ലണം, വളർത്തുക, ഒഴുക്കി, ഒഴുകി, തീർച്ചയാക്കി, ഒരുങ്ങുക, കൊളുത്തുക.

IV. (1) ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ഒന്നാമത്തെ ഒളിമ്പിക്സ് ഏതുകൊല്ലത്തിൽ നടന്നു?

(2) ഹെർക്കുലീസിൻെറ വിജയം ആഘോഷിക്കാൻ നടന്ന കായികോത്സവം ഏതുവർഷത്തിലായിരുന്നു?

(3) 1972–ലെ ഒളിമ്പിക് മത്സരം എവിടെവച്ചു നടന്നു?

(4) ഒളിമ്പിക് മുദ്രാവാക്യം എന്ത്?

(5) ഒളിമ്പിക് ചിഹ്നമെന്ത്?

(6) ആദ്യകാലത്ത് ഒളിമ്പിക് മത്സരങ്ങളിൽ വിജയികൾക്ക് എന്താണ് സമ്മാനമായി നൽകിയിരുന്നത്?

(7) എത്രകൊല്ലം കൂടുമ്പോഴാണ് ഒളിമ്പിക്സ് നടത്തുന്നത്?

(8) അടുത്ത ഒളിമ്പിക്സ് എവിടെവച്ചു നടക്കും?

(9) ബാഹ്യാകാശചാരികൾ ചന്ദ്രനിൽ ഒളിമ്പിക് പതാക നാട്ടിയത് എന്തിന്?

(10) ഓരോ ഖണ്ഡികയിൽ പ്രതിപാദിക്കുക :

(എ) ഒളിമ്പിക്സിൻെറ ആഗമം.

(ബി) ഒളിമ്പിക്സ് പുനരാരംഭിച്ചത്.

(സി) മ്യൂനിക്കിൽവച്ചു നടന്ന ഒളിമ്പിക്സ്.

(11) ബലരാമൻ കാളിന്ദീനദിയെ കൃഷിസ്ഥലങ്ങളിലേക്ക് വലിച്ചുകൊണ്ടുപോയി. സൂചിതകഥ വിവരിക്കുക.

പാഠം 9

# അന്തരീക്ഷത്തെ മലിനമാക്കരുതേ!

ജീവസന്ധാരണത്തിന് ആദ്യമായി വേണ്ടത് വായുവാണ്. ഭക്ഷണംകൂടാതെ അഞ്ചാഴ്ചയും വെള്ളമില്ലാതെ അഞ്ചുദിവസവും മനുഷ്യന് കഴിച്ചുകൂട്ടാം. വായുവില്ലാതെ അഞ്ചുനിമിഷംപോലും അവന് ജീവിക്കുക സാധ്യമല്ല. 24 മണിക്കൂറിനുള്ളിൽ ഒരു മനുഷ്യന് ശരാശരി ഒരു കിലോഗ്രാം ഭക്ഷണവും രണ്ടു കിലോഗ്രാം വെള്ളവും വേണം. അത്രയും സമയത്തിനുള്ളിൽ അവൻ ഉൾക്കൊള്ളുന്ന വായു എത്രയാണെന്നോ? പന്ത്രണ്ടു കിലോഗ്രാം! അതേ; ജഗൽപ്രാണൻ തന്നെയാണ് വായു. ആ തത്ത്വമോർക്കാതെ മനുഷ്യൻ അതിനെ നിരന്തരം ദുഷിപ്പിച്ചുകൊണ്ടിരിക്കുന്നു!

വ്യവസായപരമായി പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളിലാണ് വായു കൂടുതൽ മലിനമായിത്തീരുന്നത്. അമേരിക്കയിൽ കൊല്ലംതോറും ഇരുപതുകോടി ടൺ മലിനവസ്തുക്കളാണ് വായുവിലേക്ക് വിക്ഷേപിക്കപ്പെടുന്നത്. ഫ്രാൻസിൽ, 1960—ൽ താപപ്രവർത്തനംകൊണ്ട് വൈദ്യുതിയുൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളിൽനിന്നു മാത്രമായി ഒരു ലക്ഷം ടണ്ണിലേറെ ഗന്ധകവാതകങ്ങളും, എട്ടേകാൽ കോടി ടണ്ണോളം കരിയും, വായുവിലേക്ക് പരക്കുകയുണ്ടായി.

രാസവ്യവസായശാലകൾ അധികമുള്ള സ്ഥലങ്ങളിൽ ഗന്ധകവാതകങ്ങളും മറ്റു പല വിഷവായുക്കളും അന്തരീക്ഷത്തിൽ നിറയുന്നു. അങ്ങനെ ദുഷിച്ച വായു ശ്വസിക്കുന്നവർക്ക് പലതരം വ്യാധികൾ പിടിപെടുന്നു. ഈ വിഷവാതകങ്ങൾ വായുമണ്ഡലത്തിന്റെ ഉപരിതലത്തിലേക്ക് ഉയർന്നുപോകാതെ താഴത്തുതന്നെ തങ്ങിനിൽക്കുമ്പോഴാണ് കൂടുതൽ ആപത്തുണ്ടാകുന്നത്. കാറ്റില്ലാതെ വായു സ്തംഭിച്ചുനിൽക്കുമ്പോഴും, കട്ടികൂടിയ മൂടൽമഞ്ഞുകൊണ്ട് അന്തരീക്ഷം ആവൃതമാകുമ്പോഴും, ഇതിന്നിടയാകുന്നു. 1952—ലെ മഞ്ഞുകാലത്ത് ഇങ്ങനെ വിഷവാതകങ്ങൾ തങ്ങി മലിനമായിത്തീർന്ന വായു ശ്വസിച്ചതിന്റെ ഫലമായി ബ്രിട്ടനിൽ നാലായിരത്തോളം ആളുകൾ മരിച്ചു. രോഗികളെക്കൊണ്ട് ആശുപത്രികൾ നിറഞ്ഞു. 1963—ൽ ന്യൂയോർക്കിൽ വായുമലിനീകരണത്താൽ അനേകശതം ആളുകൾ മരിക്കാനിടയായി.

ഓക്സിജനും നൈട്രജനുമാണ് വായുമണ്ഡലത്തിൻെറ പ്രധാനഘടകങ്ങൾ. കാർബൺഡൈഓക്സൈഡ്, നീരാവി തുടങ്ങിയ ഏതാനും ഇതരവാതകങ്ങളും ചുരുങ്ങിയ തോതിൽ അതിലുണ്ട്. ഒരു നിശ്ചിത തോതിലാണ് വായുമണ്ഡലത്തിലെ വിവിധഘടകങ്ങളെ പ്രകൃതി മേളിപ്പിച്ചിരിക്കുന്നത്. ആ ഘടനയ്ക്ക് മാറ്റം വന്നാൽ അത് ജീവജാലങ്ങളെ—സസ്യങ്ങളെയും ജന്തുക്കളെയും ബാധിക്കും. ഒരു വഴിക്കു നഷ്ടപ്പെടുന്ന വാതകങ്ങൾ വേറൊരു വഴിക്കു തിരിച്ചുവന്ന് വായുമണ്ഡലത്തിൻെറ ഘടനയ്ക്ക് മാറ്റമൊന്നും വരാതെ സൂക്ഷിക്കുന്നു. ഇതാണ് പ്രകൃതി ചെയ്തിട്ടുള്ള വ്യവസ്ഥ. ശ്വസിക്കുന്ന വായുവിൽനിന്ന് മനുഷ്യരും മറ്റുജന്തുക്കളും ഓക്സിജനെ ഉൾക്കൊണ്ട് കാർബൺഡൈഓക്സൈഡിനെ പുറംതള്ളുന്നു. സസ്യങ്ങളാകട്ടെ കാർബൺഡൈഓക്സൈഡിനെ ഉൾക്കൊണ്ട്, ഓക്സിജനെ പുറത്തേക്ക് വിടുന്നു. ഇങ്ങനെ പരസ്പരം ഉപകാരികളായി, ജന്തുക്കളും സസ്യങ്ങളും പ്രകൃതിയുടെ നിയമത്തിനു വിധേയരായി ജീവിച്ചിരുന്ന കാലത്ത് വായുമലിനീകരണം സംഭവിച്ചില്ല. എന്നാൽ നഗരങ്ങളുടെ വികാസത്തിനു വേണ്ടി മരങ്ങൾ മുറിച്ചുനീക്കുകയും എങ്ങും വ്യവസായശാലകൾ നിറയുകയും ചെയ്തതോടുകൂടി വായു മലിനീകരണത്തിനു വഴി തെളിഞ്ഞു. ഉരുക്കുഫാക്ടറികൾ, കടലാസുമില്ലുകൾ, ചൂളകൾ, എണ്ണശുദ്ധീകരണശാലകൾ, രാസവസ്തുക്കൾ നിർമ്മിക്കുന്ന ഫാക്ടറികൾ, റബ്ബർ ഫാക്ടറികൾ മുതലായവയിൽനിന്നു പൊങ്ങുന്ന പലതരം വിഷവാതകങ്ങൾ അന്തരീക്ഷത്തെ ദിനംപ്രതി അധികമധികം ദുഷിപ്പിക്കുന്നു. കീടനാശിനികൾ കീടങ്ങളെ നശിപ്പിക്കുമെങ്കിലും അതോടൊപ്പം അന്തരീക്ഷത്തെ ദുഷിപ്പിച്ച് മനുഷ്യനും മറ്റുജീവികൾക്കും സസ്യലോകത്തിനും കാലക്രമത്തിൽ വിന വരുത്തിവയ്ക്കും.

വായുവിനെ മലിനപ്പെടുത്തുന്നതിൽ മോട്ടോർവാഹനങ്ങൾക്കുള്ള പങ്ക് ഓർക്കുമ്പോൾ അവ മനുഷ്യവർഗ്ഗത്തിൻെറ ശത്രുക്കളിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നതായി കരുതേണ്ടിവരും. അവയിൽനിന്നു പുറത്തുവരുന്ന പുകയിൽ കാർബൺ മോണോക്സൈഡ് എന്ന വിഷവാതകവും കാരീയത്തിൻെറ അംശവും ഉണ്ട്. ഇതു രണ്ടും ആരോഗ്യത്തിന് ഹാനികരമാണ്. ടോക്കിയോയിലെ വാഹനത്തിരക്കുള്ള ഒരു മഹാവീഥിയുടെ പരിസരത്തിൽ താമസിക്കുന്നവരുടെ രക്തം പരിശോധിച്ചപ്പോൾ അതിൽ സാധാരണയിൽ കവിഞ്ഞ തോതിൽ കാരീയം കലർന്നുകണ്ടു. വിഷവാതകങ്ങളെ കഴിയുന്നതും നീക്കിക്കളയാനുള്ള ഏർപ്പാട്

മോട്ടോർവാഹനങ്ങളിൽ ഉണ്ടായിരിക്കണമെന്ന നിയമം ചില രാജ്യങ്ങളിൽ ഇപ്പോൾ നടപ്പാക്കിവരുന്നു. ഏഷ്യയിൽ നൂറു കോടി മോട്ടോർ വാഹനങ്ങൾ ഉണ്ടാവുകയാണെങ്കിൽ ലോകം നശിക്കാൻ അതുതന്നെ മതിയായ കാരണമായിത്തീരും എന്ന് വിദഗ്ദ്ധന്മാർ കരുതുന്നു. ശാന്തസമുദ്രത്തിൽനിന്ന് അമേരിക്കൻ ഐക്യനാടുകളിലേക്ക് വീശിക്കൊണ്ടിരിക്കുന്ന ശുദ്ധ വായുവിനെ മലിനമാക്കാൻ അതുമാത്രം മതിയാകും. ഒടുവിൽ ഭൂമി മുഴുവൻ വിഷവാതകംകൊണ്ട് ആവൃതമാകാനും നമ്മുടെ നാഗരികത നിശ്ശേഷം നശിച്ചുപോകാനും അത് ഇടയാക്കും.

അണ്വായുധങ്ങളുടെ സ്ഫോടനംകൊണ്ട് അന്തരീക്ഷത്തിൽ പരക്കുന്ന വിഷധൂളികൾ പുതുതായി വന്നുചേർന്ന ആപൽക്കാരികളാണ്. എങ്കിലും അവ മുൻപന്തിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.

വായുമലിനീകരണം നിമിത്തം ശ്വാസകോശരോഗങ്ങൾ, ഹൃദ്രോഗം. അർബുദം, നേത്രരോഗങ്ങൾ, ത്വഗ്രോഗങ്ങൾ എന്നിവ വർദ്ധിച്ചുവരുന്നതായി തെളിഞ്ഞിരിക്കുന്നു. ശ്വാസകോശാർബുദം ബാധിച്ചവർ ബ്രിട്ടനിലെ നഗരങ്ങളിൽ ഏതാനും ദശകങ്ങൾക്കു മുമ്പുണ്ടായിരുന്നതിനേക്കാൾ അഞ്ചുമടങ്ങ് അധികമുണ്ടത്രെ ഇന്ന്. ഇതിനുകാരണം വായു മലിനീകരണം മാത്രമാണ്.

മനുഷ്യർ മാത്രമല്ല, മറ്റുജീവികളും സസ്യപ്രപഞ്ചവും ഇതുകൊണ്ടു വിഷമിക്കുകയും നശിക്കുകയും ചെയ്യുന്നു. വ്യവസായശാലകൾ നിറഞ്ഞ മഹാനഗരങ്ങളിൽനിന്ന് അറുപതു നാഴിക അകലെയുള്ള വൻമരങ്ങളെപ്പോലും വിഷവാതകങ്ങൾ ബാധിച്ചു നശിപ്പിക്കുന്നതായി കണ്ടിരിക്കുന്നു. പഴത്തോട്ടങ്ങൾക്കും പച്ചക്കറിത്തോട്ടങ്ങൾക്കും ഇതുകൊണ്ട് വമ്പിച്ച നാശം നേരിടുന്നുണ്ട്. ഇക്കാരണത്താൽ അമേരിക്കൻ ഐക്യനാടുകളിൽ ആണ്ടുതോറും നൂറ്റമ്പതുകോടി ഡോളർ വിലവരുന്ന ഉൽപ്പന്നങ്ങൾ നശിക്കുന്നതായി കണ്ടിരിക്കുന്നു.

ഭൂമിയുടെ താപനില 1940—നുശേഷം 3° താണിരിക്കുന്നു. ഇതിനു കാരണം വായുമണ്ഡലത്തിൻെറ ഘടനയിൽ വന്നുചേർന്ന വ്യത്യാസമാണെന്ന് ചില ശാസ്ത്രഗവേഷകന്മാർക്കഭിപ്രായമുണ്ട്. സൂര്യനും ഭൂമിക്കും ഇടയിൽ മലിനവായു തിങ്ങിനിന്ന് കട്ടികൂടിയ ഒരു മേലാപ്പായി പരിണമിച്ചാൽ നീരാവി അത്രയും മഞ്ഞുകട്ടിയായി വീഴും. ലോകം വീണ്ടും പഴയ ഹിമയുഗത്തിലേക്കു മടങ്ങിപ്പോകേണ്ടിവരികയും ചെയ്യും.

അത്യാവശ്യത്തിനുമാത്രം ചെലവാക്കുക എന്നു പറയാറുള്ളതുപോലെ ''അത്യാവശ്യമുണ്ടെങ്കിൽ മാത്രം ശ്വസിക്കുക'' എന്നു പറയേണ്ട കാലവും വന്നേക്കും. അങ്ങനെ വരാതിരിക്കണമെങ്കിൽ വായുമലിനീകരണം തടയുന്നതിനുള്ള പരിശ്രമങ്ങളിലേക്ക് നമ്മുടെ സത്വരശ്രദ്ധ തിരിയേണ്ടിയിരിക്കുന്നു.

### പദങ്ങൾ

ജീവസന്ധാരണം, അന്തരീക്ഷം, ജഗൽപ്രാണൻ, വിക്ഷേപിക്കുക, വ്യവസായം, ഗന്ധകവാതകം, വിഷവാതകം, ആവൃതം, മലിനീകരണം, ഘടന, മഹാവീഥി, ഡോളർ, ഉൽപ്പന്നം, താപനില, ഹിമയുഗം, സത്വരശ്രദ്ധ, നാഗരികത, സ്ഫോടനം, വിഷധൂളി, ആപൽക്കാരി, ത്വഗ്രോഗം, ഹൃദ്രോഗം, ദശകം, സസ്യപ്രപഞ്ചം, നിശ്ചിതതോത്.

### അഭ്യാസം

I. പിരിച്ചെഴുതുക:—
ത്വഗ്രോഗം, ഹൃദ്രോഗം.

II. വിഗ്രഹാർത്ഥം പറയുക:—
ജീവസന്ധാരണം, ജഗൽപ്രാണൻ, വിഷവാതകം, മഹാവീഥി, സത്വരശ്രദ്ധ, നിശ്ചിതതോത്, വിവിധഘടകങ്ങൾ, ജീവജാലം, വായുമണ്ഡലം, സസ്യലോകം, സസ്യപ്രപഞ്ചം, ത്വഗ്രോഗം, ഹൃദ്രോഗം, വിഷധൂളി.

III. വാക്യത്തിൽ ഉപയോഗിക്കുക:—
ജീവസന്ധാരണം, വിക്ഷേപിക്കുക, ആവൃതം. മലിനീകരിക്കുക, ഉപകാരി, ഉൽപ്പന്നം, സത്വരശ്രദ്ധ, നാഗരികത, സ്ഫോടനം, ആപൽക്കാരി, ദശകം.

IV. വിപരീതപദം പറയുക:—
ഉപകാരം, ആപൽക്കാരി, ആവൃതം, മലിനീകരണം, ഉൾക്കൊള്ളുക.

V. താഴെച്ചേർക്കുന്ന ക്രിയകളുടെ പ്രയോജകരൂപം പറയുക:—
വരിക, നീക്കുക, നശിപ്പിക്കുക, നിർമ്മിക്കുക, മേളിക്കുക, ജീവിക്കുക, വിക്ഷേപിക്കുക, പരക്കുക, നിറയുക, ഉണ്ടാവുക, ബാധിക്കുക, വിടുക, മുറിക്കുക, ഓർക്കുക, നടപ്പാക്കുക, വീശുക, വിഷമിക്കുക, തിരിയുക.

VI. (1) വായു ജഗൽപ്രാണനാണെന്ന് പറയുന്നതെന്തുകൊണ്ട്?
(2) അന്തരീക്ഷം എങ്ങനെ ദുഷിക്കുന്നു ?
(3) എവിടെയാണ് വായുമണ്ഡലം വേഗം ദുഷിക്കുന്നത്? എപ്പോഴാണ് ഈ ആപത്ത് അധികമായിത്തീരുന്നത്?
(4) വായുവിന്റെ സ്ഥിരഘടന എന്ത്? പ്രകൃതി ഈ സ്ഥിരഘടനയെ നിലനിർത്താൻ ചെയ്തിട്ടുള്ള ഏർപ്പാട് വിവരിക്കുക.
(5) അന്തരീക്ഷം ദുഷിക്കുമ്പോൾ വമ്പിച്ച തോതിൽ രോഗബാധയും മരണവും സംഭവിക്കുന്നു—ഉദാഹരണമായി ഒരുസംഭവംപറയുക.
(6) അന്തരീക്ഷം ദുഷിച്ചാൽ മനുഷ്യർ മാത്രമല്ല സസ്യലോകവും നശിക്കും—രണ്ടുദാഹരണം എടുത്തുകാണിക്കുക.

(7) മോട്ടോർകാറുകൾ വായുവിനെ ദുഷിപ്പിക്കുന്നു ; മനുഷ്യരുടെ ആരോഗ്യത്തെ അപകടത്തിലാക്കുന്നു. ഏതു പരീക്ഷണംകൊണ്ടാണ് ഈ കാര്യം തെളിഞ്ഞത്?

(8) വിശദീകരിക്കുക :—

(എ) ''ഏഷ്യയിൽ നൂറുകോടി മോട്ടോർവാഹനങ്ങളുണ്ടായാൽ അമേരിക്കയിലെ അന്തരീക്ഷമാകെ ദുഷിക്കും.''

(ബി) ''മനുഷ്യവർഗ്ഗത്തിന്റെ ശത്രുക്കളിൽ ഒന്നാംസ്ഥാനം മോട്ടോർവാഹനങ്ങൾക്കാണ്.''

---

പാഠം 10

# കാന്തനെക്കണ്ടായോ?

''കണ്ണാ ! കണ്ണാ ! എന്നു തിണ്ണം വിളിച്ചുടൻ
കണ്ണുനീർകൊണ്ടു കുളിച്ചുചെമ്മേ
ചാരുത്വമാണ്ടുള്ള ദാരുക്കളോടും തൻ—
ചാരത്തുചേർന്നൊരു വല്ലിയോടും
കോകങ്ങളോടും നൽക്കോകിലംതന്നോടും
കൂകുന്ന കേകികളോടും പിന്നെ
ചോദിച്ചുചോദിച്ചു നീളെ നടന്നാരേ
ചൊൽക്കൊള്ളുമേണങ്ങൾ തങ്ങളോടും
''മാകന്ദമേ ! ചൊല്ലു മാധവന്തന്നെനീ
പോകുന്നതെങ്ങാനും കണ്ടീലല്ലീ?
..........................................................
പൂന്തേനായുള്ളൊരു കണ്ണുനീർ വാർത്തിട്ടു
'കാന്തനെ ഞാനെങ്ങും കണ്ടൂതില്ലേ'
കാറ്റുകൊണ്ടാടും തലകൊണ്ടു നീയിപ്പോൾ
പോറ്റികളെങ്ങളോടെന്നോ ചൊൽവൂ?
കോകിലമേ ചൊൽ നീ ഗോകുലനാഥനെ,
പ്പോകുന്നതീവഴി കണ്ടീലല്ലീ?
ഓലക്കമാണ്ടവൻ കോലക്കുഴലോടു
ചാലപ്പഠിച്ചായ് നീയെന്നുതോന്നും.
..........................................................
പിച്ചകമേ ! നീ ചൊല്ലച്യുതൻ വന്നു നി—
ന്നിച്ഛരയിൽ നിന്നെത്തഴുകിനാനോ?
മൊട്ടുകളാകിന കോൾമയിർ കൊണ്ടിതാ
വട്ടത്തിൽ നിൻമെയ്യിൽക്കാണാകുന്നു.

മല്ലികയേ ! നീയമ്മല്ലവിലോചനൻ
മെല്ലെ വരുന്നതു കണ്ടീലല്ലീ?
മുല്ലേ ! ഞാൻ നിന്നോടു മെല്ലെപ്പറഞ്ഞാലെ–
ന്നല്ലൽ കെടുമ്മാറു ചൊല്ലണം നീ.
..............................................
നിന്നുടെ ചാരത്തു വന്നാനെന്നുള്ളതു
നിർണ്ണയമെങ്ങൾക്കു പാർത്തുകണ്ടാൽ.
വാക്കിൻമണവും നൻമാധുര്യവും നിൻെറ
വായ്ക്കുന്ന പൂക്കളിലാക്കിനാൻ താൻ.
..............................................
കായാവേ ! നീയെങ്ങൾ കാന്തനെക്കണ്ടോയോ?
മായം കളഞ്ഞിപ്പോൾച്ചൊല്ലേണമേ !
തൻപൂമെയ് കാന്തിക്കു ചങ്ങാതമാകയാൽ
നിൻപൂവിലിന്നവനൻപുണ്ടല്ലോ.
കോലക്കുഴൽവിളികൊണ്ടവനെങ്ങളെ–
ക്കോഴപ്പെടുത്തുടൻ മുന്നിൽക്കൊണ്ടാൻ.
ആടിക്കളിച്ചു പുളച്ചങ്ങിരിക്കവേ–
യോടിക്കളഞ്ഞാനങ്ങെങ്ങാനുംതാൻ !

കൃഷ്ണഗാഥ] [ചെറുശ്ശേരി

## അഭ്യാസം

1. ''കൃഷ്ണനെപ്പിരിഞ്ഞ ദുഃഖംകൊണ്ട് ഗോപിമാർ മതിമറന്നിരിക്കുന്നു.'' ഈ ആശയം എങ്ങനെ സമർത്ഥിക്കാം?
2. ഗോപിമാരുടെ ചോദ്യത്തിന് മാകന്ദം എന്തുത്തരം നല്കി? എങ്ങനെയാണ് മാകന്ദം ഈ മറുപടിയേകിയത്?
3. കോകിലം കണ്ണനെ കണ്ടിരിക്കണമെന്ന് ഗോപിമാർ അനുമാനിക്കാൻ കാരണമെന്ത്?
4. പിച്ചകലതയിൽ നീളേ കാണുന്ന മൊട്ടുകളെ ഗോപിമാർ എന്തായി എണ്ണുന്നു?
5. ''നിന്നുടെ ചാരത്തുവന്നാനെന്നുള്ളതു നിർണ്ണയമെങ്ങൾക്കു പാർത്തു കണ്ടാൽ''—എന്തുകൊണ്ട്?
6. കായാവിൻെറ അരികെ കൃഷ്ണൻ ചെന്നിരിക്കണം എന്ന ഊഹത്തിന് അടിസ്ഥാനമെന്ത്?

## പ്രവർത്തനം

കൃഷ്ണപ്പാട്ടിൽനിന്ന് ഭാവവും ഭാവനയും മുറ്റിനിൽക്കുന്ന ഭാഗങ്ങൾ തെരഞ്ഞെടുത്ത് ഹൃദിസ്ഥമാക്കി ചൊല്ലുക.

പാഠം 11

# അറബിക്കടലിലെ കൊള്ളിമീൻ

ക്രിസ്തുവർഷം 1498—ൽ വാസ്കോഡാഗാമ പോർച്ചുഗൽ രാജാവിൻെറ പ്രതിനിധിയായി കോഴിക്കോട്ടുവന്ന് തിരുമുൽക്കാഴ്ചവച്ച് സാമൂതിരിരാജാവിനെ മുഖം കാണിച്ചു. പ്രാചീന കാലം മുതൽക്ക് കേരളവും യൂറോപ്പും തമ്മിൽ നടന്നിരുന്ന ആദായകരമായ വാണിജ്യത്തിൻെറ കുത്തകാവകാശം തൻെറ രാജ്യത്തിനായി നേടുകയായിരുന്നു ഗാമയുടെ ആഗമനോദ്ദേശ്യം. ചുക്ക്, കുരുമുളക്, ഏലം തുടങ്ങിയ കേരളീയസുഗന്ധദ്രവ്യങ്ങൾക്ക് അന്ന് യൂറോപ്പിൽ നല്ല പ്രിയമായിരുന്നു. അറബികളും മാപ്പിളമാരുമായിരുന്നു അന്നുവരെ ആ കച്ചവടം നടത്തിപ്പോന്നത്. വിശ്വസ്തരായ ആ ചിരന്തനമിത്രങ്ങളെ കൈവെടിയുവാൻ സാമൂതിരി ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പറങ്കികൾക്കും തൻെറ രാജ്യത്ത് കച്ചവടം ചെയ്വാൻ അനുമതി നൽകിയതല്ലാതെ കുത്തകാവകാശം കൊടുത്തില്ല.

വാണിജ്യരംഗത്ത് മാപ്പിളമാരോട് മല്ലിട്ടുജയിക്കാൻ കഴിയാതെ വന്നപ്പോൾ പറങ്കികൾ ക്ഷോഭിച്ചു. സാമൂതിരിയുടെ നേരേ കൈയൂക്കു പ്രയോഗിക്കാനായിരുന്നു അവരുടെ പിന്നത്തെ ശ്രമം. അവർ സാമൂതിരിയുടെ ചിരവൈരിയായ കൊച്ചിയെ കൂട്ടുപിടിച്ചു. അറബിക്കടൽ അവരുടെ അഴിഞ്ഞാട്ടത്തിൻെറ രംഗമായി മാറി. ചരക്കുമുഴുവൻ പിടിച്ചെടുത്തിട്ട് എതിരാളികളുടെ കപ്പലുകൾ കടലിൽ മുക്കുക അവർ പതിവാക്കി. എല്ലാ സമുദ്രങ്ങളുടെയും ആധിപത്യം പോർച്ചുഗൽ രാജാവിനാണ് എന്നായിരുന്നു അവരുടെ സിദ്ധാന്തം. സാമൂതിരി ആ ദുർന്നയത്തിനു വഴങ്ങിയില്ല. അറബിക്കടലിലെ ആധിപത്യം നിലനിർത്തുന്നതിനായി പറങ്കികളോട് പൊരുതാൻ അദ്ദേഹം കച്ചകെട്ടിയിറങ്ങി.

ഒരു നൂറ്റാണ്ടോളം നീണ്ടുനിന്ന ഈ സംഘട്ടനത്തിൽ കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർമാരായിരുന്നു കുന്നലക്കോനാതിരിയുടെ നാവികസേനാനികൾ.

ഉത്തരകേരളത്തിൽ വടകരയ്ക്കും ഇരിങ്ങലിനും ഇടയ്ക്കുള്ള പുഴയുടെ അഴിമുഖത്താണ് മരയ്ക്കാർകോട്ട സ്ഥിതിചെയ്തിരുന്നത്. അങ്ങനെയാണ് ആ നദിക്ക് കോട്ടപ്പുഴ എന്ന പേർ വന്നത്. മരയ്ക്കാർ കുടുംബത്തിൻെറ ആദ്യത്തെ സ്ഥാനം

പൊന്നാനിയായിരുന്നു. 1504—ൽ പറങ്കികൾ പൊന്നാനി ആക്രമിച്ചപ്പോൾ മരയ്ക്കാർ കുടുംബം അവിടം വിട്ടുപോയി.

ദേശാഭിമാനികളും വീരാഗ്രണികളുമായ നാലു കുഞ്ഞാലിമാരുടെ ധീരകഥകൾ കേരളചരിത്രത്തിന്റെ താളുകളിൽ ഒരു കാലത്തും മാഞ്ഞുപോകാത്തവണ്ണം രക്തത്തിൽ കുറിക്കപ്പെട്ടിരിക്കുന്നു. കുഞ്ഞാലി രണ്ടാമന്റെ കാലം മുതൽക്കാണ് ഈ വംശത്തിന്റെ കീർത്തി വിദേശങ്ങളിലും വ്യാപിച്ചത്. അദ്ദേഹത്തിന്റെ പിതാവായ കുട്ടിയാലിമരയ്ക്കാരെ—ഒന്നാമത്തെ കുഞ്ഞാലിയെ—1528—ൽ പറങ്കികൾ കടലിൽവച്ച് തടവുകാരനായിപ്പിടിച്ചു. 1531—ൽ അദ്ദേഹം കാലഗതി അടയുകയും ചെയ്തു.

കുഞ്ഞാലി രണ്ടാമൻ മരയ്ക്കാർസ്ഥാനം ഏറ്റതോടുകൂടി സംഭവഗതിയാകെ മാറി. കണ്ണിൽച്ചോരയില്ലാതെ കടുംകൈ കാട്ടിയിരുന്ന പറങ്കികളുടെ നേരെ ധർമ്മയുദ്ധമുറകൾ പാലിക്കുന്നത് ആത്മഹത്യാപരമാണെന്ന് അദ്ദേഹം കണ്ടു. പറങ്കികളുടെ നയംതന്നെ അദ്ദേഹം അവർക്കുനേരെ തിരിച്ചടിച്ചു. പതിയിരുന്ന് തഞ്ചം കിട്ടുമ്പോൾ പറങ്കികളുടെമേൽ ചാടിവീഴുക, ചരക്കുകൾ പിടിച്ചെടുത്തിട്ട് അവരുടെ കപ്പലുകൾ മുക്കിക്കളയുക ഇതായിരുന്നു കുഞ്ഞാലി പ്രയോഗിച്ച അടവ്. പറങ്കികളുടെ പടുകൂറ്റൻ കപ്പലുകളോട് നേരിട്ടുനിന്നു പൊരുതാൻ നമ്മുടെ കൊച്ചു നൗകകൾക്കു സാധ്യമല്ലായിരുന്നു. ആയുധശക്തിയിലും പറങ്കിക്കപ്പലുകൾ മികച്ചുനിന്നു. അതിനാൽ മരയ്ക്കാർ ഒളിപ്പോർകൊണ്ട് അരാതികളെ പൊറുതികെടുത്തി.

കൈയൂക്കു വിലപ്പോകയില്ലെന്നു കണ്ടപ്പോൾ പറങ്കികൾ നയം മാറ്റി, സാമദാനങ്ങൾകൊണ്ട് സാമൂതിരിപ്പാടിനെ പാട്ടിലാക്കി. 1530—നോടടുത്ത് അവർ തമ്പുരാനുമായി സന്ധി ചെയ്തു. അതിനെത്തുടർന്ന് അവർ ബേപ്പൂർപ്പുഴയുടെ അഴിമുഖത്തു സ്ഥിതിചെയ്യുന്ന ചാലിയംതുരുത്ത് താനൂർ രാജാവിന്റെ കൈയിൽനിന്ന് വിലയ്ക്കു വാങ്ങി; അവിടെ സുശക്തമായ ഒരു കോട്ട പണിതു. അങ്ങനെ കേരളക്കരയിൽ അവർ കാലുറപ്പിച്ചു.

ചാലിയംകോട്ട സാമൂതിരിയുടെ കഴുത്തിനുനേരെ ചൂണ്ടിയ ഒരു തോക്കുതന്നെയായിരുന്നുവെന്ന് ഒരു പ്രസിദ്ധ ചരിത്രകാരൻ പറഞ്ഞിട്ടുണ്ട്. അത് തികച്ചും അന്വർത്ഥമാണ്. സാമൂതിരിയുടെ ഭരണത്തിൻകീഴിലായിരുന്ന നാടുകളുടെ നടുവിലൂടെയാണ് ബേപ്പൂർപ്പുഴ ഒഴുകുന്നത്. അതിന്റെ

അഴിമുഖത്ത് സ്ഥാനമുറപ്പിച്ചതോടുകൂടി കടലോരപ്രദേശങ്ങളിൽ മാത്രമല്ല ഉൾനാടുകളിലും പറങ്കികൾക്ക് കൈയൂക്കു കാട്ടാൻ സാധിച്ചു.

വിദേശങ്ങളിലേക്കു കയറ്റി അയക്കാനുള്ള ചുക്ക്, കുരുമുളക് മുതലായ ചരക്കുകൾ ബേപ്പൂർപ്പുഴയിലൂടെയാണ് മാപ്പിളമാർ ഉൾനാടുകളിൽനിന്ന് തുറമുഖത്തേക്കു കൊണ്ടുപോയിരുന്നത്. ആ ഗതാഗതം തടയാൻ പറങ്കികൾക്കു കഴിഞ്ഞു.

ചാലിയത്ത് സ്ഥാനം ഉറപ്പിച്ചതോടുകൂടി അവർ സാമൂതിരിയെ വകവയ്ക്കാതായി എന്നു മാത്രമല്ല, ശല്യപ്പെടുത്താനും തുടങ്ങി. ചാലിയത്തുകോട്ട തകർത്തുകളയാതെ നാട്ടിൽ സൈ്വരമായിരിക്കാൻ കഴിയില്ലെന്ന് സാമൂതിരി അചിരേണ മനസ്സിലാക്കി. എന്നാൽ അത്ര വേഗത്തിൽ സാധിക്കാവുന്ന കാര്യമായിരുന്നില്ല അത്. മൂന്നു പന്തീരാണ്ടിലേറെ പാടുപെടേണ്ടിവന്നു ശത്രുക്കളെ അവിടെനിന്നു തുരത്താൻ.

1570–ൽ കരയിൽനിന്ന് സാമൂതിരിയും കടലിൽനിന്ന് മരയ്ക്കാരും ചാലിയംകോട്ട വളഞ്ഞു. കുഞ്ഞാലി മൂന്നാമനായിരുന്നു അന്നത്തെ മരയ്ക്കാർ. കൊച്ചിയിൽനിന്നോ കണ്ണൂരിൽനിന്നോ കടൽവഴി സൈന്യങ്ങളും പടക്കോപ്പുകളും ഭക്ഷണസാധനങ്ങളും എത്തിച്ചേരുന്നത് തടയുകയായിരുന്നു കുഞ്ഞാലിയുടെ കീഴിലുള്ള നാവികസേനയുടെ കർത്തവ്യം. അത് കുഞ്ഞാലി സമർത്ഥമായി നിർവ്വഹിച്ചു. ഉപരോധം നാലുമാസം നീണ്ടുനിന്നു. പടക്കോപ്പുകളും ഭക്ഷണസാമഗ്രികളും ഇല്ലാതെ പറങ്കികൾ വിഷമിച്ചു. പുലികളെപ്പോലെ നാടുനീളെ പാഞ്ഞു നടന്നിരുന്നവർ എലികളെപ്പോലെ കോട്ടയ്ക്കകത്തു കിടന്നു പിടച്ചു. ഒടുവിൽ അവർ കീഴടങ്ങാൻ സമ്മതിച്ചു. ജീവനോടെ കോട്ട വിട്ടുപോകാൻ അനുവദിക്കണം എന്നു മാത്രമായിരുന്നു അവരുടെ അപേക്ഷ. ദയാലുവായ സാമൂതിരി അതിനു സമ്മതിച്ചു. പറങ്കികൾ ഒന്നടങ്കം ചാലിയത്തുനിന്ന് കെട്ടുകെട്ടി. കൊച്ചിയിലായിരുന്നു അവർ അഭയം പ്രാപിച്ചത്. സാമൂതിരി കോട്ട ഇടിച്ചുപൊളിച്ച് അവശിഷ്ടങ്ങൾ കടലിലൊഴുക്കി. ഈ പരാജയം പറങ്കിശക്തിയുടെ തകർച്ച കുറിച്ചു. അതിൽനിന്ന് പൂർണ്ണമായും ഉയിർത്തെഴുന്നേൽക്കാൻ അവർക്ക് പിന്നീടൊരിക്കലും കഴിഞ്ഞില്ല.

കുഞ്ഞാലി മൂന്നാമന്റെ സ്തുത്യർഹങ്ങളായ സേവനങ്ങൾക്ക് സാമൂതിരി മതിയായ പ്രതിഫലം നൽകി. അന്നുവരെ

നാടുവാഴി പ്രഭുക്കൾക്കുമാത്രം ഉണ്ടായിരുന്ന പല പദവികളും അദ്ദേഹം മരയ്ക്കാർക്ക് കൽപ്പിച്ചരുളി. ഇരിങ്ങൽപ്പുഴയുടെ അഴിമുഖത്ത് ഒരു കോട്ട പണിയാനുള്ള അനുവാദം മരയ്ക്കാർ കുടുംബത്തിനു ലഭിച്ചത് ആ സന്ദർഭത്തിലായിരുന്നു. അന്നു മുതൽക്ക് കോട്ടയ്ക്കൽ കുഞ്ഞാലിമരയ്ക്കാർ എന്ന പേരിൽ ആ വംശം പ്രസിദ്ധമായി.

അങ്ങനെ ഒരു പന്തീരാണ്ടു കഴിഞ്ഞു. പറങ്കികൾ വീണ്ടും സാമൂതിരിയോടടുത്തു. അവർ തമ്മിൽ സന്ധിചെയ്തു. ഭൂതകാലമരുളിയ ചുട്ടപാഠങ്ങളെ മനുഷ്യൻ എത്രവേഗമാണ് മറക്കുന്നത്! പറങ്കികളുമായുള്ള പിണക്കം തുടർന്നുപോയാൽ വിദേശവാണിജ്യവും നാട്ടിൻെറ സാമ്പത്തികസ്ഥിതിയും അപകടത്തിലാകുമെന്ന് സാമൂതിരി ഭയപ്പെട്ടു. പറങ്കികൾ കോഴ കൊടുത്തും മറ്റും സാമൂതിരിയുടെ മന്ത്രിമാരെ വശത്താക്കുകയും ചെയ്തിരുന്നു. പൊന്നാനിയിൽ ഒരു കോട്ട കെട്ടാനുള്ള അനുവാദം പറങ്കികൾ സാമൂതിരിയിൽനിന്ന് നേടി. 1585—ലാണ് ഇതുണ്ടായത്. കേരളത്തിൻെറ മണ്ണിൽ വീണ്ടും പറങ്കിക്കൊടിമരം നാട്ടാനുള്ള ഗൂഢതന്ത്രമായിരുന്നു അതെന്ന് തമ്പുരാൻ ഓർത്തില്ല.

ഈ അവിവേകം കുഞ്ഞാലിയെ അരിശം കൊള്ളിച്ചു. കുന്നലക്കോനാതിരി ചെയ്ത സഖ്യത്തെ വകവയ്ക്കാതെ അദ്ദേഹം പറങ്കികളെ കടലിൽ വേട്ടയാടി. ഇരുകക്ഷികൾക്കും വമ്പിച്ച നാശനഷ്ടങ്ങൾ നേരിട്ടു. രാജാവിൻെറ പിൻബലം നഷ്ടപ്പെട്ടത് മരയ്ക്കാർക്ക് ഒരു വലിയ ക്ഷീണമായിരുന്നു. എന്നാൽ ഈ നിസ്സഹായാവസ്ഥ ഏറെക്കാലം തുടർന്നില്ല. പറങ്കികളുടെ അക്രമങ്ങൾ സാമൂതിരിയെ ക്ഷോഭാകുലനാക്കി. സന്ധി അവസാനിപ്പിച്ച് അദ്ദേഹം വീണ്ടും സമരത്തിനൊരുങ്ങി.

ഈ ഘട്ടത്തിൽ ക്രിസ്തുവർഷം 1595—ൽ, കുഞ്ഞാലി നാലാമൻ മരയ്ക്കാർ കോട്ടയുടെ അധിപനും സാമൂതിരിയുടെ നാവികസേനാപതിയുമായി സ്ഥാനമേറ്റു. അദ്ദേഹം രണ്ടും കൽപ്പിച്ച് പറങ്കികളോട് പോരിനിറങ്ങി. പുതുപ്പണംകോട്ട പുതുക്കിപ്പണിതു; അതിൻെറ ഗോപുരങ്ങളിൽ പീരങ്കികൾ ഉറപ്പിച്ചു; ചുറ്റുമുള്ള കിടങ്ങിന് ആഴംകൂട്ടി. പറങ്കികളുടെ കപ്പലുകളോളം വലിപ്പമുള്ളവയല്ലെങ്കിലും അവയെക്കാൾ വേഗത്തിലോടുന്ന നൗകകൾ നിർമ്മിച്ച് കടലിൽ ഇറക്കി. അറബിക്കടലിൽവച്ച് ഒരുതരം ഗറില്ല യുദ്ധം തന്നെ ആ സാഹസികർ

പറങ്കികൾക്കെതിരായി നടത്തി. പറങ്കികളുടെ സമുദ്രാധിപത്യത്തിൻെറ അടിത്തറയാകെ ഇളകി.

എന്നാൽ ഈ ഘട്ടത്തിൽ ഭാഗ്യദോഷത്താൽ സാമൂതിരിയും കുഞ്ഞാലിയും തമ്മിൽ പിണങ്ങാൻ ഇടയായി. യുദ്ധത്തിൽ നേരിട്ടുകൊണ്ടിരുന്ന നാശനഷ്ടങ്ങൾ പരിഹരിച്ച് നാവികപ്പടയുടെ ശക്തി ഉലയാതെ നിലനിർത്താൻ കുഞ്ഞാലിക്ക് വളരെയധികം ധനം ചെലവുചെയ്യേണ്ടിവന്നു. അതിനാൽ നിശ്ചയപ്രകാരമുള്ള കരം ഖജനാവിൽ മുട്ടാതെ അടച്ചുപോരാൻ കഴിഞ്ഞില്ല. മരയ്ക്കാർ തന്നെ ധിക്കരിക്കുകയാണെന്നും, ഒരു സ്വതന്ത്രരാജാവായിത്തീരാൻ ശ്രമിക്കുകയാണെന്നും സാമൂതിരി ശങ്കിച്ചു. കത്തുന്ന തീയിൽ എണ്ണയൊഴിക്കുന്ന ചില അനിഷ്ട സംഭവങ്ങളും ഉണ്ടായി.

ഈ അവസരം പറങ്കികൾ വേണ്ടുംവണ്ണം വിനിയോഗിച്ചു. എന്തിനധികം, സാമൂതിരിയും പറങ്കികളും തമ്മിൽ കുഞ്ഞാലിക്കെതിരായി സന്ധിചെയ്തു. കരയിൽനിന്ന് സാമൂതിരിയും കടലിൽനിന്ന് പറങ്കികളും മരയ്ക്കാർകോട്ട ആക്രമിച്ചു. അങ്ങനെ ചാലിയംകോട്ടയുടെ ഉപരോധനത്തിന് പറങ്കികൾ പകരം വീട്ടി. 1599 ആരംഭത്തിലാണ് ഈ ആക്രമണം നടന്നത്. അത് പരാജയപ്പെട്ടപ്പോൾ സാമൂതിരിക്കു വാശി കൂടി. പറങ്കികൾ അതിൽനിന്നും മുതലെടുക്കാൻ വിട്ടുപോയില്ല. വീണ്ടും കോട്ട ആക്രമിക്കുന്നതിനുമുമ്പ് അവർ പല നിബന്ധനകളും സാമൂതിരിയുടെമേൽ അടിച്ചേൽപ്പിച്ചു. തൻെറ സേനയുടെ ഒരുവിഭാഗത്തെ പറങ്കികളുടെ കീഴിൽ പൊരുതാൻ വിട്ടുകൊടുക്കുന്നതിനുപോലും തമ്പുരാൻ നിർബദ്ധനായി. അങ്ങനെ വിദേശീയരുടെ കിങ്കരന്മാരായി ഇന്നാട്ടിലെ പടയാളികൾ ഇന്നാട്ടുകാരനായ ഒരു ധീരദേശാഭിമാനിയുടെ നേരേ നീങ്ങി; മരയ്ക്കാർ കോട്ട തകർത്തു തരിപ്പണമാക്കി.

കുഞ്ഞാലി ചിരകാലമായി തൻെറ കുടുംബക്കാർ സേവിച്ചുപോന്ന തമ്പുരാൻെറ പാദങ്ങളിൽ ആയുധം വച്ചു കീഴടങ്ങി. മരയ്ക്കാരെ തടവുകാരനായി പിടിച്ചാൽ പറങ്കികൾക്കു വിട്ടുകൊടുക്കാമെന്നു സാമൂതിരി പ്രതിജ്ഞ ചെയ്തിരുന്നു. അദ്ദേഹം എത്രതന്നെ കേണപേക്ഷിച്ചിട്ടും പറങ്കികൾ ആ നിബന്ധനയിൽ ഒരിളവും വരുത്തിയില്ല. അവർ കുഞ്ഞാലിയെ ബന്ധനസ്ഥനാക്കി. ഗോവയിലേക്കു കൊണ്ടുപോയി

കാരാഗൃഹത്തിൽ പാർപ്പിച്ചു. പിന്നീട് നിഷ്ഠുരമായ രീതിയിൽ വധിച്ചുകളയുകയും ചെയ്തു.

അറബിക്കടലിൽ അങ്ങോളമിങ്ങോളം ഉഗ്രപ്രഭ വീശിയ ആ കൊള്ളിമീൻ അന്തരീക്ഷത്തിൽനിന്നു മറഞ്ഞപ്പോൾ കേരള ക്കരയാകെ ഇരുളടഞ്ഞു.

### പദങ്ങൾ

കൊള്ളിമീൻ, പ്രതിനിധി, തിരുമുൽക്കാഴ്ച, കുത്തക, ചിരന്തന മിത്രം, ചിരവൈരി, ആധിപത്യം, സിദ്ധാന്തം, കുന്നലക്കോനാതിരി, അഗ്രണി, ആത്മഹത്യാപരം, നൗക, ഒളിപ്പോര്, സാമദാനങ്ങൾ, അനർത്ഥം, അചിരേണ, ഉപരോധം, സ്തുത്യർഹം, സഖ്യം, നിബന്ധന.

### ശൈലികൾ

മുഖംകാണിക്കുക, അഴിഞ്ഞാട്ടം, കച്ചകെട്ടുക, രക്തത്തിൽ കുറി ക്കുക, കാലഗതിയടയുക, കണ്ണിൽച്ചോരയില്ലാതെ, തിരിച്ചടിക്കുക, വില പ്പോവുക, പാട്ടിലാക്കുക, കാലുറപ്പിക്കുക, കെട്ടുകെട്ടുക, രണ്ടും കൽപ്പിച്ച്, ഉയിർത്തെഴുന്നേൽക്കുക, അടിത്തറ ഇളക്കുക, കത്തുന്ന തീയിൽ എണ്ണയൊഴിക്കുക, മുതലെടുക്കുക, തകർത്തു തരിപ്പണമാക്കുക, അങ്ങോള മിങ്ങോളം, ഗറില്ലയുദ്ധം, ചുട്ടപാഠം.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക :

ആഗമനോദ്ദേശ്യം, ചിരന്തനമിത്രം, വാണിജ്യരംഗം, വീരാ ഗ്രണി, സാമദാനങ്ങൾ, അനർത്ഥം, ഗൂഢതന്ത്രം, നിസ്സഹാ യാവസ്ഥ, ക്ഷോഭാകുലൻ, സമുദ്രാധിപത്യം, അനിഷ്ട സംഭവം, ഉഗ്രപ്രഭ.

II. വാക്യത്തിൽ പ്രയോഗിക്കുക :

(എ) മുകളിൽ കൊടുത്തിട്ടുള്ള എല്ലാ ശൈലികളും.

(ബി) പ്രതിനിധി, കുത്തക, ചിരവൈരി, ആധിപത്യം, സിദ്ധാന്തം, അഗ്രണി, ആത്മഹത്യാപരം, അനർത്ഥം, നിബന്ധന.

III. (എ) പര്യായങ്ങൾ പറയുക:

ശത്രു, സമുദ്രം, സേനാനി, അനുവാദം.

(ബി) വിപരീതപദം എഴുതുക:
അചിരേണ, ദുർന്നയം.

IV. കേവലമോ പ്രയോജകമോ എന്നു പറയുക:

കാണിക്കുക, നേടുക, ക്ഷോഭിപ്പിക്കുക, മുക്കുക, പൊറുതി കെടുത്തുക, ഉറപ്പിക്കുക, സമ്മതിക്കുക, കൽപിക്കുക, ആക്ര മിക്കുക, ഏൽപ്പിക്കുക, കീഴടങ്ങുക, വധിക്കുക.

V. (1) ഗാമയുടെ ആഗമനോദ്ദേശ്യം എന്തായിരുന്നു?

(2) പറങ്കികൾ സാമൂതിരിയോടു പിണങ്ങാൻ എന്തായിരുന്നു കാരണം ?

(3) പറങ്കികൾ കൈക്കൊണ്ട ദുർന്നയം എന്തായിരുന്നു?

(4) ചാലിയംകോട്ട സാമൂതിരിയുടെ കഴുത്തിനു നേരേ ചൂണ്ടിയ ഒരു തോക്കായിരുന്നു—വിശദീകരിക്കുക.

(5) എത്രാമത്തെ കുഞ്ഞാലിയാണ് ചാലിയംകോട്ട തകർക്കുന്നതിൽ സാമൂതിരിക്ക് സഹായിയായിരുന്നത്?

(6) ചാലിയംകോട്ടയുടെ ഉപരോധനത്തിന് പറങ്കികൾ എങ്ങനെ പകരം വീട്ടി?

(7) കുഞ്ഞാലി രണ്ടാമന്റെയും, നാലാമന്റെയും, സമരരീതിയുടെ പ്രത്യേകതയെന്ത്?

(8) കുഞ്ഞാലി മൂന്നാമന്റെയും, നാലാമന്റെയും, വീര്യപരാക്രമങ്ങൾ ചുരുക്കി ഓരോ ഖണ്ഡികയിൽ പ്രതിപാദിക്കുക.

---

പാഠം 12

# പ്ലാസ്റ്റിക്കുകൾ

ഇത് ഒരു പ്ലാസ്റ്റിക് യുഗമാണ്. ചുറ്റും ഒന്നു നോക്കൂ. അപ്പോൾ ഈ വസ്തുത ബോധ്യപ്പെടും. പുസ്തകസഞ്ചികൾ അധികവും പ്ലാസ്റ്റിക്കുകൊണ്ടാണ്. ലോഹപ്പെട്ടികളെക്കാൾ കനംകുറഞ്ഞവയാണ് അവ. വെള്ളം തട്ടിയാൽ തുണിസ്സഞ്ചികളെപ്പോലെ നനയുകയില്ല. അതുകൊണ്ടു തന്നെയാണ് പ്ലാസ്റ്റിക്ക് സഞ്ചികളോട് നിങ്ങൾക്ക് ഇത്ര പ്രിയം. പേനയുടെ മുനയും ക്ലിപ്പുമൊഴിച്ചാൽ പിന്നെയെല്ലാം പ്ലാസ്റ്റിക്കു തന്നെ. പ്ലാസ്റ്റിക്കു ചെരിപ്പുകളും സാർവത്രികമായിരിക്കുന്നു. കുടയുടെ പിടിയും പ്ലാസ്റ്റിക്കിന്റെ പിടിയിലായി. സ്ഫടികംപോലെ സുതാര്യമായ പ്ലാസ്റ്റിക്കുകൊണ്ട് തളികകളും കോപ്പകളും ധാരാളമായി ഉണ്ടാക്കിവരുന്നു. സ്വിച്ച്, ഷേയ്ഡ്, വിദ്യുത് കമ്പികളുടെ ആവരണം മുതലായവയിലെല്ലാം പ്ലാസ്റ്റിക്കുകളുടെ വിലാസം കാണാം. ഉടുപ്പുപോലും പ്ലാസ്റ്റിക്കായിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾക്ക് പ്രിയപ്പെട്ട ടെറിലിൻ പ്ലാസ്റ്റിക്കിന്റെ ഒരു വകഭേദമാണ്,

ഇതൊരു പ്ലാസ്റ്റിക് യുഗമാണെന്ന് തെളിയിക്കാൻ ഇനി യെന്തു വേണം?

മുൻകാലങ്ങളിൽ ജീവിതസാമഗ്രികാം നിർമ്മിക്കാൻ മനുഷ്യൻ ഉപയോഗിച്ചുപോന്നത് പ്രകൃതിദത്തമായ വസ്തുക്കളാണ്. പാർപ്പിടങ്ങാം പണിയാനുള്ള കല്ല്, മരം, വസ്ത്ര നിർമ്മാണത്തിനു വേണ്ട പരുത്തി, രോമം, പട്ട്, പാത്രങ്ങളും മറ്റു ഗൃഹോപകരണങ്ങളും ഉണ്ടാക്കാനാവശ്യമായ മണ്ണ്, മരം, ലോഹങ്ങാം മുതലായവയെല്ലാം പ്രകൃതിയുടെ സംഭാവനകളാണ്. ആധുനികശാസ്ത്രത്തിൻെറ വികാസത്തോടുകൂടി പ്രകൃതിസിദ്ധമായ പദാർത്ഥങ്ങളെക്കൊണ്ട് മനുഷ്യൻ തൃപ്തിപ്പെടാതായി. കൃത്രിമമായി അനേകം പുതിയ വസ്തുക്കാം അവൻ ഉണ്ടാക്കിത്തുടങ്ങി. അവയിലൊന്നാണ് പ്ലാസ്റ്റിക്. അതിൻെറ പ്രചാരം വർദ്ധിച്ചത് ഈ നൂറ്റാണ്ടിലാണ്.

മുൻപറഞ്ഞ ഉപകരണങ്ങാം മാത്രമല്ല, കൃത്രിമമായ മനുഷ്യാവയവങ്ങാംപോലും ഇന്നു പ്ലാസ്റ്റിക്കുകൊണ്ടു നിർമ്മിക്കുന്നു. മണ്ണ്, മരം, റബ്ബർ, പരുത്തി, ലോഹം മുതലായവയുടെ സ്ഥാനമെല്ലാം പ്ലാസ്റ്റിക് പിടിച്ചെടുത്തിരിക്കുന്നു. എത്ര ചൂടേൽപ്പിച്ചാലും മാറ്റംവരാത്ത പ്ലാസ്റ്റിക് കണ്ടുപിടിച്ചാൽ ലോഹംകൊണ്ട് ഇന്നു നിർമ്മിക്കുന്ന പല കാര്യങ്ങാംക്കും പ്ലാസ്റ്റിക് മതി എന്നു വരും. ലോഹത്തെക്കാാം കനംകുറവാണ്; വീണാൽ സ്ഫടികത്തെപ്പോലെ തകരുകയുമില്ല; ഈ ഗുണങ്ങാം നിമിത്തം ലോഹത്തിൻെറയും സ്ഫടികത്തിൻെറയും സ്ഥാനം ഇപ്പോാം തന്നെ പ്ലാസ്റ്റിക് കുറെയൊക്കെ കൈയേറിയിരിക്കുന്നു. വീര്യമേറിയ രാസവസ്തുക്കാംക്ക് പ്ലാസ്റ്റിക്കിൽ ഒരു മാറ്റവും വരുത്തുവാൻ കഴിയുകയില്ല. അതിനാൽ മരുന്നുകളും അമ്ലങ്ങളും മറ്റും സൂക്ഷിക്കാനുള്ള പാത്രങ്ങാം ഉണ്ടാക്കാൻ പ്ലാസ്റ്റിക്കാണ് സ്ഫടികത്തെക്കാാം നല്ലത്.

യഥേഷ്ടം രൂപഭേദം വരുത്താവുന്ന പദാർത്ഥത്തെയാണ് പ്ലാസ്റ്റിക് എന്നു പറയുന്നത്. കോലരക്ക്, കാക്കപ്പൊന്ന് മുതലായവ പ്രകൃതിയിൽനിന്നു നേരിട്ടു ലഭിക്കുന്ന പ്ലാസ്റ്റിക്കുകാംക്ക് ഉദാഹരണങ്ങളാണ്. താപവും മർദ്ദവും ആവശ്യംപോലെ കൂട്ടിയും കുറച്ചും പലതരം പ്ലാസ്റ്റിക്കുകാം നിർമ്മിക്കാം. കാർബൺ എന്ന മൂലകത്തിൻെറ സംയുക്തങ്ങളാണ് പ്ലാസ്റ്റിക്കുകളെല്ലാം. ചായം ചേർത്ത് കൃത്രിമ പ്ലാസ്റ്റിക്കുകാം പല നിറത്തിൽ ഉണ്ടാക്കുന്നു.

പ്ലാസ്റ്റിക് രണ്ടുവിധമുണ്ട്—തെർമോപ്ലാസ്റ്റിക്, തെർമോസെറ്റിങ്ങ് പ്ലാസ്റ്റിക്. ആദ്യത്തേത് ഉരുക്കി പുതിയ സാധനങ്ങൾ ഉണ്ടാക്കാൻ യഥേഷ്ടം ഉപയോഗിക്കാം. രണ്ടാമത്തേത് ചൂടുകൊണ്ട് പരിണമിച്ചുകഴിഞ്ഞാൽ വീണ്ടും രൂപപ്പെടുത്തിയെടുക്കാൻ സാധ്യമല്ല. കൂട്ടു വ്യത്യാസപ്പെടുത്തിയാൽ ആവശ്യാനുസാരം വിഭിന്നഗുണങ്ങളുള്ള പ്ലാസ്റ്റിക്കുകൾ നിർമ്മിക്കാം. കടുപ്പമുള്ളതും കനം കുറഞ്ഞതുമായ പ്ലാസ്റ്റിക്കുകൾകൊണ്ട് ഉണ്ടാക്കുന്ന മേശ, കസാല, മുതലായ സാധനങ്ങൾ പ്രചാരത്തിൽ വരുന്ന കാലം വിദൂരത്തല്ല. വീടിന്റെ ചുമരും വാതിലും മേൽപ്പുരയും എല്ലാം അചിരേണ പ്ലാസ്റ്റിക്കായിത്തീർന്നേയ്ക്കാം. അങ്ങനെയായാൽ ഒരു സ്ഥലത്തുനിന്ന് വേറൊരു സ്ഥലത്തേയ്ക്ക് ജോലി മാറ്റമുണ്ടാകുമ്പോൾ വീട്ടുസാമാനങ്ങൾ കെട്ടിക്കൊണ്ടുപോകുന്നതുപോലെ വീടും കെട്ടിക്കൊണ്ടുപോകാം. എന്തൊരു സൗകര്യം! പ്ലാസ്റ്റിക്കു വീടുകൾക്കു വെള്ളയടിക്കേണ്ട; ചായം പൂശുകയും വേണ്ട. കഴുകി വൃത്തിയാക്കാൻ വളരെ എളുപ്പമുണ്ടുതാനും.

ഇങ്ങനെയെല്ലാമാണെങ്കിലും പ്ലാസ്റ്റിക്കുകൊണ്ട് ഒരു വലിയ അസൗകര്യമുണ്ട്. പ്രകൃതിയിൽനിന്നു ലഭിക്കുന്ന വസ്തുക്കൾ കാലക്രമത്തിൽ ദ്രവിച്ചു മണ്ണടിയുന്നതുപോലെ പ്ലാസ്റ്റിക്കുകൾ അത്രവേഗത്തിലൊന്നും നശിച്ചുപോകയില്ല. ഈടിന്റെ കാര്യത്തിൽ ഇതൊരു മേൻമയാണ്. എന്നാൽ ഇത് പരിസരദൂഷണത്തിന് ഇടയാക്കും എന്ന കാര്യം മറന്നുപോകരുത്. കേടുപറ്റി ഉപയോഗശൂന്യമായ പ്ലാസ്റ്റിക് സാധനങ്ങൾ ചുറ്റും കുന്നുകൂടിയാൽ അതൊരു ശല്യമായിത്തീരും! ഈ ദോഷമില്ലാത്ത പ്ലാസ്റ്റിക്കുകൾ നിർമ്മിക്കുന്ന കാര്യത്തിൽ ശാസ്ത്രജ്ഞൻമാരുടെ ശ്രദ്ധ പതിഞ്ഞിരിക്കുന്നു.

### പദങ്ങൾ

വസ്തുത, സാർവത്രികം, സുതാര്യം, വിലാസം, ടെറിലിൻ, പ്രകൃതിസിദ്ധം, രാസവസ്തു, അമ്ലം, മൂലകം, സംയുക്തം, പരിണമിക്കുക, ആവശ്യാനുസാരം, പരിസരദൂഷണം.

### ശൈലികൾ

മണ്ണടിയുക, കുന്നുകൂടുക.

### അഭ്യാസം

1. വിഗ്രഹാർത്ഥം പറയുക:
   പ്രകൃതിസിദ്ധം, ജീവിതസാമഗ്രികൾ, ഗൃഹോപകരണങ്ങൾ, ആധുനികശാസ്ത്രം, വിഭിന്നഗുണങ്ങൾ, ആവശ്യാനുസാരം, പരിസരദൂഷണം.

II. വാക്യത്തിൽ ഉപയോഗിക്കുക:

സാർവത്രികം, വസ്തുത, വിലാസം, ആവശ്യാനുസാരം, പരിസരദൂഷണം, മണ്ണൂടിയുക, കുന്നുകൂടുക, പ്രകൃതിസിദ്ധം.

III. വിപരീതപദം പറയുക:

കൃത്രിമം, പ്രിയം, ദൂഷണം, ആവശ്യം.

IV. കാരിതകൃതികളെയും അകാരിതകൃതികളെയും വേർതിരിക്കുക:

നോക്കുക, നനയുക, ഇരിക്കുക, തെളിയിക്കുക, നിർമ്മിക്കുക, ഉണ്ടാക്കുക, എടുക്കുക, തകരുക, കൈയേറുക, ഉരുക്കുക, പരിണമിക്കുക.

V. (1) ഇതൊരു പ്ലാസ്റ്റിക്യുഗമാണ്—എന്തുകൊണ്ട്?

(2) പ്ലാസ്റ്റിക് എന്നാൽ എന്ത്?

(3) പ്രകൃതിയിൽനിന്ന് നേരിട്ടുലഭിക്കുന്ന പ്ലാസ്റ്റിക്കുകൾക്ക് രണ്ട് ഉദാഹരണം പറയുക.

(4) എങ്ങനെയാണ് പലതരം പ്ലാസ്റ്റിക്കുകൾ ഉണ്ടാക്കുന്നത്?

(5) പ്ലാസ്റ്റിക്കുകളിലെല്ലാം പൊതുവായി കാണുന്ന മൂലകംഏത്?

(6) പ്ലാസ്റ്റിക്കുകൾക്കുള്ള ദോഷമെന്ത്?

(7) തെർമോ പ്ലാസ്റ്റിക്കിനും തെർമോ സെറ്റിങ്ങ് പ്ലാസ്റ്റിക്കിനും തമ്മിലുള്ള വ്യത്യാസമെന്ത്?

(8) പ്ലാസ്റ്റിക്കിന്റെ ഗുണങ്ങളും ഉപയോഗങ്ങളും സംഗ്രഹിച്ച രണ്ടു ഖണ്ഡികയിൽ പ്രതിപാദിക്കുക.

---

പാഠം 13

# കീശനോടേല്പാൻ

''രാവണനെന്നതുകേൾക്കുന്നേരം
ദേവകളൊക്കെ വിറച്ചീടുന്നു.
കേവലമിഹ ഞാൻ ഭദ്രം പറക—
ല്ലേവർക്കും ഭയമുണ്ടിഹ നിന്നെ.
എങ്കിലുമുണ്ടൊരു വാർത്തകളിപ്പോൾ
ലങ്കാധിപതേ, നിന്നൊടുണർത്താൻ.
ശങ്കയുമുണ്ടതു പറവതിനും ശിവ—
ശങ്കര! യെന്നതുമാത്രം പറയാം.
വാനവർവരനുടെ മകനായിട്ടൊരു
വാനരനുണ്ടീ ഭുവനതലത്തിൽ.

നാനാജനവും മാനിക്കുന്ന ഭ—
വാനെക്കൊണ്ടു ദുഷിച്ചീടുന്നു !
ആശരവരനാം നിന്നെക്കൊണ്ടൊരു
കീശൻ വളരെ ഹസിച്ചീടുന്നു !
നാശമവനു വരുത്തീടാഞ്ഞാൽ
മോശം നിന്നുടെ കാര്യമശേഷം.
കല്യനവൻ പറയുംമൊഴി നിന്നൊടു
ചൊല്ലുവതിന്നു ഭയം കുറെയുണ്ട്.
'പുല്ലുമെനിയ്ക്കു ദശാസ്യനുമൊക്കു' മി—
തെല്ലാമവനുമുരച്ചീടുന്നു.
നല്ലൊരുവടികൊണ്ടവനെത്തല്ലി—
പ്പല്ലുകളൊക്കെയുതിർത്തുടനവനുടെ—
യെല്ലുകളുള്ളതിടിച്ചുനുറുക്കി
കൊല്ലാക്കൊല ചെയ്തവനുടെയരയിൽ
നല്ലൊരു വള്ളി വലിച്ചുമുറുക്കീ
ട്ടെല്ലായിടവും കൊണ്ടുനടക്കണ—
മല്ലാതെകണ്ടവനുടെ ഗർവുക—
ളെല്ലാമിന്നു ശമിക്കുകയില്ലാ.
ഇക്കഥപലരും കേൾക്കുംമുമ്പെ
വെക്കംചെന്നു പിടിച്ചുനമുക്കാ—
മർക്കടവീരനെ നമ്മുടെ ലങ്കയി—
ലാക്കണമതിനു ഗമിക്കണമധുനാ.
മൂക്കുതുളച്ചൊരു ചരടും കോർത്താ—
ക്കാൽക്കുമരയ്ക്കും ചങ്ങലയിട്ടൊരു
മുക്കിൽപ്പെരിയൊരു കുറ്റിതറച്ചു
തളയ്ക്കണമെന്നേ മതിയായുള്ളൂ.
ഇക്കണ്ട കിടാങ്ങൾക്കു കളിപ്പാ—
നക്കപി കൊള്ളാമെന്നു ധരിക്ക.
ഇക്ഷണമതിനു പുറപ്പെട്ടീടുക
രാക്ഷസകുലമൗലേ മടിയാതെ !''

..................................

''ഇത്ഥം ബാഹുപരാക്രമമുള്ളൊരു
നക്തഞ്ചരനാം നമ്മെ ദുഷിക്കും

ശക്തനതാകും വാനരവരനോ–
ടുത്തരമിന്നിഹ ചോദിക്കേണം.
കൊണ്ടോ തേരും കുതിരയുമാശര–
കുഞ്ജൻമാരെ, സപദി നടപ്പിൻ.
വേണ്ടുംപടയുടെ കോപ്പുമെടുത്തഥ
മണ്ടിനടപ്പിൻ മടികൂടാതെ.
അണ്ടർകുലേശ്വരനന്ദനനായി–
ട്ടുണ്ടൊരു വാനരനൊരു ദിശി, യീദശ–
കണ്ഠൻതന്നെ കൂട്ടാക്കാതെ,
തണ്ടുകളോരോന്നുര ചെയ്യുന്നു.
ശണ്ഠ തുടങ്ങണമവനൊടു വാനര–
കണ്ടകനെക്കൊലചെയ്യണമിപ്പോൾ.
വെക്കം രാക്ഷസരൊക്കെ നടപ്പിൻ
തക്കംനോക്കീട്ടവനൊടടുപ്പിൻ.
മർക്കടവരനെത്തല്ലിക്കൊന്നു തി–
രിക്കണമതിനു ഗമിക്കണമധുനാ.''
ഇത്തരമുരചെയ്തത്തലകന്നുക–
രത്തിലെടുത്തു പിടിച്ചു കൃപാണം.
ഉത്ഥാനം ചെയ്യുമ്പോളവനോ–
ടിത്ഥം കിമപി പറഞ്ഞു മുനീന്ദ്രൻ:
''എന്തൊരുവിധമിതു പംക്തിമുഖാ, തവ
ഭ്രാന്തു പിടിച്ചവനെന്ന കണക്കെ.
സ്വാന്തേതങ്ങടെ കരബലമൊന്നും
ചിന്തിക്കാതെ പറഞ്ഞീടുന്നു!
ഉൽക്കട വീര്യനതെങ്കിലുമിന്നൊരു
മർക്കടകീടനെയങ്ങുജയിപ്പാൻ
രാക്ഷസരൊക്കെ നടക്കണമെന്നതി–
രൂക്ഷതയോടു പറഞ്ഞതുമുചിതം.
ആയുധപാണികളായിട്ടൊരു പതി–
നായിരമാളുകളോടിട ചേർന്ന്.
പോയീടുന്നതുകൊള്ളാം പുനരുട–
നായോധനമൊരു വാനരനോട്.
ഈവകയൊന്നും പറയരുതെ മമ–
രാവണ! ചേരുകയില്ല നിനക്ക്.

സേവൻമാരാം ഞങ്ങരംക്കും പുന–
രേവം വാക്കുകളുചിതവുമല്ലാ.
വില്ലും വേണ്ടാ, ശരവും വേണ്ടാ,
വില്ലാളികളിവരാരും വേണ്ടാ,
നല്ലപരാക്രമമുള്ള ഭവാനൊരു
പുല്ലും സംപ്രതി ബാലിയുമൊക്കും.
കീശനൊടേല്പാനായുധമായതു
പാശമതെന്നു ധരിച്ചീടേണം.''

ബാലിവിജയം തുള്ളൽ ] [ കുഞ്ചൻനമ്പ്യാർ

## അഭ്യാസം

1. 'ശങ്കയുമുണ്ടതു പറവതിനും' എന്താണ് ശങ്കയ്ക്കു കാരണം?
2. 'വാനവർ വരനുടെ മകനായിട്ടൊരു വാനരനുണ്ടീ ഭുവനതലത്തിൽ', എന്തിനാണ് ബാലിയുടെ അച്ഛൻ ആരെന്ന കാര്യം നാരദൻ ഈ സന്ദർഭത്തിൽ പറയുന്നത്?
   ഈ സൂത്രം ഫലിച്ചുവെന്നു കാണിക്കുന്ന ഭാഗം രാവണൻെറ വാക്കുകളിൽനിന്ന് ഉദ്ധരിക്കുക.
3. ''ആശരവരനാം നിന്നെക്കൊണ്ടൊരു
   കീശൻ വളരെ ഹസിച്ചീടുന്നു.''—കുരങ്ങനുള്ള പല പര്യായങ്ങളിൽ 'കീശൻ' എന്തിനു തെരഞ്ഞെടുത്തു?
4. ''വാനവർ വരനുടെ മകനായിട്ടൊരു
   വാനരനുണ്ടീ ഭുവനതലത്തിൽ''—'വാനവർവരൻ, വാനരൻ' എന്നീ പദങ്ങരംതന്നെ പ്രയോഗിച്ചതെന്തിന്?
5. 'നമ്മുടെ ലങ്കയിൽ'—'നമ്മുടെ' എന്ന പദം ചേർത്തതെന്തിന്?
6. 'രാക്ഷസകുണ്ഠൻമാരെ'—ഈ പദം എന്തു ഭാവത്തെയാണ് സൂചിപ്പിക്കുന്നത്?
7. രാവണനെ ഒറ്റയ്ക്ക് ബാലിയുടെ നേരേ പോരിന്നിറക്കാൻ നാരദൻ പ്രയോഗിക്കുന്ന സൂത്രമെന്ത്?
8. തൻമയത്വമുള്ള വർണ്ണനയ്ക്ക് ഉദാഹരണമായി ഏതു വരികരം ഉദ്ധരിക്കാം?
9. ''പ്രാസംകൊണ്ടു കളിക്കാൻ കുഞ്ചൻനമ്പ്യാർക്ക് ഒരു പ്രയാസവുമില്ല.'' ഉദാഹരണങ്ങരം എടുത്തു കാണിക്കുക.

## പ്രവർത്തനം

1. ഈ ഭാഗം തുള്ളലായി അരങ്ങേറ്റുക.
2. ഈ ഭാഗംതന്നെ നൃത്തനാടകമായി അഭിനയിക്കുക.

പാഠം 14

# ഡോക്ടർ ചെമ്പകരാമൻ പിള്ള

ഒന്നാം ലോകമഹായുദ്ധകാലത്ത് (1914–1918) ജർമ്മനിയിൽ വസിച്ചിരുന്ന ഭാരതീയരായ ദേശാഭിമാനികളെ സംഘടിപ്പിച്ച് ഭാരതസ്വാതന്ത്ര്യം നേടാൻ തീവ്രയത്നം ചെയ്ത വിപ്ലവകാരികളിൽ പ്രമുഖനാണ് ഡോക്ടർ ചെമ്പകരാമൻപിള്ള.

ചെമ്പകരാമൻ 1891 സെപ്റ്റംബർ 15–ാം തീയതി തിരുവനന്തപുരത്ത് ജനിച്ചു. അച്ഛൻ ചിന്നസ്വാമിപ്പിള്ള തിരുവിതാംകൂർ പോലീസ് വകുപ്പിൽ ഒരു ഹെഡ്കാൺസ്റ്റബിൾ ആയിരുന്നു. കൊട്ടാരം ഡോക്ടറായിരുന്ന പദ്മനാഭപിള്ളയുടെ പുത്രി നാഗമ്മാൾ ആയിരുന്നു അമ്മ. ഈ ദമ്പതിമാരുടെ പ്രഥമസന്താനമായി കഥാപുരുഷൻ ജനിച്ചു.

ജൻമഗൃഹത്തിനടുത്തുള്ള ഒരു പ്രാഥമിക വിദ്യാലയത്തിലാണ് ചെമ്പകരാമൻെറ വിദ്യാഭ്യാസം ആരംഭിച്ചത്. പിന്നെ തിരുവനന്തപുരത്തെ രാജകീയഹൈസ്കൂളിൽ ചേർന്നു പഠിച്ചു. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽവച്ച് ആ ബാലൻ ഇംഗ്ലീഷിലും ചരിത്രത്തിലും സവിശേഷമായ സാമർത്ഥ്യം പ്രദർശിപ്പിച്ചു. മാതൃകാദ്ധ്യാപകനും പ്രശസ്ത പണ്ഡിതനുമായിരുന്ന റാവുസാഹിബ് ഓ. എം. ചെറിയാൻ തൻെറ ശിഷ്യനായിരുന്ന ചെമ്പകരാമനെപ്പറ്റി പിൽക്കാലത്ത് മനോരമയിൽ ചില സ്മരണകൾ എഴുതുകയുണ്ടായി. അതിലൊന്നു പ്രത്യേകം സ്മരണീയമാണ്.

ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന കാലത്ത് ഒരിക്കൽ ചെമ്പകരാമൻപിള്ള പിതാവോടൊത്ത് ഓ. എം. ചെറിയാൻെറ ഗൃഹത്തിൽ ചെന്നു. പുത്രനെ സംബന്ധിച്ച് പെട്ടെന്നുണ്ടായ ഒരു പ്രശ്നത്തിൽ ഗുരുനാഥൻെറ ഉപദേശം തേടുകയായിരുന്നു പിതാവിൻെറ സന്ദർശനോദ്ദേശ്യം. അക്കാലത്ത് തിരുവനന്തപുരം നഗരവീഥികളിൽ അലഞ്ഞുനടന്നിരുന്ന ഒരു വെള്ളക്കാരൻ പലരുടെയും ശ്രദ്ധ ആകർഷിച്ചിരുന്നു. സ്ട്രിക്ക്ലാൻഡ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ആ സായ്വിൻെറ പൂർണ്ണവിവരങ്ങൾ ആർക്കും അറിയാമായിരുന്നില്ല. എങ്കിലും ജന്തുശാസ്ത്രത്തിൽ അദ്ദേഹത്തിന് പ്രത്യേകം താത്പര്യമുള്ളതായി പലരും ധരിച്ചിരുന്നു. പാമ്പ്, അരണ, തേൾ മുതലായ ജന്തുക്കളെ പിടിച്ചുവളർത്തുന്നതിന് അദ്ദേഹം പലപ്പോഴും

ചെമ്പകരാമൻ പിള്ളയെപ്പോലെയുള്ള വിദ്യാർത്ഥികളുടെ സഹായം തേടിപ്പോന്നു. അങ്ങനെ ചെമ്പകരാമനും സഹപാഠിയായ ഒരു പദ്മനാഭനും ധ്വരയുടെ പ്രത്യേകവാത്സല്യത്തിനു പാത്രമായി. സായ്‌വിന്റെ വേഷവും നടത്തവും മറ്റും കേവലം അപരിഷ്കൃതമായിരുന്നു. മുഷിഞ്ഞ കുപ്പായം, അയഞ്ഞുതൂങ്ങിയ കാലുറ, ചായംപൂശി മിനുപ്പിക്കാത്ത പാദരക്ഷ, സാമാന്യം വലുതായൊരു കുടയും—ഇതായിരുന്നു അദ്ദേഹത്തിന്റെ വേഷം. അജ്ഞാതചരിത്രനും വിചിത്രവേഷനും ആയ ധ്വര നാട്ടിലേക്കു മടങ്ങുകയാണെന്നും ചെമ്പകരാമനെയും പദ്മനാഭനെയും തന്റെകൂടെ കൂട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നുവെന്നും അറിഞ്ഞപ്പോഴാണ് പിതാവ് ചെമ്പകരാമനൊത്ത് ഗുരുസന്നിധിയിൽ എത്തിയത്. ചെറിയാൻ അവർകൾ സ്ട്രിക്ക്ലാൻഡിന്റെ കൂടെ കുട്ടിയെ അയക്കുന്നതിൽ അനുകൂലാഭിപ്രായക്കാരനായിരുന്നു. ധ്വര പുറമെ കാണുന്നതുപോലെ കേവലം സാധാരണനല്ലെന്നും അദ്ദേഹത്തിന്റെ കൂടെ പോകുന്നത് ചെമ്പകരാമനു ശ്രേയസ്കരമായിരിക്കുമെന്നും ചെറിയാൻ ഉപദേശിച്ചു.

ചെമ്പകരാമനും പദ്മനാഭനും സായ്‌വിനോടൊന്നിച്ച് തിരുവനന്തപുരത്തുനിന്ന് കൊളംബിലേക്ക് തിരിച്ചു. എന്നാൽ പദ്മനാഭൻ അവിടെനിന്ന് സ്വദേശത്തേക്ക് മടങ്ങുകയാണുചെയ്തത്. സ്ട്രിക്ക്ലാൻഡും ചെമ്പകരാമൻപിള്ളയുംകൂടി കൊളംബിൽനിന്ന് ഇറ്റലിയിലേക്ക് പോയി. സായ്‌വ് ചെമ്പകരാമനെ അവിടെയുള്ള സ്കൂൾ ഓഫ് ലാംഗ്വേജ് എന്ന വിദ്യാലയത്തിൽ ചേർത്തു. സായ്‌വ് ധനവാനും, കഴിവുറ്റവനുമാണെന്ന് യൂറോപ്യൻ പര്യടനത്തിനിടയിൽ ചെമ്പകരാമൻ മനസ്സിലാക്കി. അദ്ദേഹം ബ്രിട്ടീഷ് ഗവൺമെന്റിനെതിരായി പ്രവർത്തിച്ചിരുന്ന ഒരു ജർമ്മൻ ചാരനാണെന്നും ഗ്രഹിക്കാനിടയായി.

അചിരേണ ധ്വരയോടുകൂടി ചെമ്പകരാമൻ ജർമ്മനിയിലെത്തി. ബെർളിൻ സർവ്വകലാശാലയിൽ ചേർന്ന് ധനതത്ത്വശാസ്ത്രം, എഞ്ചിനീയറിംഗ് എന്നീ വിഷയങ്ങൾ അഭ്യസിച്ചു. അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത് സായ്‌വ് തന്നെയായിരുന്നു.

ബെർളിനിലെ അന്തരീക്ഷം ചെമ്പകരാമന്റെ താത്പര്യങ്ങളെയും പ്രവർത്തനരംഗത്തെയും വിശാലതരമാക്കിത്തീർത്തു. ആ

യുവാവ് ജൻമനാ സ്വാതന്ത്ര്യേച്ഛുവായിരുന്നതിനാൽ പഠിത്തത്തിലെന്നപോലെ രാഷ്ട്രീയരംഗത്തും പ്രവർത്തിക്കാൻ തുടങ്ങി. ബംഗാൾ വിഭജനത്തിനുശേഷം ഇന്ത്യയിലുണ്ടായ രാഷ്ട്രീയാസ്വാസ്ഥ്യങ്ങളുടെ മാറ്റൊലി ഇന്ത്യയ്ക്കു വെളിയിൽ ഏറ്റവും കൂടുതൽ മുഴങ്ങിക്കേട്ടത് ബെർളിനിലായിരുന്നു. സ്വന്തം രാജ്യത്ത് വിപ്ലവപ്രസ്ഥാനങ്ങളുമായി മുന്നോട്ടുപോകാൻ പ്രയാസം നേരിട്ട പല ഭാരതീയയുവാക്കളും ബെർളിനിൽ അന്നു താവളമടിച്ചിരുന്നു. അവരിൽ ചിലരാണ് വീരേന്ദ്രനാഥ ചതോപാദ്ധ്യായ (സരോജിനി നായിഡുവിന്റെ സഹോദരൻ) ലാലാഹർദയാൽ, ഭൂപേന്ദ്രനാഥ്ദത്ത്, ഡോക്ടർ പ്രഭാകർ എന്നിവർ. 1914—ൽ ചെമ്പകരാമൻ അവരുടെ അണികളിൽ ചേർന്നു. ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ അവരുടെ ഉന്മേഷം വർദ്ധിച്ചു. ജർമ്മൻകാർ ഈ വിപ്ലവകാരികളെ പല വിധത്തിലും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു.

ഇതിനകം ചെമ്പകരാമൻപിള്ള എഞ്ചിനീയറിംഗിലും പൊളിറ്റിക്കൽ എക്കണോമിക്സിലും ഡോക്ടറേറ്റുബിരുദം സമ്പാദിച്ചിരുന്നു. വിപ്ലവകാരികൾ പ്രോ ഇൻഡ്യാ ഇൻറർനാഷണൽ എന്നൊരു സംഘടന ആരംഭിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ നടത്തിയിരുന്ന പത്രത്തിൽ ഭാരതസ്വാതന്ത്ര്യ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ ഡോ. പിള്ള പതിവായി എഴുതിപ്പോന്നു.

യുദ്ധകാലത്ത് ഡോക്ടർ പിള്ളയുടെ സേവനം ജർമ്മൻ ഗവൺമെൻറ് പ്രയോജനപ്പെടുത്തി. അക്കാലത്ത് മദ്രാസ് തുറമുഖത്ത് പ്രത്യക്ഷപ്പെട്ട എംഡൻ എന്ന മുങ്ങിക്കപ്പൽ ബ്രിട്ടീഷ് നാവികശക്തിക്ക് ഒരു പേടിസ്സ്വപ്നമായിത്തീർന്നു. ആ കപ്പലിലെ രണ്ടാം മേധാവി ചെമ്പകരാമനായിരുന്നു.

യൂറോപ്പിൽ പല ഭാഗത്തുമായി പാർത്തിരുന്ന സ്വാതന്ത്ര്യേച്ഛുക്കളായ ഭാരതീയരെയും, യുദ്ധത്തിൽ ജർമ്മൻകാർ തടവുകാരായി പിടിച്ച ഇന്ത്യൻ ഭടൻമാരെയും ചേർത്ത് ബെർളിനിൽ ഇൻഡ്യൻ നാഷണൽ വോളൻറിയർ കോർ എന്ന സംഘടന രൂപവത്ക്കരിക്കുന്നതിൽ ഡോക്ടർ പിള്ളയ്ക്ക് വലിയ പങ്കുണ്ടായിരുന്നു. 1919—ൽ കഥാപുരുഷൻ സഹപ്രവർത്തകൻമാരോടുകൂടി കാബൂളിലെത്തി. സ്വതന്ത്രഭാരതസർക്കാരിന്റെ താൽക്കാലികാസ്ഥാനം അവിടെ ഉറപ്പിച്ചു. രാജാമഹേന്ദ്രപ്രതാപായിരുന്നു സ്വതന്ത്രഭാരതഗവൺമെൻറിന്റെ പ്രസിഡൻറ്,

മുഹമ്മദ്ബർക്കത്തുള്ള പ്രധാനമന്ത്രിയും. ഡോക്ടർ പിള്ള വിദേശമന്ത്രിയായി നിയമിക്കപ്പെട്ടു. ജർമ്മനിയിൽനിന്ന് ഇൻഡ്യൻ നാഷണൽ വോളൻറിയർ കോർ കാബൂളിലെത്തിയാൽ ഉടൻ ഇൻഡ്യയിലേക്കു കടന്ന് ഭാരതസ്വാതന്ത്ര്യം പ്രഖ്യാപിക്കാമെന്നായിരുന്നു അവരുടെ ഉദ്ദേശ്യം. ഇതറിഞ്ഞ ബ്രിട്ടീഷ് ഗവൺമെൻറ് വിപ്ലവകാരികളെ പുറത്താക്കാൻ അഫ്ഘാനിസ്ഥാൻ ഗവൺമെൻറിന് അന്ത്യശാസനം നൽകി.

പ്രതീക്ഷിച്ചതുപോലെ ജർമ്മൻകാർ യൂറോപ്പിലെ യുദ്ധമുന്നണിയിൽ വിജയിച്ചില്ല. സ്വതന്ത്രഭാരത ഗവൺമെൻറുമായി സഹകരിക്കാമെന്ന പ്രതിജ്ഞ പാലിക്കാൻ ജർമ്മൻകാർക്കു തൻമൂലം സാധിച്ചില്ല. ഒരു ജർമ്മൻ സൈന്യവിഭാഗത്തോടുകൂടി തുർക്കിയുടെ അതിർത്തിയിൽ എത്തിയിരുന്ന ഇൻഡ്യൻ വോളൻറീയർ കോറിനെ ബ്രിട്ടീഷ് സേന എതിർത്തു പരാജയപ്പെടുത്തി; പലരെയും തടവുകാരായി പിടിക്കുകയും ചെയ്തു. അതോടുകൂടി സ്വതന്ത്രഭാരത ഗവൺമെൻറ് തിരോധാനം ചെയ്തു.

യുദ്ധത്തിൻെറ അവസാനത്തിൽ ജർമ്മനിയിൽ മടങ്ങിയെത്തിയ ചെമ്പകരാമൻ പിള്ളയ്ക്ക് ജർമ്മൻ ജനത വീരോചിതമായ സ്വീകരണം നൽകി. അനന്തരം അദ്ദേഹം പരാധീനരാഷ്ട്രങ്ങളിലെ ജനങ്ങളെ സഹായിക്കുവാൻവേണ്ടി ഒരു സംഘടന രൂപവൽക്കരിച്ചു. 1928–നിടയ്ക്ക് അദ്ദേഹം നേതാജി സുഭാഷ് ചന്ദ്രബോസുമായി ബന്ധപ്പെട്ടു. അപ്പോഴാണ് മണിപ്പൂരുകാരിയായ ലക്ഷ്മീഭായിയുമായി അദ്ദേഹം പരിചയപ്പെട്ടത്. ആ പരിചയം വളർന്ന് വിവാഹത്തിൽ കലാശിച്ചു.

വിധിവൈപരീത്യംകൊണ്ട് ആ ദാമ്പത്യം ദീർഘകാലം നിലനിന്നില്ല. 1933–ൽ അദ്ദേഹം രോഗഗ്രസ്തനായി. ഇതിനിടയ്ക്ക് അന്ന് ജർമ്മനിയിൽ അധികാരത്തിലിരുന്ന നാസികളുമായി അദ്ദേഹം പിണങ്ങാനുമിടയായി. അവർ പല തരത്തിൽ അദ്ദേഹത്തെ പീഡിപ്പിച്ചു. 1934 മേയ് 26–ാം തീയതി പ്രഷ്യൻ സ്റ്റേറ്റ് ഹോസ്പിറ്റലിൽവച്ച് ആ സ്വാതന്ത്ര്യസമരസേനാനി അഭീഷ്ടം സാധിക്കാതെ ഇഹലോകവാസം വെടിഞ്ഞു.

ലക്ഷ്മീഭായി വളരെ പ്രയാസപ്പെട്ട് ജർമ്മൻ അധികാരികളിൽനിന്ന് പ്രാണനാഥൻെറ ചിതാഭസ്മം നേടി ബോംബെയിലെത്തി. മുപ്പതുകൊല്ലത്തിലേറെക്കാലം അവർ അത് നിധി

പോലെ സൂക്ഷിച്ചു. 1966 സെപ്റ്റംബർ 19–ാം തീയതി ഐ.എൻ.എസ്. ദില്ലി എന്ന പടക്കപ്പലിൽ ചിതാഭസ്മം സാഘോഷം, സാദരം കേരളത്തിലേക്കു കൊണ്ടുവന്നു. ഒക്ടോബർ രണ്ടാം തീയതി കന്യാകുമാരിയിലെ പാവനതീർത്ഥത്തിൽ അത് ഒഴുക്കി.

സ്വാതന്ത്ര്യഭാരതത്തിന്റെ പൊൽപ്പതാക പാറിക്കളിക്കുന്ന കപ്പലിൽ ജൻമഭൂമിയിലേക്ക് മടങ്ങിവരാനാണ് താൻ ആഗ്രഹിക്കുന്നതെന്ന് ചരിത്ര പുരുഷൻ പലപ്പോഴും പറയുമായിരുന്നു. ആ ജീവിതാഭിലാഷം നിറവേറിയത് ഈ വിധത്തിലാണ്!

''അന്യഥാ ചിന്തിതംകാര്യം
ദൈവമന്യത്ര ചിന്തയേൽ.''

### പദങ്ങൾ

സംഘടിപ്പിക്കുക, സംഘടന, വിപ്ലവകാരി, പ്രമുഖൻ, കഥാപുരുഷൻ, സവിശേഷശ്രദ്ധ, അജ്ഞാതചരിത്രൻ, സന്നിധി, പാദരക്ഷ, പര്യടനം, ചാരൻ, ധനതത്ത്വശാസ്ത്രം, സ്വാതന്ത്ര്യച്ഛരു, രാഷ്ട്രീയാസ്വാസ്ഥ്യം, അന്ത്യശാസനം, തിരോധാനം, രൂപവൽക്കരിക്കുക, വിധിവൈപരീത്യം, രോഗഗ്രസ്തൻ, ചിതാഭസ്മം, സാഘോഷം, സാദരം, ചരിത്രപുരുഷൻ.

### ശൈലികൾ

താവളമടിക്കുക, അണികളിൽച്ചേരുക, പേടിസ്വപ്നം.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:

തീവ്രയത്നം, പ്രശസ്തപണ്ഡിതൻ, ജന്തുശാസ്ത്രം, അജ്ഞാതചരിത്രൻ, വിചിത്രവേഷൻ, ഗുരുസന്നിധി, ശ്രേയസ്കരം, പ്രവർത്തനരംഗം, ഭാരതസ്വാതന്ത്ര്യപ്രസ്ഥാനം, വിധിവൈപരീത്യം, അന്ത്യശാസനം, പരാധീനരാഷ്ട്രങ്ങൾ, രോഗഗ്രസ്തൻ, സ്വാതന്ത്ര്യസമരസേനാനി, ചിതാഭസ്മം, സാഘോഷം, ജീവിതാഭിലാഷം.

II. വാക്യത്തിൽ പ്രയോഗിക്കുക:

സംഘടന, വിപ്ലവകാരി, പ്രമുഖൻ, കഥാപുരുഷൻ, സവിശേഷം, സന്നിധി, ശ്രേയസ്കരം, പര്യടനം, ചാരൻ, അസ്വാസ്ഥ്യം, പ്രസ്ഥാനം, പ്രോത്സാഹിപ്പിക്കുക, അന്ത്യശാസനം, തിരോധാനം, രൂപവൽക്കരിക്കുക, സാഘോഷം, സാദരം, വിശാലതരം, വിശാലതമം.

III. വിപരീതപദം എഴുതുക:
തീവ്രയത്നം, പ്രശസ്തൻ, അജ്ഞാതം, അസ്വാസ്ഥ്യം, വിശാലം.

IV. ക്രിയാനാമരൂപം പറയുക:
ജനിക്കുക, പ്രദർശിപ്പിക്കുക, നേടുക, ഗ്രഹിക്കുക, മുഴങ്ങുക, വർദ്ധിക്കുക, പ്രോത്സാഹിപ്പിക്കുക, ചേരുക, ചേർക്കുക, പീഡിപ്പിക്കുക.

V. (1) ചെമ്പകരാമൻപിള്ള ജർമ്മനിയിൽപോയി വിദ്യാഭ്യാസം ചെയ്യാൻ എങ്ങനെ ഇടയായി?

(2) എപ്പോഴാണ് ചെമ്പകരാമൻ സായ്‌വിൻെറ യഥാർത്ഥാവസ്ഥ മനസ്സിലാക്കിയത്?

(3) ഓ. എം. ചെറിയാനും ചെമ്പകരാമനും തമ്മിലുള്ള ബന്ധം എന്തായിരുന്നു?

(4) ഏതു രണ്ടു വിഷയങ്ങളിലാണ് ചെമ്പകരാമൻപിള്ള ബിരുദം നേടിയത്? ഏതു സർവ്വകലാശാലയിൽനിന്ന്? എന്തു ബിരുദം?

(5) ഏതു ഗവൺമെൻറിലാണ് കഥാനായകന് വിദേശമന്ത്രിസ്ഥാനം ലഭിച്ചത്?

(6) ഇൻഡ്യൻ വോളൻറീയർ കോറിൻെറ സാഹസികപരിശ്രമങ്ങൾ എങ്ങനെ പരാജയപ്പെട്ടു?

(7) കഥാപുരുഷൻെറ ജീവിതാഭിലാഷം എന്തായിരുന്നു? അത് എത്രത്തോളം നിറവേറി? എങ്ങനെ നിറവേറി?

(8) ഡോക്ടർ ചെമ്പകരാമൻപിള്ള ചെയ്ത ദേശസേവനം സംഗ്രഹിച്ച് പത്തുവരിയിൽ പ്രതിപാദിക്കുക.

---

പാഠം 15

# അമൂല്യലോഹങ്ങൾ

ഏതാണ് ഏറ്റവും വിലകൂടിയ ലോഹം? സ്വർണ്ണം എന്നു നിങ്ങൾ പറയുമായിരിക്കും. എന്നാൽ അതിനെക്കാൾ എത്രയോ അധികം വിലപിടിച്ച ലോഹങ്ങളുണ്ട്. യുറേനിയം, റേഡിയം, പ്ലാറ്റിനം മുതലായവ. എന്താണ് അവയുടെ അമൂല്യതയ്ക്കു കാരണം? ദൗർലഭ്യവും ആവശ്യത്തിൻെറ ആധിക്യവും തന്നെ.

രണ്ടാം ലോകമഹായുദ്ധം അവസാനിപ്പിക്കുന്നതിൽ യുറേനിയം എന്ന ലോഹം ഭീകരമെങ്കിലും സാരമായ പങ്കു വഹിച്ചു.

അതിൻെറ പരമാണുക്കളെ വിഘടിപ്പിക്കുമ്പോൾ വമ്പിച്ച തോതിൽ ഊർജ്ജം ലഭിക്കുമെന്ന നൂതനശാസ്ത്രതത്ത്വമുപയോഗിച്ച് അമേരിക്കയുണ്ടാക്കിയ ആദ്യത്തെ അണുബോംബാണ് യുദ്ധത്തിനു പൂർണ്ണവിരാമമിട്ടത്. 1945—ൽ ജപ്പാനിലെ ഹിരോഷിമയിൽ ഒരു അണുബോംബു വീണു. നാഗസാക്കിയിൽ മറ്റൊന്നും. ജപ്പാൻ മാത്രമല്ല, മനുഷ്യലോകമാകെ നടുങ്ങി !

രാസപ്രവർത്തനങ്ങൾക്കു വേഗത കൂട്ടാനുള്ള ഒരു പദാർത്ഥമായി മാത്രമേ യുറേനിയം അന്നുവരെ അറിയപ്പെട്ടിരുന്നുള്ളൂ. അതിൻെറ അണുക്കളെ എളുപ്പത്തിൽ വിഘടിപ്പിക്കാമെന്നും അപ്പോൾ വലിയ ഊർജ്ജം ഉദ്ഭമിക്കപ്പെടുമെന്നും കണ്ടുപിടിച്ചതോടുകൂടി, മറ്റൊരുലോഹത്തിനുമില്ലാത്ത പ്രാധാന്യവും അമൂല്യതയും അതിനു കൈവന്നു. ഇന്ന് അണുശക്തി ഉത്പാദിപ്പിക്കുവാൻ യുറേനിയം ധാരാളമായി ഉപയോഗിച്ചുവരുന്നു.

സാന്ദ്രത കൂടിയ ഒരു വെളുത്ത ലോഹമാണ് യുറേനിയം. 1789—ൽ മാർട്ടിൻ ഹെയ്ൻറിച്ച് ക്ലാപ്പോർത്ത് ഇതു കണ്ടുപിടിച്ചു. ഈ പുതിയ മൂലകത്തിന് എന്തു പേരിടണമെന്നാലോചിച്ചപ്പോൾ എട്ടുകൊല്ലം മുമ്പുമാത്രം കണ്ടു പിടിച്ചിരുന്ന യുറാനസ് എന്ന ഗ്രഹത്തെക്കുറിച്ച് അദ്ദേഹം ഓർത്തു. അദ്ഭുതകരമായ ആ കണ്ടുപിടിത്തത്തിൻെറ സ്മാരകമായി പുതിയ മൂലകത്തിന് യുറേനിയം എന്നു പേരിട്ടു. യുറാനൈറ്റ് പിച്ച്ബ്ലെൻറ് തുടങ്ങിയുള്ള അയിരുകളെ സംസ്കരിച്ചാണ് ഈ ലോഹം എടുക്കുന്നത്. ഈ മൂലകത്തിൽനിന്ന് പ്രകാശകിരണങ്ങൾ സദാ നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നു. അതിൻെറ ഫലമായി വീര്യം ക്ഷയിച്ച് യുറേനിയം ക്രമേണ കാരീയമായി പരിണമിക്കുന്നു. അനേകസഹസ്രം വർഷങ്ങൾകൊണ്ടാണ് ഈ പരിണാമം പൂർത്തിയാകുന്നത്.

യുറേനിയത്തിൻെറ ലവണങ്ങളോടു കലർന്നു കാണപ്പെടുന്ന ഒരപൂർവ്വലോഹമാണ് റേഡിയം. പത്തു ടൺ പിച്ച്ബ്ലെൻറിൽനിന്നു ലഭിക്കുന്ന റേഡിയം അര ഔൺസ് മാത്രമാണെന്നറിയുമ്പോൾ ഈ ലോഹത്തിൻെറ ദുർലഭതയും അമൂല്യതയും അനുമാനിക്കാവുന്നതാണ്. യുറേനിയത്തിന് നിരന്തരമായി പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്ന് മുമ്പു പറഞ്ഞല്ലോ. ഈ പരിണാമത്തിന്നിടയിൽ പല പുതിയ മൂലകങ്ങളും സംജാതമാകുന്നു. അതിലൊന്നാണ് റേഡിയം.

അതിനാലാണ് യുറേനിയത്തിൻെറ സാന്നിധ്യമുള്ള ധാതുക്കളിൽ റേഡിയവും കണ്ടുവരുന്നത്.

1898—ൽ മാഡംക്യൂറിയെന്ന ഫ്രഞ്ച് ശാസ്ത്രജ്ഞ ഈ ലോഹം കണ്ടുപിടിച്ചു. അതുവഴി ശാസ്ത്രപുരോഗതിയിൽ അവരൊരു നാഴികക്കല്ലു നാട്ടി. ഒരു മൂലകത്തെ മറ്റൊന്നാക്കി മാറ്റാൻ സാധിക്കുകയില്ല എന്നായിരുന്നു അടുത്തകാലംവരെ ശാസ്ത്രജ്ഞൻമാർ വിശ്വസിച്ചിരുന്നത്. റേഡിയം കണ്ടുപിടിക്കപ്പെട്ടതോടുകൂടി ഈ സിദ്ധാന്തം ഉപേക്ഷിക്കപ്പെട്ടു. യുറേനിയത്തിൻെറ പരിണാമഫലമാണല്ലോ റേഡിയം.

ശുദ്ധമായ റേഡിയം തിളക്കമുള്ള ഒരു വെളുത്ത ലോഹമാണ്. ഇരുട്ടിലും അതു പ്രകാശിക്കുന്നു. തുറന്ന സ്ഥലത്തു വയ്ക്കുമ്പോൾ അതിന് വർണ്ണഭേദം വരുന്നു. യുറേനിയത്തെപ്പോലെ തേജഃകിരണങ്ങളെ നിരന്തരമായി ഉദ്വമിക്കുന്നതിനാൽ കാലക്രമത്തിൽ ഇതും കാരീയമായിത്തീരുന്നു. റേഡിയത്തിൽ നിന്ന് ഉദ്ഗമിക്കുന്ന രശ്മികൾ അത്യുഗ്രങ്ങളാകയാൽ ശരീരത്തിന് അതീവഹാനികരമാണ്. അതിനാൽ വളരെ ശ്രദ്ധയോടെ കൈകാര്യംചെയ്യേണ്ട ഒരു ലോഹമാണ് റേഡിയം.

റേഡിയം വൈദ്യലോകത്തിൽ പല അദ്ഭുതങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. മാറാരോഗങ്ങളാണെന്നു കരുതിപ്പോന്നിരുന്ന പലതും റേഡിയം ചികിത്സകൊണ്ട് ശമിപ്പിക്കാൻ ഇന്നു സാധിക്കുന്നു. ത്വഗ്രോഗചികിത്സയിൽ റേഡിയത്തിന് ഗണ്യമായ സ്ഥാനം കൈവന്നിട്ടുണ്ട്. കണ്ഠനാളത്തെയും മറ്റും ബാധിക്കുന്ന അർബ്ബുദരോഗത്തിൻെറ ചികിത്സയിൽ ശസ്ത്രക്രിയ അത്ര സുകരമല്ല. റേഡിയം ചികിത്സയാണ് അതിനു പറ്റിയത്. രോഗം ബാധിച്ച ശരീരകോശങ്ങളെ റേഡിയം രശ്മികൾ ഏൽപ്പിച്ച് എളുപ്പത്തിൽ കരിച്ചുകളയാം. ഇതിന്നായി റേഡിയംകൊണ്ടു നിർമ്മിച്ച കൊച്ചു സൂചികൾ ഉപയോഗിക്കുന്നു.

മറ്റൊരു അമൂല്യലോഹമായ പ്ലാറ്റിനത്തിൻെറ നിറവും വെളുപ്പാണ്. അസാധാരണമായ ചില ഗുണവിശേഷങ്ങൾ നിമിത്തം ലോഹങ്ങൾക്കിടയിൽ ഇതിന്നും മാന്യസ്ഥാനം ലഭിച്ചിരിക്കുന്നു. സാധാരണ അമ്ലങ്ങളുടെ പ്രവർത്തനമോ വായുസമ്പർക്കമോ മറ്റു ലോഹങ്ങളെ എന്നപോലെ, പ്ലാറ്റിനത്തെ ബാധിക്കുന്നില്ല. അതിനാൽ 'കുലീന'മായ ഒരു ലോഹമായി ഇതിനെ പരിഗണിക്കുന്നു. ഉയർന്ന താപനിലയിലേ പ്ലാറ്റിനം ഉരുകുകയുള്ളൂ. അതിനാൽ പരീക്ഷണശാലകളിൽ രാസപഠനങ്ങൾക്കു

വേണ്ടിയുള്ള ഉപകരണങ്ങൾ നിർമ്മിക്കാൻ പ്ലാറ്റിനം ഉപയോഗിക്കുന്നു. അതിനുപുറമേ പല രാസപ്രവർത്തനങ്ങളെയും ത്വരിതമാക്കാനും പ്ലാറ്റിനം പ്രയോജനപ്പെടുന്നു.

പ്ലാറ്റിനത്തിൻെറ വർണ്ണശോഭ ആകർഷകമാണ്. ഇച്ഛാനുസാരം ഈ ലോഹത്തെ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യാം. അടിച്ചുപരത്താനും നേരിയ കമ്പികളാക്കാനും കഴിയും. അതിനാൽ ആഭരണനിർമ്മാണത്തിലും ഈ ലോഹത്തിന് ഗണ്യമായ സ്ഥാനം ലഭിച്ചിരിക്കുന്നു.

ആസ്ട്രേലിയ, കൊളമ്പിയ, കാലിഫോർണിയ, ദക്ഷിണാഫ്രിക്കാ എന്നീ പ്രദേശങ്ങളിൽ പ്ലാറ്റിനം നിക്ഷേപങ്ങളുണ്ട്. ഭൂഗർഭത്തിൽ ഇനിയും എവിടെയെല്ലാമാണ് ഈ നിധി ഒളിഞ്ഞുകിടക്കുന്നതെന്ന് ആരറിഞ്ഞു! ഭൂമി രത്നഗർഭയാണല്ലോ.

### പദങ്ങൾ

യുറേനിയം, റേഡിയം, പ്ലാറ്റിനം, അമൂല്യത, ദൗർലഭ്യം, ആധിക്യം, പരമാണു, വിഘടിപ്പിക്കുക, ഊർജ്ജം, ഉദ്വമിക്കുക, നൂതനശാസ്ത്രതത്ത്വം, രാസപ്രവർത്തനം, അണുശക്തി, ലവണം, നിരന്തരം, സംജാതമാവുക, സാന്നിധ്യം, തേജഃകിരണം, സുകരം, കുലീനം, ഗുണവിശേഷം, ത്വരിതം, ആകർഷകം, ഇച്ഛാനുസാരം, നിക്ഷേപം, രത്നഗർഭ.

### ശൈലികൾ

പൂർണ്ണവിരാമമിടുക, നാഴികക്കല്ലുനാട്ടുക, കൈകാര്യംചെയ്യുക,

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:

നൂതനശാസ്ത്രതത്ത്വം, അനേകസഹസ്രം, ശാസ്ത്രപുരോഗതി, പരിണാമഫലം, തേജഃകിരണം, അമൂല്യലോഹം, ഗുണവിശേഷങ്ങൾ, വിശേഷഗുണങ്ങൾ, ഇച്ഛാനുസാരം, രത്നഗർഭ.

II. വാക്യത്തിൽ പ്രയോഗിക്കുക:

അമൂല്യം, ആധിക്യം, നിരന്തരം, സംജാതം, സുകരം, ആകർഷകം, ഇച്ഛാനുസാരം, ത്വരിതമാക്കുക, സാന്നിധ്യം, പൂർണ്ണവിരാമമിടുക, നാഴികക്കല്ലുനാട്ടുക, കൈകാര്യം ചെയ്യുക.

III. (a) വിപരീതപദം പറയുക: ദുർലഭം, വിഘടിപ്പിക്കുക, സാന്നിധ്യം, സുകരം, ആകർഷകം.

(b) നാമവിശേഷണരൂപം പറയുക: അമൂല്യത, ദൗർലഭ്യം, ആധിക്യം, പ്രാധാന്യം.

(c) തെറ്റു തിരുത്തുക:

(1) പ്ലാറ്റിനത്തിൻെറ വർണ്ണശോഭ ആകർഷണീയമാണ്.

(2) രാസപ്രവർത്തനങ്ങൾക്ക് വേഗത കൂട്ടാനുള്ള ഒരു പദാർത്ഥമായേ യുറേനിയത്തെ അന്നുവരെ അറിയപ്പെട്ടിരുന്നുള്ളൂ.

IV. കർത്തരിപ്രയോഗമാക്കി മാറ്റുക:

റേഡിയം കണ്ടുപിടിക്കപ്പെട്ടതോടുകൂടി ഈ സിദ്ധാന്തം (ശാസ്ത്രജ്ഞൻമാരാൽ) ഉപേക്ഷിക്കപ്പെട്ടു.

കർമ്മണിപ്രയോഗമാക്കി മാറ്റുക:

യുറേനിയത്തിൻെറ സാന്നിധ്യമുള്ള ധാതുക്കളിൽ റേഡിയവും കണ്ടുവരുന്നു.

V. (1) യുറേനിയം, റേഡിയം, പ്ലാറ്റിനം ഇവയുടെ അമൂല്യതയ്ക്കു കാരണമെന്ത്?

(2) യുറേനിയത്തിൻെറ അസാധാരണമായ ഗുണവിശേഷങ്ങൾ എന്തെല്ലാം?

(3) യുറേനിയത്തിൻെറ ഉപയോഗമെന്ത്?

(4) ഏതു വർഷത്തിലാണ് യുറേനിയം കണ്ടുപിടിച്ചത്? ആരു കണ്ടുപിടിച്ചു?

(5) യുറേനിയം എന്നു പേരിടാൻ എന്താണു കാരണം?

(6) "റേഡിയം കണ്ടുപിടിക്കപ്പെട്ടതോടുകൂടി ഈ സിദ്ധാന്തം ഉപേക്ഷിക്കപ്പെട്ടു"—ഏതു സിദ്ധാന്തം? ഉപേക്ഷിക്കാൻ കാരണമെന്ത്?

(7) പ്ലാറ്റിനം നിക്ഷേപങ്ങൾ എവിടെയെല്ലാം കണ്ടെത്തിയിരിക്കുന്നു?

(8) ആരാണ് റേഡിയം കണ്ടുപിടിച്ചത്?

VI. ഓരോ ഖണ്ഡികയിൽ ചുരുക്കി പ്രതിപാദിക്കുക.

(1) സഹസ്രാബ്ദങ്ങൾകൊണ്ട് യുറേനിയത്തിനു വരുന്ന പരിണാമം.

(2) റേഡിയത്തിൻെറ ഉപയോഗങ്ങൾ

(3) പ്ലാറ്റിനത്തിൻെറ വിശേഷഗുണങ്ങളും ഉപയോഗങ്ങളും

---

പാഠം 16

# പൂമ്പൊയ്ക

നളിനങ്ങളുമാമ്പലും നിറ—
ഞ്ഞൊളിചിന്നും ജലമാർന്നതാതിടം
അളിയും കളഹംസവുംപെടും
കുളിർ പൂമ്പൊയ്കയിതെത്ര മോഹനം !

അളിമൂളി മരന്ദമുണ്ടിതാ
കളിയാടുന്നിതു പൂക്കൾതോറുമേ,
ചലവായുവുലച്ചു തണ്ടലർ—
ക്കുലമാടുന്നു മനോവിനോദനം !

മലരും പല പായലും കലർ—
ന്നലയില്ലാതെഴുമിസ്സരോവരം
ജലദങ്ങളൊടൊത്തുതാരകാ—
വലിചിന്നും ഗഗനത്തിനൊപ്പമാം.

പരമപ്രകൃതിപ്രഭാവമേ—
തൊരുവൻ തീരമണഞ്ഞുകണ്ടിടും
കരളും നയനങ്ങളും കുളിർ—
ത്തമരുന്നൂ, ഭുവിഭാഗ്യവാനവൻ !

കുസുമാഞ്ജലി ] [ കുറുവാന്തൊടി ശങ്കരനെഴുത്തച്ഛൻ.

### അഭ്യാസം

1. ഭുവി ഭാഗ്യവാനവൻ—ആരാണ് ഭാഗ്യവാൻ? എന്തുകൊണ്ട്?
2. ഭിന്നവർണ്ണങ്ങളുടെ മേളനം കൊണ്ട് പൊയ്കയ്ക്കുണ്ടാകുന്ന മനോഹരത ഏതു പദ്യത്തിലാണ് സൂചിപ്പിച്ചിരിക്കുന്നത്?
3. 'നൃത്തഗീതങ്ങൾ നടക്കുന്ന രംഗമാണ് പൊയ്ക' — ഈ ആശയം അടങ്ങിയ ശ്ലോകമേത്?
4. ''ഗഗനത്തിനൊപ്പമാം'' ഏത്? എന്തുകൊണ്ട്?
5. പൊയ്കയിലെ പായലിനെ ഏതിനോടുപമിച്ചിരിക്കുന്നു?
6. പൊയ്കയിലെ പൂക്കളെ ഏതിനോടുപമിച്ചിരിക്കുന്നു?

### പ്രവർത്തനം

ഇതേ വൃത്തത്തിൽ (രീതിയിൽ) എഴുതപ്പെട്ടിട്ടുള്ള ശ്ലോകങ്ങൾ മാത്രം ഉപയോഗിച്ച് അക്ഷരശ്ലോകമത്സരം നടത്തുക.

പാഠം 17

# ജീവന്റെ ഉല്പത്തിയും പരിണാമവും

നമ്മുടെ ആവാസരംഗമായ ഭൂമി ഒരുകാലത്ത്—കണക്കാക്കാൻ കഴിയാത്തവണ്ണം പ്രാചീനമായ ഒരു കാലത്ത്—കത്തിജ്ജ്വലിക്കുന്ന ഒരു ഗോളമായിരുന്നു. അനേകകോടി വർഷങ്ങൾകൊണ്ട് അതിന്റെ ഉപരിതലം തണുത്തുറച്ച് പാറയായി. അന്ന് ഭൂമിയിൽ ഒരിടത്തും ജീവന്റെ ഒരു സ്ഫുരണംപോലും ഉണ്ടായിരുന്നില്ല. ഇന്നത്തെ ചന്ദ്രമണ്ഡലംപോലെ നിർജ്ജീവമായ ഒരു പാറപ്പരപ്പു മാത്രമായിരുന്നു അന്നത്തെ ഭൂതലം. പിന്നീട് വളരെ വർഷങ്ങളോളം നിരന്തരമായി മഴ പെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി പാറകൾ പൊടിഞ്ഞ് മണ്ണുണ്ടായി. ആഴം കൂടിയ സ്ഥലത്ത് വെള്ളമത്രയും കെട്ടിനിന്നു. അങ്ങനെ സമുദ്രങ്ങൾ ഉണ്ടായി. ഒടുവിൽ കാർമേഘമാലകൾ അകന്നു. ആകാശം തെളിഞ്ഞു. വെളിച്ചവും ചൂടും നൽകിക്കൊണ്ട് സൂര്യൻ പ്രകാശിച്ചു. ജീവന്റെ ഉല്പത്തിക്ക് അരങ്ങൊരുങ്ങി.

അണുവിന്റെ രൂപത്തിലാണ് ജീവൻ ആദ്യം അങ്കുരിച്ചത്. സമുദ്രമായിരുന്നു അതിന്റെ ഈറ്റില്ലം. ജീവാണുക്കൾ അതിവേഗം പെരുകിപ്പെരുകിവന്നു. അവ ഒരു ലക്ഷ്യവുമില്ലാതെ ആഴിയിൽ വളരെക്കാലം അലഞ്ഞുതിരിഞ്ഞു. ഇക്കാലമത്രയും അവ ഭൂമിയിലെ പ്രതികൂലപരിതഃസ്ഥിതിയിൽ നിലനിൽക്കാനുള്ള സ്വഭാവവിശേഷങ്ങൾ വളർത്തിയെടുക്കുകയായിരുന്നു. ചിരകാലംകൊണ്ട് ചില ജീവാണുക്കൾക്ക് ജലാശയങ്ങളുടെ ഇരുളടഞ്ഞ അടിത്തട്ടിൽ തഴച്ചുവളരാനുള്ള കഴിവു കൈവന്നു. അവ വെള്ളത്തിനടിയിലെ ചേറ്റിൽ സസ്യങ്ങളായി കുരുത്തു. മറ്റു ചിലത് വിചിത്രാകൃതിയിലുള്ള ചരണങ്ങളെ ഉത്പാദിപ്പിച്ച് ജലധികളുടെ അടിയിൽ ഇഴഞ്ഞുനടക്കുന്ന ജന്തുക്കളായി മാറി. മൂന്നാമതൊരു വർഗ്ഗം ആഹാരം അന്വേഷിച്ച് ആഴിയുടെ ഉപരിതലത്തിൽ ബഹുദൂരം സഞ്ചരിക്കാനുള്ള കഴിവു നേടി. ഇവയാണ് കാലക്രമത്തിൽ മത്സ്യങ്ങളായി പരിണമിച്ചത്.

ഇതിനിടയ്ക്ക് സമുദ്രാന്തർഭാഗത്തെ സസ്യങ്ങൾ അപരിമിതമായി വളർന്നുകഴിഞ്ഞിരുന്നു. അതിനാൽ അവിടെ വലിയ തിക്കും തിരക്കും അനുഭവപ്പെട്ടു. അപ്പോൾ അവയ്ക്ക് പുതിയ വാസസ്ഥലങ്ങൾ അന്വേഷിച്ചുപോകേണ്ടിവന്നു.

INSTITUTE OF CHILDREN'S LIT... E.V.I.S. TRIVANDRUM
Date No— 929


കടലോരത്തുള്ള പാറക്കെട്ടുകളിലും ചതുപ്പുനിലങ്ങളിലും മൺതിട്ടുകളിലും അവകുടിയേറിപ്പാർത്തു. സമുദ്രം വേലിയേറ്റത്താൽ ദിനംപ്രതി രണ്ടുനേരം അവയെ ഉപ്പുവെള്ളത്തിൽ ആഴ്ത്തിപ്പോറ്റിപ്പോന്നു. മറ്റുസമയങ്ങളിൽ വെള്ളത്തിനു പകരം വായുവിൽ മുഴുകി ജീവിക്കാൻ അവ ശീലിച്ചു. പിന്നീട് വൻമരങ്ങളും വള്ളികളും ചെടിപ്പടർപ്പുകളുമായി അവ രൂപം കൊണ്ടു.

ചില മത്സ്യങ്ങളും കടൽവിട്ട് കരയ്ക്കു കയറി. വെള്ളത്തിലും കരയിലും ഒരുപോലെ ശ്വാസോച്ഛ്വാസം ചെയ്യാൻ അവ പഠിച്ചു. വെള്ളത്തിൽനിന്ന് കരയ്ക്കു കയറിയ ജീവികൾ പുതിയ പരിതഃസ്ഥിതിയിൽ ജീവിക്കാൻ പറ്റിയ വിധം സ്വന്തം ശരീരഘടനയെ പരിഷ്കരിച്ചു. ചതുപ്പുനിലങ്ങളിൽ ഇഴഞ്ഞു നടക്കാൻ ഉതകുന്ന പാദങ്ങൾ അവയ്ക്ക് ക്രമേണ ഉണ്ടായി. അങ്ങനെയാണ് ഇഴജന്തുക്കൾ ഉദ്ഭവിച്ചത്. തിന്നുതിന്ന് അവയുടെ ശരീരം വളരെ വലുതായിത്തീർന്നു. മുപ്പതും നാൽപ്പതും അടി നീളമുള്ള ഇഴജന്തുക്കൾ ആ കാലഘട്ടത്തിൽ സുലഭമായിരുന്നു. താഴെ ചേർത്തിരിക്കുന്ന ചിത്രങ്ങളും അവയെ സംബന്ധിച്ചുള്ള കുറിപ്പുകളും ചരിത്രാതീത കാലത്തെ ഭീമാകാരങ്ങളായ ഇഴ ജന്തുക്കളെക്കുറിച്ച് ഒരു സാമാന്യബോധം നൽകും.



ചിത്രം (നീണ്ട വാലും നീണ്ട കഴുത്തും ഉള്ള മൃഗം)

പണ്ടു പണ്ടേ കുലമറ്റുപോയ ഒരു ജന്തു. 28 മീറ്ററോളമാണ് അതിന്റെ നീളം.



ചിത്രം (ഇഴജന്തുവിൻെറ അസ്ഥികൂടം)

ലക്ഷോപലക്ഷം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന ഒരു ജന്തുവിൻെറ അസ്ഥികൂടം. കരയിലാണ് ഈ ജന്തു ജീവിച്ചിരുന്നത്. ആഫ്രിക്കയുടെ തെക്കേഅറ്റത്തുള്ള കേപ്കോളനിയിൽനിന്ന് കിട്ടിയതാണ് ഈ അസ്ഥികൂടം. എന്നാൽ ഇതുപോലെയുള്ളവ റഷ്യയിൽനിന്നും കുഴിച്ചെടുത്തിട്ടുണ്ട്.



ചിത്രം (ബ്രോൺടോസൊറസ്)

വംശനാശം വന്നുപോയ ബ്രോൻടോസൊരസ് (Brontosaurus). ഈ ഭീകരജന്തു ആഫ്രിക്കയിലെ വടക്കൻ റൊഡേഷ്യയിൽ ഇന്നും ജീവിച്ചിരിപ്പുള്ളതായി തദ്ദേശീയരിൽ ചിലർ വിശ്വസിക്കുന്നു. 20 മീറ്ററാണ് ഇതിന്റെ നീളം. സസ്യങ്ങൾ മാത്രമാണ് ഭക്ഷണം. വെള്ളത്തിലും കരയിലും ജീവിക്കുന്നു.

പടുകൂറ്റൻമാരായ ഇഴജന്തുക്കൾ ഒരു ദശയിൽ പെട്ടെന്ന് ചത്തൊടുങ്ങി. അത് പരിണാമചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ്. കാലാവസ്ഥയിൽ പെട്ടെന്നുണ്ടായ പ്രതികൂലമായ മാറ്റത്താൽ ഭക്ഷ്യക്ഷാമം നേരിട്ടതോ, ഇഴഞ്ഞോ നീന്തിയോ ആഹാരം തേടിപ്പോകാൻ സാധിക്കാത്തവണ്ണം ഉടൽ പെരുത്തു പോയതോ, ഏതാണ് ഇവയുടെ ഉൻമൂലനാശത്തിന് ഇടയാക്കിയത് എന്നു തീർത്തു പറയാൻ വയ്യാ. പത്തു ലക്ഷം വർഷങ്ങളോളം നീണ്ടുനിന്ന ഈ കാലഘട്ടം—ഭീമാകാരങ്ങളായ ഇഴജന്തുക്കളുടെ ദശ—പെട്ടെന്ന് അവസാനിച്ചു എന്നുമാത്രം അറിയാം. ആവശ്യത്തിനൊത്തവണ്ണം പ്രകൃതി തന്റെ സൃഷ്ടികളെ പരിഷ്കരിക്കുന്നു; ഉടച്ചുവാർക്കുന്നു. ജീവിതം ഒരു സമരമാണ്. അർഹത്തമമായതുമാത്രം ആ സമരത്തിനെ അതിജീവിക്കും. മറ്റുള്ളവ നശിച്ചുപോകും. ഇത് പ്രകൃതിയുടെ ശാശ്വതനിയമമാണ്.

ഇഴജന്തുക്കളിൽ ചിലത് ഭക്ഷണം തേടി ഇഴഞ്ഞുചെന്ന് മരങ്ങളിൽ അള്ളിപ്പിടിച്ചു കയറി. അവ അവിടെത്തന്നെ താമസമുറപ്പിച്ചു. അപ്പോൾ അവയ്ക്ക് പാദങ്ങളുടെ ആവശ്യം ഇല്ലാതായി. വൃക്ഷത്തിൽനിന്ന് വൃക്ഷത്തിലേക്ക് പറന്നു പകരാൻ പറ്റിയ ചിറകുകളാണ് അവയ്ക്കു വേണ്ടിയിരുന്നത്. അതിനാൽ അവ ശരീരത്തിന്റെ പാർശ്വങ്ങളിലെ ചർമ്മത്തെ വികസിപ്പിച്ച് മുൻകാലുകളോടുചേർത്ത് ചിറകുകളുണ്ടാക്കി. വായുവിലൂടെയുള്ള ഗതിയെ ആവശ്യംപോലെ തിരിച്ചുവിടാനുള്ള പങ്കായമായി വാലിനെ ഉപയോഗിക്കുകയും ചെയ്തു. ഈ വഴിക്കുള്ള പരിണാമം പൂർത്തിയായപ്പോൾ പലയിനം പക്ഷികൾ രൂപമെടുത്തു.

തരുലതാദികളായ സസ്യങ്ങൾ മനോഹരമായ മലരുകളും മരന്ദവും മധുരഫലങ്ങളും ഉത്പാദിപ്പിച്ച് പക്ഷികളെയും പറന്നുനടക്കുന്ന ചെറുപ്രാണികളെയും ആകർഷിച്ച് വിരുന്നൂട്ടി. സസ്യങ്ങളുടെ ബീജങ്ങളെ ലോകത്തിന്റെ നാനാഭാഗത്തുമെത്തിച്ച് ആ ജീവികൾ പ്രത്യുപകാരം ചെയ്തു. അങ്ങനെ ഭൂമി സസ്യശ്യാമളവും ജന്തുപരിപൂർണ്ണവുമായിത്തീർന്നു.

പദങ്ങൾ

ആവാസരംഗം, സ്ഫുരണം, നിർജ്ജീവം, അങ്കുരിക്കുക, ഈറ്റില്ലം, പരിതഃസ്ഥിതി, ജലധി, ചരിത്രാതീതകാലം, സാമാന്യബോധം, തദ്ദേശീയർ, അർഹത്തമം, അതിജീവിക്കുക, അള്ളിപ്പിടിക്കുക, തരുലതാദികൾ, സസ്യശ്യാമളം, ഭീമാകാരങ്ങൾ, മരന്ദം.

ശൈലികൾ

ഉടച്ചുവാർക്കുക, അരങ്ങൊരുങ്ങുക.

അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:— ആവാസരംഗം, പരിതഃസ്ഥിതി, ചരിത്രാതീതകാലം, അർഹത്തമം, ഉടച്ചുവാർക്കുക, അരങ്ങൊരുങ്ങുക.

II. വിഗ്രഹാർത്ഥം പറയുക:— സസ്യശ്യാമളം, ആവാസരംഗം, നിർജ്ജീവം, പരിതഃസ്ഥിതി, സമുദ്രാന്തർഭാഗം, ചരിത്രാതീതകാലം, സാമാന്യബോധം, തരുലതാദികൾ, ജന്തുപരിപൂർണ്ണം, ഭീമാകാരങ്ങൾ, പരിണാമചരിത്രം, ഭക്ഷ്യക്ഷാമം.

III. (a) പിരിച്ചെഴുതി സന്ധിയിൽ ഇരട്ടിച്ച വർണ്ണം ഏതെന്നു പറയുക.

(1) പാറപ്പുറപ്പ്, (2) കത്തിജ്ജ്വലിക്കുക, (3) പാറക്കെട്ട്.

(b) സന്ധിചെയ്യുക, സന്ധിയിൽ ഇരട്ടിച്ച വർണ്ണം ഏതെന്നു പറയുക:

(1) ചെടി + പടർപ്പ്, (2) അള്ളി + പിടിക്കുക, (3) വളരെ + കാലം, (4) ചേറ് + ഇൻ, (5) ശാശ്വത + നിയമം, (6) ചതുപ്പു + നിലം, (7) ശരീര + ഘടന, (8) ജന്തുക്കളെ + കുറിച്ച്, (9) പെരുകി + പെരുകി, (10) തേടി + തേടി.

(c) വർണ്ണത്തിന് ഇരട്ടിപ്പു വരുന്ന സന്ധിയുടെ പേരെന്ത്? ഏതു വർണ്ണത്തിലാണ് സന്ധിയിൽ ഇരട്ടിപ്പുവരുക?

IV. (1) എപ്പോഴാണ് ജീവന്റെ ഉത്പത്തിക്ക് അരങ്ങൊരുങ്ങിയത്?

(2) ജീവൻ ആദ്യമായി ഏതു രൂപത്തിൽ അങ്കുരിച്ചു? എവിടെ അങ്കുരിച്ചു?

(3) പടുകൂറ്റൻമാരായ ഇഴജന്തുക്കളുടെ ദശ എത്രകാലം നീണ്ടുനിന്നു? പിന്നെ അവയ്ക്കെന്തു സംഭവിച്ചു? ഇതിൽനിന്ന് അനുമാനിക്കാവുന്ന പരിണാമതത്ത്വമെന്ത്?

V. ഓരോ ഖണ്ഡികയിൽ ചുരുക്കി പ്രതിപാദിക്കുക:—

(1) കരയിലെ സസ്യങ്ങളുടെ ഉത്പത്തിയും വളർച്ചയും.

(2) ഇഴജന്തുക്കളുടെ ചരിത്രം.

(3) പക്ഷികളുടെ ഉത്പത്തി.

പാഠം 18

# മൃഗവർഗ്ഗത്തിൻെറ പരിണാമം


മത്സ്യങ്ങൾ, ഇഴജന്തുക്കൾ, പക്ഷികൾ ഇവയ്ക്കു പുറമേ ബഹുവിധമായ മൃഗങ്ങളും കാലക്രമത്തിൽ ആവിർഭവിച്ചു. പല കുടുംബങ്ങൾ, ഒരേ കുടുംബത്തിൽ പല ജാതികൾ, ഒരേ ജാതിയിൽ പല ഇനങ്ങൾ ഇങ്ങനെ ജന്തുക്കൾ പെറ്റുപെരുകി. അനേകലക്ഷം വർഷങ്ങളിലൂടെ നടന്ന ഈ പരിണാമത്തിനിടയിൽ ചില ഇനങ്ങൾ നിശ്ശേഷം നശിച്ചു. മറ്റു ചിലത് പരിതഃസ്ഥിതികൾക്കനുസരിച്ച് രൂപാന്തരം പ്രാപിക്കുകയും ചെയ്തു. ഇതിന് ഒന്നു രണ്ടുദാഹരണം എടുത്തു കാണിക്കാം.



ചിത്രം (നാക്കുനീട്ടിയ മൃഗം മരം കയറുന്നു)

തെക്കേ അമേരിക്കയിലെ പ്രാകൃതമനുഷ്യർ അതിപുരാതനകാലത്ത് വളർത്തിപ്പോന്നിരുന്നതായി പറയപ്പെടുന്ന ഒരു മൃഗത്തിൻെറ ചിത്രമാണ് മുകളിൽ ചേർക്കുന്നത്.


ജന്തുശാസ്ത്രഗ്രന്ഥങ്ങളുടെ ഏട്ടിലേ ഇന്ന് അതിനെ കാണാൻകഴിയൂ.



ചിത്രം (മഹാദന്തി)

അടുത്തചിത്രം നോക്കൂ. ഒരുതരം ആന അല്ലേ? അതെ. ഗജജാതിയിലെ ഒരു പ്രത്യേക ഇനമാണ് ഇത്. കൊമ്പുകൾക്കെന്തുനീളം! ദന്തവ്യാപാരികൾ കണ്ടാൽ കൊതിച്ചുപോകും. കൊതിച്ചിട്ട് ഫലമില്ല. ഈ ഇനം ഇന്നില്ല. ആംഗലഭാഷയിൽ മാമത്ത് (Mammoth) എന്നാണ് ഇതിനു പേർ. നമുക്ക് മഹാദന്തി എന്നു പേർ വിളിക്കാം. പണ്ടുപണ്ട്—ഹിമയുഗത്തിൽ—ഈ മൃഗം വടക്കേ അമേരിക്കയിലെ വനാന്തരങ്ങളിൽ മദിച്ചു നടന്നിരുന്നു. ആനയെപ്പോലെ മഹാദന്തിയും വൃക്ഷങ്ങളുടെ ഇലകളും ചില്ലകളും ഇളംതടികളുമാണ് തിന്നിരുന്നത്. അന്ന് ഈ ആഹാരം സുലഭമായിരുന്നുതാനും. അതിനാൽ മഹാദന്തിയുടെ വംശനാശത്തിനു കാരണം ഭക്ഷ്യക്ഷാമമായിരിക്കാൻ ഇടയില്ല. പ്രാകൃതമനുഷ്യൻ വേട്ടയാടി ഈ ഇനത്തെ നിശ്ശേഷം നശിപ്പിച്ചുവെന്നാണ് ചില ശാസ്ത്രജ്ഞൻമാർ ഊഹിക്കുന്നത്. ന്യൂയോർക്കിലെ മ്യൂസിയത്തിൽ ഒരു മഹാദന്തിയുടെ അസ്ഥികൂടം പ്രദർശിപ്പിച്ചിട്ടുണ്ട്.

ആ മഹാനഗരിയിൽനിന്ന് 80 കിലോമീറ്റർ അകലെ ഒരിടത്ത് ഒരു ലക്ഷം വർഷത്തോളം മണ്ണിനടിയിൽ മറഞ്ഞു കിടക്കുകയായിരുന്നു ആ അപൂർവ്വവസ്തു. ആ അസ്ഥി കൂടത്തിനരികെ ഒരു മനുഷ്യൻ നിൽക്കുന്നതാണ് ചിത്രത്തിൽ



ചിത്രം (മഹാദന്തിയുടെ അസ്ഥികൂടം)

കാണിച്ചിട്ടുള്ളത്. മഹാദന്തിയോടു താരതമ്യപ്പെടുത്തുമ്പോൾ നരൻ എത്ര നിസ്സാരൻ! എന്നിട്ടും അതിപ്രാചീന കാലത്ത് ആ വർഗ്ഗത്തെയാകെ അവൻ ആയുധമേൽപ്പിച്ച് അമ്പേ മുടിച്ചു കളഞ്ഞു. പറഞ്ഞുപറഞ്ഞ് നാം മനുഷ്യരിൽ എത്തിപ്പോയി. വരട്ടെ, അത്ര ബദ്ധപ്പെടേണ്ട. നരവംശത്തിന്റെ കഥയിലേക്കു കടക്കുന്നതിനുമുമ്പ് വേറെ ചില പ്രധാനകാര്യങ്ങൾകൂടി പറയാനുണ്ട്. അതിലേക്കു മടങ്ങാം.

ആദ്യകാലത്തെ ജന്തുവർഗ്ഗങ്ങൾ—മത്സ്യങ്ങളും ഇഴജന്തുക്കളും പക്ഷികളും—മുട്ടയിട്ടാണ് വംശവർദ്ധന നടത്തിയിരുന്നത്. ഇന്നും അങ്ങനെതന്നെ. മൃഗങ്ങളും ആദ്യകാലത്ത് മുട്ടയിടുകയാണ് ചെയ്തിരുന്നതെന്ന് ശാസ്ത്രജ്ഞൻമാർ പറയുന്നു. എന്നാൽ കാലക്രമത്തിൽ അവ ഈ രീതി മാറ്റി. പ്രകൃതിയുടെയും ശത്രുവർഗ്ഗത്തിൽപ്പെട്ട ജന്തുക്കളുടെയും ആക്രമണത്തിൽനിന്ന് വർഗ്ഗബീജങ്ങളായ മുട്ടകളെ രക്ഷിക്കാൻ അവ ഒരുപായം കണ്ടുപിടിച്ചു. വളർച്ച പൂർണ്ണമായി കുഞ്ഞുങ്ങളാകുന്നതുവരെ ബീജങ്ങളെ അവ ഗർഭത്തിൽ ധരിച്ചു. വളർച്ച പൂർത്തിയാകുമ്പോൾ പ്രസവിച്ചു. പിന്നെ കുറെ നാളുകളോളം കുഞ്ഞുങ്ങളെ പാലൂട്ടി വളർത്തുകയും ചെയ്തുപോന്നു. അന്നു മുതൽ 'സ്തന്യജീവികൾ' എന്ന ഉയർന്ന ജന്തുവർഗ്ഗം

ഉണ്ടായി. ജന്തുചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണ് സ്തന്യജീവികളുടെ ഉത്പത്തി. സന്താനങ്ങളെ സംരക്ഷിക്കുന്നതിലുണ്ടായ അതിശ്രദ്ധ ജന്തുജീവിതത്തിൽ സംഭവിച്ച ഒരു വലിയ പുരോഗതിയായി കരുതപ്പെടുന്നു. ഈ വാസന വളർന്ന് പരമകാഷ്ഠയെ പ്രാപിക്കുന്നത് മനുഷ്യനിലാണ്. ഭാവി തലമുറകളുടെ കാര്യത്തിൽ അവനുള്ള ശ്രദ്ധ അന്യാദൃശമാണല്ലോ.



ചിത്രം (ഗറില്ല)

സ്തന്യജീവികളുടെ ഇടയിൽ ഒരു മൃഗം നമ്മുടെ സവിശേഷശ്രദ്ധ ആകർഷിക്കുമാറ് അതാ വേർതിരിഞ്ഞു നിൽക്കുന്നു. ഭക്ഷണവും രക്ഷാസ്ഥാനവും തേടുന്നതിൽ മറ്റേതു ജന്തുവിനെക്കാളും അതിനു സാമർത്ഥ്യമുണ്ട്.

ഗറില്ല എന്ന മനുഷ്യക്കുരങ്ങാണ് അത്. ദേഹത്തിൻെറ ഭാരം മുഴുവൻ പിൻകാലുകളിലാക്കി ഏതാണ്ട് നിവർന്നുനിൽക്കുന്നതു കണ്ടില്ലേ? മുൻകാലുകാം ഇരയെ പിടിക്കാനുള്ള അവയവങ്ങളായി—കൈകളായി—മാറിയിരിക്കുന്നു. എത്ര തലമുറകളിലൂടെ ചെയ്ത നിരന്തരപരിശ്രമമാണ് ഈ നേട്ടത്തിൻെറ പിന്നിലുള്ളതെന്നോ! എന്നിട്ടും പരിണാമം പൂർത്തിയായിട്ടില്ല. കൈയും കാലും കുത്തിയാണ് അവൻെറ ഓട്ടം.

മനുഷ്യക്കുരങ്ങുകളോട് ജന്തുശാസ്ത്രപരമായി അടുത്ത ബന്ധമുള്ളവനാണ് ആധുനികമനുഷ്യൻ. ഏതാണ്ട് ഇരുപതുലക്ഷം വർഷങ്ങാംക്കുമുമ്പ് ആഫ്രിക്കാവൻകരയുടെ കിഴക്കും തെക്കും ഭാഗങ്ങളിൽ ജീവിച്ചിരുന്ന 'ആസ്ട്രലോപിതേകസ്' എന്ന മനുഷ്യക്കുരങ്ങിൽനിന്ന് പരിണാമത്തിൻെറ ഫലമായി മനുഷ്യൻ ഉണ്ടായി എന്നാണ് ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ അംഗീകൃതമായ അഭിപ്രായം. എന്നാൽ അടുത്ത കാലത്തു നടന്ന ഗവേഷണങ്ങാം ചുരുങ്ങിയത് മുപ്പതുലക്ഷം വർഷമെങ്കിലും പഴക്കമുള്ളതാണ് ഈ പരിണാമം എന്നു തെളിയിച്ചിരിക്കുന്നു. ഈ മൃഗത്തിനു മനുഷ്യനോടാണ് കൂടുതൽ സാദൃശ്യം, കുരങ്ങനോടല്ല. മനുഷ്യനോളം വലിപ്പമില്ല; എന്നാൽ രണ്ടു കാലിൽ നിവർന്നു നിൽക്കുകയും നടക്കുകയും ചെയ്യാം. ഇതിൻെറ തലയോടും താടിയെല്ലും ഏതാണ്ട് മനുഷ്യൻെറതുപോലെയാണ്. പല്ലുകാംക്ക് നീളംകൂടും. തലച്ചോറിൻെറ വലിപ്പത്തിലാണ് മനുഷ്യനും ഈ മർക്കടനും തമ്മിൽ പ്രകടമായ വ്യത്യാസം കാണുന്നത്. ഗറില്ലയുടെയും ആസ്ട്രലോപിതേക്സിൻെറയും തലച്ചോറിൻെറ വലിപ്പം ഏറക്കുറെ തുല്യമാണ്—500 ഘനസെൻറിമീറ്റർ. ആധുനികമനുഷ്യൻെറ തലച്ചോറിൻെറ വലിപ്പമാകട്ടെ 750 മുതൽ 1300 ഘനസെൻറിമീറ്റർവരെയാകുന്നു. മസ്തിഷ്കത്തിൻെറ വികാസമാണ് മനുഷ്യനെ മർക്കടത്തിൽനിന്ന് ഉയർത്തിയത്.

ആഫ്രിക്കയിലെ ഭൂമധ്യരേഖാപ്രദേശത്താണ് മനുഷ്യവർഗ്ഗം ഉദ്ഭവിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. കിഴക്കെ ആഫ്രിക്കയിലെ കെനിയയിൽനിന്ന് ആസ്ട്രലോപിതേകസിൻെറയും ആദിമമനുഷ്യൻെറയും അവശിഷ്ടങ്ങാം അടുത്ത കാലത്ത് ധാരാളമായി കണ്ടുകിട്ടിയിട്ടുണ്ട്. അവയ്ക്കു മുപ്പതുലക്ഷം വർഷം പഴക്കമുണ്ടെന്ന് ശാസ്ത്രീയമാർഗ്ഗങ്ങളിലൂടെ കണക്കാക്കപ്പെട്ടിരിക്കുന്നു. ശുദ്ധജലം കിട്ടാനില്ലാത്തതിനാൽ ഇന്ന് ആ പ്രദേശം മനുഷ്യവാസത്തിന് പറ്റിയതല്ല. എന്നാൽ

അതിപുരാതനകാലത്ത് ഭൂമിയുടെ ഇതരഭാഗങ്ങളെല്ലാം മഞ്ഞുകട്ടകൾകൊണ്ട് മൂടപ്പെട്ടു കിടന്നിരുന്നപ്പോൾ ഈ മധ്യരേഖാ പ്രദേശം സസ്യങ്ങളും ജീവികളും നിറഞ്ഞ് ജീവൻെറ വിലാസരംഗമായി വിളങ്ങിയിരുന്നു. ഇരപിടിക്കാനുള്ള സൗകര്യമോർത്ത് പ്രാകൃതമനുഷ്യൻ അവിടെ പാർപ്പുറപ്പിച്ചു. കാലാവസ്ഥയിൽ പ്രതികൂലമായ മാറ്റങ്ങൾ സംഭവിച്ചപ്പോൾ, തൻെറ ഇരകളോടൊപ്പം, അവനും കൂടുതൽ സുഖകരങ്ങളായ പാർപ്പിടങ്ങൾ അന്വേഷിച്ച് അന്യദേശങ്ങളിലേക്കുപോയി.

''മുട്ടയായും പുഴുവായും—നിറം
പെട്ട ചിറകുകളാർന്നു
ചട്ടറ്റവിണ്ണിൽപ്പറന്നു—മലർ
മട്ടുണ്ണും പൂമ്പാറ്റയായും
പോകുന്നിതേ മാറിമാറി—പ്പല
പാകത്തിലേകബീജംതാൻ.
വൃക്ഷമായും ചെടിയായും—പരം
പക്ഷിയായും മൃഗമായും
ലക്ഷം ജൻമങ്ങൾ കഴിഞ്ഞാൽ—ജന്തു
പക്ഷേ മനുഷ്യനായെന്നാം.''

എന്ന് മഹാകവി കുമാരനാശാൻ പാടിയിട്ടുള്ളത് ഓർക്കുക.

### പദങ്ങൾ

ആവിർഭവിക്കുക, മാമത്ത്, മഹാദന്തി, വനാന്തരം, പ്രാകൃതമനുഷ്യൻ, ഗർഭപാത്രം, സ്തന്യജീവി, പരമകാഷ്ഠപ്രാപിക്കുക, ഭാവിതലമുറ, അന്യാദൃശം, നരവംശം, ഗജ ജാതി, ആസ്ട്രലോപിതേകസ്, അംഗീകൃതം, ആദിമമനുഷ്യൻ.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:
വനാന്തരം, പ്രാകൃതമനുഷ്യൻ, ആദിമമനുഷ്യൻ, വർഗ്ഗബീജം, സ്തന്യജീവി, ഗർഭപാത്രം, സവിശേഷശ്രദ്ധ, നിരന്തരപരിശ്രമം, ജന്തുശാസ്ത്രഗ്രന്ഥം.

II. വാക്യത്തിൽ പ്രയോഗിക്കുക:
ആവിർഭവിക്കുക, വനാന്തരം, പരമകാഷ്ഠപ്രാപിക്കുക, അന്യാദൃശം, സവിശേഷശ്രദ്ധ.

III. (a) സന്ധി പിരിച്ചെഴുതുക:
വേട്ടയാടുക, പൂർത്തിയാകുമ്പോൾ, തലയോട്, താടിയെല്ല്.

(b) മുകളിൽ കൊടുത്ത പദങ്ങളിൽ സന്ധികൊണ്ട് പുതുതായ വന്നുചേർന്ന വർണ്ണം ഏത്? ഈ സന്ധിക്ക് എന്താണ് പേർ?

IV. (1) സ്തന്യജീവികൾ എന്നാൽ എന്ത്?
(2) ഗറില്ലയ്ക്ക് മറ്റു മൃഗങ്ങളെ അപേക്ഷിച്ചുള്ള വിശേഷമെന്ത്?
(3) പരിണാമസോപാനത്തിൽ ഗറില്ലയുടെയും മനുഷ്യൻെറയും ഇടയിൽ വരുന്ന ജീവിയുടെ പേർ പറയുക.
(4) മനുഷ്യവർഗ്ഗം എവിടെ ഉദ്ഭവിച്ചു എന്നാണ് ഊഹിക്കപ്പെടുന്നത്? എന്തുകൊണ്ട്?
(5) ഗറില്ല, ആസ്ട്രലോപിതേകസ് ഇവയ്ക്കും മനുഷ്യനും തമ്മിലുള്ള പ്രധാന വ്യത്യാസം ഏതു വിഷയത്തിലാണ്?

V. കുറിപ്പുകൾ എഴുതുക:
(1) മഹാദന്തി, (2) ആസ്ട്രലോപിതേകസ്.

പാഠം 19

# മൃഗരാജകുടുംബം

കരളിൽക്കനിവാർന്നിടുന്നിതേ
ഖരകണ്ഠീരവിതാനുമീവിധം!
ഒരു ജന്തുവിനും സ്വപുത്രരിൽ—
പ്പരുഷത്വം വിധി നൽകിയില്ലതാൻ.

അലിവാർന്നു കിടന്നൊരാടുപോൽ
മുലനൽകുന്നിതു കുട്ടികൾക്കിവൾ
തല ചെന്നു പിടിച്ചിഴയ്ക്കിലും
കലരാ ക്രുദ്ധതയെന്നു തോന്നിടും.

പരതന്ത്രതയോർത്തു കണ്ണുനീ—
രരിയോരുണ്ണികൾതന്നെ നോക്കി നീ
ചൊരിയായ്ക, മൃഗേന്ദ്രവല്ലഭേ!
വരുമാപത്തുകളാർക്കുമൂഴിയിൽ.

പ്രണയത്തൊടു പാർത്തിവൾക്കൊരാൾ
തുണതാനെന്നു കുടുംബചിന്തയാൽ
ഇണയാം ഹരി മന്ദവേഗനാ—
യണയത്താഞ്ഞു നടന്നിടുന്നുതേ.

.........................................

പലതും ബത! ബന്ധനസ്ഥനായ്—
ത്തലകാഞ്ഞോർത്തു നിരാശനായുടൻ
നിലവിട്ടെഴുമൊറ്റ മേഘമൊ—
ത്തലറുന്നങ്ങനെ തന്നെ നിന്നിവൻ.

.........................................

അഥവാ, നരനാഥനോടിവൻ
കഥ കോപോഗ്രരവം കഥിക്കയാം;
കൃതമാമഹിതം സഹിക്കുമോ
ധൃതവീര്യൻ പരതന്ത്രനെങ്കിലും?

ഒരു ഹേതുവുമെന്നി, കേവലം
നരലോകത്തിനു കൗതുകത്തിനായ്
വരുവിച്ചു തടഞ്ഞുതേ നൃപൻ
ഹരിയേ—ഹാ മൃഗചക്രവർത്തിയെ!

കരുതായ്കിതവജ്ഞയായ് ഹരേ!
നരപാലൻ നൃപധർമ്മകോവിദൻ;
പരമിങ്ങനെ വച്ചുപോറ്റുമ–
ത്തിരുമേനിക്കു കൃതജ്ഞനാക നീ.

സിംഹപ്രസവം] [കുമാരനാശാൻ

### അഭ്യാസം

1. ഈ കവിതാഭാഗം വായിക്കുമ്പോൾ എന്തു വികാരമാണ് നിങ്ങൾക്കുണ്ടാകുന്നത്?—ഭയമോ, അനുകമ്പയോ?
2. എങ്ങനെയാണ് കവി ഈ വികാരം ജനിപ്പിക്കുന്നത്?
3. (a) ആദ്യത്തെ ശ്ലോകത്തിൽ കവി സമർത്ഥിക്കുന്ന സാമാന്യ തത്ത്വമെന്ത്?
   (b) എങ്ങനെയാണ് ഈ തത്ത്വം സമർത്ഥിക്കുന്നത്?
4. ''ഒരാടുപോലിവൾ''—ഈ ഉപമയിൽനിന്ന് എന്തെന്തു ഭാവങ്ങൾ സ്ഫുരിക്കുന്നു?
5. മൃഗേന്ദ്രവല്ലഭയെ സമാശ്വസിപ്പിക്കുവാൻ കവി ഉപദേശിക്കുന്ന തത്ത്വമെന്ത്? (ഉത്തരം കവിവാക്യത്തിൽ)
6. ''മന്ദവേഗനായണയത്താഞ്ഞു നടന്നിടുന്നിതാ'' സിംഹത്തിന്റെ ഗാംഭീര്യം ഏതു പദംകൊണ്ട് സൂചിപ്പിക്കുന്നു? തൽക്കാലത്തെ പാരവശ്യം ഏതു പദത്തിൽനിന്നൂഹിക്കാം?
7. (a) അഞ്ചാമത്തെ ശ്ലോകത്തിൽ സിംഹത്തെ ഏതിനോടു ഉപമിച്ചിരിക്കുന്നു?
   (b) 'ഒറ്റമേഘം' എന്നു വിശേഷിപ്പിച്ചതെന്തിന്?
8. സിംഹം അലറുന്നത് എന്തിനായിരിക്കാം എന്നാണ് കവി കൽപിക്കുന്നത്?
9. സിംഹത്തിന് രാജാവിനോട് കോപംതോന്നാൻ കാരണമെന്ത്?
10. ഏഴാമത്തെ ശ്ലോകത്തിൽ ഹരിക്ക് 'മൃഗചക്രവർത്തി' എന്ന വിശേഷണം കൊടുത്തിട്ടുള്ളത് എന്തിനാണ്?

11. തിരുമേനിക്കു കൃതജ്ഞനാക നീ—എന്തിനുവേണ്ടി?

12. സിംഹം നരനാഥനോട് കോപഭാവത്തിൽ എന്തോ പറയുകയാണ് എന്നു സമർത്ഥിക്കാൻ കവി പ്രസ്താവിക്കുന്ന തത്ത്വമെന്ത്?

### പ്രവർത്തനം

കുമാരനാശാൻെറ കവിതകളിൽനിന്ന് ലോകതത്ത്വങ്ങരം പ്രതിപാദിക്കുന്ന വരികരം സമാഹരിച്ച് ഹൃദിസ്ഥമാക്കിച്ചൊല്ലുക.

---

## പാഠം 20

# മോചനം

### I

ഫ്രാൻസിലെ ഒരു കർഷകകുടുംബത്തിൽ ജീൻവാൽജീൻ എന്നൊരു ചെറുപ്പക്കാരനുണ്ടായിരുന്നു. അവൻെറ കുട്ടിക്കാലത്തുതന്നെ അച്ഛനും അമ്മയും മരിച്ചുപോയി.



ജ്യേഷ്ഠത്തിയുടെ രക്ഷയിലാണ് അവൻ പിന്നീട് വളർന്നത്. അവരുടെ ഭർത്താവ് അകാലചരമമടഞ്ഞപ്പോരം വിധവയായ

സഹോദരിയെയും എട്ടു കുട്ടികളെയും പുലർത്തേണ്ട ഭാരം അവൻേറതായി. അവൻ അതികഠിനമായി അധ്വാനിച്ച് ആ ദരിദ്രകുടുംബത്തെ ഒരുവിധം പോറ്റിപ്പോന്നു. അങ്ങനെയിരിക്കെ ഒരു കൊടിയ ശൈത്യകാലത്ത് ജോലിയൊന്നും കിട്ടാതെ ആ യുവാവ് വിഷമിച്ചു. വിശപ്പിൽ നീറുന്ന കുട്ടികളുടെ സങ്കടം കണ്ടുസഹിപ്പാൻ കഴിയാതെ ഒരു രാത്രി അയാാം ഒരു റൊട്ടിക്കടയുടെ വാതിലിലെ കണ്ണാടിപ്പലക മുഷ്ടികൊണ്ട് ഇടിച്ചുപൊളിച്ചു; ഒരു റൊട്ടിക്കഷണമെടുത്തുകൊണ്ട് ഓടി. കടയുടെ ഉടമസ്ഥൻ പിന്നാലെ പാഞ്ഞുചെന്ന് പുള്ളിയെ പിടിച്ച് പോലീസിൽ ഏൽപ്പിച്ചു. ജീനിൻെറ കൈപ്പടം മുറിഞ്ഞ് ചോര ഒഴുകുന്നുണ്ടായിരുന്നു. കുറ്റം തെളിയിക്കാൻ അത്രയും മതിയായി.

അഞ്ചുകൊല്ലം കഠിനതടവ്; കഴുത്തിൽ കാരിരുമ്പുവലയം; അതിൽ കൂട്ടിവിളക്കിയ കട്ടിച്ചങ്ങലകൊണ്ട് കാലിൽ വിലങ്ങ്; ഈ യാതന അനുഭവിച്ചുകൊണ്ട് തടവുകപ്പലിൽ തണ്ടു വലിക്കണം. അതായിരുന്നു അവനു വിധിച്ച ശിക്ഷ. പണിയിൽ തെല്ലൊരു വീഴ്ചവന്നാൽ തോൽച്ചാട്ടവാർ മിന്നൽപ്പിണർപോലെ മുതുകത്തു വീഴും.

അങ്ങനെ നാലു കൊല്ലം കഴിഞ്ഞു. അപ്പോാം തടവു ചാടാൻ ഒരു തക്കം കിട്ടി. സോദരിയെയും അനന്യശരണരായ കുട്ടികളെയും ഓർത്തോർത്ത് മനംനൊന്തു നീറിയ ജീൻ തടവു ചാടി.

രണ്ടുദിവസം കഴിഞ്ഞില്ല, വീണ്ടും പോലീസിൻെറ പിടിയിൽ കുടുങ്ങാൻ. പുതിയ കുറ്റത്തിൻെറ ഫലമായി ശിക്ഷാവധി നാലുകൊല്ലംകൂടി നീണ്ടു. ഇതിങ്ങനെ പല തവണ ആവർത്തിക്കപ്പെട്ടു. ഒടുവിൽ അയാാം നിരാശനായി. വിധിയോടും നിഷ്ഠുരമായ രാജനീതിയോടും മനുഷ്യവർഗ്ഗത്തോടു തന്നെയും അയാളുടെ ഹൃദയത്തിൽ ദുസ്സഹമായ വെറുപ്പും വിദ്വേഷവും പ്രതികാരേച്ഛയും ആളിക്കത്തി.

ഭാഗ്യംകെട്ട ആ കുടുംബത്തിനെന്തുപറ്റി? മുറിച്ചു വീഴ്ത്തപ്പെട്ട മാമരത്തിൻെറ ഇലകാംക്കെന്തുപറ്റി എന്ന് ആരെങ്കിലും ചോദിക്കാറുണ്ടോ? കരിഞ്ഞലിഞ്ഞ് മണ്ണാവുക! അല്ലാതെന്തു ഗതി!

പത്തൊമ്പതുകൊല്ലം കഴിഞ്ഞു. ജീൻവാൽജീൻ മോചിതനായി. 109 ഫ്രാങ്കുണ്ട് കൈയിൽ. പത്തൊമ്പതു കൊല്ലത്തെ

സമ്പാദ്യം. അതിൽ അയാ൦ അഭിമാനം കൊണ്ടു: ആശ്വാസം തേടി. കീറിപ്പറിഞ്ഞ ഉടുപ്പ്, കൈയിൽ ഒരു മുട്ടൻവടി, മുതുകത്ത് ഒരു ഭാണ്ഡവും. അതിലൊതുങ്ങും അയാളുടെ സർവ്വസമ്പത്തുകളും. ചിരകാലത്തെ ചങ്ങലക്കെട്ടുകാരണം ഒരു കാൽ അല്പം വലിച്ചു വലിച്ചുകൊണ്ടാണ് നടത്തം. മൊട്ടത്തലയും നീണ്ടതാടിയും ആ രൂപത്തെ ഒന്നുകൂടി പ്രാകൃതമാക്കി. കീശയിൽ ഒരു മഞ്ഞക്കാർഡു കിടപ്പുണ്ട്. മോചിപ്പിക്കുമ്പോ൦ ജയിൽ അധികൃതർ നൽകിയ പാസ് പോർട്ടാണത്. അതിൽ അയാളുടെ ചരിത്രം വളരെ കരി പിടിപ്പിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്:

''ജീൻവാൽജീൻ—മോചിപ്പിക്കപ്പെട്ട കപ്പൽത്തടവുകാരൻ. പത്തൊമ്പതു കൊല്ലം ശിക്ഷയനുഭവിച്ചവൻ. അഞ്ചുകൊല്ലം ഭവനഭേദനത്തിന്, പതിന്നാലുകൊല്ലം തടവുചാടാൻ ശ്രമിച്ച തിന്. സൂക്ഷിക്കണം! ആ൦ ഭയങ്കരനാണ്!''

പോകുന്നേടത്തൊക്കെ ഈ മോചനപത്രം കാണിക്കണം എന്നാണ് നിയമം! നല്ല ശിപാർശക്കത്ത്!

ഒരു സായാഹ്നത്തിൽ ജീൻ ഡി-നഗരത്തിലെത്തി. അന്നു രാവിലെ മുതൽ അയാ൦ നടക്കുകയായിരുന്നു. വിശപ്പും ദാഹവും പൊറുക്കാൻ വയ്യാ! റോഡരുകിലെ പൈപ്പിൽനിന്ന് കുറെ വെള്ളം കുടിച്ചു; അല്പദൂരം നടന്നു, പിന്നെയും വെള്ളം കുടിച്ചു. എന്തെങ്കിലും ആഹാരം കഴിക്കണം. വല്ലേ ടത്തും രാത്രി കഴിച്ചുകൂട്ടണം. പണം കൊടുക്കാൻ ഒരുക്ക മാണ്. ചെന്നേടത്തൊക്കെ അക്കാര്യം അയാ൦ അഭിമാനപൂർവ്വം ആദ്യമേ പറഞ്ഞു. എന്നാൽ ആരുണ്ട് അയാളെ അടുപ്പിക്കാൻ! ഒരൊറ്റ നോട്ടത്തിൽ അയാ൦ തടവുപുള്ളിയാണെന്ന് ആരും ഗ്രഹിക്കും. ഉടനെ പേപ്പട്ടിയെപ്പോലെ ആട്ടിയോടിക്കും.

രാത്രിയായി. മഞ്ഞ് കോരിച്ചൊരിയുന്നു. എവിടെ രക്ഷനേടും! ഹോട്ടലുകളായ ഹോട്ടലുകളിലൊക്കെ കയറി യിറങ്ങി! ഒരിടത്തും സ്ഥലമില്ലപോൽ! ''കുതിരലായത്തിൽ പുല്ലിൽ കിടന്നുകൊള്ളാം. വാടക തരികയും ചെയ്യാം,'' എന്നു കെഞ്ചിനോക്കി. ഫലിച്ചില്ല. നായ്ക്കളെ കെട്ടിയി രിക്കുന്ന സ്ഥലത്ത് അവയൊന്നിച്ച് അന്തിയുറങ്ങാം എന്നാ ശിച്ച് അങ്ങോട്ടു കയറി. അവ ഒന്നടക്കം അയാളുടെ നേർക്കു കുരച്ചുചാടി. ഒരു വീട്ടിലേക്ക് കയറിച്ചെന്നപ്പോ൦

ഗൃഹനായകൻ ജാലകത്തിലൂടെ തോക്കു ചൂണ്ടി. എല്ലായിടത്തു നിന്നും തുരത്തപ്പെട്ടു. ഇനി എന്തുചെയ്യും! ജയിലിലേക്കുതന്നെ മടങ്ങാം എന്നുറച്ച് അതിൻെറ പടിവാതിൽക്കലെത്തി. വീണ്ടും കുറ്റം ചെയ്തു ശിക്ഷിക്കപ്പെട്ടാൽ മാത്രമേ അവിടേയ്ക്കു പ്രവേശനം ലഭിക്കുകയുള്ളു എന്ന കാരണത്താൽ അവിടെനിന്നും തിരസ്കരിക്കപ്പെട്ടു.

നിരാശയിൽ മുഴുകിയ ആ മനുഷ്യൻ വലിയ പ്രതീക്ഷ യൊന്നുംകൂടാതെ ഒരു വാതിൽക്കൽമുട്ടി. ''അകത്തേയ്ക്കു വരാം. തഴുതിട്ടിട്ടില്ല. വാതിൽ വെറുതേ ചാരിയിട്ടേ ഉള്ളൂ'' എന്ന ആശ്വാസകരമായ മറുപടി കിട്ടി. ജീൻ വെമ്പലോടെ വാതിൽ തള്ളിത്തുറന്ന് അകത്തു കടന്നു.

ഡി-നഗരത്തിലെ ബിഷപ്പിൻെറ വസതിയായിരുന്നു അത്. ഒരാഡംബരവുമില്ലാത്ത ശാന്തസുന്ദരമായ ഒരു കൊച്ചു ഗൃഹം. ദിവ്യമായ സ്നേഹകാരുണ്യങ്ങളുടെ മൂർത്തീകരണ മായിരുന്നു ബിഷപ്പ്. തിരുമേനി മാന്യനായ ഒരു അതിഥി യെയെന്നപോലെ ആഗതനെ സ്വാഗതം ചെയ്തു സൽക്കരിച്ചു. ''ഞാൻ ആരെന്ന് അറിയാത്തതുകൊണ്ടായിരിക്കാം ഈ ഔദാര്യം,'' എന്ന് ജീൻ ശങ്കിച്ചു. 'ഇതാ ഇതു നോക്കണം' എന്നു പറഞ്ഞുകൊണ്ട് കീശയിൽ നിന്ന് മഞ്ഞക്കാർഡെടുത്തു കാണിച്ചു. അതിലെ ഉള്ളടക്കം ഉറക്കെ വായിക്കുകയും ചെയ്തു. ഇത് ബിഷപ്പിൽ ഒരു ഭാവഭേദവും ഉളവാക്കി യില്ല. ആ മഹാൻ പറഞ്ഞു: ''നിങ്ങൾ ആരാണെന്ന് എനിക്ക് ആദ്യമേ അറിയാമായിരുന്നു—എൻെറ സഹോദരൻ. ഈ ഗൃഹത്തിൽ എന്നെക്കാൾ നിങ്ങൾക്ക് അവകാശമുണ്ട്.''

''ഇങ്ങനെയുള്ള മനുഷ്യരുമുണ്ടോ!'' ജീൻ വിസ്മയിച്ചു. അരമനയിൽ ബിഷപ്പിനു പുറമേ രണ്ടുപേരുകൂടിയുണ്ട്—അവിടുത്തെ അനുജത്തിയും ഒരു പരിചാരികയും. സ്ത്രീ കൾ രണ്ടുപേരും ആ മനുഷ്യനെ കണ്ടപ്പോൾ ഞടുങ്ങിപ്പോയി. എന്നാൽ ബിഷപ്പിൻെറ അന്തർഗ്ഗതമറിഞ്ഞ് അവർ ഉത്തര ക്ഷണത്തിൽ ഭാവഭേദത്തെ നിയന്ത്രിച്ചു.

ഊണൊരുങ്ങി. ബിഷപ്പിനെന്നപോലെ അതിഥിക്കും മേശപ്പുറത്ത് വെള്ളിത്താലവും വെള്ളിക്കരണ്ടിയും വച്ചിരി ക്കുന്നു. ആ പതിതനെ തിരുമേനി തൻെറ അരികത്തുതന്നെ ഉണ്ണാനിരുത്തി, മറുവശത്ത് സോദരിയെയും. പിന്നെ അദ്ദേഹം പരിചാരികയോടു പറഞ്ഞു: ''വെള്ളിമെഴുകുതിരിക്കാലുകൾ

കൊണ്ടുവന്നില്ലല്ലോ. അതിൽ മെഴുമുതിരി കൊളുത്തി മേശപ്പുറത്തു വയ്ക്കൂ. ഭാഗ്യവശാൽ ഒരതിഥിയെ കിട്ടിയിരിക്കുകയല്ലേ?''

ആ കൊച്ചുകുടുംബത്തിലെ മൂന്നാമത്തെ അംഗമായിക്കഴിഞ്ഞിരുന്ന പരിചാരിക ബിഷപ്പിൻെറ ഇംഗിതം അനുസരിച്ചു പ്രവർത്തിച്ചു.

അത്താഴം കഴിഞ്ഞപ്പോൾ തിരുമേനിതന്നെ വിരുന്നുകാരനെ കിടപ്പുമുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി. വെള്ളവിരിപ്പിട്ട നല്ല മെത്ത. പത്തൊമ്പതു കൊല്ലമായി പരുപരുത്ത മരപ്പലകയിൽ കിടന്നുപോന്ന ജീൻവാൽജീന് തികച്ചും പുതിയതായിരുന്നു ആ രാത്രിയിലെ സുഖശയനം. അത് അയാൾക്ക് ഒരു തരം നൊമ്പരമുളവാക്കി. എങ്കിലും നന്നെ തളർന്നിരുന്നതിനാൽ കിടന്ന ഉടനെ അയാൾ ഗാഢനിദ്രയിൽ ലയിച്ചു.

പള്ളിയിലെ ഘടികാരം അതാ മുഴങ്ങുന്നു. മണി രണ്ടടിച്ചു. ജീൻ ഞെട്ടിയുണർന്നു. ബിഷപ്പിൻെറ നിഷ്കളങ്കമായ ഔദാര്യവും നിസ്സീമമായ സ്നേഹവും അയാളുടെ ഹൃദയത്തെ സ്പർശിച്ചിരുന്നു. അവിടെ അടിഞ്ഞുകൂടിയിരുന്ന കൂരിരുട്ടിൽ അങ്ങനെ ഒരു കാന്തികന്ദളം വന്നുവീണു. എന്നാൽ അത്രവേഗം അകലുന്നതാണോ ചിരകാലമായി തിങ്ങിക്കൂടിയ അന്ധകാരം? വെള്ളിത്താലങ്ങൾ! വെള്ളിക്കരണ്ടികൾ! അവയുടെ വെട്ടിത്തിളങ്ങുന്ന രൂപം അയാളെ അലട്ടി. എന്തിനധികം; ആ വെള്ളിപ്പാത്രങ്ങൾ മോഷ്ടിച്ചെടുത്ത് ജീൻ കടന്നുകളഞ്ഞു!

പിറ്റേന്നുകാലത്ത് പോലീസുകാർ കള്ളനെ തൊണ്ടിയോടെ പിടിച്ച് ബിഷപ്പിൻെറ മുമ്പാകെ കൊണ്ടുവന്നു. തിരുമേനി പറഞ്ഞു: ''സഹോദരാ, ആ മെഴുകുതിരിക്കാലുകൾ എന്തേ കൊണ്ടുപോകാത്തത്? അതും വെള്ളിയാണല്ലോ. അതുംകൂടി ഞാൻ നിങ്ങൾക്കു തന്നിരുന്നല്ലോ.'' ഇതു കേട്ടപ്പോൾ പോലീസുകാർ തങ്ങൾക്കു പിണഞ്ഞ അമളി സമ്മതിച്ച് ബിഷപ്പിനെ വണങ്ങി തിരിച്ചുപോയി.

തിരുമേനി ജീൻവാൽജീനോട് ശാന്തഗംഭീരമായ സ്വരത്തിൽ പറഞ്ഞു: ''അനുജാ, മനശ്ശാന്തിയോടെ പോയാലും. ഈ വെള്ളികൊണ്ട് മേലിൽ സത്യസന്ധനായി ജീവിക്കുമെന്ന് നിങ്ങൾ എനിക്കു വാഗ്ദാനം ചെയ്തിട്ടുണ്ട്. അതു മറക്കരുതേ!''

വാഗ്ദാനമോ ! അങ്ങനെയൊന്നു ചെയ്തതായി ജീൻ ഓർത്തില്ല. ബിഷപ്പ് തുടർന്നു: ''ഭ്രാതാവേ, നിങ്ങളുടെ ആത്മാവിനെയാണ് ഞാൻ വീണ്ടെടുത്ത് നിങ്ങൾക്കു തരുന്നത്. അതിനെ ഇരുണ്ടവിചാരങ്ങളിൽനിന്നും പാപത്തിൽനിന്നും മോചിപ്പിച്ച് ഞാനിതാ ദൈവത്തിൽ അർപ്പിക്കുന്നു.

## II

ജീൻവാൽജീൻ എങ്ങോട്ടെന്നില്ലാതെ യാത്ര തുടർന്നു. ആവും വേഗം നഗരത്തിൽനിന്ന് അകലണം എന്ന് അയാൾ ആശിച്ചു. മനുഷ്യരെ കാണാൻ അയാൾ ഇഷ്ടപ്പെട്ടില്ല; മനുഷ്യർ അയാളെയും. ആ ദഗ്ദ്ധഹൃദയത്തിൽ ഒരുതരം അമർഷം ആളിക്കത്തി; ആരുടെ നേരേ എന്ന് അയാൾ അറിഞ്ഞില്ല. പട്ടണം വിട്ട് വെളിസ്ഥലത്തെത്തി. ശൂന്യതയുടെ പരപ്പ്. സൂര്യൻ തളർന്നു താഴോട്ടുവരുന്നു. ജീൻ അന്ന് ആഹാരം ഒന്നും കഴിച്ചിരുന്നില്ല. വിശപ്പു തോന്നിയതുമില്ല. പ്രാപ്യസ്ഥാനമില്ലാത്ത ആ പാന്ഥൻ ഒരു പൊന്തയുടെ മറവിൽ ചെന്നിരുന്നു. ഏതോ ചിന്തയിൽ മുഴുകി.

അല്പം അകലെ ആ വെളിസ്ഥലത്തെ മുറിച്ചുകൊണ്ട് ഒരു ഊടുവഴി പോകുന്നുണ്ട്. അതിലൂടെ അതാ ഒരു കുട്ടി വരുന്നു. ഉല്ലാസമായി ആടിപ്പാടി അലഞ്ഞുതിരിഞ്ഞു നടക്കുന്ന വർഗ്ഗത്തിൽപ്പെട്ടവനാണ് അവനെന്ന് ഒറ്റനോട്ടത്തിൽ മനസ്സിലാക്കാം. ദേഹത്തിൻെറ ഒരുവശത്ത് തോളിൽ നിന്ന് ഒരുതരം സംഗീതോപകരണം ഞാന്നുകിടക്കുന്നു. അത് മീട്ടിപ്പാടിക്കൊണ്ട് ആനന്ദത്തിൽ ഒഴുകുകയാണ് അവൻ. ഇടയ്ക്കിടെ ഒന്നുനിൽക്കും; കൈയിലുള്ള നാണ്യങ്ങൾ മേല്പോട്ടെറിയും; പുറംകൈകാട്ടി അതത്രയും മിടുക്കോടെ പിടിക്കും. പൊന്തയുടെ അടുത്തെത്തിയപ്പോൾ അവൻ ആ വിദ്യ ഒന്നുകൂടി പ്രയോഗിച്ചു. ഒരു വെള്ളിനാണ്യം തെറിച്ചുപോയി ! ഉരുണ്ടുരുണ്ട് അത് പൊന്തയുടെ പിന്നിൽച്ചെന്നു വീണു. ജീൻ കനം കൂടിയ ബൂട്സിട്ട കാലടി അതിൻെറ മേൽ എടുത്തുവച്ച് അനങ്ങാതിരുന്നു.

കുട്ടി ആർക്കും ഭയം തോന്നിക്കുന്ന ആ അപരിചിതനെ സമീപിച്ച് ലവലേശം കൂസൽകൂടാതെ തൻെറ നാണ്യം ആവശ്യപ്പെട്ടു.

''ആരെടാ നീ,'' എന്നു ജീൻ അരിശംകൊണ്ടു. ''പെറ്റിറ്റ് ഗെർവെയ്സ്'' എന്നു ആ കൊച്ചുവീരൻ തിരിച്ചടിച്ചു.

''പോടാ മിണ്ടാതെ!'' എന്നു ജീൻ മുരണ്ടു. ''എൻെറ നാണ്യം!''

ജീൻ ഒന്നും മിണ്ടാതെ തലതാഴ്ത്തിയിരുന്നു. കുട്ടി ക്കുപ്പായത്തിൻെറ കോളറിൽ കടന്നുപിടിച്ച് ആ ഭീകരനെ ഒന്നു കുലുക്കി. ഇരുമ്പു ബൂട്സിട്ട ആ കൂറ്റൻകാലടി എടുത്തു മാറ്റാൻ പാടുപെട്ടു; കഴിയാഞ്ഞ് കരയാൻ തുടങ്ങി. ''കാൽ അങ്ങോട്ടു മാറ്റണം! എൻെറ നാണ്യം! വെള്ളി നാണ്യം!'' എന്ന് അവൻ വിലപിച്ചു.

ജീൻ തൻെറ മുട്ടൻ വടിയെടുത്തു. ''നീ പോയില്ല അല്ലേ?'' എന്നു പറഞ്ഞുകൊണ്ട് എഴുന്നേറ്റു. ആ ഭാവ പ്പകർച്ച കണ്ട് കുട്ടി ഞെട്ടിത്തെറിച്ചു. അവൻ തിരിഞ്ഞു നോക്കാതെ അവിടെനിന്ന് ഓടി. കുറെ ദൂരം കടന്നു കഴിഞ്ഞ പ്പോൾ കിതപ്പടക്കാൻ ഒരു നിമിഷം നിന്നു. പാവം! തേങ്ങി ക്കരയുകയാണ്. ആ രോദനം ജീനിൻെറ കാതിലും കരളിലും വന്നലച്ചു. അയാളുടെ ബലിഷ്ഠകായം അടിമുതൽ മുടിവരെ നടുങ്ങി. നിന്നേടത്തുനിന്ന് അയാൾ ഒരടി പിന്നോട്ട് മാറി. അതാ വെള്ളി നാണ്യം! അതിൽ നിന്നുയർന്ന രശ്മി കൂർത്ത കുന്തമുനപോലെ അയാളുടെ കണ്ണുകളിലും ആത്മാവിലും തറച്ചു. ജീൻ നാണ്യം കൈയിലെടുത്തു. കുട്ടിയെത്തിരഞ്ഞു കൊണ്ട് അയാളുടെ കണ്ണുകൾ മൈതാനത്തിൻെറ അറ്റത്തോളം പാഞ്ഞു. അവനെ കാണാനില്ല. എന്തു ചെയ്യാം! ''പെറ്റിറ്റ് ഗെർവെയ്സ്! പെറ്റിറ്റ് ഗെർവെയ്സ്!'' എന്ന് ഇടറുന്ന സ്വരത്തിൽ ഉറക്കെ വിളിച്ചുകൊണ്ട് അപരാധി കൊടുങ്കാറ്റിനെ പ്പോലെ ആ മരുസ്ഥലത്തിൽ പാഞ്ഞുനടന്നു. ഫലമുണ്ടാ യില്ല. ജീൻ തേങ്ങിക്കരഞ്ഞു. പത്തൊമ്പതുകൊല്ലത്തിനു ശേഷം ആദ്യത്തെ തേങ്ങിക്കരച്ചിൽ!

കുറ്റവാളി അങ്ങനെ എത്ര നേരം കരഞ്ഞുവെന്നും പിന്നെ എങ്ങോട്ടു പോയെന്നും ആർക്കും അറിഞ്ഞുകൂടാ. എന്നാൽ പിറ്റേന്ന് ഏഴരവെളുപ്പിന് ബിഷപ്പിൻെറ ഉമ്മറവാതിൽക്കൽ മുട്ടുകുത്തി പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന ഒരു രൂപം ആ വഴി ഓടിച്ചുപോയ ഒരു കുതിരവണ്ടിക്കാരൻ നിലാവിൽ തെളിഞ്ഞു കണ്ടു. ആ വാർത്ത ഡി-നഗരത്തെ കോൾമ യിർക്കൊള്ളിച്ചു.

## പദങ്ങൾ

അകാലചരമം, വിലങ്ങ്, നൊന്തുനീറുക, ശിക്ഷാവധി, പ്രതികാരേച്ഛ, മോചിതൻ, അഭിമാനപൂർവം, മോചനപത്രം, തിരസ്കരിക്കുക, പ്രതീക്ഷ, മൂർത്തീകരണം, അന്തർഗ്ഗതം, ഉത്തരക്ഷണം, നിയന്ത്രിക്കുക, പതിതൻ, ഭാഗ്യവശാൽ, നിസ്സീമം, കാന്തികന്ദളം, വെട്ടിത്തിളങ്ങുക, ആത്മാവ്, ഭീകരൻ, രോദനം, ബലിഷ്ഠകായം, മരുസ്ഥലം, തൊണ്ടി, ഭ്രാതാവ്, അമർഷം.

## അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക:
അകാലചരമം, ശിക്ഷാവധി, പ്രതികാരേച്ഛ, അഭിമാനപൂർവം, മോചനപത്രം, ഉത്തരക്ഷണം, കാന്തികന്ദളം, ബലിഷ്ഠകായം, ശാന്തഗംഭീരം, മനശ്ശാന്തി.

II. വാക്യത്തിൽ പ്രയോഗിക്കുക: അകാലചരമം, വെന്തുനീറുക, പ്രതികാരം, അഭിമാനം, തിരസ്കരിക്കുക, പ്രതീക്ഷ, മൂർത്തീകരണം, അന്തർഗ്ഗതം, ഉത്തരക്ഷണം, നിയന്ത്രിക്കുക, പതിതൻ, ഭാഗ്യവശാൽ, നിസ്സീമം, കരിപിടിപ്പിക്കുക, കടന്നുകളയുക, അരിശംകൊള്ളുക, ഭീകരൻ, രോദനം, അമർഷം.

III. പിരിച്ചെഴുതി സന്ധികാര്യം പറയുക:
ജോലിയൊന്നും, ആട്ടിയോടിക്കുക, അനുജത്തിയും, മുഴുകിയിരിക്കുക, മധുവുണ്ട്, തിരുവോണം, പനയോല.

IV. (1) ജീൻവാൽജീൻെറ ശിക്ഷാവധി നീണ്ടുപോകാൻ ഇടയായതെങ്ങനെ?

(2) കഠിനശിക്ഷയുടെ ഫലമായി ജീൻവാൽജീനിൽ എന്തു മാറ്റം സംഭവിച്ചു. ?

(3) പാപത്തിൽ മുഴുകിപ്പോയവൻ അത്രവേഗമൊന്നും അതിൽ നിന്നു മുക്തനാകുന്നില്ല എന്ന് ഈ കഥയിലെ ഏതു സംഭവങ്ങൾ തെളിയിക്കുന്നു?

(4) എപ്പോഴാണ് ജീൻവാൽജീന് യഥാർത്ഥമായ മോചനം കൈവന്നത്?

V. ഒരു ഖണ്ഡികയിൽ ചുരുക്കിയെഴുതുക:

(1) ബിഷപ്പു നൽകിയ വിരുന്ന് (2) ജീൻവാൽജീൻെറ പശ്ചാത്താപം.

പാഠം 21

# ഒട്ടകപ്പക്ഷി

ഭൂമുഖത്ത് അണുരൂപമായി അങ്കുരിച്ച ജീവന് അനേക ലക്ഷം വർഷങ്ങളിലൂടെ സംഭവിച്ച പരിണാമത്തിൻെറ അദ്ഭുത ചരിത്രം നാം പഠിച്ചു.



ഒട്ടകപ്പക്ഷി

പരിതഃസ്ഥിതികളുടെ പ്രേരണയാലാണ് ജീവൻ ഇങ്ങനെ പല രൂപങ്ങരം കൈക്കൊണ്ടത്. ജീവിതസമരത്തിൽ വിജയം നേടാൻ ഇത് ആവശ്യമായിരുന്നു.

ഇഴജന്തുക്കളാണ് ചിറകുകരം വളർത്തി പക്ഷികളായി രൂപാന്തരം പ്രാപിച്ചതെന്ന് നാം കണ്ടല്ലോ. ചിറകുകരം ഉപയോഗിച്ച് പറക്കാമെന്നുള്ളതാണ് പക്ഷികളുടെ പ്രത്യേകത. എന്നാൽ പരിണാമത്തിൻെറ മറ്റൊരുദശയിൽ ചില പക്ഷികരം ഈ പ്രത്യേകത കൈവെടിഞ്ഞു. മൃഗങ്ങളെപ്പോലെ ഓടാനും മൽസ്യങ്ങളെപ്പോലെ നീന്താനുമാണ് അവ ഇഷ്ടപ്പെട്ടത്. കാലക്രമത്തിൽ അവയ്ക്ക് പറക്കാനുള്ള കഴിവ് നഷ്ടപ്പെട്ടു. പറക്കാത്ത പറവ! എന്തൊരു വൈരുദ്ധ്യം!

ആസ്ട്രേലിയായിലെ കാസവരി, എമു, ന്യൂസിലൻറിലെ കീവി, ആഫ്രിക്കയിലും ഏഷ്യയുടെ ചില ഭാഗങ്ങളിലും കണ്ടു വരുന്ന ഒട്ടകപ്പക്ഷി, അമേരിക്കയിലെ റീ, ദക്ഷിണാർദ്ധ ഗോളത്തിലെ പെൻഗ്വിൻ ഇവയാണ് പറക്കാത്ത പക്ഷികൾ.



ന്യൂസിലൻറുകാരനായ 'മോ' എന്ന പതത്രിയായിരുന്നു ഇവയുടെ രാജാവ്. ഏകദേശം നാലു മീറ്റർ ഉയരമുള്ള ഭീമ കായനായ ഈ പക്ഷിയുടെ ഇനം നാമാവശേഷമായിരിക്കുന്നു. ഇന്ന് ഒട്ടകപ്പക്ഷിയാണ് പറക്കാത്ത പറവകളുടെ ഇടയിൽ വലിപ്പംകൊണ്ട് ഒന്നാം സ്ഥാനത്തുനിൽക്കുന്നത്. രണ്ടു മുതൽ രണ്ടര മീറ്റർവരെ ഉയരവും 100 മുതൽ 130 കിലോഗ്രാം വരെ ഭാരവും ഉണ്ട് ഈ പക്ഷിവർഗ്ഗത്തിലെ ആണിന്. പെൺ പക്ഷിക്ക് ആണിനെ അപേക്ഷിച്ച് വലിപ്പവും ഭാരവും കുറയും. പൂവൻെറ ശരീരം മിന്നിത്തിളങ്ങുന്ന കറുത്ത തൂവലുകൾകൊണ്ട് മൂടപ്പെട്ടിരിക്കുന്നു. അതിൻെറ ചിറകുകളിലും വാലിലും ഉള്ള തൂവലുകൾ തൂവെള്ളയാണ്. കറുപ്പും വെളുപ്പും കൂടി യുള്ള ഈ മേളനം അഴകുറ്റതത്രേ. പിടയ്ക്ക് ഈ മോടിയൊന്നുമില്ല. അത് ചാരനിറമാണ്.

ആഫ്രിക്കയാണ് ഒട്ടകപ്പക്ഷിയുടെ ജൻമഭൂമി എന്നു പറയാം. അവിടത്തന്നെ അതിൻെറ മൂന്നു വകഭേദങ്ങൾ കണ്ടു വരുന്നു. അതിലൊരു ഇനത്തെ ഏഷ്യയിലെ അറേബിയ, സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങളിലും കാണാം.

അമേരിക്കയിലെ റീ ഒട്ടകപ്പക്ഷിയോട് വളരെ സാദൃശ്യമുള്ള താണെങ്കിലും യഥാർത്ഥത്തിൽ ഒട്ടകപ്പക്ഷിയല്ല.

മരുഭൂമികളാണ് ഈ പക്ഷിയ്ക്ക് ഇഷ്ടപ്പെട്ട വാസസ്ഥലം. അവിടങ്ങളിൽ പത്തും ഇരുപതും എണ്ണം വരുന്ന പറ്റങ്ങളായി അവ സഞ്ചരിക്കുന്നു. സംഘംചേർന്ന് നടക്കാനുള്ള ഈ വാസന ആത്മരക്ഷയ്ക്ക് ഉതകുന്നു. ഒട്ടകപ്പക്ഷികളുടെകൂടെ മാൻപറ്റങ്ങളെയും കഴുതപ്പുലികളെയും പലപ്പോഴും കാണാം. മനുഷ്യരാലും ഹിംസ്രമൃഗങ്ങളാലും വേട്ടയാടപ്പെടുന്ന ജീവികളാണല്ലോ അവയെല്ലാം. അതിനാൽ ആ അശക്തർ ആത്മരക്ഷാർത്ഥം അവരുടെ ഒരു സംഘടന ഉണ്ടാക്കിയിരിക്കുകയാണ്.

അതിവേഗം ഓടാനുള്ള കഴിവാകുന്നു അവയുടെ രക്ഷാമാർഗ്ഗം. വലിയ ഓട്ടക്കാരനെന്നു പേർപെറ്റ ഹരിണത്തെയും കഴുതപ്പുലിയെയുംകൂടി പിന്നിൽപ്പെടുത്താൻ ഒട്ടകപ്പക്ഷിക്ക് കഴിയും. നീണ്ടു തടിച്ച് മാംസളമായ കാലുകൾ പ്രകൃതി അതിനു കനിഞ്ഞു നൽകിയ അനുഗ്രഹമാണ്. ഒരൊറ്റ കാൽ വെപ്പുകൊണ്ട് ഒട്ടകപ്പക്ഷി എട്ടുമീറ്റർ ദൂരം കടന്നുകളയും. മണിക്കൂറിൽ ഏകദേശം നൂറു കിലോമീറ്ററോളം ഓടാൻ അതിനു ഒരു പ്രയാസവുമില്ല. എന്നാൽ പറക്കാൻ തീരെ സാധ്യമല്ല. ചിറകുകൾ നന്നേ ചെറുതാണ്. ഓടുമ്പോൾ വഞ്ചിയുടെ കാറ്റുപായ്കൾപോലെ ചിറകുകൾ പ്രയോജനപ്പെടുന്നു. എന്നാൽ കുതിച്ചുപായേണ്ടിവരുമ്പോൾ, വായുവിൻെറ എതിർപ്പു കുറയ്ക്കാൻ ഈ പക്ഷി ചിറകുകളെ ദേഹത്തോടു ചേർത്തുപിടിക്കും.

നീണ്ട് കുഴൽപോലെയുള്ള കഴുത്തും, വലിയ കണ്ണുകളും ഉള്ളതിനാൽ വളരെ അകലെയുള്ള ചെറിയ വസ്തുക്കൾ പോലും ഒട്ടകപ്പക്ഷിക്ക് വ്യക്തമായി കാണാം. അതിൻെറ ശ്രവണശക്തിയും അസാധാരണമാണ്. അതിനാൽ ദൂരത്തെത്തിയ വിപത്തുപോലും കാലേകൂട്ടിയറിഞ്ഞ് ഓടി രക്ഷപ്പെടാൻ അതിന് സാധിക്കുന്നു. പുഷ്ടിയും ദൈർഘ്യവും ശക്തിയും ഉള്ള കാലുകൾ അതിവേഗം ഓടാൻ മാത്രമല്ല ശത്രുവിനോടു പൊരുതാനും പ്രയോജനപ്പെടുന്നു. പിന്നിൽ കുതിച്ചുവരുന്ന നായാട്ടുനായയെ ഒരൊറ്റച്ചവിട്ടിന് അത് രണ്ടായി പിളർക്കും. ഇരുമ്പുതകിടുകൾകൂടി അത് ചവിട്ടിപ്പൊളിക്കും.

ഇങ്ങനെയെല്ലാമാണെങ്കിലും ഈ ജീവിക്ക് ബുദ്ധി അല്പം കുറവാണെന്ന് പൊതുവേ ഒരു ധാരണയുണ്ട്. മണലിലോ പൊന്തയിലോ തല ഒളിച്ച് രക്ഷപ്പെടാൻ അത് ചിലപ്പോഠം ശ്രമിക്കുന്നതുകൊണ്ടാണ് ഈ അഭിപ്രായം ഉണ്ടാകാൻ ഇടവന്നത്. താൻ ആരെയും കാണാത്തതുകൊണ്ട് തന്നെയും ആരും കാണുന്നില്ലെന്നു കരുതുന്നത് ബുദ്ധി ഹീനതയല്ലേ എന്നാണ് ചോദ്യം. സംസാരിക്കാൻ കഴിയുമായിരുന്നെങ്കിൽ ഒട്ടകപ്പക്ഷി ഇങ്ങനെ മറുപടി പറയും: ''ആപത്തിൽനിന്നു രക്ഷ നേടാൻ മറ്റൊരു മാർഗ്ഗവുമില്ലെന്നു വരുമ്പോഴാണ് ഞാൻ തല മണലിൽ പൂഴ്ത്തി കഴുത്തു നീട്ടി കമിഴ്ന്നു കിടക്കുന്നത്, അല്ലെങ്കിൽ തല പൊന്തയിൽ ഒളിപ്പിച്ച് അനങ്ങാതെ നിൽക്കുന്നത്. ബുദ്ധിയില്ലാഞ്ഞിട്ടല്ല, ബുദ്ധിയുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. കണ്ണഞ്ചിക്കുന്ന വെയിലത്ത് ഈ വിധത്തിൽ കിടക്കുകയോ നിൽക്കുകയോ ചെയ്യുന്ന എന്നെ ചുറ്റുമുള്ള മണൽപ്പരപ്പിൽനിന്ന് തിരിച്ചറിയാൻ ശത്രുക്കഠംക്ക് എളുപ്പമല്ല. ഒരു മണൽക്കൂമ്പാരം എന്നേ അവർക്ക് എന്നെക്കണ്ടാൽ തോന്നുകയുള്ളൂ.''

ചുട്ടുപഴുത്ത മരുമണലിൽ ബഹുദൂരം സഞ്ചരിക്കേണ്ട ഈ പക്ഷിക്കും ഒട്ടകത്തിനെന്നപോലെ പ്രകൃതി പാദരക്ഷകഠം നൽകിയിട്ടുണ്ട്. മർദ്ദത്തിൻെറ കൂടുതൽകുറവുകഠംക്കൊത്ത് പരക്കുകയും ചുരുങ്ങുകയും ചെയ്യുന്ന മാംസപിണ്ഡങ്ങളാണ് ഈ ചെരുപ്പുകഠം. മറ്റു പക്ഷികഠംക്കുള്ളപോലെ ഇതിന് ഓരോ കാലിലും നാലു വിരലില്ല; രണ്ടേയുള്ളൂ. അതിൽ ഒന്നിൻ മേലാണ് ഉടലിൻെറ ഭാരമത്രയും. അതിനാൽ ഈ വിരൽ മനുഷ്യൻെറ പാദത്തിനു തുല്യമാണ്.

ഒരു പൂവനും നാലഞ്ചു പിടകളും കുറെ കുഞ്ഞുങ്ങളും ചേർന്നതാണ് ഒരു ഒട്ടകപ്പക്ഷിയുടെ കുടുംബം. മണലിൽ മാന്തിയുണ്ടാക്കിയ സാമാന്യം വലിപ്പമുള്ള കുഴിയിൽ പിടകഠം മുട്ടയിടും. മുട്ടയുടെ നിറം മഞ്ഞ കലർന്ന വെളുപ്പാണ്. ഇരുപതോളം കോഴിമുട്ടകഠം ചേർന്നത്ര വലിപ്പമുണ്ടായിരിക്കും അതിന്. പകൽ മുഴുവൻ പിടകഠം ഊഴമിട്ട് അടയിരിക്കും. സന്ധ്യയായാൽ പൂവൻ ആ ജോലി ഏറ്റെടുക്കും. രാത്രിയിലാണല്ലോ ശത്രുക്കളിൽനിന്നുള്ള ശല്യം അധികമുണ്ടാവുക. അപ്പോഠം ഉറക്കമിളച്ച് ആൺപക്ഷിതന്നെ കാവലിരിക്കും.

സൂര്യോഷ്ണം ധാരാളമുള്ള കാലത്ത് അതുകൊണ്ടു തന്നെ മുട്ടകഠം വിരിഞ്ഞുകൊള്ളും. അപ്പോഠം അടയിരിക്കേണ്ട

ആവശ്യമില്ല. കാവൽ മാത്രം മതിയാകും. പറക്കാൻ പ്രയോജനപ്പെടുന്നില്ലെങ്കിലും ശത്രുക്കളിൽനിന്ന് മുട്ടകളെ മറച്ചുവച്ച് രക്ഷപ്പെടാൻ ചിറകുകൾ ഉതകുന്നു. അതുകൊണ്ടായിരിക്കണം ഒട്ടകപ്പക്ഷി പത്രങ്ങളെ നിലനിർത്തിപ്പോരുന്നത്.

മുട്ട വിരിഞ്ഞ് പുറത്തുവരുമ്പോൾത്തന്നെ കുഞ്ഞുങ്ങളുടെ കണ്ണു മിഴിഞ്ഞിരിക്കും. അപ്പോൾത്തന്നെ അവ എഴുന്നേറ്റു നടക്കുകയും ചെയ്യും. കുഞ്ഞുങ്ങൾ ഒരുപാടു തിന്നും; വേഗം വളരുകയും ചെയ്യും. എന്നാൽ അവയുടെ ഇടയിൽ ശിശുമരണം വളരെ അധികമാണ്. എഴുപത്തഞ്ചു ശതമാനവും ചത്തുപോകും. ഈർപ്പം അവയ്ക്ക് വളരെ വിരോധമാണ്.

പുല്ല്, ഇലകൾ, ചില്ലകൾ, വിത്തുകൾ, കായ്കൾ, പഴങ്ങൾ, ചെറുപ്രാണികൾ, പക്ഷികൾ മുതലായവയാണ് ഒട്ടകപ്പക്ഷിയുടെ ആഹാരം. അല്പം ഉപ്പും അതിനു കൂടിയേ കഴിയൂ. കല്ല്, മുള്ള്, കുപ്പിച്ചില്ല്, എല്ല് എന്നുവേണ്ട കണ്ണിൽ കണ്ടതെല്ലാം അത് കൊത്തിവിഴുങ്ങും. ഒട്ടകപ്പക്ഷിയുടെ വിശപ്പ് കുപ്രസിദ്ധമാണ്. അത് ധാരാളം വെള്ളം കുടിക്കുകയും ചെയ്യും. എന്നാൽ ഒട്ടകത്തെപ്പോലെ കുറെ ദിവസങ്ങളോളം വെള്ളം കുടിക്കാതെ മരുഭൂമിയിൽ ചുറ്റിത്തിരിയാനും അതിനു കഴിയും.

പുരാതനകാലം മുതൽക്ക് മനുഷ്യർ ഇഷ്ടപ്പെട്ടുപോന്നിട്ടുള്ള ഒരു ഭൂഷണമാണ് ഒട്ടകപ്പക്ഷിയുടെ തൂവൽ. സ്ത്രീകളുടെ തൊപ്പിയിലും ഉടുപ്പിലും ഇത് തുന്നിപ്പിടിപ്പിച്ച് മോടി കൂട്ടുന്നു. തൂവലിനുവേണ്ടി ഒട്ടകപ്പക്ഷികളെ വലിയ പറ്റങ്ങളായി വളർത്തിപ്പോരുന്നു. അത് തെക്കെ ആഫ്രിക്കയിലെ ഒരു പ്രധാനവ്യവസായമാണ്. 1913-ൽ ആഫ്രിക്കയിൽനിന്ന് 30 ലക്ഷം പവൻ വിലയ്ക്കുള്ള തൂവലാണ് കയറ്റിയയച്ചത്! എന്നാൽ ഒന്നാംലോകമഹായുദ്ധത്തിനുശേഷം ഈ കമ്പം പെട്ടെന്നു നിലച്ചു. പ്രസ്തുതവ്യവസായം തകർച്ചയുടെ വക്കോളമെത്തി. ഭാഗ്യവശാൽ യൂറോപ്പിലും അമേരിക്കയിലും ആ പഴയ മോടിയിൽ വീണ്ടും ഭ്രമം ജനിച്ചു. തൂവലിനു പുറമേ തോലിനും ഇന്ന് ധാരാളം ആവശ്യക്കാരുണ്ട്. ഒട്ടകപ്പക്ഷിയുടെ മുട്ട ആഫ്രിക്കയിലെ ആദിമനിവാസികൾക്ക് വളരെ പ്രിയപ്പെട്ട ആഹാരമാണ്. അവർ മുട്ടയുടെ തോടിൽ ചെറിയ ദ്വാരമുണ്ടാക്കി ഉള്ളിലെ സത്ത് വലിച്ചുകുടിക്കുന്നു; തോട്

പാനപാത്രമായി ഉപയോഗിക്കുകയും ചെയ്യുന്നു. ആനക്കൊമ്പു പോലെ വെളുപ്പും ഉറപ്പും മിനിപ്പുമുള്ളതാകയാൽ തോടു കൊണ്ട് ആഭരണങ്ങൾ ഉണ്ടാക്കുകയും പതിവാണ്.

### പദങ്ങൾ

വൈരുദ്ധ്യം, പതത്രി, തൂവെള്ള, ആത്മരക്ഷാർത്ഥം, ഹരിണം, ശ്രവണശക്തി, ഊഴമിട്ട്, കുപ്രസിദ്ധം, ആദിമനിവാസികൾ, മാംസളം.

### അഭ്യാസം

I. വിഗ്രഹിച്ച് അർത്ഥം പറയുക:
ജീവിതസമരം, ജൻമഭൂമി, ആത്മരക്ഷാർത്ഥം, ശ്രവണശക്തി, ബുദ്ധിഹീനത, ശിശുമരണം, ആദിമനിവാസികൾ, ദക്ഷിണാർദ്ധഗോളം.

II. (a) വാക്യത്തിൽ പ്രയോഗിക്കുക:
ആത്മരക്ഷ, കണ്ണഞ്ചിക്കുക, ഊഴമിട്ട്, കുപ്രസിദ്ധം, മാംസളം.

(b) നാമവിശേഷണരൂപം പറയുക: സാദൃശ്യം, വൈരുദ്ധ്യം, ദൈർഘ്യം.

III. പിരിച്ചെഴുതി സന്ധികാര്യം പറയുക:
പ്രാപിച്ചതെന്ന്, ഒരൊറ്റ, കുറവാണ്, ഇല്ലെന്ന്, അല്ലെങ്കിൽ, തിരിച്ചറിയാൻ, ചേർന്നത്ര, ഏറ്റെടുക്കുക.

IV. (1) പറക്കാൻ കഴിയാത്ത പറവകൾ ഏതെല്ലാം? ഈ വർഗ്ഗത്തിൽ ഏതു പക്ഷിക്കായിരുന്നു വലിപ്പംകൊണ്ട് ഒന്നാം സ്ഥാനം? ഒട്ടകപ്പക്ഷിക്ക് എങ്ങനെ ആ സ്ഥാനം കൈവന്നു?

(2) ''ആ അശക്തർ ആത്മരക്ഷാർത്ഥം അവരുടെ ഒരു സംഘടന ഉണ്ടാക്കിയിരിക്കുകയാണ്.''—ആരാണ് ഈ അശക്തർ?

(3) ഒട്ടകപ്പക്ഷിയുടെ നീണ്ടുതടിച്ച് മാംസളമായ കാലുകൾ എന്തിനെല്ലാം പ്രയോജനപ്പെടുന്നു?

(4) ഒട്ടകപ്പക്ഷിക്ക് ബുദ്ധി കുറവാണെന്ന് പറവാൻ കാരണമെന്ത്? ഈ അഭിപ്രായം ശരിയാണോ? എന്തുകൊണ്ട്?

(5) 'ഈ വിരൽ മനുഷ്യൻെറ പാദത്തിനു തുല്യമാണ്''—ഏതു വിരൽ, എന്തുകൊണ്ട്?

(6) ഒട്ടകപ്പക്ഷിയുടെ ആഹാരമെന്തെല്ലാം?

V. ചുരുക്കിയെഴുതുക:
(1) ഒട്ടകപ്പക്ഷിയുടെ ആകൃതി, ജീവിതരീതി, പ്രത്യേകതകൾ.
(2) ഒട്ടകപ്പക്ഷിയെക്കൊണ്ട് മനുഷ്യനുള്ള പ്രയോജനങ്ങൾ?.

പാഠം 22

# തിരിഞ്ഞുനോട്ടം

ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം.

ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ്ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നൂ
നിത്യനിർമ്മല പൗർണ്ണമി.

അറിഞ്ഞീലിത്രനാളും ഞാ-
നിദ്ദിവ്യപുളകോദ്ഗമം;
ആ മഹാനഷ്ടമോർത്തോർത്തു
കുലുങ്ങിക്കരയുന്നു ഞാൻ.

തിരിഞ്ഞുനോക്കിപ്പോവുന്നൂ
ചവുട്ടിപ്പോന്ന ഭൂമിയെ
എനിക്കുമുണ്ടായിരുന്നൂ
സുഖംമുറ്റിയ നാളുകൾ!

അമ്മതൻ മധുരോദാര-
വാത്സല്യസ്രുതിതൻ പത
ഇന്നുമുണ്ടെൻ പുകയില-
ക്കറകേറിയ ചുണ്ടിലും

കൂട്ടുകൂടിക്കാടുകാട്ടാൻ
തുള്ളിച്ചാടുന്ന കുട്ടികൾ
അവരെക്കിട്ടിയാൽപ്പിന്നെ
ഞാനില്ല, വരു, മുർവിയും.

അതിഹ്രസ്വങ്ങളന്നത്തെ-
ദ്ദിവാനിശകളാകവേ;
ഉറങ്ങുംമുമ്പുണരണം,
കളിതീരാതെ നിർത്തണം.

എന്തൊരുത്സവ, മക്കാല-
ത്തുള്ള നിർഭരഭംഗിയിൽ
ഇനിമേലിലുദിക്കില്ല
കതിരോൻമാരൊരിക്കലും!

എന്തൊരാഹ്ലാദ, മക്കാല-
ത്തുള്ളനിർവൃതിവായ്പൊടേ
ഇനിമേലിലുദിക്കില്ല
പൂർണ്ണചന്ദ്രരൊരിക്കലും.

ഇരുപതാം നൂറ്റാണ്ടിൻെറ ഇതിഹാസം] [അക്കിത്തം

### അഭ്യാസം

1. (a) എപ്പോഴാണ് കവിയുടെ ഹൃദയത്തിൽ ആയിരം സൗരമണ്ഡലങ്ങൾ ഉദിക്കുന്നത്?
   (b) ഹൃദയത്തിൽ ആയിരം സൗരമണ്ഡലങ്ങൾ ഉദിക്കുന്നു എന്നതുകൊണ്ട് കവി വിവക്ഷിക്കുന്നതെന്ത്?
2. മറ്റുള്ളവർക്കായ് ഒരു പുഞ്ചിരി തൂകുമ്പോൾ കവിക്കു കൈവരുന്ന അനുഭവമെന്ത്?
3. 'ഹൃദയത്തിലുലാവുന്നു നിത്യനിർമ്മലപൗർണ്ണമി' ഹൃദയത്തിലുണ്ടാകുന്ന എന്തു ഭാവത്തെയാണ് ഇവിടെ സൂചിപ്പിക്കുന്നത്?
4. 'ആ മഹാനഷ്ടമോർത്തോർത്തു കുലുങ്ങിക്കരയുന്നു ഞാൻ' ഏതു മഹാനഷ്ടം?
5. സുഖം മുറ്റിയ ആ നാളുകളിലെ അനുഭവങ്ങളെ സ്മരിക്കുന്ന ശ്ലോകങ്ങൾ ചൊല്ലുക.
6. 'ഞാനില്ല, വരു, മുർവിയും'—എന്താണ് ഇതിൻെറ ആശയം?
7. ''കുട്ടിക്കാലത്തെ ഓരോ പ്രഭാതവും ഓരോ പൗർണ്ണമിയും പുതുമ നിറഞ്ഞതായിരുന്നു'' ഈ ആശയം പ്രകാശിപ്പിക്കാൻ കവി പ്രയോഗിക്കുന്ന ഉപായമെന്ത്? (ശ്ലോകം 8, 9 നോക്കുക.)
8. 'അമ്മതൻ മധുരോദാരവാത്സല്യസ്രുതി'—ഏതാണ് ഈ വാത്സല്യസ്രുതി?

പാഠം 23


# സൂയസ് കനാൽ

കാലപ്രവാഹത്തിനിടയിൽ ലോകത്തിൽ പല മാറ്റങ്ങളും സംഭവിക്കുന്നു. നാട് കാടാകുന്നു; കാട് നാടാകുന്നു. പുഴയൊഴുകിയിരുന്നേടം മണൽത്തിട്ടായി മാറുന്നു. പിന്നെയും കുറെക്കാലം കഴിയുമ്പോഠം മരുഭൂമിയായും. ഋഗ്വേദകാലത്ത് സരസ്വതീനദി കരകവിഞ്ഞൊഴുകിയിരുന്നു. അതിൻെറ തീരങ്ങളിൽ പച്ചപിടിച്ചുനിന്നിരുന്ന ഭൂഭാഗം ഇന്ന് മരുപ്രദേശമാണ്. ആ പുണ്യനദി തീരെ വറ്റിപ്പോവുകയും ചെയ്തിരിക്കുന്നു. കര കടലായും കടൽ കരയായും മാറുന്നതും അപൂർവ്വമല്ല. നമ്മുടെ കേരളം തന്നെ അങ്ങനെയൊരു പ്രകൃതിക്ഷോഭംകൊണ്ട് ഉണ്ടായതാണല്ലോ. അടുത്തകാലത്തുപോലും ഇങ്ങനെയുള്ള മാറ്റങ്ങഠം സംഭവിച്ചിട്ടുണ്ട്. 1341-ലെ ഭയങ്കരമായ വെള്ളപ്പൊക്കത്തിൻെറ ഫലമായി പെരിയാറ്റിൻെറ തെക്കേ ശാഖ വികസിച്ചു. അതിലൂടെ കുത്തിയൊലിച്ചുവന്ന മണ്ണ് അടിഞ്ഞുകൂടി 'വയ്പ്' എന്ന ദ്വീപ് ഉണ്ടായി. അങ്ങനെയാണ് ഇന്ന് ഒരു ഒന്നാംകിട തുറമുഖമായ കൊച്ചി രൂപം കൊണ്ടത്. ആദിമധ്യകാലങ്ങളിൽ കേരളത്തിലെ പ്രസിദ്ധതുറമുഖമായിരുന്ന കൊടുങ്ങല്ലൂർ, മുസിരിസ് അടഞ്ഞുപോയതും അപ്പോഴാണ്.

''ഒരു കൈ പ്രഹരിക്കവേ പിടി
ച്ചൊരുകൈകൊണ്ടുതലോടുമേയിവഠം.''

ഇതാണ് പ്രകൃതിയുടെ രീതി. എന്നാൽ പ്രകൃതി ഭൂലോകത്തു വരുത്തുന്ന പല മാറ്റങ്ങളും വളരെക്കാലംകൊണ്ടാണ് സംഭവിക്കുന്നത്. അത്രയുമല്ല, ആ പരിവർത്തനങ്ങളെല്ലാം മനുഷ്യന് ഒന്നുപോലെ ഗുണകരവുമല്ല. അതിനാൽ പരിതഃസ്ഥിതികളിൽ തനിക്ക് അനുകൂലമായ മാറ്റങ്ങഠം വരുത്താൻ മനുഷ്യൻ പഠിച്ചു. അവൻ വരുത്തിയ പരിവർത്തനങ്ങളിലൂടെയാണ് മാനവപരിഷ്കാരം വളർന്നുവന്നത്. ഭൗതികശാസ്ത്രം പുരോഗമിച്ചതോടുകൂടി മനുഷ്യൻ ഇക്കാര്യത്തിൽ ഗണ്യമായ വിജയം നേടിത്തുടങ്ങി. എഞ്ചിനീയറിംഗ് എന്ന ശാസ്ത്രശാഖയുടെ വികാസം മനുഷ്യന് പല നൻമകളും ചെയ്തിട്ടുണ്ട്. അതിൻെറ നേട്ടങ്ങഠം അദ്ഭുതകരമാണ്. അവയിൽ ഒന്നായ സൂയസ് കനാലിനെക്കുറിച്ച് ഇപ്പോഠം പഠിക്കാം.

ഭൂപടം നോക്കൂ. യൂറോപ്പിൽനിന്ന് അറേബിയ, ഇന്ത്യ തുടങ്ങിയ ദേശങ്ങളിലേക്ക് കടൽവഴി വരണമെങ്കിൽ പണ്ടൊക്കെ മധ്യധരണ്യാഴിയിൽക്കൂടി അറ്റ്ലാൻറിക് സമുദ്രത്തിൽ പ്രവേശിച്ച് ആഫ്രിക്കയുടെ പടിഞ്ഞാറുഭാഗം മുഴുവനും കടന്ന് തെക്കേ അറ്റത്തുള്ള സുപ്രതീക്ഷാ മുനമ്പ് ചുറ്റുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. വാസ്കോഡിഗാമ ആ വഴിക്കായിരുന്നു കോഴിക്കോട്ടേയ്ക്കു വന്നത്. മധ്യധരണ്യാഴിയിൽനിന്ന് ആഫ്രിക്കയുടെ വടക്കുകിഴക്കു ഭാഗത്തുള്ള ചെങ്കടലിലേക്കു കടക്കാൻ സാധിച്ചാൽ എത്ര വഴി ലാഭിക്കാം! ലാഭിക്കാം എന്നതു ശരി തന്നെ. എന്നാൽ രണ്ടിനും മധ്യേ സൂയസ് എന്ന കരയിടുക്ക് തടസ്സമായി നിൽക്കുന്നു, വാതിലടച്ച് തഴുതിട്ട പോലെ. കരയിൽക്കൂടി കപ്പലോടുകയില്ലല്ലോ.




ബുദ്ധിമാൻമാരുണ്ടോ ഇതുകൊണ്ടൊക്കെ മടങ്ങുന്നു! സൂയസ് കരയിടുക്കിൽ ഒരു തോടുകീറി മധ്യധരണ്യാഴിയെയും ചെങ്കടലിനെയും യോജിപ്പിച്ചാൽ മതിയല്ലോ എന്നവർക്കു തോന്നി. ഈ ആശയം അടുത്തകാലത്തൊന്നുമല്ല ഉണ്ടായത്. ഈജിപ്തിലെ പുരാതനകാലത്തെ രാജാക്കൻമാരായ ഫാരോവമാരുടെ കാലത്തുതന്നെ ഇതൊരു ചിന്താവിഷയമായിരുന്നു. എന്നാൽ ക്രിസ്തുവിനുശേഷം 1869 വരെ ഈ പദ്ധതി ഒരു

യാഥാർത്ഥ്യമായിത്തീർന്നില്ല. മനുഷ്യൻെറ ചിരകാല സങ്കല്പങ്ങളാണ് പിൽക്കാലത്തെ നേട്ടങ്ങളായിത്തീരുന്നത്.

ആധുനികകാലത്ത് ഈ ജലമാർഗ്ഗത്തിൽ ഏറ്റവും അധികം താത്പര്യം കാണിച്ചത് ഫ്രഞ്ചുകാരാണ്. രാഷ്ട്രീയ സ്ഥിതിഗതികൾ അവരെ അതിനു പ്രേരിപ്പിച്ചു. 18-ാം നൂററാണ്ടിൻെറ അവസാനകാലത്ത് വാണിജ്യരംഗത്ത് ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ ഏററുമുട്ടി. ഈജിപ്തിൽ ഒരു താവളം കിട്ടിയാൽ പൗരസ്ത്യദേശങ്ങളുമായുള്ള വാണിജ്യം സുഭദ്രമാക്കാമെന്ന് ഫ്രഞ്ചുകാർ കണ്ടു. 1798-ൽ ഈജിപ്തു പിടിച്ചടക്കാൻ അവർ നെപ്പോളിയനെ നിയോഗിച്ചു. നെപ്പോളിയൻെറകൂടെ ചാൾസ്ലെപിയർ എന്ന പ്രശസ്തനായ ഒരു എഞ്ചിനീയറും അയക്കപ്പെട്ടിരുന്നു. സൂയസ്തോടുണ്ടാക്കി കടലുകളെ കൂട്ടിയിണക്കുക എത്രത്തോളം സാധ്യമാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാനായിരുന്നു അദ്ദേഹത്തെ അയച്ചത്.

മധ്യധരണ്യാഴിയും ചെങ്കടലും തമ്മിൽ ജലവിതാനത്തിൽ വ്യത്യാസമുണ്ട്; അതിനാൽ തോടുണ്ടാക്കാൻ സാധ്യമല്ല, എന്നായിരുന്നു അദ്ദേഹത്തിൻെറ റിപ്പോർട്ട്. എന്നാൽ 1853-ൽ എം. എ. ലിനൻറ്ബെൻ ഹോൺഡ്സ് എന്ന മററൊരു വിദഗ്ദ്ധനായ എഞ്ചിനീയർ ഇരു കടലുകളുടെയും ജലനിരപ്പിലുള്ള വ്യത്യാസം ഗണ്യമല്ലെന്നു തെളിയിച്ചു. ഉടനെ പൊതുജനശ്രദ്ധ സൂയസ്കനാലിൻെറ നിർമ്മാണത്തിൽ പതിഞ്ഞു. ഈ ഉദ്ദേശത്തോടെ ഒരു കമ്പനി രൂപംകൊണ്ടു. ഫേഡിനാൻഡ് ഡിലെസ്സപ്സ് എന്നൊരു എഞ്ചിനീയറായിരുന്നു നിർമ്മാണച്ചുമതല കൈയേററത്. അദ്ദേഹത്തിൻെറ നേതൃത്വത്തിൽ നടന്ന തീവ്രയത്നത്തിൻെറ ഫലമായി ഒരു ദശവത്സരത്തിനുള്ളിൽ സൂയസ് കനാൽ ഒരു യാഥാർത്ഥ്യമായി പരിണമിച്ചു. 1869 നവംബർ 17-ാം തീയതി തോട്ടിലൂടെയുള്ള ഗതാഗതം ഉദ്ഘാടനം ചെയ്യപ്പെട്ടു.

വടക്ക് മധ്യധരണ്യാഴിയുടെ തീരത്തുള്ള പോർട്ട് സെഡിൽ നിന്നാരംഭിച്ച് മെൻസാല, ബാലാ, ടിംസാ, വലിയ ബിററർ, ചെറിയ ബിററർ എന്നീ തടാകങ്ങളിൽക്കൂടി കടന്നു പോകുന്ന ഈ തോട് തെക്ക് ചെങ്കടൽ തീരത്തുള്ള സൂയസിൽച്ചെന്നവസാനിക്കുന്നു. ഇതിൻെറ ആകെ നീളം 165 കിലോമീററർ ആണ്. ഇതിൽ $37\frac{1}{2}$ കിലോമീററർ മേൽപ്പറഞ്ഞ തടാകങ്ങളിലൂടെയാണ് തോട് ഒഴുകുന്നത്. ഈ തടാകങ്ങളിൽ ചിലതിന് ആഴം കുറവായിരുന്നതിനാൽ അവയെ കുഴിച്ചു താഴ്ത്തേണ്ടിവന്നു.

ആദ്യമായി നിർമ്മിച്ച കാലത്ത് സൂയസ്തോടിൻെറ ആഴം ഇരുപത്തിയേഴടിയും ഉപരിതലവിസ്താരം 200 അടിയുമായിരുന്നു. 26 അടി ആഴമുള്ള ജലമാർഗ്ഗത്തിൽക്കൂടി സഞ്ചരിക്കാവുന്ന കപ്പലുകൾക്കുമാത്രമേ അന്ന് സൂയസ് ഗതാഗതയോഗ്യമായിരുന്നുള്ളൂ. തോട്ടിൽ ഏതാനും നിർദ്ദിഷ്ട സ്ഥാനങ്ങളിൽവച്ചുമാത്രമേ അന്ന് ഇരുഭാഗത്തുനിന്നും വരുന്ന നൗകകൾക്ക് പരസ്പരം കടന്നുപോകാൻ സാധിച്ചിരുന്നുമുള്ളൂ. ഇക്കാരണത്താൽ തോട്ടിലൂടെയുള്ള യാത്ര മൂന്നു ദിവസത്തോളം നീണ്ടുനിന്നു. ദൂരമോ 165 കിലോമീറ്റർമാത്രം. ഈ പോരായ്മ പരിഹരിക്കാനായി പിന്നത്തെ പരിശ്രമം. തുടരെത്തുടരെ നടന്ന വികസന പ്രവർത്തനങ്ങൾ നിമിത്തമായി 1960 ആകുമ്പോഴേയ്ക്ക് തോടിൻെറ വീതി 450 അടിയും ആഴം 40 അടിയുമായി വർദ്ധിച്ചു. ഉപകുല്യകൾ വെട്ടി ഗതാഗതം തിരിച്ചുവിട്ടതിൻെറ ഫലമായി ഇരുവശത്തേയ്ക്കും പോകുന്ന കപ്പലുകൾ പ്രധാന കുല്യയിൽവച്ച് സന്ധിക്കേണ്ട ആവശ്യം ഇല്ലാതായി. അങ്ങനെ തിക്കും തിരക്കും മാറിക്കിട്ടി. ഈ അഭിവൃദ്ധികൾ കാരണം ഏകദേശം പതിനഞ്ചുമണിക്കൂർകൊണ്ട് സൂയസ് തോടു കടന്ന് വിശാലമായ കടലിലെത്തുക സാധ്യമായി.

മധ്യപൗരസ്ത്യദേശങ്ങളിൽനിന്ന് യൂറോപ്പിലേക്ക് പെട്രോളിയം കൊണ്ടുപോകുന്നത് സൂയസ്തോടിലൂടെയാണ്. അതിനാൽ ഈ ജലമാർഗ്ഗത്തിന് വാണിജ്യപരമായി വലിയ പ്രാധാന്യമുണ്ട്. മുൻകാലങ്ങളിൽ എല്ലാ രാഷ്ട്രങ്ങൾക്കും ഇതിലൂടെ കപ്പലോടിക്കാൻ അനുവാദമുണ്ടായിരുന്നു; ചുങ്കം കൊടുക്കണമെന്നുമാത്രം. എന്നാൽ രണ്ടാം ലോകമഹായുദ്ധകാലത്ത് ഇംഗ്ലണ്ട് ശത്രുരാജ്യങ്ങളുടെ കപ്പലുകൾക്ക് ഇതിൽ പ്രവേശനം നിരോധിച്ചു. 1956 ജൂലായ് 26-ാം തീയതി ഈജിപ്തിലെ പ്രസിഡൻറ് കേണൽ നാസ്സർ സൂയസ് കനാൽ കമ്പനിക്ക് നഷ്ടപരിഹാരം നൽകി കനാൽ ദേശസാൽക്കരിച്ചു. ഇന്ന് ഈജിപ്തിനു മാത്രമേ അതിൻമേൽ ഉടമാവകാശമുള്ളൂ.

1967-ൽ അറബികളും ഇസ്രേലികളും തമ്മിൽ യുദ്ധമുണ്ടായപ്പോൾ വളരെയധികം കപ്പലുകൾ സൂയസിൽ താഴ്ത്തപ്പെട്ടു. അതിൻെറ ഫലമായി കനാലിലൂടെയുള്ള ഗതാഗതം ആപൽക്കരമായിത്തീർന്നു. യുദ്ധം വരുത്തിവയ്ക്കുന്ന വിന! ഇപ്പോൾ സൂയസ്കനാലിൽക്കൂടിയുള്ള ഗതാഗതം പുനരാരംഭിച്ചിരിക്കുകയാണ്.

### പദങ്ങൾ

കാലപ്രവാഹം, പ്രകൃതിക്ഷോഭം, ആദിമധ്യകാലങ്ങൾ, മാനവപരിഷ്കാരം, എഞ്ചിനീയറിംഗ്, ഗത്യന്തരം, ചിരകാലസങ്കല്പം, രാഷ്ട്രീയസ്ഥിതിഗതികൾ, സുഭദ്രം, ഗതാഗതയോഗ്യം, നിർദ്ദിഷ്ടസ്ഥാനം, നൗക, കുല്യ, ഉപകുല്യ, ദേശസാൽക്കരിക്കുക, നഷ്ടപരിഹാരം.

### അഭ്യാസം.

I. വിഗ്രഹാർത്ഥം പറയുക:
കാലപ്രവാഹം, പ്രകൃതിക്ഷോഭം, ആദിമധ്യകാലങ്ങൾ, മാനവപരിഷ്കാരം, ഗത്യന്തരം, ചിരകാലസങ്കല്പം, രാഷ്ട്രീയസ്ഥിതിഗതികൾ, ഗതാഗതയോഗ്യം, നഷ്ടപരിഹാരം, നിർദ്ദിഷ്ടസ്ഥാനം, പുനരാരംഭിക്കുക.

II. വാക്യത്തിൽ പ്രയോഗിക്കുക: ഗത്യന്തരം, സുഭദ്രം, പ്രകൃതിക്ഷോഭം, നഷ്ടപരിഹാരം.

III. നിർദ്ദേശമനുസരിച്ച് വാക്യങ്ങളെ രൂപാന്തരപ്പെടുത്തുക:
(1) കാടു നാടാകുന്നു; നാട് കാടാകുന്നു. (ഒറ്റ വാക്യമാക്കുക)
(2) ഋഗ്വേദകാലത്ത് സരസ്വതീനദി കരകവിഞ്ഞൊഴുകിയിരുന്നു. അതിന്റെ തീരങ്ങളിൽ പച്ചപിടിച്ചുനിന്നിരുന്ന ഭൂഭാഗം ഇന്ന് മരുപ്രദേശമാണ്. (ഒറ്റ വാക്യമാക്കുക)
(3) പുഴയൊഴുകിയിരുന്നേടം മണൽത്തിട്ടായിമാറുന്നു; പിന്നെയും കുറെക്കാലം കഴിയുമ്പോൾ മരുഭൂമിയായും. (പദക്രമം മാറ്റുക).
(4) എന്നാൽ രണ്ടിനും മധ്യേ സൂയസ് എന്ന കരയിടുക്ക് തടസ്സമായി നിൽക്കുന്നു. വാതിലടച്ചു തഴുതിട്ടപോലെ. (പദക്രമം മാറ്റുക).

IV. (a) ചേർത്തെഴുതുക: നൽ + മ; നെൽ + മണി; കൽ + മതിൽ; പൊൻ + താർ; പൊൻ + പതാക; ചെം + കനൽ; വെൾ + മ; തൺ + താർ.
(b) ഈ സന്ധിക്ക് എന്താണ് പേർ?
(c) സന്ധികൾ ആകെ എത്രവിധം? ഓരോന്നിനും രണ്ടുദാഹരണം പറയുക.


V. (1) പ്രകൃതി വരുത്തുന്ന മാറ്റങ്ങളെ മാത്രം ആശ്രയിച്ചിരുന്നാൽ പുരോഗതി സാധ്യമല്ല—എന്തുകൊണ്ട്?
(2) മാനവപരിഷ്കാരം എങ്ങനെ വളർന്നുവന്നു? എന്നു മുതൽക്കാണ് ആ വളർച്ച ത്വരിതമായത്?
(3) സൂയസ് കനാൽ കൊണ്ടുണ്ടായിട്ടുള്ള നേട്ടം എന്ത്?
(4) കനാലിന്റെ നിർമ്മാണം സാധ്യമല്ലെന്ന ധാരണ എങ്ങനെ ഉണ്ടായി? എങ്ങനെ പരിഹരിക്കപ്പെട്ടു?
(5) സൂയസ്കനാലിന്റെ പ്രാധാന്യത്തിന് എന്താണ് കാരണം?

VI. സംഗ്രഹിച്ച് പ്രതിപാദിക്കുക:
(1) സൂയസ്കനാലിന്റെ നിർമ്മാണവും വികസനവും.
(2) പ്രകൃതി ഭൂമുഖത്തു വരുത്തുന്ന മാറ്റങ്ങൾ, മനുഷ്യൻ വരുത്തുന്ന മാറ്റങ്ങൾ.

പാഠം 24

# പനാമ കനാൽ

ലോകക്ഷേമത്തിനായി രണ്ടു കടലുകളെ മനുഷ്യൻ കൈകോർത്തുപിടിപ്പിച്ച കഥ നിങ്ങൾകേട്ടുകഴിഞ്ഞു. രണ്ടുമഹാസമുദ്രങ്ങളെ—പസഫിക്കിനെയും അററ്ലാൻറിക്കിനെയും—സംയോജിപ്പിച്ചകഥയാണ് ഇനി പറയാൻ പോകുന്നത്. മധ്യധരണ്യാഴിയുടെയും ചെങ്കടലിൻെറയും ജലവിതാനങ്ങൾക്കു തമ്മിൽ പൊക്കത്തിൽ വ്യത്യാസമുണ്ടെന്ന തെറ്റായ സങ്കൽപ്പം




നിമിത്തം സൂയസ് കനാലിൻെറ നിർമ്മാണം ഏതാണ്ട് അമ്പതു കൊല്ലത്തോളം മാററിവച്ചു എന്നോർക്കുന്നുണ്ടല്ലോ. പനാമ കനാലിൻെറ നിർമ്മാണകാലത്തും ഈ പ്രശ്നം പൊങ്ങിവന്നു. അററ്ലാൻറിക്ക് സമുദ്രത്തിൻെറയും ശാന്തസമുദ്രത്തിൻെറയും ജലനിരപ്പുകൾക്കുതമ്മിൽ പൊക്കത്തിൽ ഗണ്യമായ വ്യത്യാസമുണ്ട്.

എന്നാൽ ഈ വിഷമതയെ എളുപ്പം പരിഹരിക്കുമാറ് എഞ്ചിനീയ റിംഗ് വിജ്ഞാനം അപ്പോഴേയ്ക്കു വളർന്നു കഴിഞ്ഞിരുന്നു.

വടക്കെ അമേരിക്കയുടെയും തെക്കെ അമേരിക്കയുടെയും പടിഞ്ഞാറുള്ള ശാന്തസമുദ്രതീരത്തുനിന്ന് കിഴക്കുള്ള അറ്റ്ലാൻറിക്ക് സമുദ്രതീരത്തിലേക്ക് കടൽവഴിയായി ചെന്നു പറ്റാൻ 1914-വരെ ഒരു വഴിയേ ഉണ്ടായിരുന്നുള്ളൂ—തെക്കെ അമേരിക്കയുടെ തെക്കെ അറ്റത്തുള്ള ഹോൺമുനമ്പു ചുറ്റി പ്പോവുക. തെക്കെ അമേരിക്കയുടെയും വടക്കെ അമേരിക്കയു ടെയും ഇടയിൽ ഒരു പാലംപോലെ കിടക്കുന്ന വീതി കുറഞ്ഞ പനാമ കരയിടുക്കാണ് ഈ കുഴപ്പം സൃഷ്ടിച്ചത്. ''അതിലൂടെ ഒരു തോടുകീറിയാൽ എന്താണ്?'' എന്ന് അമേരിക്കൻ ജനത സ്വാഭാവികമായും ചിന്തിച്ചു. മധ്യകാലത്തെ പേർപെറ്റ നാവി കൻമാരായിരുന്ന സ്പെയിൻകാർ നൂറ്റാണ്ടുകൾക്കു മുമ്പ് ഇക്കാര്യം ആലോചിച്ചതായിരുന്നു. എന്നാൽ മുൻ പറഞ്ഞ സാങ്കേതിക വിഘ്നം—പൊരുത്തപ്പെടാത്ത ജല വിതാനങ്ങൾ—വിലങ്ങടിച്ചുനിന്നു. ശാസ്ത്രവിജ്ഞാനം വളർന്നപ്പോൾ വീണ്ടും ഈ പദ്ധതി ചിന്താവിഷയമായി. അമേ രിക്കൻ ഐക്യനാടുകളാണ് ഈ വിഷയത്തിൽ മുൻകൈയെ ടുത്തത്. അവർക്കായിരുന്നു പനാമയിലൂടെ ഒരു കനാൽ ഏറ്റവും ആവശ്യമായിരുന്നതും.

തോടുവെട്ടാനുള്ള സ്ഥലവും പരിസരവും പനാമ റിപ്പബ്ളിക്കിൽനിന്ന് ഒരു ഉടമ്പടിപ്രകാരം ശാശ്വതാവകാ ശത്തോടെ യു. എസ്. എ. ഏറ്റുവാങ്ങി. 1904-ൽ കനാലിൻെറ പണി ആരംഭിച്ചു. 1914 ആഗസ്റ്റ് 15-ാം തീയതി മനുഷ്യ പുരോഗതിയുടെ വിജയകാഹളം മുഴക്കിക്കൊണ്ട് ആദ്യത്തെ കപ്പൽ പനാമ കടലിലൂടെ കടന്നുപോയി. കര ഇടിഞ്ഞുപോയ തുകൊണ്ട് കുറച്ചുകാലത്തേക്ക് മുടങ്ങിപ്പോയ ഗതാഗതം 1915-ൽ പുനരാരംഭിച്ചു.

അറ്റ്ലാൻറിക്ക് സമുദ്രത്തിൻെറ ഭാഗമായ ലിമൺ ഉൾ ക്കടലിൽനിന്നു തുടങ്ങി പസഫിക് സമുദ്രത്തിൻെറ ശാഖ യായ പനാമ ഉൾക്കടലിൽ അവസാനിക്കുന്ന ഈ തോടിന് 40.27 മൈൽ (64 കിലോമീറ്റർ) നീളമുണ്ട്. ആഴക്കടലിലെ ത്താൻ ഇരുഭാഗത്തും അഞ്ചു മൈൽ (8 കിലോമീറ്റർ) പിന്നെയും പോകണം. അങ്ങനെ ആകെ നീളം 50.72 നാഴിക (81 കിലോമീറ്റർ) ആണെന്നു പറയാം.

സമുദ്രനിരപ്പിൽനിന്ന് 85 അടി (26 മീറ്റർ) യോളം പൊക്കത്തിൽ ജലവിതാനത്തോടൊപ്പം കപ്പലുകളെയും ഉയർത്തിയാണ് അവയെ കനാലിൽ പ്രവേശിപ്പിക്കുന്നത്. ഇരട്ട ച്ചീപ്പുകൾ (Double locks) എന്നു പറയുന്ന ഒരു പ്രത്യേക സംവിധാനത്തിലൂടെ ഇതു സാധിക്കുന്നു. അറ്റ്ലാൻറിക് സമുദ്രഭാഗത്ത് ഗാറ്റൂൺ തടാകത്തിൽ ഇതിനുവേണ്ടി മൂന്നു ചീപ്പുകൾ ഉണ്ട്. പസഫിക്ക് സമുദ്രത്തിലേക്ക് കപ്പലുകളെ ഇറക്കാൻ കനാലിൻെറ ആ ഭാഗത്ത് വേറെ രണ്ടു ഇരട്ടച്ചീപ്പുകൾ നിർമ്മിച്ചിരിക്കുന്നു. കനാലിലെ ജലവിതാനം രണ്ടു സമുദ്രങ്ങളിലെയും ജലവിതാനങ്ങളെക്കാൾ ഉയർന്നതാണ്. വെള്ളം പമ്പുചെയ്താണ് ഈ ഉയർച്ച നിലനിർത്തിപ്പോരുന്നത്.

തോടിൻെറ പകുതിഭാഗം—ഏകദേശം 34 കിലോമീറ്റർ—ഗാറ്റൂൺ തടാകത്തിലാണ് കിടക്കുന്നത്. അണകെട്ടി മനുഷ്യൻ നിർമ്മിച്ച ഒരു തടാകമാണ് ഗാറ്റൂൺ. അതിൻെറ വിസ്താരം 164 ചതുരശ്രമൈൽ ആണ്. തടാകത്തിനപ്പുറമുള്ള കനാലിൻെറ ഭാഗം 8 നാഴിക (13 കിലോമീറ്റർ) യോളം ഭൂമികുഴിച്ചുണ്ടാക്കിയ ഒരു തോടാകുന്നു. ഗൈലാഡ്കട്ട് എന്നാണ് അതിനുപേർ. പെഡ്റോ മിഗ്നൻ എന്ന സ്ഥലത്തുള്ള ചീപ്പിലാണ് അത് അവസാനിക്കുന്നത്. പസഫിക്ക് സമുദ്രത്തിലേക്കുള്ള ഇറക്കം അവിടെനിന്നു തുടങ്ങുന്നു. കുന്നു കയറിയും ഇറങ്ങിയും കരയിൽ വാഹനങ്ങൾ സഞ്ചരിക്കുന്ന പോലെ വ്യത്യസ്തമായ ജലനിരപ്പുകളിലൂടെ കപ്പലോടിക്കുന്ന ശാസ്ത്രത്തിൻെറ സിദ്ധികൾക്ക് കൈകൂപ്പുക !

എത്ര വലിയ കപ്പലുകൾക്കും ഈ കനാലിലൂടെ നിഷ്പ്രയാസം കടന്നുപോകാം. വീതി ധാരാളമുള്ളതുകൊണ്ട് എതിരെ വരുന്ന യാനപാത്രത്തിന് വഴി മാറിക്കൊടുക്കേണ്ടതുമില്ല. കനാലിൻെറ അടിയിലെ വീതി 300 അടിമുതൽ 1000 അടിവരെയാണ്. ഏറ്റവും കുറഞ്ഞ ആഴം അറ്റ്ലാൻറിക്ക് സമുദ്രമുഖത്താണ്—41 അടി; ഏറ്റവും കൂടിയ ആഴം 85 അടി, ഗാറ്റൂൺ തടാകത്തിലും. 8 മണിക്കൂർകൊണ്ട് കനാലിൽക്കൂടിയുള്ള യാത്ര മുഴുമിക്കാം. ഇതിൽ പകുതി സമയം ചീപ്പുകളിലൂടെയുള്ള കയറിയിറങ്ങലിനാണുതാനും.

എല്ലാ രാജ്യക്കാരുടെ കപ്പലുകൾക്കും ചുങ്കം കൊടുത്ത് ഇതിലൂടെ യാത്ര ചെയ്യാം.

പനാമ കനാൽ കൊണ്ടുണ്ടായിട്ടുള്ള ലാഭം എന്താണ്? യു. എസ്. എ. യുടെ അറ്റ്ലാൻറിക്ക് തീരത്തുനിന്ന്

പസഫിക്ക് തീരത്തിലേക്കുള്ള കടൽ യാത്രയിൽ 8000 നാഴിക യോളം കുറഞ്ഞുകിട്ടി. വടക്കെ അമേരിക്കയുടെയും തെക്കെ അമേരിക്കയുടെയും ഇരുതീരങ്ങൾക്കു തമ്മിലുള്ള ജലമാർഗ്ഗത്തിൻെറ ദൈർഘ്യം 3000 മുതൽ 4000 നാഴികയോളം ചുരുങ്ങി! യൂറോപ്പിൽനിന്ന് ഏഷ്യയിലേക്കും ആസ്ത്രേലിയയിലേക്കുമുള്ള യാത്രയിൽ 1000 മുതൽ 1200 നാഴിക വരെ ലാഭിക്കാം! ശാസ്ത്രത്തിൻെറ വമ്പിച്ച വിജയമാണിത്.

### പദങ്ങൾ

സ്വാഭാവികമായി, സാങ്കേതികം, ഉടമ്പടി, വിജയകാഹളം, സംവിധാനം, സിദ്ധി, യാനപാത്രം, പരമാധികാരം.

### അഭ്യാസം

I. വിഗ്രഹാർത്ഥം പറയുക :

സാങ്കേതികവിഘ്നം, ശാശ്വതാവകാശം.

II. വാക്യത്തിൽ പ്രയോഗിക്കുക :

സ്വാഭാവികമായി, ഉടമ്പടി, പരമാധികാരം, സിദ്ധി (കഴിവ്).

III. വിഗ്രഹാർത്ഥവും സമാസത്തിൻെറ പേരും പറയുക:

ലോകക്ഷേമം, ജലവിതാനം, ശാസ്ത്രവിജ്ഞാനം, ചിന്താവിഷയം, ജലമാർഗ്ഗം, ശസ്ത്രക്രിയ, പ്രകൃതിദത്തം, ഗാന്ധാരീസമേതൻ, പുത്രവിഹീനൻ, ആചാരവിശുദ്ധൻ, അന്തഃപുരവനിത, വൈദ്യപരിശോധന, കുതിരലായം, ജഗൽപ്രാണൻ, വിഷധൂളി, വീരാഗ്രണി, ക്ഷോഭാകുലൻ, സമുദ്രാധിപത്യം, ജീവിതാഭിലാഷം, ചിതാഭസ്മം.

IV. (1) സൂയസ് കനാലിൻെറ നിർമ്മാണകാലത്തെക്കാൾ പനാമ കനാലിൻെറ നിർമ്മാണകാലത്ത് എഞ്ചിനീയറിംഗ് വിജ്ഞാനം വളർന്നിരുന്നു. തെളിയിക്കുക.

(2) ഏതു രണ്ടു സമുദ്രങ്ങളെയാണ് പനാമ കനാൽ സംയോജിപ്പിക്കുന്നത്?

(3) എന്നാണ് പനാമ കനാൽ ഉദ്ഘാടനം ചെയ്തത്?

(4) ഇരു സമുദ്രങ്ങളിലെ ജലവിതാനത്തെക്കാൾ കനാലിലെ ജലനിരപ്പ് ഉയർത്തി നിർത്താൻ എന്തുപായമാണ് പ്രയോഗിച്ചിട്ടുള്ളത്?

(5) പനാമ കനാലിൻെറ പകുതിഭാഗം എവിടെയാണ് കിടക്കുന്നത്?

(6) പനാമ കനാലിൻെറ നീളം എത്ര? എത്ര മണിക്കൂർകൊണ്ട് കപ്പലുകൾക്ക് കനാൽ കടക്കാം? കനാൽ എവിടെനിന്ന് ആരംഭിക്കുന്നു? എവിടെ അവസാനിക്കുന്നു?

(7) പനാമ കനാൽകൊണ്ടുണ്ടായിട്ടുള്ള നേട്ടം എന്ത്?

പാഠം 25

# മണിവീണ

''സരിഗമപധ....................''കൊച്ചുവീണ ഞാനി
ന്നമരുവതുന്നതഗായകന്റെ കൈയിൽ,
ഒരുനിമിഷവുമെന്നെയെങ്ങുമേവി-
ട്ടകലുവതങ്ങു സഹിക്കയില്ല നൂനം.

അകതളിർ മമ'രാഗ'പൂർണ്ണമെന്നാ-
ലറിയുകയില്ലതു ബാഹ്യദൃഷ്ടിയാലേ,
ഉടയവനുടെയാവിരൽ തൊടുമ്പോ-
ളുടനുണരും ബത! സുപ്തരാഗമെല്ലാം.

വിരലുകളവിടുന്നു മാറ്റിയെങ്കിൽ
വെറുമൊരു ചേതനയറ്റവസ്തുവീ ഞാൻ.
ഉടനടിയവിടുന്നു മീട്ടിയാലോ
പടുതയൊടുന്നതരാഗമാലപിക്കും.

ശ്രവണയുഗമതിൽക്കുളിർത്തിടുന്നോ-
നതിനുടെ വാസ്തവമെന്തറിഞ്ഞിടുന്നു!
'ജയജയ! മണിവീണകേമ' മെന്നീ
സ്തുതിവചനങ്ങൾ മുഴക്കിടുന്നു മേൻമേൽ-

സ്വയമൊരു കഴിവില്ലെനിക്കു പാടാൻ,
സ്വയമൊരഹംകൃതിയാർന്നിടുന്നുമില്ല.
നിപുണതയൊടു കൈയിലേന്തുവോനി
ച്ചെറിയ വിപഞ്ചികയിൽക്കളിക്കയത്രേ.

കവനമേള] [സിസ്റ്റർ മേരി ബനിഞ്ഞ

### അഭ്യാസം

1. (a) 'സരിഗമപധ....................'മുഴുമിപ്പിക്കുക. എന്താണ് ഈ ശബ്ദങ്ങൾ കുറിക്കുന്നത്?

   (b) എന്തുകൊണ്ടാണ് അവസാനത്തെ രണ്ടക്ഷരംകൂടി ശ്ലോകത്തിൽ ചേർക്കാത്തത്?

2. ആരാണ് ഗായകൻ? ഏതാണ് വീണ?

3. ഉടയവന്റെ വിരലുകളുടെ സ്പർശം ഏൽക്കുന്നതുവരെ വീണ യിലെ രാഗം എന്തുചെയ്യുന്നു?

4. 'രാഗ'ത്തിന് സംഗീതത്തിലെ രാഗം എന്നതിനു പുറമെ വേറൊരർത്ഥംകൂടിയുണ്ട്—അതെന്താണ്?

5. കവിയാകുന്ന വീണയിൽ ഉറങ്ങിക്കിടക്കുന്ന 'രാഗം' എന്താണ്?

6. ആരുടെ വൈഭവംകൊണ്ടാണ് വീണ പാടുന്നത്? ആരുടെ വൈഭവംകൊണ്ടാണ് കവയിത്രി പാടുന്നത്?

7. ഈ വൃത്തത്തിൽ എഴുതപ്പെട്ട കുറെ നല്ല ശ്ലോകങ്ങൾ മാത്രം ഉപയോഗിച്ച് അക്ഷരശ്ലോകമത്സരം നടത്തുക.

---

പാഠം 26

# ഗംഗാ കാവേരീ സംഗമം

ത്രിവേണീസംഗമത്തെക്കുറിച്ച് നിങ്ങൾ കേട്ടിരിക്കും. ഗംഗ, യമുന, സരസ്വതി എന്നീ പുണ്യനദികളുടെ സംഗമ മാണ് അത്. അലഹബാദാണ് സംഗമസ്ഥാനം. പുരാതന കാലം മുതൽക്ക് ഹിന്ദുക്കൾക്ക് അത് സുപ്രധാനമായ ഒരു തീർത്ഥാടനകേന്ദ്രമാണ്. സരസ്വതീനദി വറ്റിപ്പോയിട്ട് ശതാബ്ദങ്ങൾ കഴിഞ്ഞു. എങ്കിലും അന്തർവാഹിനിയായി അത് ഇന്നും ഗംഗയിൽ വന്നുചേരുന്നു എന്നാണ് വിശ്വാസം.

ഇതൊക്കെ പഴയ കാര്യം. പുതിയൊരു പുണ്യ സംഗമ ത്തെക്കുറിച്ചാണ് ഭാരതം ഇപ്പോൾ സഗൗരവം ചിന്തിച്ചു കൊണ്ടി രിക്കുന്നത്. രാജ്യത്തിന്റെ വടക്കെ അറ്റത്തുള്ള ഗംഗയെ തെക്കെ അറ്റത്തുള്ള കാവേരിയോട് ഒരു കനാൽ വഴി ചേർക്കുക; കാവേരി യോടു മാത്രമല്ല മാർഗ്ഗമധ്യേയുള്ള എല്ലാ മുഖ്യനദികളോടും! അതിനെക്കാൾ മഹത്തായ ഒരു തീർത്ഥം വേറെയുണ്ടാകാനില്ല. കാരണം രാജ്യത്തെ ആകമാനം അത് സമ്പൽസമൃദ്ധമാക്കും; മുപ്പതുലക്ഷം ഏക്കർ കൃഷിസ്ഥലങ്ങൾക്ക് ജലസേകമേകും; അനേകായിരം പേർക്ക് തൊഴിൽ നൽകും; വടക്കും തെക്കും തമ്മിൽ കൂടുതൽ അടുപ്പിച്ച് ദേശീയോദ്ഗ്രഥനം സുകരമാക്കും. സ്മരിക്കുമ്പോൾത്തന്നെ പുളകമണിയിക്കുന്ന പുണ്യ തീർത്ഥം!

ഇതെങ്ങനെ സാധിക്കാനാണ്! ഇതൊരു ദിവാസ്വപ്നം മാത്രമല്ലേ, എന്ന് നിരാശപ്പെടേണ്ട. സൂയസ് കനാലും പനാമ കനാലും അതുപോലെയുള്ള മറ്റനേകം പദ്ധതികളും

ഒരുകാലത്ത് മരുമരീചികകളായി എണ്ണപ്പെട്ടിരുന്നില്ലേ? ഇന്നോ? അതുപോലെ ഗംഗാ കാവേരി കനാലും അചിരേണ യാഥാർത്ഥ്യമാകും. ഗംഗാനദിയിലെ അക്ഷയമായ ജല സമ്പത്ത് ആ വിഭവം താരതമ്യേന കുറവായ ദക്ഷിണേന്ത്യയി ലെങ്ങും ആവശ്യംപോലെ പരത്തുകയാണ് ഗംഗാ കാവേരി കനാ ലിൻെറ ലക്ഷ്യം. തെക്കെ ഇന്ത്യയിൽ കേരളമൊഴിച്ചുള്ള പല പ്രവിശ്യകളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. അവി ടങ്ങളിൽ മഴ കുറവാണ്. വർഷക്കാലത്ത് ഏതാനും ദിവസ ങ്ങളിൽമാത്രം അവിടങ്ങളിലെ നദികൾ നിറഞ്ഞൊഴുകും. വേനൽക്കാലത്ത് പലതും വറ്റി വരണ്ടുപോകും. കാവേരിയെ പ്പോലുള്ള മഹാസരിത്തുകളിൽപ്പോലും അപ്പോൾ വെള്ളം നന്നെ കുറവായിരിക്കും. അതിനാൽ നാടുനീളെ അണ ക്കെട്ടുകൾ കെട്ടിയിട്ടും ജലക്ഷാമം പരിഹരിക്കാൻ കഴിയുന്നില്ല.

ഉത്തരേന്ത്യയിലെ ഗംഗാബ്രഹ്മപുത്രകളാകട്ടെ വേനൽ ക്കാലത്തും വർഷക്കാലത്തും ഒരുപോലെ നിറഞ്ഞൊഴുകുക യാണ്. ഹിമസംഹതികൊണ്ട് മൂടപ്പെട്ട ഹിമാലയശിഖര ങ്ങളിൽനിന്നാണ് അവ ഉദ്ഭവിക്കുന്നത്. ഗ്രീഷ്മകാലത്ത് മലമുകളിലെ മഞ്ഞുകട്ടകൾ ഉരുകി വെള്ളമാകുന്നതിനാൽ ഈ പുഴകൾ കൂലംകുത്തിയൊഴുകുന്നു. മഴക്കാലത്ത് വെള്ളപ്പൊ ക്കംകൊണ്ട് അവയുടെ തീരപ്രദേശങ്ങളിൽ വലിയ നാശനഷ്ട ങ്ങൾ സംഭവിക്കുകയും ചെയ്യുന്നു. 40 കോടി ഏക്കർ സ്ഥലത്ത് ഒരടി ആഴത്തിൽ പരക്കാവുന്നത്ര വെള്ളമാണ് ഗംഗയിൽക്കൂടി നിരന്തരമായി പ്രവഹിക്കുന്നത്. അത്രതന്നെ ജലം ബ്രഹ്മപുത്രയിലൂടെയും ഒഴുകിപ്പോകുന്നു. ഗംഗാ ജലത്തിൻെറ നാലിലൊരംശം മാത്രമാണ് ഇപ്പോൾ കൃഷിക്കും മറ്റുമായി ഉപയോഗപ്പെടുത്തുന്നത്. അവശേഷിക്കുന്ന മുക്കാൽ ഭാഗവും പ്രയോജനരഹിതമായി സമുദ്രത്തിൽ ചെന്നു വീഴുന്നു. ബ്രഹ്മപുത്രയിലെ ജലസമ്പത്തുമുഴുവനും ഇങ്ങനെ നഷ്ട പ്പെടുകയാണ്. ഉത്തരേന്ത്യയുടെ വികസനത്തിന് വേണ്ടത്ര വിനിയോഗിച്ചാലും പിന്നെയും ഗംഗയുടെ സമ്പത്ത് അവശേ ഷിക്കും. ബ്രഹ്മപുത്രയേയും ഗംഗയേയും ഒരു കനാൽവഴി കൂട്ടിച്ചേർത്താൽ ഈ മിച്ചം എത്രയോ അധികമാകയും ചെയ്യും. അത് ഇന്ത്യയുടെ തെക്കു ഭാഗത്തേക്കും പടിഞ്ഞാറു ഭാഗത്തേക്കും തിരിച്ചുവിട്ടാൽ, രാജ്യമാകെ നന്ദനാരാമമാകും. കൃഷിക്കാവ ശ്യമായ വെള്ളം മാത്രമല്ല, വ്യവസായ പുരോഗതിക്ക് അത്യന്താ പേക്ഷിതമായ വിദ്യുച്ഛക്തിയും യഥേഷ്ടം ലഭിക്കും. ഗതാഗതസൗകര്യവും ഗണ്യമായ തോതിൽ മെച്ചപ്പെടും. എന്നാൽ അതങ്ങ് ഉടനെ നടപ്പാക്കിക്കൂടെ എന്നല്ലേ ചോദിക്കുന്നത്?

ഇതൊരു മഹാഭീമപദ്ധതിയാണെന്നു മറക്കരുത്. 4800 കിലോമീറ്ററോളം സഞ്ചരിച്ചിട്ടുവേണം ഗംഗാജലം കാവേരിയിലെത്തുക. താണുകിടക്കുന്ന ഗംഗാസമതലത്തുനിന്ന് പൊക്കം കൂടിയ ഡക്കാൺ പീഠഭൂമിയിലേക്ക് ജലം പ്രവഹിപ്പിക്കണം. മധ്യേമാർഗ്ഗമുള്ള മലനിര തുരക്കണം. ഇതൊന്നും അസാധ്യമല്ല. അമേരിക്കയിൽ ഒരിടത്ത് 1000 മീറ്റർ ഉയരത്തിലേക്കും മറ്റൊരിടത്ത് 800 മീറ്റർ ഉയരത്തിലേക്കും വെള്ളം പമ്പുചെയ്ത് വലിയ ജലശേഖരങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അത് ഇവിടെയും സാധ്യമാണ്. എന്നാൽ വമ്പിച്ച മുതൽ മുടക്കും അനേകായിരം ആളുകളുടെ ദീർഘകാലപ്രയത്നവുംകൊണ്ടേ ഇത് സാധിക്കൂ. 2500 കോടി രൂപ ചെലവു ചെയ്യേണ്ടിവരുന്ന ഒരു പദ്ധതിയാണിത്.

ഇനി പദ്ധതിയുടെ വിശദാംശങ്ങളിലേക്കു കടക്കാം. പാറ്റ്നാ നഗരിക്കടുത്ത് ഗംഗയിൽ ഒരു മഹാസേതു നിർമ്മിച്ച് മിച്ചംവരുന്ന ജലം കനാലിലേക്കു തിരിച്ചുവിടാനാണ് ഉദ്ദേശിക്കുന്നത്. 320 കിലോമീറ്ററോളം തരണം ചെയ്തു കഴിയുമ്പോഴേക്ക് ഡക്കാൺ പീഠഭൂമി കനാലിനെ തടഞ്ഞുനിർത്തും. അപ്പോൾ അതിലെ ജലമത്രയും ഏതാണ്ട് 600 മീറ്റർ ഉയരത്തേയ്ക്ക് പമ്പുചെയ്ത് കയറ്റണം. ശക്തികൂടിയ പമ്പുകൾ ഉപയോഗിച്ചുവേണം ഇതു സാധിക്കുക. അതീവ ക്ലേശകരമായ കാര്യമാണിത്. എന്നാൽ അതുകൊണ്ടും മാർഗ്ഗവിഘ്നം അവസാനിക്കുകയില്ല. സോൺ, നർമ്മദ എന്നീ നദികളുടെ ഇടയിൽക്കിടക്കുന്ന മലനിര തുളച്ചുവേണം കനാലിന് മുന്നോട്ടുപോകാൻ. അതിനപ്പുറമുള്ള ഗതി താരതമ്യേന എളുപ്പമാണ്. കാരണം പ്രകൃതിസൃഷ്ടമായ ചരിവിലൂടെയാണ് പിന്നെ കനാൽ പോകുന്നത്. അങ്ങനെ 3520 കിലോമീറ്റർ സഞ്ചരിച്ച് കൃഷ്ണാനദിയിലെത്തും. അവിടെ വച്ച് വീണ്ടും 90 മീറ്റർ ഉയരത്തിലേക്കു വെള്ളം പമ്പടിച്ചു കയറ്റണം. ഇത്രയുമായാൽ കാവേരിനദിയിലുള്ള മേട്ടൂർ ഡാമിലേക്ക് കനാൽ പ്രവഹിച്ചു തുടങ്ങുകയായി. ഗംഗാജലം കാവേരിയിലെത്തുമ്പോഴേക്ക് പാറ്റ്നയിൽനിന്ന് 4800 കിലോമീറ്ററിലധികം സഞ്ചരിച്ചിരിക്കും.

മൂന്നു ഘട്ടങ്ങളിലായാണ് ഈ മഹാഭീമപദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഗംഗയിൽനിന്ന് നർമ്മദവരെ ഒന്നാംഘട്ടം; നർമ്മദതൊട്ട് ഗോദാവരിവരെ രണ്ടാംഘട്ടം; അവിടെനിന്ന് കാവേരിവരെ മൂന്നാംഘട്ടം.

ഗംഗ ഒരു കാലത്ത് ആകാശത്തിലെ പുണ്യനദിയായിരുന്നു എന്നാണ് പുരാണങ്ങളിൽ പറഞ്ഞുകാണുന്നത്. സൂര്യവംശജനായ ഭഗീരഥൻ വളരെക്കാലം തപസ്സു ചെയ്ത് വളരെയേറെ പാടുപെട്ട് ആകാശഗംഗയെ ഭൂലോകത്തേക്കും അവിടെനിന്ന്, പാതാളത്തിലേക്കും ഒഴുക്കി എന്നാണ് കഥ. അങ്ങനെയാണ് ഭഗീരഥപ്രയത്നം എന്ന ശൈലി ഭാരതീയഭാഷകളിൽ ഉണ്ടായത്. ഗംഗയെ കാവേരിയോടു ചേർക്കുന്നത് ഭഗീരഥപ്രയത്നമാണെന്നു പറഞ്ഞാൽ അതിൻെറ വിലയിടിക്കുകയാവും ഫലം. ഭഗീരഥൻ ഗംഗയെ താഴോട്ടാണ് ഒഴുക്കിയത്. നമുക്ക് മുകളിലേക്കൊഴുക്കണം! പ്രാപ്യസ്ഥാനത്തെത്തിക്കാൻ 1600 കിലോമീറ്റർ നീളത്തിൽ തോടു കീറണം. മലനിരകൾ തുരക്കണം. മഹത്തായ ഒരു സോഷ്യലിസ്റ്റ് ജനതയ്ക്ക് ചേർന്ന അതിമഹത്തായ പദ്ധതി!

ഗംഗാകാവേരികനാൽ മദ്ധ്യേമാർഗ്ഗമുള്ള എല്ലാ വൻനദികളെയും വിലങ്ങനെ മുറിച്ചുകൊണ്ടാണ് മുന്നേറുക. സംഗമസ്ഥാനങ്ങളിൽ വലിയ ജലശേഖരങ്ങൾ നിർമ്മിക്കുക പദ്ധതിയുടെ ഒരു പ്രധാന വശമാണ്. ആവശ്യമായി വരുമ്പോൾ ഈ ജലശേഖരങ്ങളിൽനിന്ന് നദികളിലൂടെ വെള്ളം തിരിച്ചു വിടും. 30 ലക്ഷം ഏക്കർ വിസ്താരമുള്ള കൃഷിഭൂമികൾക്ക് ഈ പദ്ധതി ജലസേകമേകും എന്ന് ആദ്യമേ പറഞ്ഞത് ഓർക്കുക.

ഭഗീരഥൻെറ തപസ്സുകൊണ്ട് പരലോകഗതരായ അദ്ദേഹത്തിൻെറ പൂർവികൻമാർക്ക് ഗതിവന്നു. അഭിനവ ഭഗീരഥൻമാരുടെ മഹാപ്രയത്നംകൊണ്ട് ഭാവിതലമുറകൾക്ക് അക്ഷയമായ ഐശ്വര്യം കൈവന്നുവെന്ന് ആധുനിക ഭാരതചരിത്രം ഉദ്ഘോഷിക്കാൻ ഇടവരും.

പദങ്ങൾ

ത്രിവേണീസംഗമം, അന്തർവാഹിനി, സഗൗരവം, മാർഗ്ഗമദ്ധ്യേ, ദേശീയോദ്ഗ്രഥനം, ദിവാസ്വപ്നം, മരുമരീചിക, വിഭവം, മഹാസരിത്ത്, ഗ്രീഷ്മകാലം, മഹാഭീമപദ്ധതി, വിശദാംശം, മഹാസേതു, അതീവ ക്ലേശകരം, പ്രകൃതിസൃഷ്ടം, അഭിനവഭഗീരഥൻ.

അഭ്യാസം

I. വിഗ്രഹാർത്ഥവും സമാസത്തിൻെറ പേരും പറയുക:

ത്രിവേണീസംഗമം, മാർഗ്ഗമദ്ധ്യേ, ദിവാസ്വപ്നം, മരുമരീചിക, ജലസമ്പത്ത്, ജലക്ഷാമം, മഹാസരിത്ത്, ഗ്രീഷ്മകാലം, നന്ദനാരാമം, ഭീമപദ്ധതി, വിശദാംശം, പ്രകൃതിസൃഷ്ടം, ഭഗീരഥപ്രയത്നം, അഭിനവഭഗീരഥൻ, പരലോകഗതൻ, ഗംഗാകാവേരീസംഗമം, തീവ്രപ്രയത്നം, ശാന്തഗംഭീരം.

II. വാക്യത്തിൽ പ്രയോഗിക്കുക:
സഗൗരവം, മാർഗ്ഗമധ്യേ, ദിവാസ്വപ്നം, വിഭവം, വിശദാംശം, ഭഗീരഥപ്രയത്നം.

III. (1) വിശദീകരിക്കുക:

(a) അതിനെക്കാൾ മഹത്തായ ഒരു തീർത്ഥം വേറെയുണ്ടാകാനില്ല.

(b) ഗംഗയെ കാവേരിയോട് ചേർക്കുന്നത് ഭഗീരഥപ്രയത്നമാണെന്നു പറഞ്ഞാൽ അതിൻെറ വിലയിടിക്കുകയാവും ഫലം.

(2) ഗംഗാ—കാവേരികനാലിൻെറ ഉദ്ദേശ്യം എന്ത്?

(3) ഗംഗയിലെയും ബ്രഹ്മപുത്രയിലെയും ജലസമ്പത്തിൻെറ അളവെത്ര?

IV. ചുരുക്കിയെഴുതുക:

(1) ഗംഗാ—കാവേരി കനാലിൻെറ വിശദാംശങ്ങൾ.

(2) ഗംഗാ—കാവേരികളെ സംയോജിപ്പിക്കുന്നതുകൊണ്ട് ഉണ്ടാകാവുന്ന മഹത്തായ നേട്ടങ്ങൾ.

---

പാഠം 27

# ചെറുശ്ശേരിയും എഴുത്തച്ഛനും

പാഠപുസ്തകങ്ങളിലൂടെ പല കവികളുടേയും കവിതകളോട് നിങ്ങൾ ഇതിനകം പരിചയപ്പെട്ടുകഴിഞ്ഞു. അതിനുപുറമേ വേറെയും കവിതകൾ നിങ്ങൾ വായിച്ചിരിക്കും. നല്ല കവിത അവാച്യമായ ഏതോ ഒരാനന്ദം ഉണ്ടാക്കുന്നതായി നിങ്ങൾക്ക് അനുഭവപ്പെട്ടിരിക്കണം. ആ അനുഭവം പൂർണ്ണമാകണമെങ്കിൽ കവിത അതതു വൃത്തത്തിൻെറ ഈണത്തിൽ ഉറക്കെ ചൊല്ലണം. ഗാനരീതിയിലുള്ള കവിതകൾ ആസ്വദിക്കണമെങ്കിൽ ഇതു ചെയ്തേ തീരൂ. ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടിലെ പല ഭാഗങ്ങളും നിങ്ങൾക്കു പരിചിതങ്ങളാണ്. അവയിൽ സ്ഫുരിക്കുന്ന വികാരങ്ങൾ എത്ര മധുരങ്ങളാണ്! ആ വികാരങ്ങളുടെ മധുരിമ മുഴുവൻ ആസ്വദിക്കണമെങ്കിൽ ഭംഗിയായി ചൊല്ലുകതന്നെവേണം. അപ്പോഴാണ് കാച്ചിക്കുറുക്കിയ പാലിൽ പഞ്ചസാരചേർത്തു കഴിക്കുമ്പോഴെന്നപോലെ രസം പൂർണ്ണമായി അനുഭവപ്പെടുന്നത്. എഴുത്തച്ഛൻെറ കവിതകളും ഇതുപോലെ പാട്ടുകളാണ്. അതിനാൽ നിറഞ്ഞ അന്തസ്സാരത്തോടുകൂടിയവയാണെങ്കിലും പാമരൻമാർപോലും അവ പാടി രസിക്കുന്നു. നിത്യപാരായണംകൊണ്ട് അവരും കാവ്യത്തിൻെറ കാതലായ ഭാഗത്തോട് കൂടുതൽ

കൂടുതൽ അടുക്കുന്നു. ചെറുശ്ശേരിയുടെ കാവ്യം കൃഷ്ണപ്പാട്ടാണ്. എഴുത്തച്ഛൻേറത് കിളിപ്പാട്ടുകളും. പാട്ടിലാണ് ഊന്നൽ. പണ്ഡിതൻമാർക്കും പാമരൻമാർക്കും അവയിൽ ഒരുപോലെ രസിക്കാം. കഴിവു കൂടുതലുള്ളവർക്ക് കൂടുതൽ ഗ്രഹിക്കാം. അതില്ലാത്തവർക്കും അവ നിരാശയ്ക്ക് ഇടവരുത്തുകയില്ല. ഭക്തിഭാവത്തിൽ അവരുടെ ഉള്ളം കുളിർക്കും. അതുകൊണ്ടുതന്നെയാണ് മലയാളത്തിൽ ഏതാണ്ട് ഒരായിരം കൊല്ലമായി ഉണ്ടായിട്ടുള്ള കാവ്യങ്ങളുടെ ഇടയിൽ എഴുത്തച്ഛൻെറ കിളിപ്പാട്ടുകളും ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടും കേരളീയരുടെ സവിശേഷ പ്രതിപത്തിക്ക് പാത്രമായത്. കർക്കിടകമാസത്തിൽ തുഞ്ചൻെറ രാമായണം കിളിപ്പാട്ടും ചിങ്ങമാസത്തിൽ ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടും കേരളത്തിലെ ഹൈന്ദവ ഗൃഹങ്ങളിൽ അടുത്തകാലംവരെ മുടങ്ങാതെ പാരായണം ചെയ്തുപോന്നു.

മലയാളത്തിലെ മഹാകവികൾ ആരെന്നു ചോദിച്ചാൽ, സാഹിത്യവുമായി അത്ര വലിയ പരിചയമൊന്നുമില്ലാത്ത മലയാളികൾപോലും, ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ എന്ന് അന്നൊക്കെ പറയുമായിരുന്നു. മാധുര്യംകൊണ്ട് ചെറുശ്ശേരിയും പരിശുദ്ധികൊണ്ട് എഴുത്തച്ഛനും ഫലിതംകൊണ്ട് കുഞ്ചനും നമ്മുടെ ഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു. ഇവരിൽ ആദ്യത്തെ രണ്ടുപേരെക്കുറിച്ച് മാത്രം ഇവിടെ ചില പ്രധാനകാര്യങ്ങൾ പറയാം.

ചെറുശ്ശേരി ഉത്തരകേരളീയനാണ്. മലബാറിൽ കണ്ണൂർ ജില്ലയിലുള്ള കോലത്തുനാട്ടിൽ ചിറയ്ക്കൽ കോവിലകത്തിനടുത്തായിരുന്നു അദ്ദേഹത്തിൻെറ ജന്മദേശം എന്നാണ് വിശ്വസിച്ചു വരുന്നത്. വടകരയ്ക്കടുത്തായിരുന്നു അദ്ദേഹത്തിൻെറ ജന്മഗൃഹം എന്ന് ഒരെതിരഭിപ്രായമുണ്ട്. ഒരു കാര്യം തീർച്ചയാണ്; ചെറുശ്ശേരി കോലത്തിരിയുടെ (ചിറയ്ക്കൽ രാജാവിൻെറ) ആശ്രിതനായിരുന്നു. അദ്ദേഹത്തിൻെറ അഭിമതമനുസരിച്ചാണ് കവി തനിക്ക് ശാശ്വതകീർത്തിനേടിക്കൊടുത്ത കൃഷ്ണപ്പാട്ടു നിർമ്മിച്ചതും. കാവ്യത്തിൻെറ പ്രാരംഭത്തിലുള്ള താഴെ ഉദ്ധരിക്കുന്ന വരികൾ ഇതിനു മതിയായ തെളിവാണ്.

''പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
..........................................
ആരംഭിച്ചീടുന്നേനായവണ്ണം.''

ഇതിനു പുറമേ ഓരോ സർഗ്ഗത്തിൻെറയും അവസാനത്തിൽ ഇക്കാര്യം എടുത്തു പറഞ്ഞിട്ടുമുണ്ട്. ഇതിൽനിന്ന് കോലത്തിരി രാജാവായ ഉദയവർമ്മയുടെ ആശ്രിതനായിരുന്നു കവിയെന്ന കാര്യം സംശയാതീതമായി തെളിയുന്നു. തന്നെപ്പറ്റിക്കൂടി കവി വല്ലതും പറഞ്ഞിരുന്നെങ്കിൽ എന്ന് ആരുതന്നെ ആശിച്ചുപോകയില്ല !

കൃഷ്ണപ്പാട്ടിൽ പരാമർശിച്ചിട്ടുള്ള ഉദയവർമ്മൻ കൊല്ല വർഷം 621 മുതൽ 650 വരെ നാടുവാണ കോലത്തിരി രാജാവാണ്. അതിനാൽ ഏഴാം നൂറ്റാണ്ടിൻെറ പൂർവാർദ്ധമാണ് ചെറുശ്ശേരിയുടെ കാലം എന്നു സിദ്ധിക്കുന്നു. ചെറുശ്ശേരിഭാരതം എന്ന കൃതിയും ഈ കവിയുടേതാണെന്ന് ചിലർ പറയുന്നു. എന്നാൽ പ്രമുഖപണ്ഡിതൻമാർ ആ അഭിപ്രായത്തെ എതിർത്തിട്ടുണ്ട്. ഏതായാലും ചെറുശ്ശേരിയുടെ കീർത്തി കൃഷ്ണപ്പാട്ടിനെ മാത്രം ആശ്രയിച്ചാണ് നിൽക്കുന്നത്. ഒരൊറ്റ കൃതികൊണ്ട് ഇത്രയധികം യശസ്സ് നേടിയ കവികൾ ഏതു സാഹിത്യത്തിലും അധികമില്ല.

ഭാഗവതം ദശമസ്കന്ധത്തിലെ കഥയാണ് കൃഷ്ണപ്പാട്ടിൻെറ ഉള്ളടക്കം. ഭക്തിയാണതിലെ പ്രധാന ഭാവം. ഭാഗവതം ഭക്തിപ്രസ്ഥാനത്തിലെ ദീപസ്തംഭമാണ്. അതിൽനിന്നു കൊളുത്തിയ ഭദ്രദീപമാണ് കൃഷ്ണപ്പാട്ടെന്നു പറയാം. കൃഷ്ണപ്പാട്ടിൽ ഭക്തി ഹൃദയമലിയിക്കുന്ന പല രൂപങ്ങളും കൈക്കൊള്ളുന്നുണ്ട്. യശോദ, നന്ദഗോപൻ, ദേവകി, വാസുദേവൻ, ഗോപിമാർ, ഗോപാലബാലൻമാർ മുതലായവർക്ക് കൃഷ്ണനോടു തോന്നിയ വാൽസല്യം, അനുരാഗം, മൈത്രി, എന്നിവയെല്ലാം ഭക്തിഭാവത്തിൻെറ ഭേദങ്ങൾ തന്നെ. ഈ വികാരത്തിൻെറ മിഴിവാണ് കൃഷ്ണപ്പാട്ടിനെ ഏറ്റവും ഹൃദ്യമാക്കുന്നത്. ഉണ്ണിക്കൃഷ്ണൻെറ ബാലലീലകൾ, പിൽക്കാലത്ത് മഥുരയിൽ വാഴുന്ന ശ്രീകൃഷ്ണൻ, നന്ദഗോപർ മുഖേന യശോദയ്ക്കയയ്ക്കുന്ന സന്ദേശം, അക്രൂരൻെറ ഗോകുലാഗമനം, യമുനാതീരവനങ്ങളിൽ കൃഷ്ണനെ അന്വേഷിച്ചു നടക്കുന്ന ഗോപികമാരുടെ വിലാപം, വേണുഗാനത്തിൽ മതിമറന്നു നിൽക്കുന്ന വൃന്ദാവനം എന്നീ ഭാഗങ്ങൾ ഒന്നു വായിച്ചു നോക്കൂ ! എന്തൊരു ഭാവപ്പൊലിമ !

ചെറുശ്ശേരി ഭാവനാശാലിയായ ഒരു കവിയാണ്. അദ്ദേഹത്തിൻെറ കവിതയിൽ ഉടനീളം നല്ല അലങ്കാരങ്ങൾ കാണാം. പൂർവ്വകവികൾ പ്രയോഗിച്ചിട്ടുള്ള അലങ്കാരങ്ങളെ

ഉടച്ചുവാർത്ത് അദ്ദേഹം പുതിയ അലങ്കാരങ്ങൾ ചമച്ചിരിക്കുന്നു. അവയ്ക്കു പുറമെ സ്വന്തമായ അലങ്കാരങ്ങളും ധാരാളമുണ്ട്. ചിലപ്പോൾ അലങ്കാരമൊന്നും പ്രയോഗിക്കാതെ സരളമായി, സരസമായി കഥ പാടുകയും ചെയ്യും. കുചേലസദ്ഗതി മുതലായ ഭാഗങ്ങൾ ഇതിനുദാഹരണമാണ്. ഉപയോഗിച്ച രീതി ഏതായാലും അതാതു സന്ദർഭങ്ങളിൽ ഉണ്ടാകേണ്ട വികാരം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞുപൊങ്ങും. അതാണല്ലോ കവിതയുടെ വിജയം.

ചെറുശ്ശേരിയുടെ കവിതാരീതി ലളിതവും കോമളവും മധുരവുമാണ്. പഴയ മലയാളപദങ്ങളുടെ ഒരു കലവറയാണ് കൃഷ്ണപ്പാട്ടെന്നു പറയാം. മലയാളവും സംസ്കൃതവും അദ്ദേഹം വളരെ മനോഹരമായി കൂട്ടിയിണക്കുന്നു. എഴുത്തച്ഛൻ മാത്രമേ ഇക്കാര്യത്തിൽ ചെറുശ്ശേരിയുടെ പിന്നിൽപ്പെടാതുള്ളൂ. മാധുര്യമാണ് ചെറുശ്ശേരിയുടെ പ്രത്യേകത. എഴുത്തച്ഛൻേറത് ഗാംഭീര്യവും. മന്ദഹസിപ്പിക്കുന്ന ഫലിതവും ചെറുശ്ശേരിയുടെ കവിതയിൽ മലരിൽ മണംപോലെ ഇണങ്ങിച്ചേർന്നിരിക്കുന്നു.

എഴുത്തച്ഛൻ മലയാളത്തിൻെറ പിതാവാണ് എന്നു പറയാറുണ്ട്. അദ്ദേഹത്തിനെത്രയോമുമ്പ് മലയാളഭാഷയും കവിതയും രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പിന്നെ മലയാളഭാഷയുടെ പിതാവ് എന്ന പദവി അദ്ദേഹത്തിനെങ്ങനെ സിദ്ധിച്ചു? മലയാളത്തിൻെറ കഴിവുകൾ തികച്ചും വളർത്തിയെടുത്തതും അതിന് ഇന്നത്തെ രൂപം നൽകിയതും തുഞ്ചത്താചാര്യനാണ്. തുഞ്ചൻെറ കിളിപ്പാട്ടുകളിലെ ഭാഷയാണ് പിൽക്കാലത്തെ കവികൾ അനുകരിച്ചത്. ക്ഷീരനീരങ്ങൾപോലെ മലയാളവും സംസ്കൃതവും തിരിച്ചറിയാൻ കഴിയാത്തവണ്ണം എഴുത്തച്ഛൻ തൻെറ കവിതകളിൽ മേളിപ്പിച്ചു. സന്ദർഭമനുസരിച്ച് അദ്ദേഹത്തിൻെറ രീതി ഗംഭീരമായും ലളിതമായും മാറി മാറി വരും. ചെറുശ്ശേരിക്കുള്ളതുപോലെ അലങ്കാരങ്ങളോട് എഴുത്തച്ഛന് അത്ര പ്രതിപത്തിയില്ല. ഉചിതശബ്ദങ്ങളെ ചേർത്തിണക്കി ഒരു ക്ലേശവും കൂടാതെ അദ്ദേഹം ഭാവങ്ങളെ ഭംഗിയായി സ്ഫുരിപ്പിക്കുന്നു.

''ഭാരതീ പദാവലി തോന്നേണം കാലേ കാലേ
വാരിധി തന്നിൽത്തിരമാലകളെന്നപോലെ.''

എന്നാണദ്ദേഹം വാഗ്ദേവതയോട് പ്രാർത്ഥിച്ചത്. അതു തികച്ചും ഫലിച്ചു.

എല്ലാ ഭാവങ്ങളെയും എഴുത്തച്ഛൻ ഭംഗിയായി പ്രകാശിപ്പിക്കുന്നുണ്ടെങ്കിലും ഭക്തിയാണ് അദ്ദേഹത്തിൻെറ കാവ്യങ്ങളിൽ മുറ്റി നിൽക്കുന്നത്. എഴുത്തച്ഛനെപ്പോലെ മറ്റൊരു കവിയും തൻെറ കവിതകളിലൂടെ നമ്മുടെ ഹൃദയങ്ങളെ നിർമ്മലീകരിക്കുകയും ആത്മാവിനെ ഉണർത്തുകയും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെയാണ് മറ്റാർക്കും ലഭിക്കാത്ത ആചാര്യപദവി അദ്ദേഹത്തിനു ലഭിച്ചത്. ചെറുശ്ശേരിയുടെ കവിത മോഹനമാണ്. എഴുത്തച്ഛൻേറത് പാവനവും.

അധ്യാത്മരാമായണം കിളിപ്പാട്ടും ഭാരതം കിളിപ്പാട്ടുമാണ് എഴുത്തച്ഛൻെറ പ്രധാന കൃതികൾ. അദ്ദേഹത്തിൻെറ ശരിയായ നാമധേയമെന്തായിരുന്നു; മാതാപിതാക്കളാരായിരുന്നു; എന്നതെല്ലാം ഇന്നും വാദവിഷയങ്ങളത്രെ. വെട്ടത്തുനാടാണ് അദ്ദേഹത്തിൻെറ ജനനത്താൽ അനുഗൃഹീതമായ ദേശം. കൊല്ലവർഷം 675—നും 750—നും ഇടയ്ക്ക് അദ്ദേഹം ജീവിച്ചിരുന്നതായി ഉറപ്പിച്ചു പറയാം. ചെറുശ്ശേരിയുടെ അനന്തരകാലീനനാണ് എഴുത്തച്ഛൻ എന്ന കാര്യത്തിൽ സംശയമില്ല.

ചെറുശ്ശേരിയും എഴുത്തച്ഛനും ഭക്തിപ്രസ്ഥാനത്തിലെ രണ്ടു കെടാവിളക്കുകളാണ്. അവർ എന്നെന്നും നമ്മുടെ ഹൃദയങ്ങളിൽ വെളിച്ചം വീശിക്കൊണ്ട് പരിലസിക്കും.

### പദങ്ങൾ

അവാച്യം, ആസ്വദിക്കുക, അന്തസ്സാരം, പാമരൻ, നിത്യപാരായണം, ഹൈന്ദവം, സ്ഥിരപ്രതിഷ്ഠ, പ്രമുഖപണ്ഡിതൻ, സ്കന്ധം, ദ്രദീപം, മൈത്രി, , ഹൃദ്യം, ഭാവപ്പൊലിമ, ഭാവനാശാലി, സരളം, സദ്ഗതി, വാഗ്ദേവത, ഭാരതി, മോഹനം, അനുഗൃഹീതൻ, അനന്തരകാലീനൻ.

### അഭ്യാസം

I. വിഗ്രഹാർത്ഥവും സമാസത്തിൻെറ പേരും പറയുക:
ക്ഷീരനീരങ്ങൾ, സ്ഥിതിഗതികൾ, ഗംഗാകാവേരികൾ, ഭീഷ്മദ്രോണകർണ്ണൻമാർ, കരചരണങ്ങൾ, പണ്ഡിതപാമരൻമാർ.

II. (a) വിപരീതപദം പറയുക :
അനന്തരകാലീനൻ, പാമരൻ, മൈത്രി, അവാച്യം, സരളം, സദ്ഗതി.

(b) വാക്യത്തിൽ പ്രയോഗിക്കുക:
ആസ്വദിക്കുക, മധുരിമ, അന്തസ്സാരം, സ്ഥിരപ്രതിഷ്ഠ, മോഹനം, അനുഗൃഹീതൻ, ഹൃദ്യം.

III. (1) മധ്യകാലകവികളിൽ പ്രമുഖൻമാരായ മൂന്നുപേർ ആരെല്ലാം?
(2) ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടും, എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും സാമാന്യജനങ്ങൾക്ക് ഇഷ്ടപ്പെടാൻ കാരണമെന്ത്?
(3) ചെറുശ്ശേരിയുടെ കാലം എങ്ങനെ നിർണ്ണയിക്കാം?
(4) കൃഷ്ണപ്പാട്ടിന്റെ ഉള്ളടക്കം എന്ത്?
(5) എഴുത്തച്ഛൻ മലയാളഭാഷയുടെ പിതാവാണെന്നു പറയുന്നത് ഏതർത്ഥത്തിൽ സ്വീകരിക്കാം?
(6) എഴുത്തച്ഛന്റെ ജൻമദേശം ഏത്? കാലം ഏത്?
(7) എഴുത്തച്ഛന്റെ പ്രധാന കൃതികൾ ഏവ?

IV. ഓരോ ഖണ്ഡികയിൽ ചുരുക്കി പ്രതിപാദിക്കുക:
(1) കൃഷ്ണപ്പാട്ടിന്റെ പ്രത്യേകതകൾ.
(2) തുഞ്ചൻകവിതയുടെ സവിശേഷതകൾ.

---

പാഠം 28

# രാമാനുജൻപൈങ്കിളി

'വായിച്ചുകൊൾകെ, ത്രയുമിഷ്ടമാണ-
തിങ്ങെന്നു' ഞാനുത്തരമോതിയാറേ,
ഇരുണ്ട മണ്ണെണ്ണ വിളക്കിനാരാ-
ലിരുന്നിതായാൾ തൊഴുകൈയുമായി. 1

പിന്നീടുതൻ പുസ്തകമൊന്നെടുത്തു
പൂർണ്ണാദരം വായനയും തുടങ്ങി.
ഇണങ്ങിനിൽക്കും ശ്രുതിയില്ല, രാഗ-
മില്ല, ക്ഷരവ്യക്തിയുമേറെയില്ല. 2

എന്നാലുമായാളുടെ ഗാനമെന്റെ
കർണ്ണത്തിനാഹ്ലാദമനൽപമേകി;
തദീയകണ്ഠസ്വരമത്രമാത്രം
ഭക്തിസ്ഫുരൻമാധുരി പൂണ്ടിരുന്നു. 3

കാവ്യംസുഗേയം, കഥ രാഘവീയം;
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ;
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി-
ലാനന്ദലബ്ധിക്കിനിയെന്തു വേണം? 4

അവൻെറ പാട്ടാം മണിയൊച്ച രാവിൻ
പ്രശാന്ത നിശ്ശബ്ദതയെപ്പിളർക്കേ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചു നിന്നൂ ദിവിതാരകങ്ങൾ; 5

നീളത്തിലഗ്ഗീതമവൻെറ കണ്ഠ—
നാളത്തിൽ നിന്നങ്ങു വിനിർഗ്ഗളിയ്ക്കെ,
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു,
താളംപിടിച്ചൂ നദി മെല്ലെമെല്ലേ! 6

രാമാനുജപ്പൈങ്കിളി പാടിയോരു
രാമായണത്തിൻ മധുരപ്രവാഹാൽ,
ആ വെണ്ണിലാവങ്ങൊരു പാൽക്കുഴമ്പോ—
ടാമേളനം ചെയ്തതുപോലെയായി! 7

ചൊൽക്കൊണ്ട തുഞ്ചൻ ഗുരുവിൻെറ കാവ്യ
രത്നത്തിൽ നിന്നേന്തിയ കാന്തിയാലേ
അപ്പൊട്ട മണ്ണെണ്ണ വിളക്കു വിദ്യുൽ—
പ്രദീപമായെന്നുമെനിക്കു തോന്നി. 8

ഒരദ്ഭുതത്തൂമണമാസ്ഥലത്തു
പരന്നു പാറീ കുളിർ കാറ്റിലെങ്ങും:
നിരന്തരം വന്നു പൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചി തന്നിൽ! 9

തൽചിത്രവർണ്ണാംഗ മരീചിയാൽക്ക—
ണ്ണഞ്ചിപ്പൊരോമൽക്കിളിയേറെ നേരം
കൊഞ്ചിക്കളിച്ചൂ കളനിസ്വനത്തോ—
ടെൻചിത്തവല്ലിച്ചെറുചില്ലതോറും. 10

തോണിയാത്ര] [വള്ളത്തോൾ

## അഭ്യാസം

1. (a) 'ഇരുന്നിതായാൾ തൊഴുകൈയുമായി'—തൊഴുകൈ എന്താണ് സൂചിപ്പിക്കുന്നത്?
   (b) ഇതേ ആശയം അടുത്ത ശ്ലോകത്തിൽ ഏതു പദംകൊണ്ടു വ്യക്തമാക്കിയിരിക്കുന്നു?
2. 'എന്നാലും' (ശ്ലോകം 3) എന്ന പദംകൊണ്ട് എന്താശയം സൂചിപ്പിക്കുന്നു? (ഉത്തരം കവിവാക്യത്തിൽ).

3. തോണിക്കാരൻെറ രാമായണം വായന കവിയെ എന്തുകൊണ്ടാണ് രസിപ്പിച്ചത്?
4. വായിക്കുന്ന ആളും കേൾക്കുന്ന ആളും മാത്രമല്ല പ്രകൃതിയും രാമായണപാരായണത്തിൽ ആനന്ദിച്ചു. ഏതു ശ്ലോകത്തിലാണ് ഈ ആശയം സ്ഫുരിക്കുന്നത്?
5. 'ആനന്ദലബ്ധിക്കിനിയെന്തുവേണം?' ആനന്ദലബ്ധിക്കു കാരണമായി ഇപ്പോൾ എന്തെല്ലാമുണ്ട്?
6. എഴുത്തച്ഛൻെറ രാമായണം കിളിപ്പാട്ടു രീതിയിലാണ് എഴുതപ്പെട്ടിട്ടുള്ളത് എന്നു സൂചിപ്പിക്കുന്ന ശ്ലോകം ചൊല്ലുക.
7. വള്ളത്തോളിൻെറ ഹൃദയത്തിൽ കൊഞ്ചിക്കളിച്ച കിളിയേത്?
8. 'കാവ്യരത്നത്തിൽ നിന്നേന്തിയ കാന്തിപോലെ' — കാവ്യത്തെ എന്തിനു രത്നമായി കല്പിച്ചു?
9. എഴുത്തച്ഛൻെറ കവിതയുടെ ഏതേതു ഗുണങ്ങളെയാണ് വള്ളത്തോൾ വാഴ്ത്തുന്നത്? ഏതേതു ശ്ലോകങ്ങളിൽ?
10. ഈ കവിതയിൽ സ്ഫുരിക്കുന്ന പ്രധാന വികാരമേത്? ആരുടെ നേരേയാണ് വള്ളത്തോൾ കവിക്ക് ആ വികാരം ഉണ്ടായത്?
11. എഴുത്തച്ഛൻെറ കവിതയ്ക്ക് ദിവ്യമായ കാന്തിയും മാധുര്യവും മണവുമുണ്ട്—ഏതേതു ശ്ലോകങ്ങളിലാണ് കവി ഇത് സൂചിപ്പിച്ചിട്ടുള്ളത്?

---

പാഠം 29

# മാതൃഭൂമിയോടു വിടവാങ്ങുന്നു

**ആമുഖം**

1857–ൽ നടന്ന ആദ്യത്തെ ഭാരതസ്വാതന്ത്ര്യസമരത്തെ ബ്രിട്ടീഷുകാർ ഏതാനും മാസങ്ങൾകൊണ്ട് അടിച്ചമർത്തി. സിപ്പായ് ലഹള എന്ന പേർ വിളിച്ച് അവരുടെ ചരിത്രകാരന്മാർ അതിൻെറ വിലയിടിക്കാൻ പാടുപെട്ടു. മുഗളവംശത്തിലെ അവസാനത്തെ പാദുഷാവായ ബഹദൂർഷാ അക്കാലത്ത് അധികാരമെല്ലാം നഷ്ടപ്പെട്ട് ഡൽഹിയിൽ ഒരു ജീർണ്ണഗൃഹത്തിൽ കുടുംബസമേതം വസിക്കുകയായിരുന്നു. കവിയും തത്ത്വചിന്തകനുമായിരുന്ന അദ്ദേഹം രാഷ്ട്രീയകാര്യങ്ങളിൽ അത്രയൊന്നും തത്പരനായിരുന്നില്ല. എന്നാൽ ഡൽഹിയിലെ ഇന്ത്യൻ പട്ടാളക്കാർ അദ്ദേഹത്തിൻെറ പേരിലാണ് ബ്രിട്ടീഷുകാരോട് സമരം പ്രഖ്യാപിച്ചത്. യുദ്ധത്തിൻെറ ആദ്യഘട്ടത്തിലുണ്ടായ വിജയത്തിൻെറ വേലിയേറ്റത്തിൽ ആഹ്ലാദിച്ച് അവർ അദ്ദേഹത്തെ ഭാരതചക്രവർത്തിയായി പ്രഖ്യാപിക്കുകയും ചെയ്തു.

ബ്രിട്ടീഷുകാർ ബഹദൂർഷാവിനെയും പത്നി സീനത്ത് മഹലിനെയും തടവുകാരായിപ്പിടിച്ച് വിചാരണചെയ്ത് ശിക്ഷ വിധിക്കുന്ന രംഗമാണ് താഴെ അവതരിപ്പിക്കുന്നത്:—

സ്ഥലം—ഡൽഹി ഈസ്റ്റ് ഇന്ത്യാക്കമ്പെനിയുടെ പട്ടാള ക്കോടതി.

(ജഡ്ജിമാർ ന്യായാസനത്തിൽ ഇരിക്കുന്നു. ഗൂർക്കാ-സിക്ക് വിഭാഗ ങ്ങളിൽപ്പെട്ട ഭടന്മാർ വെള്ളക്കാരായ മേധാവികളുടെ കീഴിൽ അകമ്പടി സേവിച്ചുകൊണ്ട് അരികെ നിൽക്കുന്നു.)

ഒന്നാമത്തെ ജഡ്ജി: മുഹമ്മദ് അബ്ദുറഹിം. സിപ്പായ് നമ്പർ 4513D. ഹാജരാക്കൂ.

(കൈകാലുകളിൽ വിലങ്ങിട്ട റഹിമിനെ ഒരു സിക്കും ഗൂർക്കയും ചേർന്ന് രംഗത്തിലേക്ക് കൊണ്ടുവരുന്നു.)

രണ്ടാമത്തെ ജഡ്ജി: നിന്റെ പേരിലുള്ള കുറ്റപത്രം വായിക്കാം. ശ്രദ്ധിച്ചു കേൾക്കൂ.

ബഹുമാനപ്പെട്ട ഈസ്റ്റിന്ത്യാക്കമ്പെനിയുടെ കീഴിൽ മുഹമ്മദ് അബ്ദുറഹിം ഒരു ഹവിൽദാരായി മേയ് 9–ാം തീയതിവരെ ജോലി ചെയ്തിരുന്നു. ഡൽഹിയിലെ പട്ടാളക്കാ രുടെ ഇടയിൽ കള്ളക്കഥകൾ പ്രചരിപ്പിച്ച് അവരെ ബഹുമാന പ്പെട്ട കമ്പനിക്കെതിരായി ഇവൻ ലഹളയ്ക്കൊരുക്കി. ഇന്ത്യ യിലെങ്ങും പട്ടാളക്കാരുടെ ഇടയിൽ പ്രക്ഷോഭമുണ്ടാക്കുക എന്ന ദുരുദ്ദേശത്തോടെ പ്രവർത്തിച്ചുവന്ന ഗൂഢസംഘത്തിലെ ഒരു പ്രമുഖാംഗമാണ് ഇവൻ. ബഹദൂർഷാവിനെയും സീനത്ത് മഹലിനെയും ബഹുമാനപ്പെട്ട കമ്പനിക്കെതിരായി കുത്തിപ്പൊ ക്കിയത് ഇവനാണ്. ഡൽഹിയിലും പരിസരപ്രദേശങ്ങളിലും വച്ച് കഴിഞ്ഞ നാലുമാസമായി നടന്ന യുദ്ധത്തിൽ ഇവൻ കമ്പനിപ്പട്ടാളത്തിന് വമ്പിച്ച നാശനഷ്ടങ്ങൾ വരുത്തി.

ഒന്നാമൻ: (റഹിമിന്റെ നേർക്കു തിരിഞ്ഞ്) നിങ്ങൾക്ക് വല്ല സമാധാനവും ബോധിപ്പിക്കാനുണ്ടോ?

റഹിം: ഇപ്പറഞ്ഞതെല്ലാം വാസ്തവമാണ്. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഞാൻ പൊരുതി; എന്റെ സഹോ ദരൻന്മാരെ പൊരുതാൻ പ്രേരിപ്പിച്ചു. കമ്പനിയുടെ ദുർഭരണത്തിനെതിരെ ഞങ്ങൾ അണിനിരന്നു. ഈ അവ സാനനിമിഷത്തിലും ഞാൻ എന്റെ സഹോദരന്മാരോട് പറയുകയാണ്: പൊരുതൂ, പൊരുതൂ, വിട്ടുവീഴ്ച കൂടാതെ പൊരുതൂ! ഒറ്റ വെള്ളക്കാരനെങ്കിലും ഇന്നാട്ടിൽ

അവശേഷിക്കുന്ന കാലത്തോളം പടവെട്ടൂ ! ഒരു നൂറ്റാണ്ടു കാലമായി കമ്പനിക്കാർ നടത്തിപ്പോരുന്ന പൈശാചികമായ അക്രമങ്ങൾക്കെതിരായി ആയുധമെടുക്കൂ ! കടുത്ത ദുഃഖംകൊണ്ടു ചുട്ടുപഴുത്ത ജന്മഭൂമി കുളിർക്കാൻ വെള്ളക്കാരൻെറ രക്തം ചൊരിയൂ !

രണ്ടാമത്തെ ജഡ്ജി: ധിക്കാരം ! ഇവൻ കുറ്റം സമ്മതിച്ചിരിക്കുന്നു. വിചാരണ മതിയാക്കി ശിക്ഷ വിധിക്കാം.

ഒന്നാമൻ: പട്ടാളനിയമമനുസരിച്ച് നാം നിനക്ക് മരണശിക്ഷ വിധിക്കുന്നു.

രണ്ടാമൻ: (ഒന്നാമനോട്) പോരാ, ഇവനെ കഴുവിൽ കയറ്റണം, പട്ടാളനിയമമനുസരിച്ച് വെടിവച്ചു കൊന്നാൽപ്പോരാ. ഈ നീചൻ കൂടുതൽ ഭയങ്കരമായ ശിക്ഷ അർഹിക്കുന്നു.

റഹിം: കഴുമരത്തിൽ കയറ്റുകയോ ! കൊള്ളക്കാരനോ കൊലയാളിയോ ആരാണ് ഞാൻ? പട്ടാള നിയമം ലംഘിച്ച് ഞാൻ ലഹളയ്ക്കൊരുങ്ങി. അതു മാത്രമാണ് എൻെറ കുറ്റം. അതിനു നൽകാവുന്ന അങ്ങേ അറ്റത്തെ ശിക്ഷ വെടിവച്ചു കൊല്ലുകയാണ്. അതല്ലേ നിങ്ങളുടെ നിയമം? ഒഴിക്കൂ, തോക്കൊഴിക്കൂ ! ഞാനിതാ നെഞ്ചു കാട്ടി നിൽക്കുന്നു.

ഒന്നാമൻ: (രണ്ടാമനോട്) ഇവൻെറ വാദം ശരിയാണ്. വെടിവച്ചു കൊല്ലാനേ നിയമം അനുവദിക്കുന്നുള്ളൂ.

രണ്ടാമൻ: നിയമം ! ഈ അടിമകളുടെ നാട്ടിൽ നാം വച്ചതു തന്നെ നിയമം. കയറ്റണം കഴുവിൽ ! അല്ലെങ്കിൽ ഇഞ്ചിഞ്ചായി കൊത്തിനുറുക്കണം. ശിക്ഷകളെ എത്രത്തോളം ഭയങ്കരമാക്കാമോ അത്രയും ഭയങ്കരമാക്കണം. അല്ലെങ്കിൽ ഈ ലഹളകൾ ആവർത്തിക്കപ്പെടും.

ഒന്നാമൻ: ശരിതന്നെ. എന്നാൽ നിയമം ! അതു ലംഘിക്കാൻ എൻെറ മനസ്സാക്ഷി സമ്മതിക്കുന്നില്ല.

രണ്ടാമൻ: എന്നാൽ ഇഷ്ടംപോലെ ചെയ്യണം.

ഒന്നാമൻ: (ഭടന്മാരോട്) ഇവനെ തിരിച്ചുകൊണ്ടുപോകൂ. കൽപന ഉടനെ അയക്കുന്നുണ്ടെന്ന് കമാൻഡറിനെ അറിയിക്കൂ.

(ഭടന്മാർ റഹിമിനെ കൊണ്ടുപോകുന്നു.)

ഒന്നാമൻ: ബഹദൂർഷാവിനെയും സീനത്ത്മഹലിനെയും ഹാജരാക്കുക.

(തടവുകാരായ ബഹദൂർഷാവിനെയും പത്നിയെയും പ്രവേശിപ്പിക്കുന്നു.)

രണ്ടാമൻ: കുറ്റപത്രം വായിക്കാം. കേൾക്കൂ.

ബഹദൂർഷാ: കുറ്റപത്രമോ! നമ്മുടെ പേരിൽ കുറ്റപത്രം തയ്യാറാക്കാൻ താൻ ആരാണ്? നാം ഈ രാജ്യത്തിലെ ചക്രവർത്തിയാണ്. അല്ലാഹുവിനു മാത്രമേ നമ്മെ വിചാരണ ചെയ്യാൻ അധികാരമുള്ളൂ.

രണ്ടാമൻ: നിങ്ങൾ ബഹുമാനപ്പെട്ട കമ്പനിയുടെ തടവുകാരനാണ്. അതു മറക്കേണ്ട.

ബഹദൂർഷാ: ബഹുമാനപ്പെട്ട കമ്പനി! കൊള്ളക്കാരുടെ കൂട്ടം! രക്തദാഹം മുഴുത്ത ചെന്നായ്ക്കളുടെ പറ്റം!

ഒന്നാമൻ: നിങ്ങളിപ്പോൾ ബഹുമാനപ്പെട്ട കമ്പനിയുടെ തടവുകാരനാണ്. പട്ടാളക്കോടതി മുമ്പാകെയാണ് നിൽക്കുന്നത്. അതോർത്തു സംസാരിക്കണം.

ബഹദൂർഷാ: എന്തു പറഞ്ഞു? നാം കമ്പനിയുടെ തടവുകാരനാണെന്നോ? അല്ല, ഒരിക്കലും അല്ല. സ്വന്തം സഹോദരന്മാരാണ് നമ്മുടെ കയ്യിൽ വിലങ്ങുവച്ചത്. നാം അവരുടെ തടവുകാരനാണ്. അവരുടെ സഹായമില്ലെങ്കിൽ ദുർബ്ബലരും ഭീരുക്കളുമായ നിങ്ങൾക്ക് ഇന്നാട്ടിൽ എന്തു ചെയ്യാൻ കഴിയും? (ചുറ്റും നിൽക്കുന്ന സിക്കുകാരും ഗൂർക്കകളുമായ ഭടന്മാരുടെ നേരെ തിരിഞ്ഞ്) സഹോദരന്മാരേ, നിങ്ങൾ ഇത്ര അധഃപതിച്ചുപോയല്ലോ! പൂർവികന്മാർ സൃഷ്ടിച്ച വീരചരിത്രത്തിന്മേൽ നിങ്ങൾ പാഴ്ച്ചേറു വാരിയെറിഞ്ഞു. ഇതു കഴുകിക്കളയാൻ നിങ്ങളുടെ സന്താനങ്ങൾ എത്ര തലമുറകളിലൂടെ രക്തം ചൊരിയേണ്ടിവരും! വെള്ളക്കാരൻെറ ബംഗ്ലാവു കാക്കുന്ന പട്ടികളായി ജീവിക്കുന്നതിലും നല്ലത് മാനത്തോട് അടർക്കളത്തിൽ മരിക്കുകയായിരുന്നു.

രണ്ടാമൻ: നിർത്തണം! ഇതു കോടതിയാണ്. കുറ്റപത്രം വായിക്കാം, കേൾക്കൂ.

ബഹദൂർഷാ: (ചിരിച്ചുകൊണ്ട്) വായിക്കൂ, ഇതു നല്ല രസമുള്ള ഏർപ്പാടാണ്.

രണ്ടാമൻ: ഇന്നാട്ടിലെ സംതൃപ്തരും സമാധാനതൽപരരും ശാന്തശീലരുമായ പ്രജകളെ നിയമാനുസൃതമായി സ്ഥാപിക്കപ്പെട്ട ഭരണകൂടത്തിനെതിരായി നിങ്ങൾ കലാപത്തിനു പ്രേരിപ്പിച്ചു, അധികാരക്കൊതികൊണ്ട്. ഇതാണ് നിങ്ങളുടെമേൽ ചുമത്തപ്പെട്ടിരിക്കുന്ന ആദ്യത്തെ കുറ്റം.

ബഹദൂർഷാ: (പൊട്ടിച്ചിരിച്ചുകൊണ്ട്) നിയമാനുസൃതമായി സ്ഥാപിക്കപ്പെട്ട ഭരണകൂടം! വഞ്ചനയും കാപട്യവും അവസരസേവകത്വവും ആയിരിക്കാം നിങ്ങളുടെ നിയമം, അല്ലേ?

ഒന്നാമൻ: ബഹദൂർഷാ, അതിരുകടന്നുപോകുന്നു; സൂക്ഷിക്കണം.

(ബഹദൂർഷാവിൻെറ തീപ്പൊരി പാറുന്ന കണ്ണുകൾ അയാളുടെ നേർക്കു തിരിയുന്നു.)

രണ്ടാമൻ: രണ്ടാമത്തെ കുറ്റം. കേവലം അന്ധവിശ്വാസംകൊണ്ട് പട്ടാളക്കാരുടെ ഇടയിൽ പൊട്ടിപ്പുറപ്പെട്ട ലഹളയിൽനിന്ന് നിങ്ങൾ ആദായമെടുത്തു. ബഹുമാനപ്പെട്ട ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തിൻ കീഴിലിരിക്കുന്ന ഈ രാജ്യത്തിലെ ചക്രവർത്തിയായി നിങ്ങൾ സ്വയം പ്രഖ്യാപിച്ചു.

ബഹദൂർഷാ: അസംബന്ധം പറയുന്നതു മതിയാക്കൂ. ഈ രാജ്യത്തിലെ ലക്ഷോപലക്ഷം ജനങ്ങളാണ് ഏകകണ്ഠമായി നമ്മെ ചക്രവർത്തിയായി പ്രഖ്യാപിച്ചത്. മാത്രമല്ല, ആ പദവി നമുക്ക് ജൻമസിദ്ധവുമാണ്. നിങ്ങളുടെ പ്രപിതാമഹൻമാർ ഈ രാജ്യത്ത് കച്ചവടം ചെയ്തു പിഴയ്ക്കാൻ വന്നവരായിരുന്നു. അവർ അതിന് അനുമതി നേടിയത് . എങ്ങനെയാണെന്നറിയാമോ? കാഴ്ചവച്ച് നമ്മുടെ പൂർവികൻമാരുടെ പാദങ്ങളിൽ പ്രണമിച്ചിട്ട്; ചെമ്പിച്ച മുടികൊണ്ട് മുഗളപാദുഷാവിൻെറ പാപ്പാസുകൾ തുടച്ചുമിനുക്കിയിട്ട്; അതു മറക്കേണ്ട.

ഒന്നാമൻ: ബഹദൂർഷാ, വീണ്ടും നാം താക്കീതു ചെയ്യുന്നു. നിങ്ങൾ കോടതിയെ ധിക്കരിക്കുകയാണ്. അതിനുള്ള ശിക്ഷ എന്താണെന്നറിയാമോ?

ബഹദൂർഷാ: ഓഹോ! ഭയപ്പെടുത്തുകയാണോ! നിങ്ങൾക്കു നൽകാൻ കഴിയുന്ന ഏറ്റവും വലിയ ശിക്ഷ എന്താണ്? അതു വാങ്ങാൻ സന്നദ്ധനായാണ് നാം നിൽക്കുന്നത്.

രണ്ടാമൻ: മൂന്നാമത്തെ കുറ്റം ബഹുമാനപ്പെട്ട വിക്ടോറിയാ രാജ്ഞിയുടെ അനേകം പ്രജകളെ, സ്ത്രീകളും കൊച്ചു കുട്ടികളും ഉൾപ്പെടെയുള്ള അനേകം പ്രജകളെ, ഇന്നാട്ടു കാരായ കറുത്ത മനുഷ്യർ കൊല ചെയ്തതിന് നിങ്ങ ളാണ് പ്രധാനോത്തരവാദി.

ബഹദൂർഷാ: (അമർഷത്തോടെ നിലത്തു ചവിട്ടിക്കൊണ്ട്) നമ്മുടെ പ്രജകളെ, ആയിരക്കണക്കിൽ സ്ത്രീകളും കുട്ടി കളും ഉൾപ്പെടുന്ന പ്രജകളെ, കഴിഞ്ഞ നൂറുകൊല്ലമായി നിങ്ങളുടെ ബഹുമാനപ്പെട്ട ആ റാണിയുടെ പ്രജകളായ വെളുത്ത കാട്ടാളൻമാർ വേട്ടയാടി നശിപ്പിച്ചില്ലേ? ആ കുറ്റ ത്തിന് വിക്ടോറിയയെ എൻെറ പ്രജകളുടെ കോടതി വിചാരണ ചെയ്ത് ശിക്ഷ വിധിക്കട്ടെ. അതു നിങ്ങൾക്ക് സമ്മതമാണോ? ഹേ, വെള്ളക്കാരേ, ഇതിനെല്ലാം ഒരു ന്യായാധിപൻെറ മുമ്പിൽ, സത്യസ്വരൂപനും നിഷ്പക്ഷ നുമായ ഒരു ന്യായാധിപൻെറ മുമ്പിൽ, നിങ്ങൾക്ക് സമാധാനം ബോധിപ്പിക്കേണ്ടിവരും. അതു മറക്കേണ്ട.

രണ്ടാമൻ: കോടതിയോ, പാർളിമെൻേറാ, ഏതാണിത്! അങ്ങെ ന്താണ് ഈ ധിക്കാരങ്ങൾ പൊറുത്തുകൊണ്ടിരിക്കുന്നത്?

ഒന്നാമൻ: ക്ഷമിക്കണം. കുറ്റവാളിക്ക് സമാധാനം ബോധിപ്പി ക്കുവാൻ അവസരം നൽകണം. അത് ഗ്രേറ്റ്ബ്രിട്ടൻെറ നിയമമാണ്. നാം അതിനു വിധേയരാകുന്നു. ഇനി ശിക്ഷ വിധിക്കാം. അങ്ങയുടെ അഭിപ്രായമെന്താണ്?

രണ്ടാമൻ: സംശയിക്കാനില്ല. ചെങ്കോട്ടയുടെ ഗോപുരവാതിൽ ക്കൽവച്ച് ഇയാളെ കഴുവിൽ കയറ്റണം. വെള്ളക്കാരുടെ രക്തത്തിന് പകരം വീട്ടണം. ഇയാളുടെ ചരിത്രം ലോക ത്തിന് ഒരു ചുട്ടപാഠമാകണം.

ഒന്നാമൻ: ഇയാൾ ശത്രുവാണെങ്കിലും പരമ്പരയാ ഈ രാജ്യം വാണ രാജവംശത്തിലെ അംഗമാണ്. അതെങ്ങനെ മറക്കാം? പോരെങ്കിൽ പടുവൃദ്ധനും. ജീവപര്യന്തം നാടുകടത്തു ന്നതുകൊണ്ട് നീതി നിർവ്വഹിക്കപ്പെടും.

രണ്ടാമൻ: അങ്ങയുടെ അഭിപ്രായത്തിനു വഴങ്ങാൻ ഞാൻ നിർ ബദ്ധനാണ്. എങ്കിലും........

ഒന്നാമൻ: വിഷമിക്കാതെ സമ്മതിക്കൂ. രാജരക്തത്തെ എന്നും ബഹുമാനിച്ചുപോന്നിട്ടുള്ളവരാണ് ബ്രിട്ടീഷുകാർ.

രണ്ടാമൻ: ശരി, അങ്ങനെയാകട്ടെ.

ഒന്നാമൻ: സീനത്ത്മഹൽ ! ബഹദൂർഷാവിൻെറ കുറ്റങ്ങൾ തന്നെ യാണ് നിങ്ങളുടെ മേലും ചുമത്തപ്പെട്ടിട്ടുള്ളത്. നിങ്ങൾ ക്കെന്തു പറയാനുണ്ട്?

സീനത്ത്: ഹേ വെള്ളക്കാരേ, ഇത് ഇന്ത്യയാണ്. ഇവിടെ ഭാര്യയും, ഭർത്താവും രണ്ടുദേഹം, ഒരു ജീവൻ. ഞങ്ങൾക്കു പറയാനുള്ളത് പാദുഷാ പറഞ്ഞുകഴിഞ്ഞു.

ഒന്നാമൻ: നല്ലത്, നിങ്ങൾ രണ്ടുപേരെയും ബ്രിട്ടൻെറ മഹ ത്തായ നിയമമനുസരിച്ച് ജീവപര്യന്തം ബർമ്മയിലേക്ക് നാടുകടത്തിക്കൊണ്ട് നാം വിധി പ്രഖ്യാപിക്കുന്നു.

ബഹദൂർഷാ: കാരുണ്യത്തിനു നന്ദി. ഈ പുണ്യഭൂമി ഞങ്ങൾ ക്കേറ്റവും പ്രിയപ്പെട്ടതാണ്. ഇതിൻെറ മണ്ണിൽനിന്നാണ് ഞങ്ങൾ ചൈതന്യമുൾക്കൊണ്ടത്. എങ്കിലും ഇപ്പോൾ ഇതിനെ വിട്ടുപോകാൻ ഞങ്ങൾ കൊതിക്കുന്നു. ബ്രിട്ടൻെറ കിരാതവാഴ്ച ഇവിടെ നിലനിൽക്കുന്ന കാലത്തോളം ഞങ്ങൾ ഈ മണ്ണിൻെറ മണം ശ്വസിക്കാൻ ഇഷ്ടപ്പെടു ന്നില്ല. മാതൃഭൂമിയുടെ ചുടുനെടുവീർപ്പും ദീനരോദനവും എത്താത്ത വിദൂരതയിലേക്ക് ഞങ്ങളെ നാടുകടത്തൂ! എന്നാൽ ഒരു കാര്യം ഓർമ്മയിരിക്കട്ടെ. ഈ ഭീകരമർദ്ദനം കൊണ്ട് ഇന്ത്യയെ എന്നും ഇങ്ങനെ അടക്കിബ്ഭരിക്കാമെന്ന് വ്യാമോഹിക്കേണ്ട. ഈ സ്വാതന്ത്ര്യസമരത്തെ അടിച്ചമർ ത്തിയ ആസുരമൂർത്തികളുടെ പ്രതിമകൾ നാടുനീളെ പ്രതിഷ്ഠിച്ചിട്ടും തൃപ്തിവന്നിട്ടില്ലെങ്കിൽ ഇനിയും പ്രതിഷ്ഠിക്കുക. അതിദാരുണങ്ങളായ ഭൂതകാലസംഭ വങ്ങളെ ഭാവിതലമുറകൾക്ക് അവ പറഞ്ഞുകൊടുക്കും. ഹേ, ബുദ്ധികെട്ട പറങ്കികളേ, ഈ വിപ്ലവം അവസാനി ച്ചിട്ടില്ല, ആരംഭിച്ചതേയുള്ളൂ. ഇന്ത്യയുടെ ആത്മാവ് ഉണർന്നിട്ടില്ല; എന്നാൽ ഉണരും, തീർച്ചയായും ഉണരും. അതിൻെറ പോർവിളി ലണ്ടൻ പട്ടണത്തിൻെറ കോട്ടമതി ലുകളിൽ വന്നടിക്കും. അതുവരെ നിങ്ങളുടെ നാട്ടുകാർ വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ ജീവിക്കട്ടെ! ശാന്ത മെന്നുതോന്നുന്ന ഈ അഗ്നിപർവതത്തിൻെറ മുകൾപ്പര പ്പിൽ സുഖവാസഗേഹങ്ങൾ നിർമ്മിച്ച് സ്വൈരമായി വാഴട്ടെ!

ഒന്നാമത്തെ ജഡ്ജി: ഇവരെ ജയിലിലേക്ക് തിരിച്ചുകൊണ്ടു പോകാം.

ബഹദൂർഷാ: സീനത്ത്! അഭീഷ്ടം സാധിച്ചിരിക്കുന്നു. ഡൽഹിവിട്ട് ദൂരദൂരം പോകാം. അജ്ഞാതമായ ജനാവലിയിൽ ലയിച്ചുചേരാം. എല്ലാ വ്യഥകളെയും മറക്കാം. ജൻമഭൂമിയോട് അവസാനയാത്ര പറയൂ. ജയ് ഹിന്തുസ്ഥാൻ! അല്ലാഹു അക്ബർ!

സീനത്ത്: ജയ് ഹിന്തുസ്ഥാൻ! അല്ലാഹു അക്ബർ!

പദങ്ങൾ

വേലിയേറ്റം, അകമ്പടിസേവിക്കുക, കുറ്റപത്രം, ഹവിൽദാർ, രക്തദാഹം, അവസരസേവകത്വം, കാപട്യം, പ്രപിതാമഹൻ, പാസ്പോർട്ട്, താക്കീത്, വിധേയൻ, ജീവപര്യന്തം, വിദൂരത, ആസുരമൂർത്തി.

അഭ്യാസം

I. വിഗ്രഹാർത്ഥവും സമാസത്തിൻെറ പേരും പറയുക:

ശാന്തശീലൻ, ആസുരമൂർത്തി, ദഗ്ദ്ധഹൃദയൻ, വിചിത്രവേഷൻ, അജ്ഞാതചരിത്രൻ, തരുലതാദികൾ.

II. വാക്യത്തിൽ പ്രയോഗിക്കുക:

രക്തദാഹം, അവസരസേവകത്വം, താക്കീതു നൽകുക, ജീവപര്യന്തം, അകമ്പടി സേവിക്കുക, ആനന്ദത്തിൻെറ വേലിയേറ്റം.

III. (1) ഈ നാടകരംഗം കഥാരൂപത്തിൽ എഴുതുക.

(2) ബഹദൂർഷാവിൻെറ സ്വഭാവം ഒരു ഖണ്ഡികയിൽ പ്രതിപാദിക്കുക.

(3) രണ്ടു ജഡ്ജിമാർക്കു തമ്മിൽ സ്വഭാവപരമായുള്ള വ്യത്യാസം വ്യക്തമാക്കുക.

---

പാഠം 30

# ഇരട്ടപ്പെരുക്കം

''സമ്പൽപരമ്പര പരം പരിവൃദ്ധമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ചു ധരാനിലിമ്പൻ
തുമ്പയ്ക്കു കമ്പമെഴുമമ്പിളി കമ്പിളിക്കും,
കമ്പിക്കുമാരുമിതി ചെമ്പകശ്ശേരി രാജാ.''

കേരളത്തിൻെറ നെൽപ്പുരയെന്നു പേരുകേട്ട കുട്ടനാടൻ പ്രദേശങ്ങൾ ഉൾപ്പെട്ട ചെമ്പകശ്ശേരി രാജ്യം ഭരിച്ചിരുന്ന നമ്പൂതിരിരാജവംശത്തെപ്പറ്റി സാഹിത്യപഞ്ചാനനൻ പി.കെ.നാരായണപിള്ള എഴുതിയ പ്രശംസയാണിത് ദേവനാരായണൻ എന്ന

സ്ഥാനപ്പേരു സ്വീകരിച്ചിരുന്ന ഈ വംശത്തിൽ ചതുരംഗം കളിക്കുന്നതിൽ ഭ്രമമുള്ള ഒരു രാജാവുണ്ടായിരുന്നു. തൻെറ ബുദ്ധിശക്തിയിലും ധനധാന്യസമൃദ്ധിയിലും അഹങ്കാരം പൂണ്ട ഈ രാജാവ് ഒരിക്കൽ പന്തയംവച്ചുള്ള കളിയിൽ തന്നെ തോൽപ്പിക്കുവാൻ മറ്റു കളിക്കാരെ വെല്ലുവിളിച്ചു. വെറും സാധാരണക്കാരനായ ഒരു സാധുമനുഷ്യനാണ് വെല്ലുവിളി സ്വീകരിച്ച് പന്തയത്തിൽ പങ്കെടുക്കാൻ വന്നത്. അയാളെ കണ്ടപ്പോൾത്തന്നെ രാജാവിന് അനുതാപം തോന്നി. ''നീയാര്? എന്നെ തോൽപ്പിക്കാൻ വന്നിരിക്കുകയാണോ? കൊള്ളാം! ഏതായാലും വരാൻ ധൈര്യപ്പെട്ടല്ലോ. എന്നെ തോൽപ്പിച്ചാൽ എന്തു വേണം പന്തയം?''


എതിരാളി രാജാവിനെ താണുവണങ്ങിക്കൊണ്ട് മറുപടി പറഞ്ഞു: ''വലുതായിട്ടൊന്നും വേണ്ട. ഞാൻ തോറ്റാൽ എൻെറ കയ്യിൽ തരാനൊന്നുമില്ല. അതറിഞ്ഞു വേണമല്ലോ പന്തയം ചോദിക്കാൻ. തിരുമേനി മഹാ പ്രഭുവാണ്; രാജാവാണ്. ഒരിക്കലും തോറ്റിട്ടില്ലാത്ത കളിക്കാരനുമാണ്. ഏതായാലും ഞാൻ ജയിക്കുകയാണെങ്കിൽ എനിക്ക് കുറെ നെൻമണികൾ തന്നാൽ മതി. 64 കളമുള്ള ചതുരംഗപ്പലകയിൽ ആദ്യത്തെ കളത്തിൽ ഒരു നെൻമണി വയ്ക്കണം. രണ്ടാമത്തെ കളത്തിൽ രണ്ട്. മൂന്നാമത്തേതിൽ നാല്. നാലാമത്തേതിൽ എട്ട്. അഞ്ചാമത്തേതിൽ 16. ആറാമത്തേതിൽ 32. ഇങ്ങനെ ഇരട്ടപ്പെരുക്കത്തിൽ 64 കളവും പൂർത്തിയാക്കി കിട്ടുന്ന നെൻമണി മാത്രമേ ഞാൻ ചോദിക്കുന്നുള്ളൂ.''

ദേവനാരായണൻ പൊട്ടിച്ചിരിച്ചു. ''ഇതാണോ പന്തയം? ശരി, സമ്മതിച്ചിരിക്കുന്നു. കളി തുടങ്ങാം.''

തുടങ്ങി ഒന്നുരണ്ടു കരുനീക്കങ്ങൾ കണ്ടപ്പോൾ എതിരാളി താൻ വിചാരിച്ചതുപോലെ മോശക്കാരനല്ലെന്ന് രാജാവിനു മനസ്സിലായി. അദ്ദേഹം ആദ്യത്തെ ലഘുബുദ്ധിയെല്ലാം ഉപേക്ഷിച്ച് നല്ലതുപോലെ ആലോചിച്ചുതന്നെ കളിക്കാൻ നിശ്ചയിച്ചു. എളുപ്പത്തിൽ ജയിക്കാമെന്നാണ് അദ്ദേഹം വിചാരിച്ചത്. അത് സാധ്യമല്ലെന്ന് വളരെ വേഗം ബോധ്യമായി. എന്നല്ല, കളി നീണ്ടുപോയപ്പോൾ എതിരാളി തന്നെ തോൽപ്പിച്ചുകളയുമോ എന്ന ആശങ്കയും ഉണ്ടായി. പന്തയം സാരമില്ല; പക്ഷേ ഒരിക്കലും തോറ്റിട്ടില്ലാത്ത കളിക്കാരൻ എന്ന തൻെറ യശസ്സിന് ഹാനി തട്ടുമല്ലോ എന്നായിരുന്നു ഭയം.

അവസാനമായപ്പോൾ വളരെ വാശിയോടെ, തൻെറ ബുദ്ധി വൈഭവം മുഴുവനും പ്രയോഗിച്ച്, എതിരാളിയെ തോൽപ്പി

ക്കുവാൻ ദേവനാരായണൻ ശ്രമിച്ചു. പഠിച്ച പണി പതിനെട്ടും നോക്കി. എങ്കിലും അദ്ദേഹം ഭയപ്പെട്ടതുപോലെ തന്നെ സംഭവിച്ചു. രാജാവു കളിയിൽ തോറ്റ് അടിയറവു പറഞ്ഞു. എതിരാളിയുടെ നേർക്ക് അദ്ദേഹത്തിന് അളവറ്റ ആദരവു തോന്നി. നെൻമണിപ്പന്തയം പോരെന്നും വിലപിടിപ്പുള്ള സമ്മാനങ്ങൾ സ്വീകരിക്കണമെന്നും അദ്ദേഹം നിർബന്ധിച്ചു. താൻ സാധുവാണെങ്കിലും സത്യനിഷ്ഠയുള്ളവനാണെന്നും പറഞ്ഞ വാക്കിൽ നിന്ന് കടുകിട മാറുകയില്ലെന്നും, നെൻമണി മാത്രമേ തനിക്കു വേണ്ടൂ എന്നും എതിരാളി വിനയപൂർവം ഉറപ്പിച്ചു പറഞ്ഞു. അനല്പമായ അത്ഭുതത്തോടെ രാജാവ് അതിനു വഴങ്ങി നെല്ലു കൊണ്ടുവരാൻ ആജ്ഞാപിച്ചു.




കണക്ക് തെറ്റരുതെന്നും ഓരോ കളത്തിലായി നെൻമണികൾ എണ്ണിവയ്ക്കണമെന്നും എതിരാളി നിർബന്ധം പിടിച്ചു. അതും ഒരു കളിയെന്നു കരുതി രാജാവ് ചതുരംഗപ്പലകയിൽ

പന്തയ ധാന്യം നിരത്തുവാൻ തുടങ്ങി. പക്ഷേ ആദ്യത്തെ പത്തു പന്ത്രണ്ടു കളങ്ങൾ പൂർത്തിയായപ്പോൾ തന്നെ നെല്ല് കളത്തിൽ കൊള്ളാതായി. ഓരോരോ മണികളായി എണ്ണുവാനും ബുദ്ധി മുട്ടു നേരിട്ടു. രാജാവിൻെറ പ്രയാസം കണ്ട് എതിരാളി: ''എണ്ണണമെന്നില്ല, ബാക്കിയുള്ളത് നിലത്ത് അളന്നു കൂട്ടി യാൽ മതി,'' എന്നു പറഞ്ഞു.

ഉടനെ രാജസേവകൻമാർ അളവു തുടങ്ങി. പക്ഷേ നാഴിയും ഇടങ്ങഴിയും പറയും കൊണ്ടൊന്നും അളന്നാൽ തീരുകയില്ലെന്ന് വളരെ വേഗം വ്യക്തമായി. 64 കളങ്ങളിൽ പകുതിപോലും ആകുന്നതിനുമുമ്പ് അളവും മതിയാക്കേണ്ടിവന്നു. പിന്നെ പത്തായങ്ങളുടെയും അറകളുടെയും നെൽപ്പുരകളുടെയും എണ്ണം നോക്കി കണക്കു തികയ്ക്കുവാൻ ശ്രമിച്ചു. അതുകൊണ്ടും രക്ഷയില്ലെന്നു കണ്ടപ്പോൾ, കുട്ടനാട്ടിൻെറ അധീശനായ ദേവ നാരായണൻ തൻെറ രാജ്യത്തുള്ള നെല്ലു മുഴുവനും പന്തയത്തിൻെറ കടം വീട്ടുവാൻ നീക്കിവച്ചു. അതുകൊണ്ടും ഫലമില്ലെന്ന് അദ്ദേഹം ക്ഷണേന മനസ്സിലാക്കി. ഇരട്ടപ്പെരുക്കമൊണ്. വല്ല വിധേനയും ഒരുകളം പൂർത്തിയാക്കി അടുത്തതിൽ പ്രവേ ശിക്കുമ്പോൾ അതിൻെറ ഇരട്ടി നെല്ലുവേണം. എന്തു ചെയ്യും! എവിടെ പോകും? തകഴിയും പുളിങ്കുന്നും കാവാലവും കൈന കരിയും തലവടിയും കോഴിമുക്കും എന്നുവേണ്ട കുട്ടനാട്ടിലെ കരികളും കരകളും പാടശേഖരങ്ങളും എല്ലാം നീക്കി വച്ചിട്ടും കളങ്ങൾ തീർന്നില്ല. രാജാവ് അന്ധാളിച്ചു. കളിക്കാരനെന്നുള്ള യശസ്സോ പോയി. വാഗ്ദാനം ചെയ്ത പന്തയ നെല്ലുപോലും കൊടുത്തുതീർക്കുവാൻ തനിക്ക് കഴിവില്ലെന്ന് ഒരു ഞെട്ടലോടെ ദേവനാരായണൻ മനസ്സി ലാക്കി. ഈ ബോധോദയത്തിൽ ബുദ്ധിമാനെന്നും ധനവാ നെന്നും ഉള്ള അദ്ദേഹത്തിൻെറ അഹങ്കാരം അസ്തമിച്ചു. കിരാ തത്തിലെ അർജ്ജുനനെപ്പോലെ സപ്തനാഡികളും തളർന്ന രാജാവ് എതിരാളിയുടെ മുഖത്ത് ദീനഭാവത്തിൽ നോക്കി. സാധുവായ ആ ചതുരംഗക്കാരൻെറ സ്ഥാനത്ത് പുഞ്ചിരി തൂകിക്കൊണ്ട് നിൽക്കുന്ന സാക്ഷാൽ ശ്രീകൃഷ്ണനെയാണ് അദ്ദേഹം ആ സമയത്തു കണ്ടത്. രാജാവ് ആ തൃച്ചേവടി കളിൽ സാഷ്ടാംഗം പ്രണമിച്ച് ക്ഷമായാചനം ചെയ്തു. ''പന്തയം തീർന്നു. എനിക്ക് ദിവസവും പാൽപായസം നിവേ ദിച്ചു കടം വീട്ടുക.'' എന്നു കാരുണ്യപൂർണ്ണേക്ഷണനായി അരുളിച്ചെയ്ത് അനുഗ്രഹിച്ചശേഷം ഭഗവാൻ അന്തർധാനം ചെയ്തു.

ഇതാണ് അമ്പലപ്പുഴ പാൽപ്പായസത്തിൻെറ കഥ. ആ നിവേദ്യം എത്രയോ മധുരമാണെങ്കിലും അതിൻെറ ഉദ്ഭവത്തെ ക്കുറിച്ചുള്ള ഐതിഹ്യത്തിൽ അന്തർഭവിച്ചിട്ടുള്ള ഇരട്ടപ്പെരുക്കം എന്ന കണക്ക് അത്യന്തം ആപത്തുള്ളതാകുന്നു. ഇന്ന് ഭൂമി യിലെ ജനസംഖ്യയുടെ കാര്യം നോക്കുക. അത് കേവലം നൂറു കൊല്ലത്തിനിടയ്ക്ക് മൂന്നു തവണ ഇരട്ടിക്കുന്ന നിലയിൽ എത്തിയിരിക്കുകയാണ്. ശരിയായ ഇരട്ടപ്പെരുക്കം തന്നെ. 1970—ലെ കണക്കനുസരിച്ച് ഭൂമിയിൽ ആകെപ്പാടെ 363 കോടി മനുഷ്യരുണ്ട്. 33 വർഷം കഴിയുമ്പോഠം അത് 726 കോടിയാ കും—ക്രിസ്തുവർഷം 2003—ൽ. വീണ്ടും 33 വർഷം കഴി യുമ്പോഠം (2036—ൽ) 1452 കോടി. ഇത്ര വളരെ ആത്മാക്കഠംക്ക് കുടിക്കുവാനുള്ള വെള്ളമെന്നല്ല, ശ്വസിക്കാനുള്ള പ്രാണവായു പോലും ഭൂമിയിൽ കിട്ടുകയില്ല. അതുകൊണ്ടാണ് ജനപ്പെരു പ്പത്തെ എത്രയും വേഗം നിയന്ത്രിച്ചില്ലെങ്കിൽ മനുഷ്യവർഗ്ഗം നാമാവശേഷമാകുമെന്ന് എല്ലാ രാജ്യക്കാരും മുറവിളി കൂട്ടിത്തു ടങ്ങിയിരിക്കുന്നത്. ഇന്ത്യയും ചൈനയും മാത്രമല്ല യൂറോപ്പും അമേരിക്കയും ആഫ്രിക്കയും എല്ലാം ജനസംഖ്യയുടെ ഇരട്ടപ്പെ രുക്കം മൂലമുള്ള ആപത്തിനെ അഭിമുഖീകരിക്കുകയാണ്. തന്നെ ജയിക്കുവാൻ ത്രിഭുവനങ്ങളിൽ ആരുമില്ല എന്ന അഹങ്കാരമാണ് മനുഷ്യനെ ഈ നിലയിൽ എത്തിച്ചത്. പ്രകൃതിയെ കീഴടക്കാ മെന്നും അനന്തമായ പുരോഗതിയിലൂടെ അഭംഗുരമായ ഐശ്വര്യം അനുഭവിക്കാമെന്നും അവൻ വ്യാമോഹിക്കുന്നു. ഭാവി പരമ്പരകളെക്കുറിച്ചുള്ള ചിന്തപോലും ഇല്ലാതെയാണ് അവൻ ഭൂമിയിലെ വിഭവങ്ങഠം തിന്നു തീർക്കുന്നത്. പക്ഷേ വെറും എഞ്ചുവടിക്കണക്കുകൊണ്ട് പ്രകൃതി അവനെ തോൽപ്പിച്ച്, അഹങ്കാരം നശിപ്പിച്ച്, ഈ നൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പുതന്നെ അടിയറവു പറയിക്കുമെന്ന് ഭയപ്പെടേണ്ടിയിരി ക്കുന്നു. ദുർമ്മരണങ്ങളെ നിയന്ത്രിച്ചതുപോലെ, കഷ്ടപ്പെടു വാൻവേണ്ടിയുള്ള ജനനങ്ങളെയും നിയന്ത്രിക്കുക, അല്ലെങ്കിൽ ഒന്നോടെ നശിക്കുക, എന്ന രണ്ടു പോംവഴികളേയുള്ളൂ.

### പദങ്ങഠം

ഇരട്ടപ്പെരുക്കം, സാഹിത്യപഞ്ചാനനൻ, ദേവനാരായണൻ, ചതുരംഗം, കരുനീക്കം, അധീശൻ, കരികഠം, തൃച്ചേവടി, സാഷ്ടാംഗം, അഭിമുഖീക രിക്കുക, അഭംഗുരം, വ്യാമോഹിക്കുക, ഭാവിപരമ്പര, കാരുണ്യപൂർണ്ണേ ക്ഷണൻ, അന്തർധാനം ചെയ്ക.

### ശൈലികഠം

പഠിച്ചപണിപതിനെട്ടും, അടിയറവുപറയുക, സപ്തനാഡികളും, തളരുക.

STATE INSTITUTE OF CHILDREN'S LITERATURE TRIVANDRUM
Date No. 929



## അഭ്യാസം

I. വാക്യത്തിൽ പ്രയോഗിക്കുക:

(a) കരുനീക്കം, അധീശൻ, സാഷ്ടാംഗം, അഭംഗുരം, വ്യാമോഹിക്കുക, ഭാവിപരമ്പര, അന്തർധാനം ചെയ്ക.

(b) മുകളിൽ കൊടുത്ത ശൈലികൾ

II. വിഗ്രഹിച്ച് സമാസം പറയുക:
കാരുണ്യപൂർണ്ണേക്ഷണൻ.

III. (a) അമ്പലപ്പുഴ രാജാവിന് എപ്പോഴാണ് ഇരട്ടപ്പെരുക്കത്തിന്റെ ഭയങ്കരത മനസ്സിലായത്?

(b) ലോകത്തിലെ ജനസംഖ്യ ഏതു തോതിലാണ് വർദ്ധിക്കുന്നത്?

(c) 1970—ലെ കണക്കുപ്രകാരം ലോകത്തിലെ ജനസംഖ്യ എത്രയാണ് ?

(d) ജനസംഖ്യ വർദ്ധിക്കുന്നതുകൊണ്ടുള്ള വിപത്തുകൾ എന്തെല്ലാം?

IV. വിശദീകരിക്കുക:
പക്ഷേ വെറും എഞ്ചുവടി................ഭയപ്പെടേണ്ടിയിരിക്കുന്നു

---

INSTITUTE OF CHILDREN'S LIT...
Date 929
TRIVANDRUM

INSTITUTE OF CHILDREN'S LITERATURE
Date No. — 929
STATE ... TRIVANDRUM

PRINTED BY THE MANAGING DIRECTOR, KERALA BOOKS AND PUBLICATIONS SOCIETY
AT THE TEXT BOOK PRESS, THRIKKAKARA, COCHIN-21